## അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്



# ജനകീയ ആസൂത്രണ സമഗ്ര വികസന രേഖ

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്

## ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

# സമഗ്ര വികസന രേഖ



എഡിറ്റർ : ഡോ. പി. ഗീത

എഡിറ്റോറിയൽ ബോർഡ്

കെ.ടി. നാരായണൻ
ചാക്കോ വർഗ്ഗീസ്
ചോലക്കൽ അബ്ദുസ്സമ്മദ്
പി. അബ്ദുള്ള മാസ്റ്റർ.
കെ. ശശികല
പി. എ. പരമേശ്വരൻ
എം. മുഹമ്മദലി മാസ്റ്റർ
പുലാക്കൽ മുഹമ്മദലി

ഡി.ടി.പി. ലേഔട്ട്

N.C.A. പെരിന്തൽമണ്ണ
UNICORN പെരിന്തൽമണ്ണ

പ്രിൻറിംഗ് : ദേശാഭിമാനി

മുഖചിത്രം

യൂനുസ്സ് മുസ്ല്യാരകത്ത്,
ഹാർമണി, പെരിന്തൽമണ്ണ

റിപ്പോർട്ട് തയ്യാറാക്കിയവർ

1. മാത്യുജോർജ്ജ് :
കൃഷിയും ജലസേചനവും

2. തുളസീധരൻ :
മൃഗസംരക്ഷണവും, മത്സ്യ ബന്ധനവും

3. അൻവർ ബഷീർ : വ്യവസായം.

4. സി.ആർ.സി. കുട്ടി : വിദ്യാഭ്യാസം.

5. ജോഫ്രി ജേക്കബ് :
കുടിവെള്ളവും, പൊതുജനാരോഗ്യവും

6. പതാരി മുഹമ്മദ് : ഗതാഗതം

7. റഷീദ് പേരയിൽ : ഊർജ്ജം, മാർക്കറ്റ്

8. സുനിൽ പേഴുംകാട് : സാംസ്കാരം.

9. ഷാഹിദ : വനിത

10. ഗോവിന്ദരാജ് :
സഹകരണവും, വിഭവസമാഹരണവും

11. എം.പി. മുഹമ്മദ് :
പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

12. കെ. കൃഷ്ണമൂർത്തി :
പാർപ്പിടവും, സാമൂഹ്യക്ഷേമവും

വിദഗ്ധോപദേശം നൽകിയവർ

1. കെ. മാധവൻ നായർ
2. വി.കെ. ബാലചന്ദ്രൻ.
3. പി. രാജേന്ദ്രൻ മാസ്റ്റർ
4. പി.എം. ഖദീജ
5. ഡോ. എ. മുഹമ്മദ്
6. ഡോ. ടി. ഹുസൈൻ
7. പി. സൈനുദ്ദീൻ
8. ചന്ദ്രശേഖരൻ നായർ
9. ടി. ഉമ്മർ
10. എ.എൻ. വിശ്വംഭരൻ
11. ഒ. കേശവൻ
12. ഇ.കെ. ജയകൃഷ്ണൻ
13. സ്മിത, കൃഷി ആഫീസർ
14. സക്കീർഹുസൈൻ. പി. കെ
15. എ. രാധാകൃഷ്ണൻ

117-9

# അകത്താളുകളിൽ


1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. സാമൂഹിക സാംസ്കാരിക ചരിത്രം
4. ഭൂവിഭവം, മനുഷ്യ വിഭവം, ജലവിഭവം

5-1. കൃഷിയും, ജലസേചനവും

5-2. മൃഗസംരക്ഷണവും, മത്സ്യ ബന്ധനവും

5-3. വ്യവസായം.

5-4. വിദ്യാഭ്യാസം.

5-5. കുടിവെള്ളവും, പൊതുജനാരോഗ്യവും

5-6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്,

5-7. പാർപ്പിടവും, സാമൂഹ്യക്ഷേമവും

5-8. സംസ്കാരം.

5-9. വനിത

5-10. സഹകരണം

5-11. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

5-12. വിഭവസമാഹരണം

6. ഉപസംഹാരം

അനുബന്ധം : പ്രവർത്തനരേഖ.

# അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്

## ഭരണസമിതി



കെ.ടി. നാരായണൻ
പ്രസിഡൻറ്



ചാക്കോവർഗ്ഗീസ്
വൈ. പ്രസിഡൻറ്



ചോലക്കൽ അബ്ദുസ്സമ്മദ്
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ

1. വട്ടിപ്പറമ്പത്ത് അബ്ദുൾ അസീസ്
2. കെ.സി. അയ്യപ്പൻ
3. കുന്നത്ത് ആലിഹാജി
4. കെ. ഖദീജ
5. തിത്തുമ്മ ടീച്ചർ
6. കെ. ശശികല
7. എം. തങ്കം
8. കയലും വക്കത്ത് വീരാൻ ഹാജി
9. റഷീദാ കുഞ്ഞപ്പുട്ടി
10. തവളേങ്ങൽ ഉസ്മാൻ മാസ്റ്റർ
11. പി. അബ്ദുള്ള മാസ്റ്റർ



കെ. മാധവൻ നായർ
പഞ്ചായത്തിൻെറ പ്രഥമ പ്രസിഡൻറ്



"അമരമാം ഈ പുഷ്കലസ്മരണകൾ
അണയാതെ സൂക്ഷിച്ചിടും ഞങ്ങൾ"

ശ്രദ്ധാഞ്ജലികൾ

1996 ജനുവരി 8-ന് നമ്മെ വിട്ടു പിരിഞ്ഞ
മുൻ പ്രസിഡൻറ് കെ.കെ. സുബ്രഹ്മണ്യൻ
എന്ന സുന്ദരൻ മാസ്റ്റർ

# ആമുഖം

ആയിരക്കണക്കിന് ധീരദേശാഭിമാനികളുടെ ചോരയും ജീവനും ഒഴുക്കിയ രക്തസാക്ഷിത്വങ്ങളിലൂടെ ഇന്ത്യ ഭരണപരമായ സ്വാതന്ത്ര്യം നേടി.

ബ്രിട്ടീഷ് ഭരണകൂടങ്ങൾ അടിച്ചേൽപ്പിച്ച ഭരണരീതികളുടെ ജീർണ്ണിച്ച അവശിഷ്ടങ്ങൾ, സ്വാതന്ത്ര്യാനന്തര ഭാരതത്തിൻെറ അരനൂറ്റാണ്ടുവരുന്ന പ്രയാണത്തിനു ശേഷവും ദേശാഭിമാനമുള്ള ഇന്ത്യൻജനതയെ വേദനിപ്പിക്കുന്നു.

രാഷ്ട്രപിതാവിൻെറ സ്വപ്നമായിരുന്ന ഗ്രാമസ്വരാജും, ഗ്രാമപഞ്ചായത്തും, യാഥാർത്ഥ്യ വൽക്കരിക്കുന്നതിന് നമുക്ക് നീണ്ട 48 വർഷത്തെ കാത്തിരിപ്പു വേണ്ടി വന്നു. ജനാധിപത്യത്തിൻെറ ജനകീയവ്യാപ്തിമുഴുവനും ഇക്കാലമത്രയും തെരഞ്ഞെടുപ്പു പ്രക്രിയയിൽ മാത്രം ഒതുങ്ങി നിൽക്കുകയായിരുന്നു.

അധികാരസ്വപ്നങ്ങളുടെ മേൽമുനകളിൽ നിന്നും ആസൂത്രണം ചെയ്യപ്പെടുന്ന വികസന പരിപാടികൾക്കൊന്നും ജനകീയാവശ്യങ്ങളുടെ ഉള്ളറിയുവാനും അവ മുഴുവനായി നിറവേറ്റുവാനും കഴിഞ്ഞിരുന്നില്ല- സ്വന്തം ആവശ്യങ്ങളെ ജനകീയ കൂട്ടായ്മയിലൂടെ ഉരുത്തിരിച്ചെടുക്കാനും അവയുടെ നിർവഹണത്തിൽ തൻേറതായ പങ്കുവഹിക്കാനും,ഈ അധികാര സ്തൂപത്തെ തലകീഴായ് മറിച്ചേ കഴിയൂ. "അധികാരം ജനങ്ങൾക്ക്" കൈമാറുകയെന്നാൽ യഥാർത്ഥമായ ജനാധിപത്യവൽക്കരണമാണ്. ലോകജനതക്കു മുഴുവൻ മാതൃകയായി കേരളം നടപ്പിലാക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനം ഈ അധികാരദിശാമാറ്റത്തിലൂടെ, യഥാർത്ഥ ജനാധിപത്യത്തിൻെറ പ്രയോഗവൽക്കരണത്തിനുള്ള ഉപാധിയാണ്.

വികസനപ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും അവയുടെ നിർവ്വഹണത്തിലും, താഴേതലത്തിലുള്ള ജനങ്ങൾക്ക്, തുല്യപങ്കാളിത്തം, ഉറപ്പുവരുത്തുവാനും, കക്ഷിരാഷ്ട്രീയത്തിനും, ജാതിമതവേർതിരിവുകൾക്കും അതീതമായി ഭരണത്തിൽ പങ്കാളികളാവാനും അധികാരം ഏറ്റെടുക്കുവാനുമുള്ള അവസരം ഒരുക്കുവാൻ ജനകീയ ആസൂത്രണപ്രസ്ഥാനത്തിനു കഴിയുമെന്നുള്ളതിൽ സംശയമില്ല. കേരളത്തിലെ ഒമ്പതാം പഞ്ചവൽസര പദ്ധതി ജനകീയതലത്തിലും, ജനകീയപങ്കാളിത്തത്തോടെയും രൂപപ്പെടുത്തണമെന്ന് കേരള സർക്കാർ തീരുമാനിച്ചിരിക്കയാണ്. അധികാരത്തോടൊപ്പം സമ്പത്തും (40% പദ്ധതി വിഹിതം) പ്രദേശിക ഭരണകൂടങ്ങൾക്ക് നൽകുന്നതിനാൽ ജനകീയാവശ്യങ്ങൾ നിറവേറ്റുന്ന കാര്യത്തിൽ, വികസനരംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ കേരളത്തിലുണ്ടാവും കേരളസർക്കാരിൻെറ വിവിധ പദ്ധതികൾ, കേന്ദ്രസർക്കാർ ഫണ്ട് മറ്റു വികസന ഏജൻസികളിൽനിന്നും സന്നദ്ധസംഘടനകളിതൂടെ ലഭ്യമാകുന്ന വികസനഫണ്ടുകൾ, നികുതി വരുമാനം, നാട്ടിലെ മനുഷ്യവിഭവത്തിൽ നിന്നും നിറഞ്ഞ മനസ്സോടെ ലഭിക്കുന്ന സംഭാവനകൾ (പണം, അദ്ധ്വാനം, മറ്റു വിഭവങ്ങൾ ) തുടങ്ങി വികസന പ്രവർത്തനത്തിനുള്ള സ്രോതസ്സുകൾ പലതാണ്.

വികസനരംഗത്ത് നാം അനുഭവിക്കുന്ന പ്രതിസന്ധി മുറിച്ചു കടക്കാൻ ഈ പുത്തൻ ആസൂത്രണ തന്ത്രത്തിലൂടെ വഴിയൊരുങ്ങും. വികസനപദ്ധതികളുടെ ആസൂത്രണവും, നിർവ്വഹണത്തിനുള്ള നേതൃത്വവും ജനങ്ങളേറ്റെടുക്കുന്നതോടെ പദ്ധതികളുടെ നടത്തിപ്പിലുള്ള സാമ്പത്തികചോർച്ച ഗണ്യമായി കുറക്കുവാനും, വികസനരംഗത്ത് ഗുണപരത വർദ്ധിപ്പിക്കുവാനും നമുക്കു കഴിയും.

വിദ്യാഭ്യാസമേഖലയുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിന് ഒരു ജനകീയതലം സൃഷ്ടിച്ചെടുക്കുവാനുള്ള നമ്മുടെ പഞ്ചായത്തിൻെറ ശ്രമമാരംഭിച്ചത് 11-6-96 ന് അങ്ങാടിപ്പുറം പഞ്ചായത്തിൽ ഒരു ജനകീയ വിദ്യാഭ്യാസസമിതി രൂപീകൃതമായതോടെയാണ്.
ജൂലൈ 22ന് പഞ്ചായത്തിലെ പ്രാഥമിക വിദ്യാലയങ്ങളിൽ നടത്തിയ വിജ്ഞാനപ്രദവും, അത്യാകർഷകവുമായി. ചാന്ദ്രദിനാഘോഷത്തോടെയാണ് വിദ്യാഭ്യാസസമിതി പ്രവർത്തനം ആരംഭിച്ചത്. തുടർന്ന് ജൂലൈ 30ന് പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലേയും 3,4 ക്ലാസ്സുകളിൽ പ്രത്യേക പരീക്ഷ നടത്തി പഠനനിലവാരത്തിൽ പിന്നേക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുകയും, ഇവരുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള ശ്രമങ്ങളാരംഭിക്കുകയും ചെയ്തു. 1996 സെപ്റ്റം. 5ന്, പഞ്ചായത്തിലെ മുഴുവൻ LP വിഭാഗം അധ്യാപകർക്കും വേണ്ടി ഒരു ഏകദിന പരിശീലനം നടത്തുകയുണ്ടായി.

ജനകീയാസൂത്രണ പ്രക്രിയ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചത് 96 സെപ്റ്റംബർ മാസത്തോടെയാണ്. സെപ്റ്റംബർ 21 മുതൽ ഒക്ടോബർ 2 വരെയായി പഞ്ചായത്തിലെ 14 വാർഡുകളിലും ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ഭാഗമായി വിശേഷാൽ ഗ്രാമസഭകൾ വിളിച്ചുചേർത്തു.

പഞ്ചായത്തിൻെറ വികസനരംഗത്തെക്കുറിച്ചുള്ള സമഗ്രമായ ചർച്ചകളാണ് വിശേഷാൽ ഗ്രാമസഭകളിൽ നിന്നുയർന്നത്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിനുവേണ്ടി, നാടിൻെറ വികസനമുന്നേറ്റത്തെ മുന്നിൽ കണ്ടുകൊണ്ട് രാപ്പകൽ പ്രവർത്തിക്കാൻ സന്നദ്ധതയുള്ള ഒട്ടേറെ സന്നദ്ധപ്രവർത്തകർ പഞ്ചായത്തിലുണ്ടെന്നുള്ളത്, ഈ പ്രസ്ഥാനത്തിൻെറ പ്രയാണപ്രവേഗം വർദ്ധിപ്പിച്ച് ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്ന ഞങ്ങളുടെ വിശ്വാസത്തിന് ദൃഢതയേറ്റുന്നു.

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൻെറ ഇന്നു വരെയുള്ള വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ പഞ്ചായത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും മുഴുവൻ ജനങ്ങളുടേയും മേലുള്ള ഉറച്ച വിശ്വാസം കൊണ്ടും അധികാരത്തിലേറ്റപ്പെടുന്ന അടിസ്ഥാന ജന വിഭാഗങ്ങളുടെ പേശീബലവും വീറും ഒപ്പമുണ്ടെന്ന ആത്മധൈര്യത്തോടെ വർത്തമാനകാലത്തിൻെറ പ്രതിസന്ധികൾ മുറിച്ചു കടക്കാനുള്ള വെല്ലുവിളികൾ ഞങ്ങളേറ്റെടുക്കുകയാണ്. ഈ വെല്ലുവിളിയെ നേരിടുന്നതിനുള്ള അവസരം കൈവന്നതിലുള്ള ആഹ്ളാദത്തോടേയും, നിറഞ്ഞ മനസ്സോടെയും , അടിസ്ഥാനജനവിഭാഗത്തിന് അധികാരത്തിൻെറ ചെങ്കോൽ കൈമാറുന്ന പ്രവർത്തനങ്ങളിൽ ഒരു ഉൽപ്രേരകമായി പങ്കുചേരുമെന്ന പ്രതിജ്ഞയോടെ അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിൻെറ സമഗ്രവികസന രേഖ നമുക്ക് സ്വീകരിക്കാം.

# അങ്ങാടിപ്പുറം പഞ്ചായത്ത്

## പൊതുവിവരണം.

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | അങ്ങാടിപ്പുറം, വലമ്പൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | മങ്കട |
| താലൂക്ക് | : | പെരിന്തൽമണ്ണ |
| അസംബ്ലി മണ്ഡലം | : | പെരിന്തൽമണ്ണ |
| ബ്ലോക്ക് ഡിവിഷൻ | : | അങ്ങാടിപ്പുറം, തിരൂർക്കാട് |
| പാർലിമെൻറ് ഡിവിഷൻ | : | പൊന്നാനി |
| വിസ്തീർണ്ണം | : | 36.74 ചതുരശ്ര കി .മീ. |
| അതിരുകൾ | : | വടക്ക് : കീഴാറ്റൂർ പഞ്ചായത്ത്, മങ്കട പഞ്ചായത്ത്<br>തെക്ക് : പുലാമന്തോൾ<br>കിഴക്ക് : പെരിന്തൽമണ്ണ മുൻസിപ്പാലിറ്റി<br>പടിഞ്ഞാറ് : പുഴക്കാട്ടിരി പഞ്ചായത്ത് |
| ജനസംഖ്യ | : | 43864 |
| സ്ത്രീകൾ | : | 22443 |
| പുരുഷൻ | : | 21421 |
| ജനസാന്ദ്രത | : | 1193.9 |
| സാക്ഷരർ | : | 33604 |
| വാർഡുകൾ | : | 14 |
| പ്രസിഡൻറിന്റെ പേര് | : | കെ.ടി. നാരായണൻ |
| വൈസ് പ്രസിഡന്റെ പേർ | : | ചാക്കൊ വർഗ്ഗീസ്. |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ | : | ചോലക്കൽ അബ്ദുസ്സമ്മദ്. |

# സാമൂഹ്യസാംസ്ക്കാരിക ചരിത്രം

കിഴക്ക് പന്തല്ലൂർ മലവരെയും വടക്കും തെക്കും അതിരുകളിൽ ആനക്കയം പുലാമന്തോൾ മലവരെയും പടിഞ്ഞാറ് മലപ്പുറം പാങ്ങ്കുന്നുകൾ വരെയും വ്യാപിച്ചു കിടന്നിരുന്ന വള്ളുവനാടിൻെറ വാണിജ്യ സിരാകേന്ദ്രവും ആദ്ധ്യാത്മിക സാംസ്ക്കാരിക ആസ്ഥാനവുമായിരുന്നു അങ്ങാടിപ്പുറം.

സംഘകാലത്ത് (AD5ാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടം) പുലയർ, കുറുവർ, വില്ലവർ, പറയർ, പാണർ, വെള്ളാളർ തുടങ്ങിയവരായിരുന്നു കേരളത്തിലെ നിവാസികൾ. വള്ളുവ ജാതിയിൽപെട്ടവരുടെ ആധിപത്യം മൂലമാണ് വള്ളുവനാട് എന്ന ദേശസംജ്ഞ തന്നെ വന്നത്.

പഴയ വള്ളുവനാടിൻെറ ഹൃദയഭാഗമായ ഈ പഞ്ചായത്തിന് ചരിത്രകഥകളേറെയുണ്ട്. അങ്ങാടിപ്പുറം എന്ന കൊച്ചു പട്ടണം വള്ളുവനാട് രാജസ്വരൂപത്തിൻെറ തലസ്ഥാനമായിരുന്നു. ഇന്നും വൃദ്ധൻമാർ വെള്ളാട്ടങ്ങാടി എന്നാണീ ദേശത്തെ വിളിക്കുന്നത്.

ചരിത്രമുറങ്ങുന്ന തിരുമാന്ധാംകുന്ന് ക്ഷേത്രവും ചാവേർത്തറയും തളിയും കോട്ടപ്പറമ്പും അല്ലാക്കുളവും ചാവേർക്കാടും ഈ പഞ്ചായത്തിലുൾപ്പെടുന്നു.

പന്ത്രണ്ടു വർഷത്തിലൊരിക്കൽ തിരുനാവായ മണൽപ്പുറത്ത് നടത്തിയിരുന്ന മാമാങ്കത്തിൻെറ അധീശത്വം വള്ളുവക്കോനാതിരിക്കായിരുന്നു. മാമാങ്കത്തിൻെറ നിലപാടുതറയിൽ ഉടവാളുമായി അദ്ധ്യക്ഷസ്ഥാനം അലങ്കരിച്ച വള്ളുവക്കോനാതിരിയെ സാമൂതിരിയുടെ പടയാളികൾ ശിരച്ഛേദം ചെയ്ത് വകവരുത്തി. സാമൂതിരിയുടെ വൻപടക്കെതിരെ യുദ്ധം ചെയ്ത് വിജയിക്കുക അസാദ്ധ്യമാണെന്ന് വെള്ളാട്ടരച്ചപ്പടക്ക് അറിയാമായിരുന്നു. എങ്കിലും മാമാങ്ക നാളിൽ അധീശത്വസ്ഥാനത്ത് ഞെളിഞ്ഞിരിക്കാൻ സാമൂതിരിയെ അനുവദിക്കില്ലെന്ന് അവർ തീരുമാനിച്ചു. സ്വന്തം രാജ്യത്തിൻെറ അഭിമാനത്തിനു വേണ്ടി രക്തം ചിന്താനും ജീവൻ ത്യജിക്കാനും സന്നദ്ധരായി വള്ളുവനാട്ടിലെ ചാവേർ പടയാളികൾ !

ചരിത്രത്തിൽ അനന്യമായ ധീരതയും ദേശാഭിമാനവും പ്രകടിപ്പിച്ചിരുന്ന വെള്ളാട്ടരചപ്പട മറ്റു നാട്ടുരാജ്യങ്ങളെ ആക്രമിക്കാൻ തുനിഞ്ഞിരുന്നില്ല എന്നത് ഇന്നാട്ടിൻെറ സമാധാന പ്രേമത്തെ സൂചിപ്പിക്കുന്നു.

വള്ളുവനാടിൻെറ ഈ ധീരതയിൽ ദേശാഭിമാനവും സഹിഷ്ണതയും സമാധാന പ്രേമവും ജനിതകസ്വഭാവമായി തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട് ഇന്നും നിലനിൽക്കുന്നുവെന്ന് നിസ്സംശയം പറയാം.

എട്ടുവീട്ടിലച്ചൻമാർ എന്ന നാട്ടു പ്രമാണിമാരിലൂടെയായിരുന്നു വള്ളുവക്കോനാതിരി ഭരണം നടത്തിയിരുന്നത്.

ദേശീയ പ്രസ്ഥാനത്തിൻെറ ചരിത്രത്തിലും അങ്ങാടിപ്പുറത്തിന് പ്രമുഖ സ്ഥാനമുണ്ട്. 1921 മലബാർകലാപത്തിൽ ഈ പഞ്ചായത്തിലെ പഴയതലമുറയിൽപെട്ട പലരും പങ്കെടുത്തിരുന്നു. ഇതിൽ ഹിന്ദുക്കളും മുസ്ലീങ്ങളും ഉൾപ്പെടുന്നു. വെള്ളപ്പട്ടാളത്തിൻെറ വരവിനെ തടയുവാൻ ഓരാടംപാലം പൊളിച്ച സംഭവമാണ് 1921 ലെ കലാപവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നടന്ന പ്രധാന സംഭവം. തൊട്ടടുത്ത പട്ടണമായ പെരിന്തൽമണ്ണയിലെ പോലീസ്സ്റ്റേഷൻ മജിസ്ട്രേറ്റ് കോടതി, ഖജാന എന്നിവ കലാപകാരികൾ ആക്രമിക്കുകയും പിടിച്ചടക്കുകയും ചെയ്തു. ഈ സംഭവത്തിന് നേതൃത്വം നൽകിയവരിൽ ഹിന്ദുക്കളും ഉണ്ടായിരുന്നുവെന്ന് ചരിത്രരേഖകൾ പറയുന്നു. [അവലംബം: Peasant revolt in malabar]

സ്വാതന്ത്ര്യസമരരംഗത്തും ചാവേർപടയാളികളുടെ നാട് ഒട്ടും പിന്നിലായിരുന്നില്ല. സമരരംഗത്തെ മുന്നണിപോരാളികളായിരുന്ന എം.പി.ഗോവിന്ദമേനോൻ, എം.പി.കുഞ്ഞിക്കണ്ണൻമേനോൻ, എം.പി.ഗോവിന്ദമേനോൻ എന്നീ മുതൽപരേടത്ത് സഹോദരൻമാരുടെ നേതൃത്വത്തിൽ ധാരാളം യുവാക്കൾ സ്വാതന്ത്ര്യസമരരംഗത്ത് സജീവമായി പങ്കെടുത്തു. സ്വാതന്ത്ര്യസമരത്തിൻെറ നിയന്ത്രണ കേന്ദ്രം എന്ന സ്ഥാനം അങ്ങാടിപ്പുറത്തിന് സിദ്ധിച്ചിരുന്നു.

സാഹിത്യത്തിനും കലക്കും അങ്ങാടിപ്പുറം നിസ്തുലസംഭാവനകൾ നൽകിയിട്ടുണ്ട്. ജ്ഞാനപ്പാന രചിച്ച പൂന്താനത്തിൻെറ സാഹിത്യ സൃഷ്ടികളുടെ ഈറ്റില്ലമായിരുന്നു അങ്ങാടിപ്പുറം. ഉണ്ണിക്കുട്ടൻെറ ലോകം ഉൾപ്പെടെ നിരവധി നോവലുകളുടെ കർത്താവായ നന്തനാരെ മലയാളികൾക്ക് ഒരിക്കലും മറക്കാനിവില്ല. കേരളത്തിലെ കലാപ്രേമികളുടെ കണ്ണിലുണ്ണിയായിരുന്ന കോച്ചാട്ടിൽ ബാലകൃഷ്ണമേനോൻ പിറന്നതും വളർന്നതും അങ്ങാടിപ്പുറത്താണ്. നാലമ്പലങ്ങളിൽ ഒതുങ്ങിനിന്നിരുന്ന സോപാനസംഗീതത്തെ ജനമദ്ധ്യത്തിലെത്തിച്ച ലോകപ്രശസ്ത സോപാന സംഗീതജ്ഞൻ ഞരളത്ത് രാമപൊതുവാളുടെ ജൻമം കൊണ്ട് ധന്യമാണ് ഈ ഗ്രാമം. കഥകളിയിൽ തനതുശൈലി രൂപീകരിച്ച കൂട്ടിൽ കുഞ്ഞൻമേനോൻ, കഥകളി മദ്ധളവാദന വിദഗ്ദ്ധൻ കലാമണ്ഡലം നാരായണൻ നമ്പീശൻ, കഥകളിക്കൊട്ടിലും തായമ്പകയിലും വിദഗ്ദ്ധനായ സദനം വാസുദേവൻ, കൃഷ്ണദാസ്-ഹരിദാസ് സഹോദരൻമാർ എന്നിവർ അങ്ങാടിപ്പുറത്തിൻെറ കലാപാരമ്പര്യം ഹൃദയത്തിലാവഹിച്ചവരാണ്.

കഴിഞ്ഞനൂറ്റാണ്ടുകളിൽ ഇരുമ്പു ഖനനവും ഉൽപാദനവും നടത്തുന്നതിനുള്ള നാടൻസാങ്കേതികവിദ്യ ഈ പ്രദേശത്ത് നിലനിന്നിരുന്നു. 1826 ൽ ഇംഗ്ലണ്ടുകാരനായ ഹെൻട്രി ഹാമിൽടൻ ബുക്കാനൻ ഈ പഞ്ചായത്തിൽ വെച്ച് ഇരുമ്പയിര് അടങ്ങിയ ചെങ്കല്ല് കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാമെന്ന് കണ്ടെത്തിയതോടെയും, ആധുനികസാങ്കേതിവിദ്യയിലൂടെ ഇരുമ്പുൽപാദനം ആരംഭിച്ചതോടെയും നാടൻ സാങ്കേതിക വിദ്യകൾ അപ്രസക്തമായി.

കൃഷിയും അനുബന്ധമായ തൊഴിലുകളുമായിരുന്നു സാധാരണക്കാരായ ഗ്രാമീണരുടെ ഉപജീവനമാർഗ്ഗം. ഭൂസ്വത്തുക്കളിൽ ഏതാണ്ട് 90% ഉം ജൻമികുടുംബങ്ങളുടെ കൈവശമായിരുന്നു. പാട്ടവ്യവസ്ഥയിലായിരുന്നു കാർഷിക ഉൽപാദനം നടന്നിരുന്നത്. ഇത് മൂന്നാം വിളയെടുക്കുന്നതിനും

കർഷകനെ പ്രേരിപ്പിച്ചിരുന്നുവെങ്കിലും കർഷകൻെറ നട്ടെല്ലൊടിക്കുന്ന രീതിയായിരുന്നു. പന്ത്രണ്ടു വർഷത്തെക്കുളള കാണച്ചാർത്തിന് മുൻപാട്ടമായി വൻതുക നൽകി പറമ്പോ പാടമോ വാങ്ങി അതിൽ കഠിനാധ്വാനം ചെയ്ത് ആളുകൾ കഴിഞ്ഞിരുന്നു. കൂടുതൽ തുകക്ക് മേൽചാർത്ത് കൊടുക്കാൻ ജൻമിമാർക്ക് അവകാശമുണ്ടായിരുന്നു. ഇത് കർഷകൻെറ ജീവിതം തന്നെ അസ്ഥിരമാക്കി.

1957 ലേയും 1967 ലേയും കർഷകപരിഷക്കാരനിയമങ്ങൾ ഭൂവുടമാബന്ധങ്ങളിൽ വിപ്ലവകരമായ മാറ്റം വരുത്തി.

അമ്പതുകളിലാണ് പഞ്ചായത്തിൻെറ മലയോരപ്രദേശങ്ങളിൽ തെക്കൻഭാഗത്തു നിന്നുള്ള കുടിയേറ്റ കർഷകർ എത്തിച്ചേർന്നത്. മടിയൻമാരായ ജൻമികളിൽനിന്നും ചുരുങ്ങിയ വിലക്ക് മലമ്പ്രദേശങ്ങൾ വാങ്ങി പ്രതികൂല പരിതസ്ഥിതികളെയും വന്യജീവികളെയും നേരിട്ടുകൊണ്ട് കാർഷിക മേഖലയെ സമ്പന്നമാക്കി, ഈ കൃസ്ത്യൻ കുടിയേറ്റ കർഷകർ. പുതിയൊരു കാർഷിക സംസ്ക്കാരത്തിന് ഇവർ അടിത്തറയിട്ടു. കൃഷി എന്നാൽ നെൽക്കൃഷി മാത്രമല്ലെന്നും, തെങ്ങ്, കുരുമുളക്, കവുങ്ങ്, മരച്ചീനി എന്നിവകൂടി ഈ മണ്ണിൽ ലാഭകരമായി കൃഷിചെയ്യാൻ കഴിയുമെന്ന് അവർ തെളിയിച്ചു.

അങ്ങാടിപ്പുറത്തെ പൗരപ്രമുഖനായിരുന്ന ശ്രീ.കെ.ശേഷുഅയ്യരുടെയും, ഗിൽബർട്ട് ഗോൺസാൽവസ് എന്ന കൃസ്ത്യൻ പുരോഹിതൻെറയും നേതൃത്വത്തിൽ ആയിരത്തിലധികം ആളുകൾ ശ്രമദാനം നടത്തി അങ്ങാടിപ്പുറം-പരിയാപുരം റോഡിൻെറ പണി പൂർത്തിയാക്കിയ സംഭവം നാടിൻെറ വികസനത്തിനു വേണ്ടി പ്രതിഫലേച്ഛയില്ലാതെ പേശീബലം നൽകാനുള്ള ഈ നാട്ടുകാരുടെ സന്നദ്ധതയുടെ ഉത്തമോദാഹരണമാണ്.

ഐതീഹ്യ പ്രസിദ്ധമായ തിരുമാന്ധാംകുന്ന് ക്ഷേത്രത്തിലെ 11 ദിവസം നീണ്ടുനിൽക്കുന്ന അങ്ങാടിപ്പുറം പൂരം വള്ളുവനാടിൻെറ ദേശീയോൽസവമായാണ് വിശേഷിപ്പിക്കപ്പെടുന്നത്. ഭക്തമഹാകവി പൂന്താനം പ്രതിഷ്ഠ നടത്തിയ ഇടത്തുപുറം ശ്രീകൃഷ്ണക്ഷേത്രം ധാരാളം ഭക്തജനങ്ങളുടെ തീർത്ഥാടന കേന്ദ്രമാണ്. പുത്തനങ്ങാടിയിലെ മുസ്ലീം ദേവാലയവും പ്രത്യേകതകൾകൊണ്ട് പ്രത്യേതം ശ്രദ്ധിക്കപ്പെടുന്നു.

പഞ്ചായത്തിലെ ആദ്യവിദ്യാഭ്യാസ സ്ഥാപനം കോട്ടപ്പറമ്പ സ്ക്കൂൾ ആണ്. 100 വർഷത്തിലേറെ പഴക്കം ഈ സ്ക്കൂളിനുണ്ട്. അമ്പതുകളിൽ ആരംഭിച്ച അങ്ങാടിപ്പുറം ദേശസേവിനി വായനശാലയും തിരൂർക്കാട് വിജയൻ സ്മാരകവായനശാലയും പഞ്ചായത്തിലെ സംസ്ക്കാരിക പ്രവർത്തനങ്ങളിൽ നെടുനായകത്വം വഹിക്കുന്നു.

പഴയമലബാർ ഡിസ്ട്രിക്ട് ബോർഡിന് കീഴിലായിരുന്ന അങ്ങാടിപ്പുറം, GO(MS)No 161/61 PD dt. 20-11-61 പ്രകാരം സ്വയംഭരണാധികാരമുള്ള പഞ്ചായത്തായി മാറുകയാണുണ്ടായത്. 1963 ൽ നടന്ന തെരഞ്ഞെടുപ്പിലൂടെ പഞ്ചായത്തിലെ ആദ്യത്തെ ഭരണസമിതി നിലവിൽവന്നു. ഇന്നും രാഷ്ട്രീയ സാമൂഹികരംഗങ്ങളിലെ നേതൃത്വനിരകളിൽ തിളങ്ങിനിൽക്കുന്ന കെ.മാധവൻ നായരായിരുന്നു പഞ്ചായത്തിലെ ആദ്യത്തെ പ്രസിഡണ്ട്. CTഅബ്ദുറഹിമാൻ മാസ്റ്റർ, മങ്ങാട്ട് ലക്ഷ്മി അമ്മ,

പുത്തൻവീട്ടിൽ രാമൻനായർ, കുന്നത്ത് മുഹമ്മദ് ഹാജി, കെ.ടി.മുഹമ്മദ് സാഹിബ്, പി.മുഹമ്മദ് എന്ന കുഞ്ഞാപ്പുസാഹിബ്, രാവുണ്ണി മാസ്റ്റർ, തോടേങ്ങൽ അബൂബക്കർ, മാവുള്ളി പത്മനാഭൻ എന്നിവർ വിവിധ വാർഡുകളിൽ നിന്നുള്ള പ്രതിനിധികളായി പഞ്ചായത്തിന്റെ പ്രഥമഭരണകൂടത്തെ മുന്നോട്ടു നയിച്ചു. അദ്ധ്യാപകവൃത്തിയും പഞ്ചായത്തു മെമ്പർസ്ഥാനവും ഒരുമിച്ചു വഹിക്കാൻ പാടില്ലെന്ന സർക്കാർ നിയമത്തിന്റെ ഭാഗമായി ശ്രീ. രാവുണ്ണി മാസ്റ്റർ, CTഅബ്ദുറഹിമാൻ മാസ്റ്റർ, മങ്ങാട്ട് ലക്ഷ്മിഅമ്മ എന്നിവർ ബോർഡിൽ നിന്നും രാജിവെച്ചു. രാവുണ്ണി മാസ്റ്ററുടെ ഒഴിവിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിലൂടെ അങ്ങാടിപ്പുറത്തെ അറിയപ്പെട്ട കമ്മ്യൂണിസ്റ്റുകാരനായിരുന്ന കൃഷ്ണൻ വൈദ്യർ പ്രഥമ ബോർഡിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. തെക്കൻ മുഹമ്മദ്, പൂന്തോട്ടത്തിൽ പാർവ്വതി എന്നിവർ തിരഞ്ഞെടുപ്പ് നടക്കാതെയും തിരഞ്ഞെടുക്കപ്പെട്ടു. 1963 മുതൽ 79 വരെ വരുന്ന 16 വർഷക്കാലം ഈ പഞ്ചായത്ത് ഭരണസമിതി നിലനിന്നു. ഏതാനും വർഷത്തെ ഉദ്യോഗസ്ഥ ഭരണത്തിനുശേഷം 1979 ൽ നടന്ന തെരഞ്ഞെടുപ്പിലൂടെ പഞ്ചായത്തിന്റെ രണ്ടാമത്തെ ഭരണസമിതി നിലവിൽവന്നു. സാമൂഹ്യ സേവനങ്ങൾക്കു വേണ്ടി ജീവിതത്തിന്റെ സിംഹഭാഗവും നീക്കിവെച്ച് അങ്ങാടിപ്പുറത്തുകാരുടെ മുഴുവൻ പ്രിയങ്കരനായി മാറിയ ശ്രീ.കെ.കെ. സുബ്രഹ്മണ്യൻ എന്ന സുന്ദരൻ മാസ്റ്ററായിരുന്നു ഈ ഭരണസമിതിയുടെ അമരക്കാരൻ. പതിനൊന്നു മെമ്പർമാരുണ്ടായിരുന്ന ഈ ബോർഡിൽ അവിശ്വാസപ്രമേയം വഴി നടന്ന ഭരണമാറ്റത്തിലൂടെ ശ്രീ.ചാത്തോലിൽ സൈനുദ്ദീൻ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. ഈ ബോർഡിന്റെ കാലാവധിക്കു ശേഷം സംസ്ഥാനസർക്കാർ ബോർഡ് പിരിച്ചുവിടുകയും ഉദ്യോഗസ്ഥഭരണം ഏർപ്പെടുത്തുകയും ചെയ്തു. 1987 ൽ നടന്ന തെരഞ്ഞെടുപ്പിലൂടെയാണ് വീണ്ടും പഞ്ചായത്തിൽ ഒരു ജനാധിപത്യ ഭരണകൂടം നിലവിൽ വരുന്നത്. ഈ ഭരണസമിതിയുടെ പ്രസിഡണ്ട് ശ്രീ.കുന്നത്ത് ആലി ഹാജി ആയിരുന്നു. പഞ്ചായത്തിൽ ഭരണ സ്തംഭനം അനുഭവപ്പെട്ടതിനെ തുടർന്ന് സർക്കാർ ബോർഡ് പിരിച്ചുവിടുകയും ഗവൺമെൻറ് നോമിനേറ്റ് ചെയ്ത പതിനൊന്നംഗസമിതി ഭരണമേറ്റെടുക്കുകയും ചെയ്തു. ഈ സമിതിയുടെ പ്രസിഡണ്ട് ശ്രീ.പി.അബ്ദുള്ള മാസ്റ്റർ ആയിരുന്നു. 1995 സെപ്തംബർ 30ന് പുതിയ ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ജനഹിതമനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട നിലവിലുള്ള ഭരണസമിതി സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏറ്റെടുത്തു. ശ്രീ.ചോലക്കൽ അബ്ദുസമദ് ആയിരുന്നു പ്രസിഡണ്ട്. 14 വാർഡുകളിൽ നിന്നായി യഥാക്രമം സർവ്വശ്രീ. കെ.കെ.സുബ്രമണ്യൻ എന്ന സുന്ദരൻ മാസ്റ്റർ, കെ.സി അയ്യപ്പൻ, ചോലക്കൽ അബ്ദുസമദ്, കുന്നത്ത് ആലിഹാജി, കെ ഖദീജ, തിത്തുമ്മടീച്ചർ, കെ.ശശികല,എം.തങ്കം, കയലുംവക്കത്ത് വീരാൻഹാജി, റഷീദാകുഞ്ഞാപ്പുട്ടി, കെ.ടി.നാരായണൻ മാസ്റ്റർ, ചാക്കോ വർഗ്ഗീസ്, തവളയങ്ങൽ ഉസ്മാൻമാസ്റ്റർ, വി.അബ്ദുള്ളമാസ്റ്റർ എന്നിവർ ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടു. ഒന്നാം വാർഡു മെമ്പറും സ്റ്റാൻറിഗ് കമ്മിറ്റി ചെയർമാനുമായിരുന്ന ശ്രീ.സുന്ദരൻ മാസ്റ്ററുടെ നിര്യാണത്തെ തുടർന്ന് നടന്ന ഉപതിരഞ്ഞെടുപ്പിലൂടെ വട്ടിപ്പറമ്പത്ത് അബ്ദുൾ അസീസ് പഞ്ചായത്ത് ബോർഡ് അംഗമായി.

1996 ജൂലൈ മാസം 15ാം തീയ്യതി ശ്രീ.ചോലക്കൽ അബ്ദുസമദ് വ്യക്തിപരമായ കാരണങ്ങളാൽ പ്രസിഡണ്ട് സ്ഥാനം രാജി വെച്ചതിനെ തുടർന്ന് ശ്രീ.കെ.ടി.നാരായണൻ മാസ്റ്റർ പഞ്ചായത്തിന്റെ 7ാമത്തെയും നിലവിലുള്ളതുമായ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. നിലവിലുള്ള

ഭരണസമിതിയിൽ ശ്രീ.ചാക്കോവർഗ്ഗീസ് വൈസ് പ്രസിഡണ്ടും, ശ്രീ. ചോലക്കൽ അബ്ദുസമദ് സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാനുമാണ്.

മൂന്നാം ഗ്രേഡ് പഞ്ചായത്തായി ആരംഭിച്ച അങ്ങാടിപ്പുറം പഞ്ചായത്ത് പിന്നീട് ഒന്നാം ഗ്രേഡ് പഞ്ചായത്താവുകയും നിലവിൽ സ്പെഷൽ ഗ്രേഡ് പഞ്ചായത്തായി ഉയർത്തപ്പെടുകയും ചെയ്തിട്ടുണ്ട്. തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലേറിയ ആദ്യത്തെ ബോർഡ് ആദ്യമായി എടുത്ത തീരുമാനം ജനങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി അങ്ങാടിപ്പുറം റെയിൽവേ സ്റ്റേഷൻെറ പടിഞ്ഞാറു വശം ഒരു പൊതു കിണർ കുഴിക്കുവാനാണ്. ഈ തീരുമാനവും നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി എടുത്ത JRY ഫണ്ടിലെ 4 ലക്ഷം രൂപയുടെ കക്കൂസ് നിർമ്മാണം എന്ന തീരുമാനവും സൂചിപ്പിക്കുന്നത് സികസനരംഗത്ത് പഞ്ചായത്ത് ഭരണാധികാരികൾക്കുള്ള സമഗ്ര രാഷ്ട്രീയ കാഴ്ചപ്പാടിനേയും ജനക്ഷേമതാല്പര്യങ്ങളേയുമാണ്.

# ഭൂവിഭവം

അക്ഷാംശം 10° 59' 6" നും 11° 2' 18" N ഉം
രേഖാംശം 76° 8' 31" നും 76° 13' 15" E ഉം ഇടയിൽ മലപ്പുറം ജില്ലയിൽ തെക്കു കിഴക്കായിട്ടാണ് അങ്ങാടിപ്പുറം പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്.

പഞ്ചായത്തിൻെറ പടിഞ്ഞാറ് പുഴക്കാട്ടിരി പഞ്ചായത്ത്, കിഴക്ക് പെരിന്തൽമണ്ണ മുൻസിപ്പാലിറ്റി, വടക്ക് കീഴാറ്റൂർ പഞ്ചായത്ത്, മങ്കട പഞ്ചായത്ത് എന്നിവയും തെക്ക് പുലാമന്തോൾ പഞ്ചായത്തുമായി 36.74 ച.വി. മീറ്ററിൽ വ്യാപിച്ചു കിടക്കുന്നു.

ഭൂപ്രകൃതിയനുസരിച്ച് അങ്ങാടിപ്പുറത്തിനെ 9 മേഖലകളായി തിരിക്കാം.

1. കുന്നിൻമണ്ട
2. ഉയർന്ന സമതലം
3. ചെറിയ ചെരിവ്
4. താഴ്വര
5. സമതലം
6. വെള്ളം കയറുന്ന മേഖല
7. കുത്തനെ ചെരിവ്

ഭൂപ്രകൃതിയെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിലേറ്റവും ഉയരം കൂടിയ പ്രദേശം തെക്കുകിഴക്കേ അതിർത്തിയായ ആട്ടീരിക്കുന്നാണ്. പടിഞ്ഞാറെ അതിർത്തിയായ മണ്ണാറമ്പും ഉയർന്നു നിൽക്കുന്നു. ഉയർന്ന പീഠഭൂമിയായ കിഴക്കേ ഭാഗവും വടക്കേ ഭാഗവും നിലകൊള്ളുന്നു. പഞ്ചായത്തിൻെറ മധ്യഭാഗം, ഓരാടംപാലം പുഴയുടെ ചുറ്റുവട്ടത്തുള്ള വയലേലകൾക്ക് വെള്ളം നൽകിയ ഭാഗമാണ് പഞ്ചായത്തിൻെറ ഏറ്റവും ഉയരം കുറഞ്ഞ പ്രദേശം.

പഞ്ചായത്തിലെ ഭൂരിഭാഗം നെൽക്കൃഷി ചെയ്യുന്ന പ്രദേശവും പഞ്ചായത്തിന് കുറുകെ ഒഴുകുന്ന പുഴയുടെ ഇരുവശങ്ങളിലുമായ ഭൂവൈവിധ്യത്തിൻെറ കാര്യത്തിൽ സമ്പന്നമായ അങ്ങാടിപ്പുറം പഞ്ചായത്തിലെ ഭൂപ്രദേശങ്ങളെ പ്രധാനമായും ഇങ്ങനെ തരം തിരിക്കാം.

സമുദ്രനിരപ്പിൽനിന്നും ശരാശരി ഉയരം 39.93 മീ ആണ്.

## മനുഷ്യവിഭവം

43664 ജനസംഖ്യയുള്ള പഞ്ചായത്തിൽ 22443 സ്ത്രീകളും 21421 പുരുഷൻമാരും ഉണ്ട്. പുരുഷൻമാരെ അപേക്ഷിച്ച് 1022 സ്ത്രീകൾ കൂടിതലാണ്. ആകെ 7472 വീടുകളാണുള്ളത്. ശരാശരി 5.87 ആളുകൾ വീടൊന്നിനുണ്ട്. ജനസാന്ദ്രത ച.കി.മീറ്ററിന് 1193.90 ആണ്. ആറുവയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 4494 ആണ്. പട്ടികജാതി ജനസംഖ്യ 5331 ആണ്. ഇതിൽ 1710 പുരുഷൻമാരും 1821 സ്ത്രീകളും പട്ടികജാതി വിഭാഗത്തിൽ പെടുന്നു. പഞ്ചായത്തിലുള്ള ആകെ ജനങ്ങളിൽ 33604 പേർ സാക്ഷരരാണ്. ഇതിൽ 16832 പേർ സ്ത്രീകളും 16772 പേർ പുരുഷൻമാരുമാണ്.

മലപ്പുറം ജില്ലയിൽ വിദ്യാഭ്യാസരംഗത്ത് മുന്നിൽ നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് അങ്ങാടിപ്പുറം. അഭ്യസ്ഥവിദ്യരുടെ എണ്ണത്തിൽ വർഷം തോറും വർദ്ധനവ് ഉണ്ടാകുന്നുണ്ടങ്കിലും പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തെ നിലവാരം വളരെ പിറകിലാണ്. ഇത് ഉടനടി മാറ്റിയേ പറ്റൂ.

തൊഴിൽ സന്നദ്ധതയുള്ള അഭ്യസ്ഥവിദ്യർക്ക് തൊഴിലവസരങ്ങൾ ഇല്ലായെന്നത് തൊഴിലില്ലായ്മയുടെ നിരക്ക് വർദ്ധിപ്പിക്കുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും പ്രഥമിക മേഖലയുടെ വളർച്ചക്കും ഊന്നൽ നൽകിക്കൊണ്ടു മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയൂ.

കാർഷികരംഗത്തിന്റെ തകർച്ചയും കെട്ടിടനിർമ്മാണരംഗത്തിന്റെ വളർച്ചയും തൊഴിലെടുക്കുന്നവരുടെ മേഖലാമാറ്റത്തിന് കാരണമായിട്ടുണ്ട്.

സ്ത്രീകളാണ് തൊഴിലില്ലായ്മയുടെ രൂക്ഷത അനുഭവിക്കുന്ന അഭ്യസ്ഥവിദ്യരിൽ ഭൂരിഭാഗവും. തൊഴിലെടുക്കുവാൻ കഴിവും സന്നദ്ധതയും ഉള്ളവരിൽ ബഹുഭൂരിഭാഗത്തിനും യാതൊരു തൊഴിലും ഇല്ല.

## ജല വിഭവം

പഞ്ചായത്തിന്റെ വാർഷിക വർഷപാതം ശരാശരി 2907 മി.മി ആണ്. ജൂൺ ജൂലായ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. പഞ്ചായത്തിന്റെ പ്രധാന ജല സ്രോതസ്സ് പഞ്ചായത്തിനെ രണ്ടായി വിഭജിച്ചു കൊണ്ട് ഒഴുകുന്ന ഒരാടം പാലം തോടാണ്. ഈ തോടിന്റെ നീളം 4859m ആണ്. ഇതിനെ കൂടാതെ ഏറാംന്തോട്, പൂപ്പലം - കൊല്ലരം തോടും പഞ്ചായത്തിന്റെ ജലവിഭവത്തെ വർദ്ധിപ്പിക്കുന്നു. പഞ്ചായത്തിനകത്ത് 97 കുളങ്ങളുള്ളതിൽ 37 എണ്ണം മികച്ച ജലം ലഭിച്ചുള്ളതാണ്. പ്രധാന കുളങ്ങളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നമ്പർ | കുളത്തിന്റെ പേര് | വാർഡ് |
|---|---|---|
| 1. | ഓർക്കോട്ട് കുളം | VII |
| 2. | മുതുവറകുളം | VIII |
| 3. | അൽപാ കുളം | VII |
| 4. | പുളിയാല കുളം | III |
| 5. | അമ്പലകുളം | III |
| 6. | മണ്ണാമ്പെചോല കുളം | XIV |
| 7. | പാച്ചീരി കുളം | I |
| 8. | കൂരിയാട്ടു കുളം | I |
| 9. | മേലേ അരിപ്ര കുളം | VI |
| 10. | കിഴക്കേ മൂലകുളം | VI |
| 11. | മരിരാത്ത് കുളം | VIII |
| 12. | വൃത്തകുളം | VIII |
| 13. | കൈലികുളം | VIII |
| 14. | ചോലകുളം ചെരക്കാപറമ്പ് | XI |
| 15. | വലിയവീട്ടിൽ കുളം | XI |

വേനൽകാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് പഞ്ചായത്തിലേറെയും. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്.

5

# സാമൂഹികസാമ്പത്തിക മേഖലകൾ

# 5 1 കൃഷിയും ജലസേചനവും

ഒരു പ്രദേശത്തിൻെറ വിളക്രമം നിശ്ചയിക്കുന്നത് പ്രധാനമായും കാർഷിക കാലാവസ്ഥയെ അടിസ്ഥാനമാക്കിയാണ്. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, മഴയുടെ ലഭ്യത, മൺതരത്തിൻെറ പ്രത്യേകത, ഭൂതലത്തിൻെറ നിമ്നോന്നത, പ്രകൃതി തുടങ്ങിയവയാൽ നിശ്ചയിക്കപ്പെടുന്ന കാർഷിക കാലാവസ്ഥയിൽ മാറ്റം വരുത്താൻ നമുക്കു കഴിയില്ല. ഈ ഘടകങ്ങളുടെ ശാസ്ത്രീയമായ പഠനത്തിലൂടെ നിശ്ചയിക്കപ്പെട്ടതല്ല നമ്മുടെ വിളക്രമം. എങ്കിലും ദീർഘകാലത്തെ അനുഭവങ്ങളിലൂടെ ഉരുത്തിരിഞ്ഞു വന്ന സ്വഭാവിക വിളക്രമം കാർഷിക കാലാവസ്ഥക്ക് തികച്ചും ഇണങ്ങുന്നതു തന്നെയായിരിക്കും.

സാങ്കേതികവും സാമൂഹികവും സാമ്പത്തികവുമായ ഘടകങ്ങൾ, മണ്ണിനു ചേർന്ന ഈ വിളക്രമത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇന്ന് വിളക്രമം നിശ്ചയിക്കുന്നതിൽ പ്രധാന ഘടകം പരമാവധി ലാഭം എന്ന സാമ്പത്തിക ലക്ഷ്യമാണ്. ഏതു വിളയാണെന്നു തീരുമാനിക്കുന്നത് പരമാവധി ലാഭം ഏതിൽ നിന്നു കിട്ടുന്നു എന്നു നോക്കിയിട്ടാണ്. ഇങ്ങനെ പ്രദേശത്തിൻെറ കാലാവസ്ഥക്ക് അനുയോജ്യമല്ലാത്ത വിളകൾ സ്വീകരിക്കുന്നതിൻെറ അശാസ്ത്രീതയെപ്പറ്റിയും അതുകൊണ്ട് രാജ്യത്തിനുണ്ടാകുന്ന നഷ്ടത്തെപ്പറ്റിയും ശരിയായ ധാരണ നമുക്കുണ്ടാകേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ മുൻകാലങ്ങളിൽ പ്രാമുഖ്യം നെൽക്കൃഷിക്കായിരുന്നു. ഇതിനൊരു പ്രധാന കാരണം ഭൂവുടമാബന്ധമായുരുനന്നു. വ്യാപാരാടിസ്ഥാനത്തിൽ ഇടവിളക്കൃഷി ഉണ്ടായിരുന്നില്ല. കാണച്ചാർത്തുകളിൽ മാത്രമേ ദീർഘകാലവിളകൾ ഉണ്ടായിരുന്നുള്ളു. കാരി, അരിവാകാരി, ചെങ്കയ്മ, മുണ്ടകൻ, തെക്കൻചീര, ചെറുകയ്മ, ആറ്റകയ്മ, തവളക്കണ്ണൻ, വൃശ്ചികപാണ്ടി തുടങ്ങിയവയായിരുന്നു പ്രധാന വിത്തിനങ്ങൾ. ഇവയിൽ ചിലവയെങ്കിലും കഴിഞ്ഞവർഷവും പഞ്ചായത്തിൽ കൃഷിചെയ്തിരുന്നതായി പഠനപര്യടനം വഴി അറിയാൻ കഴിഞ്ഞു. ബൗദ്ധികസ്വത്തവകാശ നിയമത്തിൻെറ പശ്ചാത്തലത്തിൽ ഇത്തരം വിത്തിനങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിൻെറ പ്രാധാന്യം നമ്മൾ മനസ്സിലാക്കണം.

പാട്ട വ്യവസ്ഥ നിലനിന്നിരുന്നത് മൂന്നാം വിളക്ക് കർഷകനെ പ്രേരിപ്പിച്ചിരുന്നു. അക്കാലത്ത് നമ്മുടെ പ്രധാന തോട്ടിൽ നാല് പനംപാത്തി ചിറകളും അതിൻെറ കൈത്തോടുകളിൽ മുള, ഓല എന്നിവ കൊണ്ടുണ്ടാക്കിയ തടയണകളും നിർമ്മിച്ചിരുന്നു. ഇവയുടെ അറ്റകുറ്റപണികൾക്കും കാര്യക്ഷമത നിലനിർത്തുന്നതിനും ജൻമി കുടിയാൻ കൂട്ടായ്മ ഏറെ സഹായകമായി.

ക്ഷേത്രങ്ങളോടനുബന്ധിച്ചും പൊതുവായുമുള്ള വലിയകുളങ്ങളിൽ നിന്ന് ആണു മുഴുവൻ ജലമൊഴികിയിരുന്നത് മൂന്നാമതുകൃഷിക്കു സഹായിച്ചിരുന്നു. വെള്ളം തേവാൻ പ്രധാനമായി ഏത്തങ്ങളും മുക്കാലികളുമായിരുന്നു ഉപയോഗിച്ചിരുന്നത്. കാളത്തേക്കും നിലനിന്നിരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

കൃഷി ജീവിതത്തിൻെറ ഭാഗമായിരുന്ന അക്കാലത്ത് വിനോദോപാദികളും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടതായിരുന്നു. കാളപൂട്ട്, പോത്തുപൂട്ട് എന്നിവ പ്രധാന

വിനോദമൽസരങ്ങലായിരുന്നു. ഉത്സവങ്ങൾ കാർഷികവിപണനമേളകൾ കൂടിയായിരുന്നു. ഉത്സവപറമ്പുകൾ കാർഷികോത്പന്നങ്ങളുടേയും കാർഷികോപകരണങ്ങളുടേയും കൊടുക്കൽ വാങ്ങൽ കേന്ദ്രങ്ങളുമായിരുന്നു.

ഭൂവുടമാ ബന്ധത്തിലുണ്ടായ മാറ്റവും കുടിയേറ്റം ഉണ്ടാക്കിയ സ്വാധീനവും വിളചേരുവകളിൽ മാറ്റം ഉണ്ടാക്കി. കരഭൂമി പ്രദേശങ്ങളിൽ തെങ്ങ്, കവുങ്ങ്, റബർ, കശുമാവ് എന്നിവയും വാണിജ്യാടിസ്ഥാനത്തിൽ ഇടവിളകളും കൃഷി ചെയ്യാനാരംഭിച്ചു. കൂട്ടുകുടുംബങ്ങളുടെ സ്ഥാനത്ത് അന്നു കുടുംബങ്ങൾ നിലവിൽവന്നു. ഇത് കർഷകനെ കൃഷിപണിയിൽനിന്ന് അന്യവൽക്കരിക്കുകയും ഇതുവഴി ഈ മേഖലയിലെ കുടുംബാധ്വാനം കൂലിയധ്വാനത്തിന് വഴി മാറുകയും ചെയ്തു.

## കാർഷിക കാലാവസ്ഥ

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം ശരാശരി **39.93 mts**

മഴയുടെ ലഭ്യത : ശക്തിയായ കാലവർഷവും ദുർബലമായ തുലാവർഷവും അനുഭവപ്പെടുന്നു. ശരാശരി വാർഷികവർഷപാതം (മലപ്പുറം ജില്ല) 2907 മി.മി ആണ്. സംസ്ഥാന ശരാശരി 3063 മി.മി. (അവലംബം Land Resources of Kerala State - Kerala State land use Board - Thiruvananthapuram 1995)

**മൺതരം.** ലാറ്ററൈറ്റ്.

## ഭൂതലത്തിൻെറ നമ്നോന്നതാവസ്ഥ

നാലു വശവും ഉയർന്ന പ്രദേശവും മധ്യഭാഗം താഴ്ന്ന പ്രദേശവും. (Transect രേഖ, ഭൂപടം കാണുക)

കാർഷിക കാലാവസ്ഥാമേഖലയടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്ത് മലനാട്ടിൽപ്പെടുന്നു. സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം, വർഷപാതം, മണ്ണിൻെറ സ്വഭാവം, നാമ്നോന്നതാവസ്ഥ എന്നീ നാലു ഘടകങ്ങളെ അടിസ്ഥാനമാക്കി കേരളത്തെ 13 കാർഷിക കാലാവസ്ഥാ മേഖലകളായി തിരിച്ചിട്ടുണ്ട്. ഈ വിഭജനത്തിൽ മലനാട് (High land) ൽ ആണ് നമ്മുടെ പഞ്ചായത്ത് ഉൾപ്പടുന്നത്. (അവലംബം : Land Resources of Kerala State - 1995 - Page 73 - Agro Climatic Zones of Kerala)

ഭൂമിയുടെ നിമ്നോന്നത സ്വഭാവം കാരണം കൃഷിയിടത്തിനകത്തുപോലും മണ്ണിലെ ജലാംശത്തിൻെറ അളവ് വ്യത്യസ്തമായിരിക്കും. ഇത് വിള വൈവിധ്യത്തിന് സഹായകമാണ്.

Soil

| | | |
|---|---|---|
| Depth | - | Very deep |
| Texture | - | Gravely Clay |
| Slope | - | Gentle |
| Drainage | - | Well drained |

അവലംബം : Land Resources of Kerala State

## നീർത്തട വികസന പദ്ധതി

കാർഷിക മേഖലയിലെ പൊതുവായ ചില പ്രശ്നങ്ങൾ എല്ലാ വാർഡു ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ജല ദൗർല്ലഭ്യം, ജൈവവളദൗർല്ലഭ്യം, മണ്ണിന്റെ ഗുണത്തിലുണ്ടായ ശോഷണം, മണ്ണൊലിപ്പ് തുടങ്ങിയ പ്രശ്നങ്ങൾ എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

വികസന പ്രവർത്തനങ്ങൾ നീർത്തട അടിസ്ഥാനത്തിൽ നടപ്പിലാക്കണം എന്ന കാഴ്ചപ്പാട് പ്രബലമായിക്കൊണ്ടിരിക്കുകയാണ്. കൃഷി, മണ്ണ് സംരക്ഷണം, ജലസംരക്ഷണം, ജലസേചനം, മൃഗസംരക്ഷണം തുടങ്ങിയ പലവിധ വികസന പ്രവർത്തനങ്ങൾ സംയോജിപ്പിച്ചു നടപ്പാക്കാവുന്ന ഒരു സമഗ്രപദ്ധതിയാണിത്.

ഒരു പ്രദേശത്തെ പെയ്ത്തുവെള്ളം മുഴുവൻ ഒരു സ്ഥലത്തുകൂടി പുറത്തേക്കൊഴുകുകയാണെങ്കിൽ ആ പ്രദേശത്തെയാണ് നീർത്തടം എന്നു പറയുന്നത്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൊണ്ട് അങ്ങാടിപ്പുറം പഞ്ചായത്തിനെ ഒരു നീർത്തടയൂണിറ്റായി കണക്കാക്കാവുന്നതാണ്. ഓരാടം പാലം തോട് വെള്ളം പുറത്തേക്കൊഴുകുന്ന പൊതുബിന്ദുവായി കണക്കാക്കി, പരിസ്ഥിതിയും, പുനർജ്ജീവനവും, വരൾച്ചക്കെതിരെയുള്ള വർദ്ധിച്ച പ്രതിരോധവും സസ്യജന്തുജാലങ്ങളുടെ സന്തുലിത വളർച്ചയും സാധിക്കുന്ന നീർത്തട വികസന പദ്ധതി നടപ്പിലാക്കാവുന്നതാണ്.

നീർമറി വികസന പദ്ധതിയിലൂടെ ഇനിപ്പറയുന്ന സംയോജിതമായ ബഹുമുഖപ്രവർത്തനങ്ങളാണ് നടക്കേണ്ടത്.

1. ഭൂമിയെ അതിന്റെ കഴിവിനനുസരിച്ച് ഉപയോഗിക്കുക.
2. മഴവെള്ളം കഴിയുന്നത്ര സംരക്ഷിക്കുക.
3. നീരൊഴുക്ക് സുരക്ഷിതമായ വേഗത്തിൽ നിയന്ത്രിക്കുക ഭാവിയിലെ ആവശ്യത്തിലേക്കായി ഭൗമജല സംഭരണത്തിലേക്കു മുതൽക്കൂട്ടുക.
4. മണ്ണൊലിപ്പു തടയുക
5. വെള്ളത്തിന്റെ ഉപയോഗക്ഷമത കൂട്ടുക
6. വിളസാന്ദ്രത വർദ്ധിപ്പിക്കുക
7. ഭൂമിയുടെ മുകളിൽ സസ്യാവരണം ഉണ്ടാക്കുക.
8. ഘടനാപരമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക
9. N.F.S., കന്നുകാലിവളർത്തൽ തുടങ്ങിയവ പോലെ പരസ്പരം ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നിന്ന് വരുമാനം അധികമാക്കുക.
10. അണുകുടുംബങ്ങളുടെ കേന്ദ്രീകരണം വഴി ജലസ്രോതസ്സുകളുടെ പുനർനിർമ്മിതിക്ക് അവസരം സൃഷ്ടിക്കുക.

## നെൽകൃഷി

അരി മുഖ്യാഹാരമായ നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യം പ്രതിവർഷം 36 ലക്ഷം ടൺ എന്നു കണക്കാക്കിയിരിക്കുന്നു എന്നാൽ ഉല്പാദനമാവട്ടെ 10 ലക്ഷം ടൺ അരിയും കൃഷിവിസ്തീർണ്ണം

5 ലക്ഷം ഹെക്ടറും ആയി ചുരുക്കിയുട്ടുണ്ട്. ആഗോളടിസ്ഥാനത്തിൽ തന്നെ അരിയുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട് സംസ്ഥാനത്തിനു പുറത്തുനിന്നുള്ള അരിയുടെ വരവിനെ മാത്രം ആശ്രയിക്കുന്നത് ഗുരുതരമായ ആപത്തിലേക്കുള്ള നീക്കമാവും. ഇന്ത്യയിലെ അരിയുൽപ്പാദന സംസ്ഥാനങ്ങൾ കൂടുതൽ ആദായകരമായ നാണ്യവിളകളിലെക്കു തിരിയുന്നുണ്ട്. അരിയുൽപ്പാദനം തന്നെ കയറ്റുമതി പ്രാധാന്യമുള്ള ബസ്മതി പോലുള്ള അരിയിലെക്കും മാറുന്നു. ഇത്തരം പ്രവണതകൾ ഗുരുതരമായ ഒരു ഭക്ഷ്യ പ്രതിസന്ധിയിലേക്ക് നമ്മുടെ നാടിനെ തള്ളി നീക്കുന്നതായാണ് കാണിക്കുന്നത്.

നെൽകൃഷിയുടെ തകർച്ച കന്നുകാലി സമ്പത്തിൻെറ ശോഷണത്തിലേക്കും നയിക്കും. അരിപോലെതന്നെ പ്രാധാന്യത്തോടെ കാണേണ്ടതാണ് വൈക്കോലിൻെറ ഉല്പാദനവും.

പഞ്ചായത്തിലെ പ്രധാന കാർഷികവിളകളുടെ വിസ്തീർണ്ണം, ഉല്പാദനം, തുടങ്ങിയവയെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | വിള | കൃഷി ചെയ്യുന്ന സ്ഥലം | ഉല്പാദനം | ഉല്പാദനക്ഷമത | ഉല്പാദനക്ഷമത (ശരാശരി) |
|---|---|---|---|---|---|
| 1. | നെല്ല് | 663 ഹെ. | 1453959 Kg | 2193 Kg/hect. | 2018 Kg/hect |
| 2. | തെങ്ങ് | 2120 ഹെ. | 12486800 തേങ്ങ | 5890 nuts/hect | 5843 nuts/hect |
| 3. | കവുങ്ങ് | 1052 ഹെ | 22450626 അടക്ക | 213409 nuts/hect | 213409 nuts/hect |
| 4. | നേന്ത്രവാഴ | 340 ഹെ | 2099064 Kg | 7951 Kg/hect | 7653 kg/hect |
| 5. | കുരുമുളക് | 220 ഹെ | 59400 Kg | 270 Kg/hect | 271 Kg/hect |
| 6. | മരച്ചീനി | 340 ഹെ | 6754440 Kg | 19866 Kg/hect | 19470 Kg/hect |
| 7. | കശുവണ്ടി | 320 ഹെ | 262400 Kg | 820 Kg/hect | 877 Kg/hect |
| 8. | റബ്ബർ | 380 ഹെ | 354920 Kg | 934 Kg/hect | |
| 9. | ഇഞ്ചി | 5 ഹെ | 16935 Kg | 3387 Kg/hect | 3258 Kg/hect |
| 10. | മഞ്ഞൾ | 3 ഹെ | 5811 Kg | 1937 Kg/hect | 1927 Kg/hect |
| 11. | പച്ചക്കറി | 20 ഹെ | 30000 Kg | 1600 Kg/hect | |

അവലംബം - ദ്വിതീയ വിവരശേഖരണം, കൃഷിഭവൻ രേഖ
സംസ്ഥാന ഉല്പാദനക്ഷമത Land Resource of Kerala State

നെൽവയലുകൾ അപ്രത്യക്ഷമാകുന്നതു മൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളും വനനശീകരണം പോലെ അതീവഗൗരവമായി കാണേണ്ടതാണ്. കേരളത്തിൻെറ നിമ്നോന്നത ഭൂപ്രകൃതിയിൽ കുത്തിയൊലിച്ചു പോകുന്ന മഴവെള്ളം ഭൂഗർഭജലസമ്പത്തായി മാറുന്നതിൽ സുപ്രധാന പങ്കുവഹിച്ചിരുന്നു. നെൽപ്പാടങ്ങൾ. പ്രകൃത്യായുള്ള നീരൊഴുക്കുകളുടെ തകിടം മറിച്ചിലുകളും നെൽവയലുകൾ കരഭൂമിയായി മാറുന്നതും ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഉളവാക്കും.

ഇങ്ങനെ സാമൂഹ്യ സാമ്പത്തിക പാരിസ്ഥിതിക കാരണങ്ങളാൽ നിലവിലുള്ള നെൽപ്പാടങ്ങളുടെ വിസ്തീർണ്ണം ഒരിഞ്ചുപോലും കുറയാതെ പരിരക്ഷിക്കേണ്ടത് നാടിൻെറ പൊതുവായ മുഖ്യാമായ ആവശ്യമായി വരണം. സമൂഹത്തിൻെറ പൊതുവായ ആവശ്യത്തിനുവേണ്ടി നഷ്ടം സഹിച്ചും നെൽകൃഷി നടത്തണമെന്ന് കർഷകനോടാവശ്യപ്പെടാൻ നമുക്കു കഴിയില്ല. നെൽകൃഷി ലാഭകരമാകണം.

നെൽകൃഷി വസ്തീർണ്ണം

| | |
|---|---|
| വിരിപ്പ് | 379 ഹെ |
| മുണ്ടകൻ | 284 ഹെ |
| ആകെ | 663 ഹെ |

അവലംബം - ദ്വിതീയ വിവരശേഖരണം, കൃഷിഭവൻ രേഖ

ഈ മേഖലയിൽ ഇന്നനുഭവിക്കുന്ന പ്രധാന പ്രശ്നങ്ങൾ

* ജലസേചനത്തിനുള്ള കാര്യക്ഷമതയില്ലായ്മ.
* തൊഴിലാളി ദൗർല്ലഭ്യം.
* ഉയർന്ന വേതന നിരക്ക്
* രാസവളങ്ങലുടെ ഉയർന്ന വില
* ജൈവവള ദൗർല്ലഭ്യം
* ശാസ്ത്രീയമായ കൃഷിരീതികൾ സ്വീകരിക്കുന്നതിലെ അജ്ഞതയും മടിയും തുടങ്ങിയവയാണ്

പാടശേഖരസമിതികളുടെ ഹലപ്രദമായ പ്രവർത്തനങ്ങളിലൂടെ ഗ്രൂപ്പ് ഫാമിങ് സമ്പ്രദായം കാര്യക്ഷമമായി നടപ്പിലാക്കി ഈ പ്രശ്നങ്ങളെ ഒരു പരിധി വരെ മുറിച്ചു കടക്കാവുന്നതാണ്.

## നിലവിലുള്ള പാടശേഖര സമിതികൾ

1. വലമ്പൂർ പാടശേഖര സമിതി
2. ഏറാന്തോട് വടക്കേപാടശേഖര സമിതി
3. തൂണിക്കര പടിഞ്ഞാറേ പാടശേഖരസമിതി
4. മേലെ അരിപ്ര പാടശേഖരസമിതി
5. താഴെ അരിപ്ര പാടശേഖരസമിതി
6. ചെരക്കാപ്പറമ്പ പാടശേഖരമിതി
7. കയിലിപ്പാട ശേഖരസമിതി - പുത്തനങ്ങാടി
8. അമ്പലത്തോട് പാടശേഖരസമിതി
9. ഭഗവതി പാടശേഖരസമിതി

## പാടശേഖര സമിതികൾ അവരുടെ പ്രവർത്തനലക്ഷ്യമാക്കി സ്വീകരിക്കേണ്ടുന്ന കാര്യങ്ങൾ

കർഷക കൂട്ടായ്മയിലൂടെ കൃഷിച്ചെലവ് കുറച്ചുകൊണ്ടു വരണം.

അത്യുത്പാദന ശേഷിയുള്ളതും പ്രാദേശികമായി മണ്ണിനിണങ്ങുന്നതുമായ വിത്തിനങ്ങൾ കണ്ടെത്തി പ്രാദേശികമായിതന്നെ വിത്തുല്പാദനം നടത്തണം.

ലഭ്യമായ ജലസമ്പത്തിൻെറ കാര്യക്ഷമവും ഫലപ്രദവുമായ വിനയോഗം സാധ്യമാവണം.

പൊതുവായ കീടനിരീക്ഷണവും സസ്യസംരക്ഷണവും, സാധ്യമവുന്നിടത്തോളം യന്ത്രവൽക്കരണം നടത്തി തൊഴിൽ ദൗർല്ലഭ്യവും കൃഷിച്ചെലവിൻെറ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയണം.

ജൈവവളം പ്രദേശികമായി ഉല്പാദിപ്പിക്കുന്നതിനുള്ള കൂട്ടായ ശ്രമം.

ഒരുപ്പൂനിലങ്ങളെ ഇരുപ്പൂനിലങ്ങളാക്കാനും ഇരിപ്പൂനിലങ്ങലിൽ ഇടവിളകൾ കൃഷിചെയ്യുന്നതിനുമുള്ള സാധ്യതകൾ പരിശോധിക്കുക.

പരമ്പരാഗരമായി കൃഷിചെയ്തുവന്നിരുന്ന നാടൻ വിത്തിനങ്ങളുടെ ജീൻ ചോർച്ചയുടെ പശ്ചാത്തലത്തിൽ പഞ്ചായത്തിൽ കഴിഞ്ഞ വർഷം വരെ കൃഷിചെയ്തു വന്നിരുന്ന നാടൻ നെൽവിത്തുകൾ സംരക്ഷിതവിളയായി ഏതെങ്കിലും പാടശേഖരസമിതികൾക്ക് ഏറ്റെടുക്കാൻ കഴിയുമോ എന്ന കാര്യം ഗൗരവമായ ആലോചനക്ക് വിധേയമാക്കണം.

### തെങ്ങ്

കേരളം കേരവൃക്ഷങ്ങളുടെ നാടാണെങ്കിലും നാളികേര ഉല്പാദനത്തിൻെറ കാര്യത്തിൽ വളരെ പിന്നിലാണ്. പ്രതിവർഷ ഉല്പാദനം 500 കോടിയാണ്. തമിഴ് നാട്ടിലും കർണ്ണാടകയിലും ഹെക്ടറിന് 11000 നാളികേരം കിട്ടുമ്പോൾ കേരളത്തിലെ ഉല്പാദനം ഹെക്ടറിന് 6000 മാത്രമാണ്. നമ്മുടെ പഞ്ചായത്തിൽ 2120 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിചെയ്യുന്നതായും കൃഷിഭവൻ രേഖകളിൽ കാണുന്നു.

| | |
|---|---|
| തെങ്ങ് കൃഷിവിസ്തീർണ്ണം | 2120 ഹെ |
| ആകെ തെങ്ങുകൾ | 3,18,000 |
| വൃക്ഷസാന്ദ്രത | 150 / ഹെ |
| കായ് ഫലമുള്ളത് | 1,42,365 |
| രോഗബാധിതം | 325 |
| ഉല്പാദന ക്ഷമത | 5890 / ഹെ |

അവലംബം : ദ്വിതീയ വിവരശേഖരണം കൃഷിഭവൻ രേഖ

കേരളവികസന സമിതികളുടെ ഫലപ്രദമായ പ്രവർത്തനത്തിലൂടെ നാളികേര ഉല്പാദനം ഇന്നത്തേതിൻെറ ഇരട്ടിയാകാൻ കഴിയണം.

നീർമറി വികസന പരിപാടിയിലൂടെ മണ്ണിൻെറ ഗുണനിലവാരം ഉയരണം.

ലഭ്യമായ എല്ലാം ജലസ്രോതസ്സുകളുടെയും കാര്യക്ഷമമായ ഉപയോഗത്തിനുള്ള പരിപാടി ഉണ്ടാവണം.

തുള്ളി ജലസേചനത്തിൻെറ (Drip irrigation) സാധ്യത പരിശോധിക്കണം. ഉയർന്ന ഭൂപ്രദേശങ്ങളിലുള്ള നീരുറവകളും കുളങ്ങളും താഴെയുള്ള തെങ്ങിൻ തോപ്പുകളിൽ തുള്ളി ജലസേചനത്തിനുപയോഗിക്കാമോ എന്നു പരിശോധിക്കണം. (ഉദാ മണ്ണാറമ്പ വേളക്കാട് ചോല) കർഷക കൂട്ടായ്മയിലൂടെ കൃഷിച്ചെലവ് കുറക്കാൻ കഴിയണം. തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർല്ലഭ്യം പരിഗണിക്കപ്പെടണം. യന്ത്രവൽക്കരണ സാധ്യതകൾ പരിശോധിക്കണം. ഇടവിളക്കൃഷിയിലൂടെ (ചേന, ചേമ്പ്, മഞ്ഞൾ, ഇഞ്ചി, കൈതച്ചക്ക etc.)വിളസാന്ദ്രത വർദ്ധിപ്പിച്ച് കൃഷിലാഭകരമാക്കാൻ കഴിയുമോ എന്നു പരിശോധിക്കണം.

## പച്ചക്കറി

ഒരു കാലത്ത് അങ്ങാടിപ്പുറം പച്ചക്കറിയുടെ കാര്യത്തിൽ സ്വയം പര്യാപ്തമായിരുന്നു എന്നു മാത്രമല്ല കോഴിക്കോട്, പാലക്കാട്, തൃശൂർ ഭാഗങ്ങളിലേക്ക് പരിയാപുരത്തുനിന്നുള്ള പച്ചക്കറികൾ കയറ്റി അയച്ചിരുന്നു. (കാരണവ സദസ്സിൽ ചെറിയാൻചേട്ടൻ)നാം നിത്യേന ഉപയോഗിച്ചു വരുന്ന പച്ചക്കറികളുടെ കാര്യത്തിൽ സമ്പൂർണ്ണമായ സ്വയം പര്യാപ്തത സാധ്യമല്ലെങ്കിലും പയർ, പടവലം, കയ്പ, വെള്ളരി, ചീര, ചേന, ചേമ്പ്, കൂർക്ക തുടങ്ങിയ ഒട്ടേറെ ഇനങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തതയിൽ എത്താൻ കഴിയും.

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങൾ
പാടങ്ങളിലെ വേനൽക്കാലകൃഷി
അനുയോജ്യമായ തരിശുഭൂമികളിലെ സംഘ ഉല്പാദനം
അടുക്കളത്തോട്ട വ്യാപനത്തിലൂടെ പച്ചക്കറിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമാക്കി വിപുലമായ ഒരു പരിപാടി ആവിഷ്ക്കരിക്കണം.
കൃഷിക്കു സന്നദ്ധരാവുന്ന വീട്ടുകാരുടെ കൂട്ടായ്മയിലൂടെ നടപ്പിലാക്കേണ്ടുന്ന ഈ പരിപാടിയുടെ നേതൃത്വം പഞ്ചായത്തും കൃഷിഭവനും ഏറ്റെടുക്കണം. പരിയാപുരത്ത് ഒരു ജൈവ വള നിർമ്മാണ യൂണിറ്റ് ആരംഭിക്കുണം എന്ന് ഗ്രാമസങ ആവശ്യപ്പെട്ടിട്ടുണ്ട്.

## വിളസാന്ദ്രത

റബ്ബർ, വാഴ, കൊക്കൊ, ഇഞ്ചി, മഞ്ഞൾ മരച്ചീനി എന്നിവയൊക്കെ പഞ്ചായത്തിൽ കൃഷി ചെയ്യുന്നുണ്ട്. കുരുമുളകു ചെടിയെ ബാധിച്ച ദ്രുതവാട്ട രോഗം ഈ കൃഷിയുടെ നിലനില്പിനു തന്നെ ഒരു ഭീഷണിയായിട്ടുണ്ട്. ഫലപ്രദമായ സ്ഥലജല മാനേജുമെൻറിൻെറ ഭാഗമായി വിളസാന്ദ്രത ഇന്നത്തെതിലും വർദ്ധിപ്പിക്കേണ്ടതുണ്ട്. സാധ്യമായ താങ്ങുമരങ്ങളിൽ കുരുമുളകു വള്ളികൾ പടർത്തേണ്ടതുണ്ട്. കവുങ്ങിനു പറ്റിയ മണ്ണിൽ കവുങ്ങിൻെറ സാന്ദ്രത വർദ്ധിപ്പിക്കണം.

## നൂതന കൃഷി സംരംഭങ്ങൾ

കൂൺകൃഷി, ഔഷധസസ്യ വളർത്തൽ, കുറ്റിമുല്ലകൃഷി തുടങ്ങിയ പുതിയ സംരംഭങ്ങളുടെ സാധ്യതകൾ ഗ്രാമസഭാനിർദ്ദേശങ്ങളിൽ ഉയർന്നു വന്നിട്ടുണ്ട്. ഗ്രൂപ്പ് പ്രവർത്തനാടിസ്ഥാനത്തിൽ ഇത് എങ്ങനെ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയും എന്ന് പരിശോധിക്കണം.

## കൃഷിഭവൻ

അങ്ങാടിപ്പുറം പഞ്ചായത്തിൽ കൃഷിഭവൻ ആരംഭിച്ചത് 1987-ൽ ആണ്. കർഷകരുടെ പ്രതീക്ഷകൾക്കൊത്തുയരുവാൻ കൃഷിഭവനു കഴിഞ്ഞിട്ടില്ല എന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് ശാസ്ത്രീയ കൃഷി രീതികളുടെ വ്യാപനം വേണ്ടവിധത്തിൽ നടന്നിട്ടില്ല. കൃഷിയിടങ്ങളുടെ മണ്ണു പരിശോധനയുടേയും പരിഹാര നിർദ്ദേശങ്ങളുടേയും അഭാവം എല്ലാ ഗ്രാമസഭകളിൽ നിന്നും ലഭിച്ചിട്ടുണ്ട്.

1. അങ്ങാടിപ്പുറം കൃഷിഭവനിൽ നിന്നും രാസവളം കീടനാശിനി എന്നിവക്ക് സബ്സീഡി കൊടുത്ത വിവരം

| വർഷം | രാസവളം | കീടനാശിനി | |
|---|---|---|---|
| | | ഖരം | ദ്രാവകം |
| 93 - 94 | 2050 Kg | 420 Kg | 38 ltr |
| 94 - 95 | 2030 Kg | 950 Kg | 32 ltr |
| 95 - 96 | 8470 Kg | 185 Kg | 176 ltr |

2 ദുരാതാശ്വാസ വിതരണം

| വർഷം | പ്രശ്ന ബാധിത പ്രദേശ വിസ്തീർണ്ണം | | ധനസഹായം ലഭിച്ച വരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|
| | വെള്ളപ്പോക്കം | കൊടുങ്കാറ്റ് | | |
| 93 - 94 | - | 1.67 ഹെ | 26 | 6598 രൂ |
| 94 - 95 | 1.76 ഹെ | | 152 | 6679 രൂ |
| 95 - 96 | 0.014 | | 2 | 1300 രൂ |

3 നടീൽവസ്തു വിവരണം

| ഇനം | | എണ്ണം | |
|---|---|---|---|
| | 1995 - 94 | 1994 - 95 | 1995 - 96 |
| തെങ്ങ് | 631 | 408 | 620 |
| കശുമാവ് | - | 1170 | - |
| കുരുമുളക് | - | - | 5000 |
| കവുങ്ങ് | 166 | 5000 | 250 |
| പച്ചക്കറി | 480 | 960 | - |
| മാവ് | 155 | 20 | - |
| സപ്പോട്ട | 30 | 20 | - |
| പേര | 20 | - | - |
| ഗ്രാമ്പൂ | - | 60 | 50 |
| നിലക്കടല | - | 360 | 125 |
| നെൽവിത്ത് | 500 Kg | 180 Kg | 500 Kg |
| ജാതി | - | - | 75 |

കർഷകർക്കാവശ്യമായ നടീൽ വസ്തുക്കൾ യഥാസമയം വിതരണം ചെയ്യാൻ കഴിയണം. പഞ്ചായത്തിലെ നല്ല കൃഷിയിടങ്ങൾ കണ്ടെത്തി നടീൽ വസ്തുക്കൾ ശേഖരിക്കാൻ കഴിയണം. ഗുണമേൻമയുള്ള വിത്തിനങ്ങളുടെ ശേഖരണത്തിനും വിതരണത്തിനും കൃഷിഭവൻ നേതൃത്വം നൽകണം.

## കാർഷിക വായ്പ

അങ്ങാടിപ്പുറം സർവ്വീസ് സഹകരണബാങ്കിൻെറ രണ്ടു ശാഖകളും സൗത്ത് മലബാർ ഗ്രാമീണ ബാങ്കിൻേറയും ഫെഡറൽ ബാങ്കിൻേറയും ഓരോ ശാഖകളും അങ്ങാടിപ്പുറം പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. **1995-1996** ൽ അങ്ങാടിപ്പുറം സർവ്വീസ് സഹകരണബാങ്കിൽ നിന്നും രൂ 13,78,587/-ഉം സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിൽ നിന്നും രൂ 12,35,000/-യും കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

കൃഷി സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം നൽകുന്നതിനും വിളകൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് ഏർപ്പെടുത്തണം

കർഷകൻെറ സാമൂഹ്യ പദവി ഉയരണം. കർഷകരെ അംഗീകരിക്കുന്ന രീതിയിൽ പ്രത്യേക പരിഗണനകൾ അവാർഡുകൾ തുടങ്ങിയവ ഏർപ്പെടുത്തണം.

## ജലസേചനം

4859 മീറ്റർ നീളമുള്ള 'ഓരാടംപാലം പുഴ'യാണ് പഞ്ചായത്തിലെ പ്രധാന നീരൊഴുക്ക്. ഇതിൽ പ്രവർത്തനക്ഷമമായ 4 ചിറകളുണ്ട്. ഇതിൻെറ കൈത്തോടുകളിൽ 11 ചെറിയ ചിറകളും ഉണ്ട്.(പട്ടിക കാണുക). ഏകദേശം 1200 ഏക്കർ കൃഷിഭൂമിയിൽ ഇതു പ്രയോജനപ്പെടുന്നു.

പഞ്ചായത്ത് പുറമ്പോക്ക് രജിസ്റ്റർ അനുസരിച്ച് ചെറുതും വലുതുമായ 97 പൊതു കുളങ്ങൾ ഉണ്ട്. ഇവയിൽ 37 എണ്ണം ഉപയോഗക്ഷമമാണ്. കുളങ്ങളൊന്നും യഥാവിധി സംരക്ഷിക്കപ്പെടുകയോ കൃഷി ആവശ്യങ്ങൾക്കായി ഫലപ്രദമായി ഉപയോഗിക്കുകയോ ചെയ്യുന്നില്ല.

C W R D M 1989 ൽ കേരളത്തിലെ കുളങ്ങളെക്കുറിച്ച് പ്രസിദ്ധീകരിച്ച പഠനറിപ്പോർട്ടിൽ അല്ലാക്കുളം, മുതുവറക്കുളം, പുളിയിലക്കുളം കൂരിയാട്ട് അമ്പലക്കുളം എന്നിവയെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. വേനലിൻെറ മൂർദ്ധന്യാവസ്ഥയിൽപോലും, 1.5 മീറ്ററോളം ജലം (കുളത്തിലെ ചെളി നീക്കം ചെയ്യാത്ത അവസ്ഥയിൽ)നിലനിൽക്കുന്നതായി പറയുന്നു. (Ref: Tanks & Ponds of Kerala - 89 - CWRDM)

| നമ്പർ | പ്രവൃത്തിയുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണം |
|---|---|---|
| 1. | നമ്പിപ്പാലം ചിറ | 200 |
| 2. | പുതുച്ചിറ - തിരൂർക്കാട് | 150 |
| 3. | മുക്കിൽച്ചിറ വലമ്പൂർ | 166 |
| 4. | റെയിൽവേലൈൻ - താഴെച്ചിറ | 138 |
| 5. | കുതിരപ്പാലം താഴെ | 70 |
| 6. | മേലെ അരിപ്ര | 30 |
| 7. | താഴെ അരിപ്ര ബണ്ട് | 30 |
| 8. | മൂച്ചിക്കൽ തോട് കെട്ട് | 30 |
| 9. | ഊറ്റാൻചിറ - അരിപ്ര | 100 |
| 10. | മേലെ കുതിരപ്പാലം | 96 |
| 11. | നിരത്ത് - പള്ളിയാർ ബണ്ട് | 150 |
| 12. | വേളക്കാട് ചോല | 24.7 |
| 13. | വഴിപ്പാറ ചീനിക്കൽ ചോല | 30 |
| 14. | കുന്നിൽപ്പാടം പനച്ചിക്കൽതോട് | 35 |

ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള തോതിന് സൈഡ്കെട്ട്, തടയണ/ ചീർപ്പ് നിർമ്മിക്കൽ, കുളങ്ങൾ ഉപയോഗക്ഷമമാക്കൽ തുടങ്ങിയ ഒട്ടേറെ നല്ല നിർദ്ദേശങ്ങൾ ഗ്രാമസഭയിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. നിർദ്ദേശങ്ങളെ പട്ടികപ്പെടുത്തി താഴെ ചേർക്കുന്നു.

| വാർഡ് | തോടിന് സൈഡ്കെട്ടൽ, തടയണ ചീർപ്പ് | കുളങ്ങൾ |
|---|---|---|
| 1 | പള്ളിക്കരഭാഗം<br>കരുമലത്തോട് റാംപ്<br>തണ്ടാമ്പാറ തോട്<br>കൊടക്കോട് തോട്<br>ആറ്റംകലായിതോട് മുതൽ നെച്ചിത്തോട് വരെ<br>പുറ്റേങ്ങൽ തോടു മുതൽ മഞ്ചീരി തോടുവരെ | വാച്ചീരി കുളം |
| 2 | കന്നു പാലം ചിറ<br>തെക്കുംപാടംതോട് VCB/bridge<br>ചെങ്ങോട്ടുപടിമുതൽനമ്പിപാലംവരെ<br>മുട്ടിപ്പാലംചിറ- പുതുക്കൽ<br>പാറക്കടവിലുള്ള ദേവസ്വംചിറ<br>പൊന്നേത്ത് ചിറമുതൽ മരുന്നു പണിപുര വരെ<br>സൈഡുകെട്ടൽ | ഇടത്തുപുറം കുളം<br>ഏറാന്തോട് കുളം<br>കോട്ടയിൽ കുളം<br>ആശാരി കുളം |
| 3 | തോണിക്കര കുന്നണിയിൻ തേട്സൈഡ്<br>മാല്ലിശ്ശേരി തോട്സൈഡ്കെട്ടൽ<br>തടയണ<br>അമ്പല കുളം | തിരുത്തിൽ കുളം<br>പച്ചീരി കുളം<br>പുളിയില കുളം |
| 4 | പന്തലക്കോട് മുതൽ മണ്ണാരുകുണ്ടു<br>വരെ സൈഡ് കെട്ടൽ<br>നമ്പത്ത് തോട് സൈഡ് കെട്ടൽ | ആരുവില കുളം |
| 5 | തോടിന് സൈഡ് കെട്ടൽ<br>വേലുക്കുട്ടിയുടെ വീടിലടുത്ത് തടയണകെട്ടി ചീർപ്പിടൽ<br>മലപ്പുറം റോഡിന് സമീപം തടയണ | |
| 6 | ഓത്തുപള്ളി ചിറ<br>പീലാക്കൽ ചിറ<br>പൂത്തൻപാലംചിറ പുതുക്കൽ | കൊറ്റിക്കുളം<br>പൂപ്പലംകാട്കുളം |
| 7 | കുതിരപ്പാലം തോട് രണ്ട്വശം കെട്ടുക | ഓർക്കോട്ട് കുളം, അമ്പല ത്തോട് പാടത്തുള്ള കുളം |
| 8 | ആട്ടീരി റെയിലിനടുത്ത് ചിറ<br>വാക്കാട്ടിൽപടി ചിറ<br>ആശാരിപടി ചിറ, വളക്കത്ര ചിറ | പുത്തൻകുളം |
| 9 | പാലക്കൽ ചിറയുടെ മുകൾഭാഗത്ത് മറ്റൊരു ചിറ | പള്ള്യാൽ കുളം |

| വാർഡ് | തോടിന് സൈഡ്കെട്ടൽ, തടയണ ചീർപ്പ് | കുളങ്ങൾ |
|---|---|---|
| 10 | പനച്ചിക്കൽ തോട് സൈഡ്കെട്ടൽ | പുത്തൻ കുളം, ചോലക്കുളം |
| 11 | | പട്ടിക്കുന്നു പാടത്ത് പുതിയ കുളം |
| 12 | ചീനിക്കൽ ചോല | |
| 13 | വേളക്കാട് ചോലബണ്ട് കെട്ടുക | കരീപാം കുളം |

കൃഷി ജലസേചന മേഖലകളിൽ പുതിയൊരുണർവ്വും കുതിച്ചു കയറ്റവും ഉണ്ടാകേണ്ടിയിരിക്കുന്നു. ശക്തമായ പ്രാഥമിക മേഖല അടിത്തറയിൽ മാത്രമേ സ്ഥിരവും സ്ഥായിയും സന്തുലിതവുമായ വികസനം സാധ്യമാക്കൂ. അങ്ങാടിപ്പുറം പഞ്ചായത്തിലെ കാർഷിക പുരോഗതിയും ഗണ്യമായ സ്വാധീനം ചെലുത്താൻ കഴിയുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇവയെ ഗൗരവമായ ചർച്ചകൾക്കു വിധേയമാക്കി നമ്മുടെ പഞ്ചായത്തിനെ വികസനകുതിപ്പിലേക്കു നയിക്കുന്ന പ്രായോഗിക പരിപാടികളായി മാറ്റണം.

# 5 - 2 മൃഗസംരക്ഷണവും മൽസ്യബന്ധനവും

വളരെയേറെ സാധ്യതകൾ ഉണ്ടായിട്ടും ഈ മേഖലയെ വേണ്ടത്ര പ്രയോജനപ്പെടുത്താൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. നിലവിലുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും ബാങ്കുവായ്പാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്താൽ ധാരാളം പേർക്ക് ഈ മേഖലയിൽ തൊഴിൽ നൽകാൻ കഴിയും. ഗ്രാമവികസനവകുപ്പും മൃഗസംരക്ഷണവകുപ്പും ഈ മേഖലയിൽ അത്യുത്പാദന ശേഷിയുള്ള കറവപ്പശുക്കളെയും, ആട്, കോഴി മുതലായവയും വിതരണം നടത്തിയിട്ടുണ്ട്.

പശു, ആട്, അറവുമാട് എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാനവളർത്തു മൃഗങ്ങൾ. വളർത്തുപക്ഷികളിൽ പ്രധാനമായി കോഴികളും ചെറിയതോതിൽ താറാവുമാണുള്ളത്. ട്രാക്ടർ, പവ്വർട്രില്ലർ എന്നിവയുടെ ഉപയോഗം കാർഷികരംഗത്ത് വർദ്ധിച്ചതോടെ ഉഴവുമാടു വളർത്തൽ വളരെ കുറഞ്ഞു. നിലവിലുള്ള കറവപ്പശുക്കളിൽ ഭൂരിഭാഗവും അത്യുൽപ്പാദനശേഷിയുള്ളവയാണ് എന്നതാണ് പ്രധാന നേട്ടം.

പഞ്ചായത്തിൽ ആകെ ഒരേയൊരു ക്ഷീരോൽപാദക സഹകരണസംഘമാണ് പ്രവർത്തിക്കുന്നത്. ഈ സംഘത്തിൻെറ പ്രവർത്തനം പന്ത്രണ്ടാം വാർഡിലും, 10ാം വാർഡിൻെറ കുറച്ചു ഭാഗങ്ങളിലും ഒതുങ്ങിനിൽക്കുന്നു. ആടുവളർത്തൽ വ്യാപകമായിട്ടുണ്ടെങ്കിലും ഇവ സങ്കരഇനങ്ങൾ അല്ല. 1987ലെ കന്നുകാലികണക്കെടുപ്പു പ്രകാരം പഞ്ചായത്തിൻെറ മൃഗസമ്പത്ത് പട്ടികപ്പെടുത്തി താഴെ കൊടുക്കുന്നു.

പട്ടിക

| മൃഗങ്ങളുടെ ഇനം | ആൺ | പെൺ | ആകെ |
|---|---|---|---|
| 1. പശു / കാള | 464 | 2030 | 2494 |
| 2. പോത്ത് / എരുമ | 660 | 304 | 964 |
| 3. ആട് | 369 | 1367 | 1736 |
| 4. താറാവ് | - | - | 111 |
| 5. കോഴികൾ | - | - | 29551 |
| 6. ചെമ്മരിയാട് | - | - | 76 |
| 7. പന്നി | - | - | 60 |
| 8. നായ | - | - | 750 |

പട്ടിക 2

സങ്കരയിനം മൃഗങ്ങളുടെ വിവരം

| ഇനം | ആൺ | പെൺ | ആകെ |
|---|---|---|---|
| പശു / കാള | 187 | 1178 | 1365 |
| പോത്ത് / എരുമ | 660 | 304 | 964 |

# 5 - 3 വ്യവസായം

വ്യവസായ മേഖലയിൽ അങ്ങാടിപ്പുറം പഞ്ചായത്തിന് കാര്യമായ നേട്ടങ്ങളൊന്നും പറയാനില്ല. 1960കളിൽ വള്ളുവനാട് ഡവലപ്മെൻറ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അങ്ങാടിപ്പുറത്ത് തുടക്കമിട്ട ഖാദി നൂൽ നൂൽപ്പ് കേന്ദ്രം മാത്രമാണ് ഈ രംഗത്ത് ഈ പഞ്ചായത്തിന് അവകാശപ്പെടാനുള്ളത്. 1977-ൽ ഈ യൂണിറ്റ് കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള സർവ്വോദയസംഘം ഏറ്റെടുത്തു. കാർഡിങ്ങ് മെഷീൻ ഉപയോഗിച്ച് നൂൽ നൂൽപ്പ് നടത്തുന്ന ഈ വനിതാ യൂണിറ്റിൽ ഇപ്പോൾ അമ്പതോളം സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. മൂന്നു കൊല്ലം സർവ്വീസുള്ള ഇവിടുത്തെ ഓരോ ഖാദി തൊഴിലാളിയും ഖാദി ക്ഷേമനിധിയിൽ അംഗമാണ്. കേന്ദ്രാഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഖാദി വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷനാണ് ഈ യൂണിയൻെറ രക്ഷാധികാരി. കേരളാ ഖാദി കമ്മീഷൻേറയും ബോർഡിൻേറയും സഹായങ്ങൾ ഈ യൂണിറ്റിന് ലഭ്യമാകുന്നുണ്ട്.

പഞ്ചായത്തിൽ പൊതുമേകലയിലോ സ്വകാര്യമേഖലയിലോ വൻകിടവ്യവസായ യൂണിറ്റുകൾ ഒന്നും തന്നെയില്ല. നമ്മുടെ പഞ്ചായത്തിൽ വിവിധ മേഖലകളിലായി 414 പുരുഷൻമാരും 256 സ്ത്രീകളും ഉൾപ്പെടെ അറുന്നൂറ്റി എഴുപതോളം പേർ ജോലി ചെയ്യുന്നുണ്ട്. പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ പ്രധാനം തഴപ്പായ, കൊട്ട, ഓലക്കുട എന്നിവയുടെ നിർമ്മാണമാണ്.

ഈ പഞ്ചായത്തിലെ നാലാം വാർഡിൽ പ്രവർത്തിച്ചിരുന്ന ബീനാ റബർ വർക്ക്സ്, പത്താം വാർഡിലുണ്ടായിരുന്ന സോപ്പു നിർമ്മാണ ഫാക്ടറി എന്നിവ ഇപ്പോൾ നിലവിലില്ല. പതിനാലാം വാർഡിലുള്ള പപ്പട നിർമ്മാണ ഫാക്ടറി പലകാരണങ്ങൾകൊണ്ടും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അതുപോലെ മരച്ചീനി അസംസ്കൃത പദാർത്ഥമായി ഉപയോഗിച്ച് സഹകരണ മേഖലയിൽ പരിയാപുരത്ത് പ്രവർത്തിച്ചിരുന്ന സ്റ്റാർച്ച് ഫാക്ടറി ഈ രംഗത്തുണ്ടായ മൊത്തത്തിലുള്ള പ്രതിസന്ധി കാരണം അടച്ചുപൂട്ടേണ്ടി വന്നു.

## സ്ത്രീകളുടെ പങ്കാളിത്തം

തൊഴിൽ മേഖലയിൽ പുരുഷൻമാരുടെ എണ്ണത്തേക്കാൾ കുറവാണ് സ്ത്രീകളുടെ പ്രാതിനിധ്യമെങ്കിലും എല്ലാ രംഗങ്ങളിലും ആനുപാധിക പ്രാതിനിധ്യം നിലനിൽക്കുന്നു.

പട്ടിക

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | ആകെ |
| 1 | നാളികേരം | 3 | 5 | - | 5 |
| 2 | തടിവ്യവസായം | 8 | 64 | - | 64 |
| 3 | ഖാദി മേഖല | 2 | 4 | 50 | 54 |
| 4 | ആയുർവേദ മരുന്ന് | 2 | 5 | 2 | 7 |

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | ആകെ |
| 5 | എഞ്ചിനിയറിങ്ങ് | 4 | 30 | 6 | 36 |
| 6 | ഐസ് ഫാക്ടറി | 1 | 3 | - | 3 |
| 7 | വർക്ഷോപ്പ് | 24 | 120 | - | 120 |
| 8 | ഭക്ഷ്യ സംസ്ക്കരണം | 11 | 40 | 15 | 55 |
| 9 | അച്ചടി | 4 | 7 | 20 | 27 |
| 10 | പ്ലാസ്റ്റിക് യൂണിറ്റ് | 4 | 9 | 16 | 25 |
| 11 | ബീഡി | 1 | 25 | 15 | 40 |
| 12 | റെഡിമെയ്ഡ് ഗാർമെൻറ്സ് | 6 | 12 | 65 | 77 |
| 13 | ബേക്കറി | 5 | 15 | 20 | 25 |
| 14 | മറ്റുള്ളവ | 92 | 419 | 256 | 675 |

പട്ടിക 2

പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

| ക്രമ നമ്പർ | ഇനം | എണ്ണം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | ആകെ |
| 1 | തടുക്ക് | 2 | 2 | 20 | 22 |
| 2 | കൊട്ട, പായ, ഓലക്കുട | 14 | 25 | 97 | 122 |
| 3 | പപ്പടം | 1 | 2 | 5 | 7 |
| | ആകെ | 17 | 29 | 122 | 151 |

പട്ടിക 3

വിവിധ മേഖലകളിലെ കൂലി നിരക്ക്

| ക്രമ നമ്പർ | ഇനം | കൂലി നിരക്ക് | |
|---|---|---|---|
| | | പുരുഷൻ | സ്ത്രീ |
| 1 | കൊപ്രസംസ്ക്കരണം | 70 | - |
| 2 | തടിവ്യവസായം | 100 | - |
| 3 | ഖാദി മേഖല | - | 30 |
| 4 | ആയുർവേദം | 60 | 40 |
| 5 | എഞ്ചിനിയറിങ്ങ് | 100 | 80 |
| 6 | ഐസ് ഫാക്ടറി | 100 | - |
| 7 | വർക്ഷോപ്പ് | 50 | - |
| 8 | ഭക്ഷ്യ സംസ്ക്കരണം | 60 | 30 |
| 9 | അച്ചടി | 70 | 40 |
| 10 | പ്ലാസ്റ്റിക് യൂണിറ്റ് | 70 | 40 |
| 11 | ബീഡി | 80 | 50 |
| 12 | റെഡിമെയ്ഡ് ഗാർമെൻറ്സ് | 70 | 50 |
| 13 | ബേക്കറി | 75 | 50 |

## പ്രശ്നങ്ങൾ

ഈ പഞ്ചായത്തിൻെറ വിഭവസാധ്യതകൾക്കനുസരിച്ചുള്ള ഒരു വ്യവസായ യൂണിറ്റും ഇവിടെ പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിൻെറ മൊത്തത്തിലുള്ള അവസ്ഥ വ്യവസായ വളർച്ചക്കനുയോജ്യമാണെങ്കിലും ഈ രംഗത്തെ അപര്യാപ്തത താഴെ പറയുന്ന കാരണങ്ങൾകൊണ്ടാണ്.

1. പ്രധാന കാർഷികോത്പന്നമായ നാളികേരം വ്യവസായ രംഗത്ത് പ്രയോജനപ്പെടുന്നില്ല.
2. റബർ മറ്റൊരു പ്രധാനപ്പെട്ട ഉത്പന്നമാണെങ്കിലും വ്യവസായരംഗത്ത് പ്രയോജനപ്പെടുന്നില്ല.
3. വൈദ്യുതി പ്രതിസന്ധി.
4. സാങ്കേതിക പരിജ്ഞനക്കുറവ്.
5. ധനസഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
6. വിപണന സാദ്ധ്യതക്കുറവ്.
7. വനിതകൾക്ക് തൊഴിലവസരം കുറവ്.
8. സാങ്കേതികപരിശീലനം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നല്കാനുള്ള സാധ്യതക്കുറവ്.
9. സംരംഭത്തെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള അവസരം ഇല്ല.
10. വ്യവസായമേഖലയുമായുള്ള സമ്പർക്കക്കുറവ്.
11. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയബോധത്തിൻെറ അഭാവം.

## വ്യവസായം

1. ടയർ റീത്രെഡിംഗ്, ഐസ് ഫാക്ടറി മുതലായ വ്യവസായ സ്ഥാപനങ്ങൾ.
2. നാളികേരം റബ്ബർ ബെയ്സ് ചെയ്ത് ഉള്ള വ്യവസായം സ്ഥാപിക്കുക. (പരിയാപുരം ഗ്രാമസഭ)

## സാധ്യതകൾ

ഈ പഞ്ചായത്തിലെ പ്രധാന കാർഷികോത്പന്നങ്ങളായ നാളികേരം, റബർ തുടങ്ങിയവ ഉപയോഗിച്ച് പ്രവർത്തുക്കുന്ന വ്യവസായങ്ങളില്ലാത്തതുകൊണ്ട് തെങ്ങ്, തേങ്ങ, ചിരട്ട, ചകിരി, ഓല, റബർപാൽ, റബർതടി എന്നിവ ഉപയോഗിച്ചുള്ള വിവിധ വ്യവസായ യൂണിറ്റുകളെക്കുറിച്ച് ബോധവത്ക്കരണം നടത്തുകയാണെങ്കിൽ നാളികേരത്തിൻേറയും റബറിൻേറയും വിവിധ യൂണിറ്റുകളുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾക്ക് ഈ പഞ്ചായത്തിൽ വളരെ സാധ്യതയുണ്ട്.

മരച്ചീനി അസംസ്കൃതപദാർത്ഥമായി ഉപയോഗിച്ച് സ്റ്റാർച്ച്, കാലിത്തീറ്റ തുടങ്ങിയ വിവിധ വ്യവസായ യൂണിറ്റുകൾക്ക് സാധ്യതയുണ്ട്.

കേരളത്തിലെ ഏറ്റവും അധികം ലാറ്ററൈറ്റ് ഭൂമേഖല ഉൾക്കൊള്ളുന്ന പ്രദേശമാണ് അങ്ങാടിപ്പുറം പഞ്ചായത്ത്. 1807-ൽ അങ്ങാടിപ്പുറം പ്രദേശത്തെ മൺതരങ്ങളുടെ പരിശോധനയിൽനിന്നാണ് ഇംഗ്ലീഷുകാരനായ ഹെൻട്രി ഹാമിങ്ടൺ ബുക്കാനിൻ ലാറ്ററൈററിൻെറ ശാസ്ത്രീയമായ ഉപയോഗത്തെ

സംബന്ധിച്ച നിഗമനങ്ങളിൽ എത്തിച്ചേർന്നതെന്ന് ചരിത്രം ഉദ്ഘോഷിക്കുന്നു. ഈ ഭൂസമ്പത്ത് ശാസ്ത്രീയ അടിസ്ഥാനത്തിൽ ഖനനം ചെയ്തെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ ഏറെയാണ്. എന്നാൽ ഈ ദിശയിലുള്ള ഒരു ശ്രമം നാളിതുവരെ ഉണ്ടായിട്ടില്ല. പാരിസ്ഥിതിക അവസ്ഥയിൽ വലിയ അളവിൽ ആഘാതം ഏൽപ്പിക്കാതെ തന്നെ വ്യവസായികാടിസ്ഥാനത്തിൽ ലാറ്ററൈറ്റ് ഖനനത്തിനുള്ള സാധ്യതകൾ പരിശോധിക്കപ്പെടേണ്ടതാണ്.

ഈ പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ പ്രത്യേകിച്ച് വലമ്പൂർ പ്രദേശത്ത് ഇരുമ്പയിര് നിക്ഷേപം വളരെ കൂടുതലുള്ളതായി കാണപ്പെടുന്നു. മുമ്പ് ഈ പ്രദേശത്തെ കാർഷികാവശ്യങ്ങൾക്കുള്ള പണിയായുധങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടി തദ്ദേശീയമായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ട് ഈ ഇരുമ്പയിര് സമ്പത്ത് ഉപയോഗപ്പെടുത്തിയിരുന്നതായി പറയപ്പെടുന്നു. ശാസ്ത്രീയമായ പഠനം നടത്തിക്കൊണ്ട് ഈ പ്രകൃതിസമ്പത്തിനെ വ്യവസായികമായി ഉപയോഗിക്കാൻ കഴിയുമോ എന്നതിനെ സംബന്ധിച്ച് ആരായേണ്ടതാണ്.

ഈ പഞ്ചായത്തിൽ 6ാം വാർഡിനെ കേന്ദ്രീകരിച്ച് ഇന്ന് നടത്തിവരുന്ന തുകൽ വ്യാപാരം വിപുലപ്പെടുത്തി അതിൻെറ അടിസ്ഥാനത്തിൽ ഒരു ചെറുകിട തുകൽ സംസ്ക്കരണ യൂണിറ്റ് ആരംഭിക്കാനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

പഞ്ചായത്തിലേകദേശം 220 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി നടക്കുന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. ഏകദേശം 600 ക്വിൻറൽ കുരുമുളക് പ്രതിവർഷം ഉത്പാദിക്കപ്പെടുന്നു. കയറ്റുമതി സാധ്യതയെ ലക്ഷ്യം വച്ച് കൊണ്ട് കുരുമുളകിൻെറ ശാസ്ത്രീയമായ സംസ്ക്കരണത്തിനുള്ള പദ്ധതി തയ്യാറാക്കാവുന്നതാണ്.

അങ്ങാടിപ്പുറം പോളിടെക്നിക്കിൽ ലഭ്യമായ സാങ്കേതിക വൈദഗ്ധ്യം പ്രയോജനപ്പെടുത്തിക്കൊണ്ട് ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ ഒരു നിർമ്മാണ യൂണിറ്റിനും സാധ്യതയുണ്ട്.

കൊട്ട, പരമ്പ്, പായ മുതലായ പരമ്പരാഗത ഉത്പാദനമേഖലയെ പഞ്ചായത്തടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് ഉത്പാദനം വൈവിദ്യവൽക്കരിച്ചാൽ വിപണന സാധ്യത ഉയർത്താൻ കഴിയും.

കശുവണ്ടി ഉത്പാദനം പഞ്ചായത്തിലെ പലഭാഗങ്ങളിലും ഗണ്യമായി ഉണ്ട്. ഇതുപയോഗിച്ച് തദ്ദേശീയമായ ഒരു സംസ്ക്കരണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

മുട്ടത്തോട്, എള്ള്, പിണ്ണാക്ക് ഇവ മിശ്രിതമാക്കിക്കൊണ്ടുണ്ടാക്കുന്ന ഒരു കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനും സാധ്യതയുണ്ട്.

## ടൂറിസം വികസനം

8ാം വാർഡിലെ മുയ്യാലാംകുന്ന് ഭാഗം വികസിപ്പിച്ചെടുത്ത് ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുക. വൈദ്യുതോത്പാദനവും വിതരണവും വൈദ്യുതിയുടെ ലഭ്യതവർദ്ധിപ്പിക്കുകയും ഗുണനിലവാരം

ഉയർത്തുകയും ചെയ്തുകൊണ്ട് മാത്രമേ വ്യവസായമേഖലയെ ശക്തിപ്പെടുത്താൻ കഴിയുകയുള്ളു. നിർദ്ദിഷ്ട പെരിന്തൽമണ്ണ ഡീസൽ വൈദ്യുതി നിലയത്തിൻെറ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കപ്പെട്ടാൽ ഈ പ്രശ്നത്തിന് ഒരളവോളം പരിഹാരമാകും.

## മിനി വ്യവസായ എസ്റ്റേറ്റ്

പശ്ചാത്തല സൗകര്യങ്ങൾ വേണ്ടുവോളമുള്ള 2 ഏക്കർ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ഒരു മിനിവ്യവസായ എസ്റ്റേറ്റാക്കി പഞ്ചായത്ത് മേൽനോട്ടത്തിൽ വ്യവസായ സംരംഭകർക്ക് വാടകക്കു നൽകുന്ന പദ്ധതി നടപ്പാക്കണം.

## മറ്റു ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ചകിരിയിൽനിന്നും ജൈവവളം ഉണ്ടാക്കുന്ന യൂണിറ്റ്.
2. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.
3. ഫർണിച്ചർ യൂണിറ്റ്.
4. ഹോളോബ്രിക്സ്, സിമൻറ്കട്ടള, ജനൽനിർമ്മാണ യൂണിറ്റ്.
5. അച്ചാർ നിർമ്മാണയൂണിറ്റ്.
6. ക്രഷർ.
7. ചിപ്സ് നിർമ്മാണയൂണിറ്റ്.
8. മുളക്, മല്ലി, മഞ്ഞൾ ഇവ പൊടിച്ച് വിതരണം ചെയ്യുന്നതിനുള്ള യൂണിറ്റ്.
9. മോഡേൺ ചെയർനിർമ്മാണയൂണിറ്റ്.
10. ഓട, മുള ഇവ ഉപയോഗിച്ചുള്ള ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റ്.
11. പഴവർഗ്ഗസംസ്ക്കരണ ഫാക്ടറി.
12. നോട്ട്ബുക്ക് നിർമ്മാണയൂണിറ്റ്.
13. സോപ്പ്, പൗഡർ, ക്ലീനിംഗ്പൗഡർ നിർമ്മാണം.
14. അവിൽമില്ല്.
15. പ്ലംബിങ്ങ് സാധനങ്ങൾ, വുഡൻ സ്വിച്ച് ബോർഡ്, പ്ലഗ്ഗുകൾ, റബർ ബുഷസ് നിർമ്മാണയൂണിറ്റ്..
16. അണ്ടർ ഗാർമെൻറ് നിർമ്മാണയൂണിറ്റ്.
17. ചെരിപ്പ്നിർമ്മാണം
18. ചകിരികൊണ്ടുള്ള സോഫാ നിർമ്മാണം
19. കൊല്ലപ്പണിക്കാരുടെ സഹകരണസംഘം രൂപീകരിച്ച് പണിയായുധ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

## നിർദ്ദേശങ്ങൾ

1. റബർ, നാളികേരം, തുകൽ, മരച്ചീനി, കുരുമുളക്, കശുവണ്ടി തുടങ്ങിയവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്ക് ആവശ്യമുള്ള പരിശീലനം ആരംഭിക്കുക.

2. വ്യവസായം തുടങ്ങുന്നതിന് താത്പര്യമുള്ളവരുടെ വിവരങ്ങൾ ശേഖരിച്ച് അവർക്ക് വ്യവസായ സംരംഭത്തെ ശേഷിവളർത്തുന്നതിന് വിദഗ്ദ പരിശീലനം നൽകുക. പരിശീലനം നൽകുന്നതിന് ശില്പശാലകൾ പ്ഞ്ചായത്തിൽ ഇടക്കിടക്ക് സംഘടിപ്പിക്കുകയും വേണം.

3. റെഡിമെയ്ഡ് വ്യവസായം തുടങ്ങാനാഗ്രഹിക്കുന്നവർക്ക് പ്രസ്തുത രംഗത്തുള്ള നവീന രീതികളെപ്പറ്റിയും വിപണനസാധ്യതകളെക്കുറിച്ചും ഫാഷൻ ടെക്നോളജി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കുക.

4. വ്യവസായ കാർഷിക എക്സിബിഷൻ പഞ്ചായത്തിൽ സംഘടിപ്പിക്കുക.

5. വ്യവസായ രംഗത്തേക്കുവരുന്നവർക്ക് വൈദ്യുതി ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

6. വ്യവസായ രംഗത്ത് നല്ലനിലയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ പഞ്ചായത്താഭിമുഖ്യത്തിൽ ഒരു വ്യവസായവികസന സമിതിക്ക് രൂപം നൽകുക.

7. വിദ്യാർത്ഥികളിൽ വ്യവസായ താത്പര്യം വളർത്തുന്നതിന് വിദ്യാലയങ്ങളിൽ ഇൻഡസ്ട്രിയൽ ക്ലബ്ബുകൾക്ക് രൂപംനൽകി ഇതിൽ വിദഗ്ദരെക്കൊണ്ട് പരിശീലനം നൽകുവാനുള്ള പരിപാടി ആവിഷ്ക്കരിക്കുക.

10. വാർഡുകൾതോറും വ്യവസായ താത്പര്യം വളർത്തുന്നതിനുള്ള ബോധവത്ക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുക.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ ചെറുകിട വ്യവസായ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കാവുന്നതാണ്. നമുക്ക് ആവശ്യമുള്ള നിത്യോപയോഗസാധനങ്ങൾ നമ്മുടെ നാട്ടിൽ തന്നെ ലഭ്യമാക്കാനും മറ്റുള്ളവരെ ആശ്രയിക്കാതിരിക്കാനും ഇതു മൂലം കഴിയുന്നതാണ്. തൊഴിൽരഹിതർക്ക് തൊഴിൽ നൽകുന്നതിനും സാമ്പത്തികരംഗത്തെ അടിത്തറ ഉറപ്പിക്കുന്നതിനും സാമൂഹ്യപുരോഗതി കൈവരിക്കുന്നതിനും ഇതുമൂലം സാധ്യമാകും.

# 5 - 4 വിദ്യാഭ്യാസം

കുടിപ്പള്ളിക്കൂടങ്ങളിൽ തുടങ്ങി നൂതന വിദ്യാഭ്യാസ സമ്പ്രദായങ്ങളുടെ പടിവാതിൽക്കൽ എത്തിനിൽക്കുന്ന അങ്ങാടിപ്പുറം പഞ്ചായത്തിൻെറ വിദ്യാഭ്യാസശൃംഖല കരുത്താർജ്ജിക്കുന്നത് 20-ാം നൂറ്റാണ്ടിൻെറ ആദ്യദശകങ്ങളിലാണ്. പഞ്ചായത്തിലെ ആദ്യത്തെ പൊതുവിദ്യാലയം കോട്ടപ്പറമ്പിലെ എലിമെൻററിസ്ക്കൂൾ ആണ്. തുടർന്ന് അങ്ങാടിപ്പുറത്ത് എലിമെൻററി സ്ക്കൂളും സ്ഥാപിക്കപ്പെട്ടു. എഴുത്ത് പള്ളിക്കൂടങ്ങളിൽ മാത്രം ഒതുങ്ങിനിന്ന അക്ഷരലോകത്തെ പഞ്ചായത്തിലെ സാധാരണക്കാരന് പരിചയപ്പെടുത്തിക്കൊടുക്കുന്നതിൽ ഈ സ്ക്കൂളുകളുടെ വരവ് ചെറുതല്ലാതെ പങ്കുവഹിച്ചു. പഞ്ചായത്തിലെ ഈവിദ്യാലങ്ങളിൽ പഠിച്ചിരുന്ന കുട്ടികൾ ഉപരിപഠനത്തിനായി ആശ്രയിച്ചിരുന്നത് പെരിന്തൽമണ്ണയിലെ സർക്കാർ വിദ്യാലയത്തെയാണ്. മതപഠനത്തിന് മാത്രം പ്രാമുഖ്യം നൽകിക്കൊണ്ട് അദ്ധ്യാപനം നടത്തിയിരുന്ന ഓത്തുപള്ളികൾ പഞ്ചായത്തിൻെറ വിവിധഭാങ്ങളിൽ പ്രവർത്തിച്ചിരുന്നു. ഇവയിൽ പലതും പിന്നീട് ഏകാദ്ധ്യപക സ്ക്കൂളുകളായി മാറി. മലബാർ ഡിസ്ട്രിക്ട് ബോർഡിൻെറ ആവിർഭാവത്തോടെ ഏകാദ്ധ്യാപകസ്ക്കൂളുകൾ എലിമെൻററി സ്ക്കൂളുകളായി മാറുകയും ഇത് പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയെ കൂടുതൽ വിപുലമാക്കുന്നതിന് സഹായിക്കുകയും ചെയ്തു. വലമ്പൂർ ഈസ്റ്റ്, തിരൂർക്കാട്, ചെർക്കാപറമ്പ് സ്ക്കൂളുകൾ ഈ കാലഘട്ടത്തിൽ നിലവിൽ വന്നയാണ്. സ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഉപരിപഠനസൗകര്യങ്ങൾ പഞ്ചായത്തിനകത്തോ സമീപപ്രദേശങ്ങളിലോ ഇല്ലായിരുന്നു എന്നത് ഭൂരിഭാഗം ആളുകളുടേയും വിദ്യാഭ്യാസ സ്വപ്നങ്ങളെ പരിമിതമാക്കി. എങ്കിലും ചെറിയൊരു ശതമാനം ആളുകൾ ഉന്നതവിദ്യാഭ്യാസത്തിനായി കോഴിക്കോട്, പാലക്കാട് പട്ടണങ്ങളിലെ വിഗ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിച്ചിരുന്നു. ദേശീയ പ്രസ്ഥാനത്തിൽനിന്നും ആവേശം ഉൾക്കൊണ്ടുകൊണ്ട് പില്ക്കാലത്ത് ഈ പ്രദേശത്ത് നടന്ന പ്രക്ഷോഭസമരങ്ങളിൽ വിദ്യാസമ്പന്നരായ ഇത്തരം ചെറുപ്പക്കാരുടെ നേതൃത്വമുണ്ടായിരുന്നതായി കാണാം.

1929ൽ അങ്ങാടിപ്പുറം തരകൻ എലിമെൻററി സ്ക്കൂൾ ഹയർ എലിമെൻററി സ്ക്കൂൾ ആയി മാറി. 1962 വരെ പഞ്ചായത്തിലെ ഏക അപ്പർ പ്രൈമറി സ്ക്കൂൾ ആയിരുന്നു ഇത്.

1964-ൽ ഹൈസ്ക്കൂൾ ആയി ഉയർത്തപ്പെട്ട തിരൂർക്കാട് ഹൈസ്ക്കൂൾ ആണ് പഞ്ചായത്തിലെ പ്രഥമ ഹൈസ്ക്കൂൾ.

ഇന്ന് 2 ഗവൺമെൻറ് എൽ പി സ്ക്കൂളുകളടക്കം 14 പ്രൈമറി സ്ക്കൂളുകളും 2 അപ്പർ പ്രൈമറി സ്ക്കൂളുകളും 3 ഹൈസ്ക്കൂളുകളും പഞ്ചായത്തിൻെറ പൊതു വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ നിലവിലുള്ള 2 ഗവൺമെൻറ് സ്ക്കൂളുകളിലും 17 എയ്ഡഡ് സ്കൂളുകളിലുമായി 10495 കുട്ടികൾ അദ്ധ്യയനം നടത്തുന്നു. ഇതിൽ 4170 കുട്ടികൾ LP തലത്തിലും 3430 കുട്ടികൾ UP തലത്തിലും പഠിക്കുന്നവരാണ്. ഹൈസ്ക്കൂൾ വിഭാഗത്തിൽ പഠിക്കുന്ന 3195 കുട്ടികളുണ്ട്. ഗവൺമെൻറ് സ്ക്കൂളുകളിൽ 15 അദ്ധ്യാപകരടക്കം 370 അദ്ധ്യാപകരുണ്ട്.

ആകെ കുട്ടികളിൽ 50.79 ശതമാനം ആൺകുട്ടികളും 49.21 ശതമാനം പെൺകുട്ടികളുമാണ്. പട്ടികജാതി വിഭാഗത്തിൽ പെടുന്ന കുട്ടികൾ മൊത്തം കുട്ടികളുടെ 9.36 ശതമാനം വരും.

| | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | |
| 1 | ALPS വലമ്പൂർ വെസ്റ്റ് | എയ്ഡഡ് | 188 | 174 | 362 | 12 |
| 2 | ALPS ഏറാംതോട് | " | 92 | 87 | 179 | 5 |
| 3 | AMLPS തിരൂർക്കാട് | " | 369 | 381 | 750 | 22 |
| 4 | AMHS തിരൂർക്കാട് UP | " | 702 | 612 | 1314 | |
| | HS | " | 842 | 800 | 1642 | 110 |
| 5 | AMLPS താഴെ അരിപ്ര | " | 91 | 118 | 209 | 6 |
| 6 | AMLPS വലമ്പൂർ ഈസ്റ്റ് | " | 82 | 90 | 172 | 5 |
| 7 | THS അങ്ങാടിപ്പുറം LP | | 164 | 191 | 355 | |
| | UP | " | 357 | 360 | 717 | 61 |
| | HS | | 353 | 366 | 719 | |
| 8 | AMLPS കോട്ടപ്പറമ്പ | " | 136 | 135 | 271 | 9 |
| 9 | AMLPS ചെരക്കാപറമ്പ്വെസ്റ്റ് | " | 114 | 87 | 201 | 8 |
| 10 | AMLPS അരിപ്രമേൽമുറി | " | 130 | 117 | 247 | 10 |
| 11 | AMLPS മണ്ണാറമ്പ | " | 71 | 41 | 112 | 5 |
| 12 | PTMUPS പുത്തനങ്ങാടി | " | 173 | 169 | 342 | 13 |
| 13 | AMLPS ചെരക്കാപറമ്പ്ഈസ്റ്റ് | " | 109 | 121 | 230 | 8 |
| 14 | FUPS പരിയാപുരം LP | " | 163 | 149 | 312 | 30 |
| | UP | | 404 | 370 | 774 | |
| 15 | SMHS പരിയാപുരം | " | 409 | 425 | 834 | 31 |
| 16 | AMLPS പരിയാപുരം | " | 131 | 145 | 276 | 10 |
| 17 | OAUPS പൂപ്പലം | " | 151 | 132 | 283 | 10 |
| 18 | GLPS പൂപ്പലം | ഗവൺമെന്റ് | 72 | 52 | 124 | 4 |
| 19 | GLPS പുത്തനങ്ങാടി | " | 180 | 190 | 370 | 11 |

രണ്ട് സാങ്കേതിക വിദ്യാലയങ്ങൾ പാഞ്ചായത്തിലുണ്ട്. സ്വകാര്യമേഖലയിൽ പ്ര ഒരു ITC യും ഒരു ഗവൺമെൻറ് പോളിടെക്നിക്കും. പരിമിതമായ സീറ്റുകളും ഉയർന്ന സാമ്പ സാങ്കേതിക മേഖലയിലെ വിദ്യാഭ്യാസം സാധാരണക്കാരന് കയ്യെത്തിപ്പിടിക്കാ ഉയരത്തിലാക്കുന്നു. S.S.L.C വിദ്യാഭ്യാസത്തിനു ശേഷം ഉപരിപഠനം നടത്തുന്ന മറ്റുസ്ഥാപനങ്ങൾ പഞ്ചായത്തിലില്ല. പെരിന്തൽമണ്ണ ഗവൺമെൻറ് കോളേജാണ് ഏറ്റ അംഗീകൃത കോളേജ്. വലിയ ഒരു ശതമാനം കുട്ടികളും പെരിന്ത പാരലൽകോളേജുകളെയാണ് ഉപരിപഠനത്തിനായി ആശ്രയിക്കുന്നത്. പെരിന്തൽമണ്ണ കോളേജിൽ സയൻസ് വിഷയങ്ങളില്ലാത്തതിനാൽ S.S.L.Cക്ക് ഉയർന്ന മാർക്കു വാ മലപ്പുറം ഗവൺമെൻറ് കോളേജ്, മഞ്ചേരി NSS കോളേജ്, മണ്ണാർക്കാട് MES ക സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്.

ചെറിയൊരു ശതമാനം കുട്ടികൾ പഞ്ചായത്തിനു പുറത്തുള്ള ഇംഗ്ലീഷ് മീഡിയ സ്ക്കൂളുകളിൽ പോകുന്നുണ്ടെങ്കിലും പഞ്ചായത്തിനകത്തുള്ള പൊതു വിദ്യാഭ്യാസ സ്ഥ തന്നെയാണ് ഭൂരിപക്ഷം രക്ഷിതാക്കളും കുട്ടികളെ അയക്കുന്നത്.

മതസ്ഥാപനങ്ങളും സംഘടനകളും നേതൃത്വം നൽകുന്ന രണ്ട് അറബിക് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ അംഗീകാരമില്ലാത്ത 4 പ്രീപ്രൈ സ്ക്കൂളുകളിലായി 500-ലധികം കുട്ടികൾ പഠിക്കുന്നുണ്ട്. ഇവയിൽ മൂന്നെണ്ണം ഇം സ്ക്കൂളുകളാണ്. ഗൾഫ് പണത്തിന്റെ സ്വാധീനവും വിലകൂടിയ വിദ്യാഭ്യാസത്തോ വിദ്യാഭ്യാസരംഗത്തെ കച്ചവടവൽക്കരണത്തിന്റെ ചുവടുപിടിച്ചുകൊണ്ട് ഇത്തരം സ്ഥ വളക്കൂറുള്ള മണ്ണൊരുക്കുന്നു.

38 അംഗൻവാടികൾ പഞ്ചായത്തിലുണ്ട്. ജനസംഖ്യാനുപാതികമായി ആയിരത കണക്കിൽ 43864 ജനസംഖ്യയുള്ള പഞ്ചായത്തിൽ 5 അംഗൻവാടികൾകൂടി സ്ഥാപ അംഗനവാടികളുടെ ശരിയായ വിതരണം ഇല്ലാത്തതിനാൽ ചില പ്രദേശങ്ങളിൽ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ തീർത്തും അവഗണിക്കപ്പെടുന്നു.

പഞ്ചായത്തിൽ 23.39 ശതമാനം നിരക്ഷരരുണ്ട്. സാക്ഷരതാപ്രവർത്തനത പ്രവർത്തനങ്ങളുടെ അഭാവം നവ സാക്ഷരതയെ വീണ്ടും നിരക്ഷരതയിൽ എത്തിച്ചു.

വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഒഴിച്ചുകൂടാനാവാര സ്ക്കൂളുകളുടെ മെച്ചപ്പെട്ട ഭൗതീകസാഹചര്യങ്ങൾ. കുട്ടികളുടെ മാനസിക ഉത്തരവാദിത്വബോധവും സൗന്ദര്യബോധവും വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെട്ട ഭൗതീക ക്ലാസ്സ് മുറിക്കകത്തും പുറത്തും ഉണ്ടാകേണ്ടതുണ്ട്. എന്നാൽ നമ്മുടെ ഭൂരിപക്ഷം പൊ സ്ഥാപനങ്ങളുടേയും ഭൗതീകസാഹചര്യങ്ങളും സൗകര്യങ്ങളും തൃപ്തികരമല്ല എ പരിശോധിച്ചാൽ കാണാൻ കഴിയും ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഗവൺമെൻറ് - ജനകീയതലങ്ങളിൽ ബോധപൂർവ്വമായ ഇടപെടലുകൾ അനിവാര്യമാണ്. സാധാ വിദ്യനേടുവാനുള്ള അവകാശം സംരക്ഷിക്കപ്പെടുന്നതിന് പൊതുവിദ്യാഭ്യാസ സ്ഥാപ വില നൽകിയും സംരക്ഷിക്കപ്പെടേണ്ടതുണ്ട് എന്ന തിരിച്ചറിവായിരിക്കണം ഈ അടിസ്ഥാനം.

പട്ടിക-2 അവലംബം: സെക്കൻ്ററിഡാറ്റ

| സ്ക്കൂളിൻെറ പേര് | ആകെ കുട്ടികൾ | മൂത്രപ്പുരകളുടെ എണ്ണം (ഉപയോഗയോഗ്യമായത്) | കക്കൂസുകളുടെ എണ്ണം (ഉപയോഗയോമായത്) | കുടിവെള്ള സംവിധാനം | ഉച്ചക്കഞ്ഞി |
|---|---|---|---|---|---|
| ALPS വലമ്പൂർ വെസ്റ്റ് | 362 | 2 | 1 | കിണർ | ഉണ്ട് |
| ALPS ഏറാംതോട് | 179 | ഇല്ല | ഇല്ല | കിണർ | ഉണ്ട് |
| AMLPS തിരൂർക്കാട് | 750 | 1 | ഇല്ല | പൈപ്പ് | ഉണ്ട് |
| AMHS തിരൂർക്കാട് (UP+HS) | 2956 | 7 | 8 | പൈപ്പ് | ഇല്ല |
| AMLPS താഴെ അരിപ്ര | 209 | 2 | 1 | കിണർ | ഇല്ല |
| AMLPS വലമ്പൂർ ഈസ്റ്റ് | 172 | 1 | ഇല്ല | കിണർ | ഇല്ല |
| GLPS പൂപ്പലം | 124 | 2 | 2 | കിണർ | ഇല്ല |
| OAUPS പൂപ്പലം | 283 | 1 | 1 | ഇല്ല | ഉണ്ട് |
| THS അങ്ങാടിപ്പുറം (LP+UP+HS) | 1791 | 3 | 1 | കിണർ | ഉണ്ട് |
| AMLPS കോട്ടപ്പറമ്പ | 271 | 1 | 1 | കിണർ | ഉണ്ട് |
| AMLPS പരിയാപുരം | 276 | 1 | ഇല്ല | ഇല്ല | ഇല്ല |
| GLPS പുത്തനങ്ങാടി | 370 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| PTMUPS പുത്തനങ്ങാടി | 342 | 2 | ഇല്ല | കിണർ | ഇല്ല |
| AMLPS ചെരക്കാപറമ്പ് ഈസ്റ്റ് | 230 | 2 | 1 | ഇല്ല | ഇല്ല |
| FUPS പരിയാപുരം | 1086 | 2 | 1 | ഇല്ല | ഇല്ല |
| SMHS പരിയാപുരം | 834 | 2 | 4 | കിണർ | ഇല്ല |
| AMLPS ചെരക്കാപറമ്പ് വെസ്റ്റ് | 201 | 1 | 1 | പൈപ്പ് | ഇല്ല |
| AMLPS മേലെ അരിപ്ര | 247 | 1 | 1 | കിണർ | ഇല്ല |
| AMLPS മണ്ണാറമ്പ് | 112 | ഇല്ല | ഇല്ല | കിണർ | ഇല്ല |

പ്രാഥമിക സൗകര്യങ്ങൾ പോലും ഇല്ലാത്ത സ്ക്കൂളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. കക്കൂസുകളിലലാത്ത 7 സ്ക്കൂളുകളും മൂത്രപ്പുരകളില്ലാത്ത 3 സ്ക്കൂളുകളും ഉണ്ട്. ഈ സൗകര്യങ്ങൾ ഉള്ള സ്ക്കൂളുകളിൽ തന്നെ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായ സൗകര്യങ്ങൾ നിലവിലില്ല.

കുടിവെള്ള സംവിധാനമുള്ള 14 സ്ക്കൂളുകളും ഇല്ലാത്ത 5 സ്ക്കൂകളുകളും ഉണ്ട്. ഭൂരിഭാഗം സ്ക്കൂളുകളും കിണറുകളെയാണ് കുടിവെള്ളത്തിനാശ്രയിക്കുന്നത്. വേനൽക്കാലത്ത് ജലദൗർല്ലഭ്യം കിണറുകളെ ആശ്രയിക്കുന്ന സ്ക്കൂളുകൾക്ക്, ജലവിതരണ സംവിധാനം കാര്യക്ഷമമല്ലാത്തത് പൈപ്പുകളെ ആശ്രയിക്കുന്ന സ്ക്കൂളുകൾക്ക് പ്രധാന പ്രശ്നമായി നിലനിൽക്കുന്നു. പഞ്ചായത്തിലെ 19 സ്ക്കൂളുകളിൽ 5 എണ്ണം മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്. ഉച്ചക്കഞ്ഞി വിതരണം നടത്തുന്നത് 8 സ്ക്കൂളുകൾ മാത്രമാണ്.

കമ്പ്യൂട്ടർ യുഗത്തിന്റെ സ്വാധീനവലയത്തിൽപ്പെട്ട് കുട്ടികളുടെ മെമ്മറി മാത്രം പരിപോഷിപ്പിക്കപ്പെടത്തക്ക വിധത്തിൽ നമ്മുടെ അദ്ധ്യാപനരീതികൾ മാറിക്കൊണ്ടിരിക്കയാണ്. കാണാപ്പാഠം പഠിക്കാനുള്ള കഴിവുമാത്രം ഗുണനിലവാരത്തിന്റെ അളവുകോലായി മാറുമ്പോൾ കുട്ടികളുടെ അന്വേഷണത്വരയും, സർഗ്ഗവാസനകളും മുരടിച്ചുപോകുന്നു. പാഠപുസ്തകത്തിനു പുറത്തേക്ക് അറിവിന്റെ ലോകം വ്യാപിപ്പിക്കുന്നതിനാവശ്യമായ ബോധപൂർവ്വമായ ശ്രമങ്ങൾക്ക് പ്രസക്തിയേറുകയാണ്. കുട്ടികളുടെ മാനസ്സികവളർച്ചക്കും വിജ്ഞാനവികസനത്തിനും സാഹിത്യാസ്വാദന കഴിവു വർദ്ധിപ്പിക്കുന്നതിനും സ്ക്കൂൾ ലൈബ്രറികളെ ഫലപ്രദമായി ഉപയോഗിക്കേണ്ടതുണ്ട്. ലൈബ്രറി നിലവിലുള്ള 14 സ്ക്കൂളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

പട്ടിക: 3

| | ലൈബ്രറി | ലബോറട്ടറി | റേഡിയോ | ദൃശ്യശ്രാവ്യ ഉപകരണങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | ടേപ്പ് റെക്കോഡർ | ടി.വി. | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ |
| ഉള്ളത് | 14 | 6 | 9 | 7 | - | - | - | - | - |
| ഇല്ലാത്തത് | 5 | 13 | 10 | 12 | 19 | 19 | 19 | 19 | 19 |

ആവശ്യമായ ലബോറട്ടറി സൗകര്യം ഭൂരിഭാഗം സ്ക്കൂളുകളിലും ഇല്ല. ലൈബ്രറി, ലബോറട്ടറി, ദൃശ്യശ്രാവ്യ ഉപകരണങ്ങൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 3 ൽ കൊടുത്തിരിക്കുന്നു. (അവലംബം:സെക്കൻഡറിഡാറ്റ)

ആവശ്യമായ എണ്ണം ബ്ലാക്ക് ബോർഡും, ബഞ്ചുകളും, ഡസ്ക്കുകളും ഇല്ലാത്ത സ്ക്കൂളുകളുടെ എണ്ണം താഴെ കൊടുക്കുന്ന പട്ടിക സൂചിപ്പിക്കുന്നു. പട്ടിക പരിശോധിച്ചാൽ ക്ലാസ്സ് റൂമുകൾ ആവശ്യത്തിനില്ലാത്ത 4 സ്ക്കൂളുകൾ ഉണ്ടെന്നു കാണാം.

പട്ടിക.4

| ആകെ സ്ക്കൂളുകൾ | ബ്ലാക്ക് ബോർഡ് വേണ്ടത്ര ഇല്ലാത്തത് | ബഞ്ച്,ഡസ്ക്ക് വേണ്ടത്ര ഇല്ലാത്തത് | PTA സജീവമല്ലാത്തത് | MTA സജീവമല്ലാത്തത് | മു ആവ ഇല്ല |
|---|---|---|---|---|---|
| 19 | 9 | 17 | 6 | 1 | |

മാതൃസമിതികൾ PTAകൾ എന്നിവയെ മാറ്റിനിർത്തിക്കൊണ്ടുള്ള വിദ്യാഭ്യാസ ചർച്ചകൾ അപൂർണ്ണമായിരിക്കും. സ്ക്കൂളിൻെറ ഭൗതീക-അക്കാദമിക സൗക മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ കഴിവുകൾ ശരിയായ ദിശയിലേക്ക് തിരിച്ചുവിടു രക്ഷിതാക്കളുടെ പങ്ക് ചെറുതല്ലെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

കുട്ടികളുടെ സർഗ്ഗാത്മകത, വ്യക്തിത്വവികസനം, സംഘബോധം, സഹകരണമ എന്നിവ വളർത്തുന്നതിനും ക്ലാസ്സ് മുറികളിൽ വീർപ്പുമുട്ടുന്ന കുട്ടികളുടെ കഴിവുകൾ കണ്ടെത്തു കലാകായികമൽസരങ്ങൾ വിപുലമായി നടത്തുകയും സാഹിത്യ സമാജങ്ങൾ സജീവമാ വേണം. എന്നാൽ പാഠ്യേതരപ്രവർത്തനങ്ങൾക്ക് ഗൗരവമായ പരിഗണന നൽകുന്ന കാര്യത്ത വളരെ പിറകിലാണ്. സാഹിത്യസമാജങ്ങൾ നന്നായി പ്രവർത്തിക്കുന്നതായി ഒരു സ്ക്കൂളി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ജില്ലാ, സംസ്ഥാന, ദേശീയതലങ്ങളിൽ അംഗീകാരം കിട്ടുന്ന കു എണ്ണത്തിൽ ഈ പോരായ്മ പ്രതിഫലിക്കുന്നതായി കാണാം.
(പട്ടിക-5 അവലംബം: സെക്കൻെററിഡാറ്റ)

പട്ടിക 5

| സ്ക്കൂളിൻെറ പേര് | ആകെ കുട്ടികൾ | സ്പോർട്ട്സിന് ചെലവാക്കിയ തുക (1996-97) | കലാമത്സരങ്ങൾക്ക് ചെലവഴിച്ചത് (1996-97) | അവാർഡുകൾ ലഭിച്ച കുട്ടികളു | | |
|---|---|---|---|---|---|---|
| | | | | ജില്ലാതലത്തിൽ | സംസ്ഥാനതലത്തിൽ | ത |
| ALPS വലമ്പൂർ വെസ്റ്റ് | 362 | 300 | 3000 | ഇല്ല | ഇല്ല | |
| ALPS ഏറാംതോട് | 179 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| AMLPS തിരൂർക്കാട് | 750 | 300 | 1500 | ഇല്ല | ഇല്ല | |
| AMHS തിരൂർക്കാട് (UP+HS) | 2956 | 3250 | 3000 | 44 | 4 | |
| AMLPS താഴെഅരിപ്ര | 209 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| AMLPS വലമ്പൂർ ഈസ്റ്റ് | 172 | 250 | ഇല്ല | ഇല്ല | ഇല്ല | |

| സ്ക്കൂളിൻെറ പേര് | ആകെ കുട്ടികൾ | സ്പോർട്ട്സിന് ചെലവാക്കിയ തുക (1996-97) | കലാമത്സര ങ്ങൾക്ക് ചെല വഴിച്ചത് (1996-97) | അവാർഡുകൾ ലഭിച്ച കുട്ടികളുടെ എണ്ണം | | |
|---|---|---|---|---|---|---|
| | | | | ജില്ലാതലത്തിൽ | സംസ്ഥാതല ത്തിൽ | ദേശീയ തലത്തിൽ |
| GLPS പൂപ്പലം | 124 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| OAUPS പൂപ്പലം | 283 | 500 | 200 | ഇല്ല | ഇല്ല | ഇല്ല |
| THS അങ്ങാടിപ്പുറം (LP+UP+HS) | 1791 | 4600 | 2650 | ഇല്ല | ഇല്ല | ഇല്ല |
| AMLPS കോട്ടപ്പറമ്പ | 271 | 500 | 4000 | ഇല്ല | ഇല്ല | ഇല്ല |
| AMLPS പരിയാപുരം | 276 | 200 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| GLPS പുത്തനങ്ങാടി | 370 | 150 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| PTMUPS പുത്തനങ്ങാടി | 342 | 600 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| AMLPS ചെരക്കാപറമ്പ് ഈസ്റ്റ് | 230 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| FUPS പരിയാപുരം (LP+UP) | 1086 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| SMHS പരിയാപുരം | 834 | | | | | |
| AMLPS ചെരക്കാപറമ്പ് വെസ്റ്റ് | 201 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| AMLPS മേലെ അരിപ്ര | 247 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| AMLPS മണ്ണാറമ്പ് | 112 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

മൂന്നു ഹൈസ്ക്കൂളുകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. കഴിഞ്ഞ 4 വർഷത്തെ ഈ സ്ക്കൂളുകളിലെ S.S.L.C വിജയശതമാനം പട്ടികപ്പെടുത്തിയിരിക്കുന്നതു കാണുക. 2 ഹൈസ്ക്കൂളുകളിലേയും വിജയശതമാനം സംസ്ഥാനശരാശരിയേക്കാൾ വളരെ കുറവാണെന്ന വസ്തുത നമ്മുടെ പഞ്ചായത്തിലെ പഠനനിലവാരതകർച്ചക്കു നേരെയുള്ള ചൂണ്ടുപലകയാണ്.

പട്ടിക.6

| സ്ക്കൂളിൻെറ പേര് | S.S.L.C വിജയശതമാനം | | | |
|---|---|---|---|---|
| | 1992-93 | 93-94 | 94-95 | 95-96 |
| AMHS തിരൂർക്കാട് | 23% | 32% | 22% | 21% |
| THS അങ്ങാടിപ്പുറം | 34% | 36% | 28% | 32% |
| SMHS പരിയാപുരം | 77% | 78% | 74.5% | 74.6% |

അക്കാദമിക്ക് നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളിൽ സ്ക്കൂൾ കോംപ്ലക്സുകൾക്കുള്ള പ്രസക്തി പ്രായോഗികമായി തെളിയിക്കപ്പെട്ടതാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ കോംപ്ലക്സുകളുടെ പ്രവർത്തനം കടലാസുകളിൽ മാത്രം ഒതുങ്ങി നിൽക്കുകയാണ്. പ്രൈമറി വിദ്യാലയങ്ങളുടെ നിയന്ത്രണാധികാരം ഗ്രാമപഞ്ചായത്തുകൾക്കും മറ്റുള്ളവയുടേത് ജില്ലാ പഞ്ചായത്തുകൾക്കും കൈവന്ന സാഹചര്യത്തിൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ചർച്ചകളാൽ സ്ക്കൂൾ കോംപ്ലക്സുകൾ സജീവമാക്കുന്നതിന് ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉയർന്നു വരേണ്ടതുണ്ട്.

ലോകബാങ്കിൻെറ സഹായത്തോടെ ജില്ലയിലെ വിദ്യാഭ്യാസരംഗത്തെ പ്രാഥമിക മേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയെക്കുറിച്ചും വിലയിരുത്തപ്പെടണം.

പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരത്തിലുണ്ടായിട്ടുള്ള പിറകോട്ടടി പരിഹരിക്കുന്നതിന് പഞ്ചായത്തു തലത്തിൽ ചിലശ്രമങ്ങൾ നടന്നുവരുന്നുണ്ട്. 1996 ജൂലൈ മാസത്തിൽ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ സഹകരണത്തോടെ പഞ്ചായത്തു ബോർഡ് തുടങ്ങിവച്ച സമഗ്രജനകീയ വിദ്യാഭ്യാസ പരിപാടി ഇതിൻെറ ചവിട്ടുപടിയായിരുന്നു. ഈ പരിപാടിയുടെ ഭാഗമായി 3-4 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ നിലവാരപരിശോധന നടത്തിയതിൽ ചെറുതെങ്കിലും അവഗണിക്കാനാവാത്ത ഒരു വിഭാഗം കുട്ടികൾ വളരെ താഴ്ന്ന പഠനനിലവാരത്തിലുള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രൈമറി കുട്ടികൾക്ക് പൊതുവിലും താഴ്ന്ന നിലവാരത്തിലുള്ള കുട്ടികൾക്ക് പ്രത്യേകിച്ചും പരിഹാരബോധനം നൽകുവാനാവശ്യമായ മോഡ്യൂൾ നിർമ്മാണം പഞ്ചായത്തിലെ മുഴുവൻ അദ്ധ്യപകരുടെയും സഹകരണത്തോട് രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൻെറ തുടർപ്രവർത്തനങ്ങൾ ആവശ്യപ്പെടുന്നതാണ് പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തെ നിലവിലെ സാഹചര്യങ്ങൾ.

ഗ്രാമസഭകളിൽ വിദ്യാഭ്യാസരംഗത്തെ നിലവാരതകർച്ചയെക്കുറിച്ച് സജീവമായ ചർച്ചകൾ ഉയർന്നുവരികയുണ്ടായി. ഈ രംഗത്തെ മെച്ചപ്പടുത്തുന്നതിന് ഗ്രാമസഭാ ചർച്ചകളുടേയും ദ്വിതീയ വിവരങ്ങളുടെയും വെളിച്ചത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

# ജനകീയ വിദ്യാഭ്യാസപരിപാടി വിശാലമായ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.

# സ്ക്കൂളിൻെറ പ്രശ്നങ്ങൾ നേരിൽ മനസ്സിലാക്കുവാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്തു തലത്തിൽ വിദഗ്ധസംഘത്തെ നിയോഗിക്കുക.

# ഈ ഗ്രൂപ്പിൻെറ നേതൃത്വത്തിൽ അദ്ധ്യാപകർക്ക് ആവശ്യമായ പുനപരിശീലനം നൽകുക.

# മെച്ചപ്പെട്ട ബോധനോപായങ്ങൾ കൂട്ടായ ചർച്ചകളിലൂടെ ആവിഷ്ക്കരിക്കുന്നതിനും അദ്ധ്യാപകർക്ക് അനുഭവങ്ങൾ പങ്കുവഹിക്കുന്നതിനും പഞ്ചായത്തു തലത്തിൽ അദ്ധ്യാപകസംഗമങ്ങൾ സംഘടിപ്പിക്കുക.

# S.S.L.C വിജയശതമാനം ഉയർത്തുന്നതിനുള്ള പ്രത്യേക പരിപാടി ആവിഷ്ക്കരിക്കുക.

# സ്ക്കൂളുകളിൽ ആരോഗ്യവൈദ്യ പരിശോധനാ സേവനം ഉറപ്പുവരുത്തുക.

# ഏയ്ഡഡ് അടക്കമുള്ള സ്ക്കൂളുകളിൽ അദ്ധ്യാപക നിയമനം പഞ്ചായത്ത് മുഖേനയാക്കുക.

# പെരിന്തൽമണ്ണ ഗവൺമെൻറ് കോളേജിൽ സയൻസ് ഗ്രൂപ്പ് ആരംഭിക്കുക.

# ഒന്നാം വാർഡിലെ വലമ്പൂർ വെസ്റ്റ് എൽ.പി.സ്ക്കൂൾ യു.പി തലത്തിലേക്ക് ഉയർത്തുക.

# പൂപ്പലം GLP സ്ക്കൂളിൽ അദ്ധ്യാപകരെ നിയമിക്കുക.

# മൂന്നാം വാർഡിലെ തോണിക്കര പ്രദേശത്ത് സർക്കാർ സക്കൂൾ സ്ഥാപിക്കുക.

# പാഠപുസ്തകങ്ങൾ കൃത്യസമയത്തുതന്നെ വിതരണം ചെയ്യുക.

# ഹൈസ്ക്കൂളുകളിൽ തൊഴിലധിഷ്ഠിത ഉപരിപഠനസൗകര്യങ്ങൾ ഉണ്ടാക്കുക.

# ഹൈസ്ക്കൂളുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കുക.

# ആവശ്യമായ നിലവാരം നേടിയശേഷമാണ് ക്ലാസ്സ് കയറ്റം എന്ന് ഉറപ്പുവരുത്തുക.

# അരിപ്ര മേൽമുറി സ്ക്കൂളിലേക്ക് വഴി ഉണ്ടാക്കുക.

# സാഹിത്യസമാജങ്ങൾ, സയൻസ് ക്ലബ്ബുകൾ എന്നിവ പുന സംഘടിപ്പിക്കുകയും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

# പ്രവർത്തിപരിചയ ക്ലാസ്സുകൾ കാര്യക്ഷമമാക്കുക. കുട്ടികൾക്കാവശ്യമായ നോട്ടുബുക്കുകളും ബോധന പ്രവർത്തനങ്ങൾക്കാവശ്യമായ പഠനോപകരണങ്ങളും കുട്ടികളെ ഉപയോഗിച്ചുകൊണ്ട് നിർമ്മിക്കുക.

# സ്ക്കൂളുകളിൽ വായനാമൂല സ്ഥാപിക്കുകയും ലൈബ്രറി കാര്യക്ഷമമാക്കുകയും ചെയ്യുക.

# സ്ക്കൂൾ യൂണിഫോം, അസംബ്ലി എന്നിവ നിർബന്ധമാക്കുക.

# സ്ക്കൂൾ വാർഷി, കലാമൽസരങ്ങൾ, സ്പോർട്സ് എന്നിവ നിർബന്ധമായും നടത്തുക.

# കുട്ടികളിൽ ദേശാഭിമാനബോധവും ദേശഭക്തിയും വളർത്താൻ സഹായിക്കുന്ന വിശേഷദിവസങ്ങളുടെ ആഘോഷം സ്ക്കൂളുകളിൽ നിർബന്ധമാക്കുക.

# PTA, മാതൃസമിതി പ്രവർത്തനം കാര്യക്ഷമമാക്കുക ക്ലാസ്സ് അടിസ്ഥാനത്തിൽ മാതൃസമി രൂപീകരിക്കുകയും മാസാന്ത്യപരീക്ഷകൾ നടത്തി കുട്ടികളുടെ നിലവാരം ഈ സമിതി വിലയിരുത്തുകയും ചെയ്യുക.

# LP സ്ക്കൂളുകളോടനുബന്ധിച്ച് പ്രീപ്രൈമറിസ്ക്കൂളുകൾ സ്ഥാപിക്കുക.

# ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുക.

# അദ്ധ്യാപകർ, വിദ്യാർത്ഥികൾ, സ്ക്കൂൾ പരിസരവാസികൾ, രക്ഷിതാക്കൾ എന്നിവരുടെ പ്രയത്നത്തിലൂടെ സ്ക്കൂളുകളുടെ ഭൗതീകസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ന അന്തരീക്ഷം ആകർഷകമാക്കുന്നതിനും സ്ക്കൂൾ അയൽപക്ക സമിതികൾ രൂപീകരിക്കുക

# പഞ്ചായത്തുതലത്തിൽ പഠനോൽസവങ്ങൾ സംഘടിപ്പിക്കുക.

# മാതൃകാ അദ്ധ്യാപകർക്കും, SSLC പരീക്ഷയിൽ ഉന്നതവിജയം നേടുന്ന വിദ്യാർത്ഥിക പഞ്ചായത്തുതലത്തിൽ അവാർഡുകൾ നൽകുക.

# സ്വന്തം നാടിനെ നേരിട്ടറിയാൻ സഹായകമായ പ്രാദേശിക പഠനയാത്രകൾ സ്ക്കൂളു സംഘടിപ്പിക്കുക.

ഭരണഘടന ഉറപ്പുനൽകുന്ന നിർബന്ധിതവും സാർവ്വത്രികവുമായ വിദ്യാഭ്യാസം കാഴ്ചപ്പാട് സംരക്ഷിക്കപ്പെടുന്നതിനും, വിദ്യാഭ്യാസ രംഗത്തെ വരേണ്യ-വാണിജ്യവൽക്കരണത്ത ഈ അവകാശത്തെ ചോദ്യം ചെയ്യാനുള്ള ശ്രമങ്ങളെ ചെറുക്കുന്നതിനും നമ്മുടെ പൊതുവിദ്യാ സംരംഭങ്ങളെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. അദ്ധ്യാപനം ഉപ മാർഗ്ഗത്തിനപ്പുറത്ത് സാമൂഹ്യബാധ്യതയായി അദ്ധ്യാപകൻ ഏറ്റെടുക്കുകയും കുട്ടി വിദ്യാഭ്യാസകാര്യങ്ങളിൽ തങ്ങൾക്കുള്ള പങ്ക് രക്ഷിതാക്കൾ മനസ്സിലാക്കുകയും പൊതുസ്വത്താ ജനങ്ങൾ തിരിച്ചറിയുകയും ചെയ്യുമ്പോൾ നഷ്ടപ്പെട്ടുപോകുന്നുവോ എന്ന് നാം ആശങ്കപ്പെടു രംഗത്തെ നൻമകൾ സംരക്ഷിക്കുവാൻ നമുക്കാവും.

അങ്ങാടിപ്പുറം പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തെ നിലവിലുള്ള സ്ഥിതിഗ പരിശോധിക്കുകയും, അധികൃതരുടെയും അദ്ധ്യപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളു പൊതുജനങ്ങളുടേയും നെഞ്ചറിഞ്ഞ ശ്രമങ്ങളിലൂടെ ഈ രംഗത്തെ ഗുണനിലവാരം ഉയർത്തു വരും കാലങ്ങളിൽ നടപ്പാക്കാവുന്ന സമഗ്ര വിദ്യാഭ്യാസ പരിപാടികൾ വികസനസെമിനാ ചർച്ചകളിലൂടെ ഉരുത്തിരിയേണ്ടതുണ്ട്.

# ആരോഗ്യം കുടിവെള്ളം

പ്രാകൃതവും, അന്ധവിശ്വാസാധിഷ്ഠിതവുമായിരുന്ന ചികിത്സാരീതികളിൽ
വിമോചിതമായതിനുശേഷം അങ്ങാടിപ്പുറം പഞ്ചായത്തിലെ ആരോഗ്യപ്രവർത്തനങ്ങൾ നടന്നിരു
പ്രാഥമികാരോഗ്യകേന്ദ്രത്തിനു കീഴിലായിരുന്നു. പ്രധാനമായും അങ്ങാടിപ്പുറം, തി
കുടുംബക്ഷേമകേന്ദ്രങ്ങളായിരുന്നു. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചിരുന്നത്. ഇവ
ഏതാനും പാരമ്പര്യ വൈദ്യൻമാരുടെ സേവനവും ഈ മേഖലയിൽ ലഭിച്ചിരുന്നു. 88–89 കാലത്ത്
അരിപ്ര എമ്പിവിടങ്ങളിലും 1990–91 കാലത്ത് ഏറാന്തോട്, പുത്തനങ്ങാടി എന്നിവിടങ്ങളിലു
പോപ്പുലേഷൻ പ്രൊജക്ടിനുകീഴിൽ നാല് ആരോഗ്യ ഉപകേന്ദ്രങ്ങൾ കൂടി ആരംഭിച്ചതോടെ
സംരക്ഷണ ശൃംഖല വിപുലീകരിക്കപ്പെട്ടു.

1996 ഫെബ്രുവരി 17ാം തിയ്യതി പഞ്ചായത്തിന് സ്വന്തമായി ഒരു പ്രാഥമികാരോഗ്യകേ
സ്വപ്നവും യാഥാർത്ഥ്യമായി. വലമ്പൂരിൽ ഒരു വാടകകെട്ടിടത്തിലാണ് പ്രാഥമികാരോ
പ്രവർത്തിക്കുന്നത്. രണ്ടാം വാർഡിൽ പ്രാഥമികാരോഗ്യകേന്ദ്രത്തിന് സ്വന്തമായി
കണ്ടെത്താനായിട്ടുണ്ടെങ്കിലും കെട്ടിടനിർമ്മാണം ആരംഭിക്കുവാൻ കഴി
പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ബലാരിഷ്ടതകൾ ഇനിയും വിട്ടുമാറിയിട്ടില്ല. അരിപ്ര, അങ്ങ
വലമ്പൂർ, തിരൂർക്കാട് എന്നിവിടങ്ങളിലെ സബ്സെന്റർ കെട്ടിടങ്ങളുടെ സ്ഥ
ശോചനീയാവസ്ഥയിലാണ്. കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള സ്ഥാപനങ്ങ
പഞ്ചായത്തിലില്ല. കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ഒരു സ്വകാര്യ അലോപ്പതി ആശുപ
പ്രവർനമാരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ മൂന്നു അലോപ്പതി ഡോക്ടർമാർ പഞ്ചായത്ത
താമസമുണ്ട്.

പരിയാപുരത്ത് ഒരു സർക്കാർ ഹോമിയോ ഡിസ്പൻസറിയും തിരൂർക്കാട്, ചെര
എന്നിവിടങ്ങളിൽ ഓരോ സ്വകാര്യ ഹോമിയോ ചികിത്സാകേന്ദ്രങ്ങളും, പുറമേ സ്വകാര്യ ആ
ചികിത്സാകേന്ദ്രങ്ങളായി 8 വൈദ്യശാലകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

ആരോഗ്യമേഖലയിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ജീവനക്കാർ ഇരുപതു

പട്ടിക 1

ആരരോഗ്യരംഗം സർക്കാർ മേഖല

| നമ്പർ | സ്ഥാപനം | വാർഡ് | ജീവന |
|---|---|---|---|
| 1 | PHC അങ്ങാടിപ്പുറം | 1 | 1 |
| 2 | IPP സബ്ബ് സെന്റർ വലമ്പൂർ | 1 | 1 |
| 3 | ഗവ: ഹോമിയോ ആശുപത്രി | 12 | 3 |
| 4 | IPP സബ്ബ് സെന്റർ ഏറാന്തോട് | 2 | 1 |
| 5 | FW സെന്റർ തിരൂർക്കാട് | 4 | 1 |
| 6 | FW സെന്റർ അങ്ങാടിപ്പുറം | 8 | 1 |
| 7 | IPP സബ്ബ് സെന്റർ പുത്തനങ്ങാടി | 10 | 1 |
| 8 | IPP സബ്ബ് സെന്റർ അരിപ്ര | 5 | 1 |
| | | ആകെ | 2 |

ആരോഗ്യരംഗത്ത് ഒട്ടേറെ പ്രശ്നങ്ങളെ നേരിടുന്ന ഒരു പ്രദേശമാണ് അങ്ങാടിപ്പുറം പഞ്ചായത്ത്. ചികിത്സാസൗകര്യങ്ങളുടെ അഭാവം, മാലിന്യസംസ്ക്കരണ സൗകര്യമില്ലായ്മ ആരോഗ്യപരമായ ജീവിതത്തിനു സാമൂഹ്യസാമ്പത്തിക മേഖലകൾ വരുത്തുന്ന പ്രതിസന്ധികൾ എന്നിവയാണ് പ്രധാനപ്രശ്നങ്ങൾ.

36.74 ചതുരശ്ര കിലോമീററർ വിസ്തീർണ്ണം വരുന്ന പഞ്ചായത്തിന്റെ ജനസംഖ്യ 43864 ആണ്. സംസ്ഥാന ശരാശരിയേക്കാൾ ഉയർന്ന ജനസാന്ദ്രതയാണിവിടെ. അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ ജനസാന്ദ്രത 1193.9/sq km ആണ്. പഞ്ചായത്തിന്റെ ജനന നിരക്ക് 13.9 ഉംമരണ നിരക്ക് 2.82 ഉം ആണ്. ശിശുമരണ നിരക്ക് സംസ്ഥാന ശരാശരിയേക്കാൾ താഴെ നിക്കുന്നതിനാലും, മാതൃമരണനിരക്ക് പൂജ്യത്തിൽ നിന്ന് ഇനിയും ഉയർന്നിട്ടില്ലാത്തതിനാലും നമുക്കഭിമാനിക്കാം.

പഞ്ചായത്തിന്റെ ആരോഗ്യസൂചകങ്ങൾ സംസ്ഥാന ശരാശരിയുമായി താരതമ്യം ചെയ്യുന്ന പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 2 ആരോഗ്യ സൂചകങ്ങൾ *(അവലംബം സെക്കന്ററി ഡാററ)*

| നമ്പർ | സൂചകങ്ങൾ | കേരളം | അങ്ങാടിപ്പുറം |
|---|---|---|---|
| 1 | ജനസംഖ്യ | 2,9099000 | 43864 |
| 2 | ജനസാന്ദ്രത | 749/$Km^2$ | 1193.$Km^2$ |
| 3 | ജനന നിരക്ക് | 17 | 13.9 |
| 4 | മരണ നിരക്ക് | 5.9 | 2.82 |
| 5 | ശിശു മരണ നിരക്ക് | 16 | 13.11 |
| 6 | മാതൃ മരണ നിരക്ക് | 1 ൽ താഴെ | 0 |
| 7 | വികലാംഗ നിരക്ക് | | 0.66 |

കുടുംബാസൂത്രണ പ്രവർത്തനരംഗത്ത് ഈ പഞ്ചായത്ത് ഏറെ മുന്നോട്ടു പോയതായി കണക്കുകൾ സൂചിപ്പിക്കുന്നു. പ്രത്യുൽപാദന ശേഷിയുള്ള പ്രായഗ്രൂപ്പിൽപ്പെടുന്ന (14–44) ദമ്പതിമാർ പഞ്ചായത്തിൽ 5,437 എണ്ണമാണുള്ളത് സ്ത്രീയുടെ പ്രായാടിസ്ഥാനത്തിൽ ദമ്പതിമാരുടെ വിവരങ്ങൾ പട്ടികപ്പെടുത്തി നൽകിയിരിക്കുന്നത് കാണുക.

പട്ടിക 3. പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ *(അവലംബം സെക്കന്ററി ഡാററ)*

| സ്ത്രീയുടെ പ്രായം | ദമ്പതിമാരുടെ | ശതമാനം |
|---|---|---|
| 15 - 19 | 753 | 13.84 |
| 20 - 24 | 934 | 17.17 |
| 25 - 29 | 1166 | 21.44 |
| 30 - 34 | 946 | 17.39 |
| 35 - 39 | 852 | 15.67 |
| 40 - 44 | 786 | 14.45 |

പ്രത്യുൽപാദന ശേഷിയുള്ള പ്രായ ഗ്രൂപ്പിൽപ്പെട്ട അമ്മമാരുടെ, ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണമനുസരിച്ചും അവരിൽത്തന്നെ വിവിധ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചിരിക്കുന്നവരുടെ എണ്ണവും അവർ ഓരോ ഗ്രൂപ്പിന്റേയും എത്ര ശതമാനം വരുമെന്ന വിവരവും ക്രമപ്പെടുത്തി നൽകുന്നു.

പട്ടിക 4 അമ്മമാരുടെ എണ്ണം ജീവിച്ചിരിപ്പുള്ള കുട്ടികളുടെ അടിസ്ഥാനത്തിൽ

*(അവലംബം: സെക്കന്ററി ഡാററ)*

| കുട്ടികളുടെ എണ്ണം | അമ്മമാരുടെ എണ്ണം | കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചവർ | ശതമാനത്തിൽ |
|---|---|---|---|
| 1 കുട്ടി | 852 | 397 | 46.59 |
| 2 കുട്ടികൾ | 976 | 539 | 55.22 |
| 3 കുട്ടികൾ | 3094 | 2883 | 93.18 |

ദീർഘ കാലികമായി പിടിപെടുന്ന സാംക്രമികരോഗബാധിതർ പഞ്ചായത്തിനകത്ത് വളരെ കുറഞ്ഞ നിരക്കിലാണ്. കുഷ്ഠം, ക്ഷയം എന്നീ രോഗങ്ങൾക്ക് ചികിത്സയിൽ കഴിയുന്ന 4 പേർ വീതം പഞ്ചായത്തിനകത്തുണ്ട്. ഇത് താരതമ്യേന വളരെ കുറഞ്ഞ രോഗനിരക്കാണെങ്കിൽ പോലും മാരകമല്ലാത്ത രോഗങ്ങൾ പഞ്ചായത്തിനകത്ത് വ്യാപകമായി കണ്ടുവരുന്നുണ്ട്. പഞ്ചായത്തിലെ പ്രാഥമിക വിദ്യാഭ്യസമേഖലയിൽ (1 മുതൽ 4 വരെ ക്ലാസ്സുകൾ) 4428 കുട്ടികളുണ്ട്. ഇവരിൽ 4068 കുട്ടികളെ ആരോഗ്യ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ വിശദാംശങ്ങൾ പട്ടികപ്പെടുത്തി താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 5 കുട്ടികളും രോഗാതുരതയും *(അവലംബം: സെക്കന്ററി ഡാററ)*

| രോഗം | കുട്ടികളുടെ എണ്ണം | ശതമാനത്തിൽ |
|---|---|---|
| വിളർച്ച | 787 | 19.34 |
| വിരബാധ | 201 | 4.94 |
| കാഴ്ചവൈകല്യം | 149 | 3.66 |
| ചെവിപഴുപ്പ് | 165 | 4.05 |
| ചൊറി | 116 | 2.85 |
| ദന്തരോഗങ്ങൾ | 1240 | 30.48 |
| മററുള്ളവ | 461 | 11.33 |

പഞ്ചായത്തിലെ സ്ക്കൂൾ വിദ്യാർത്ഥികളിൽ 30.48 ശതമാനവും ദന്തരോഗം ബാധിച്ചവരാണ്. ഇത് ശുചിത്വബോധത്തിന്റേയും അനാരോഗ്യകരമായ ഭക്ഷണരീതിയുടേയും സൂചനയാണ്. ഇത് പരിഹരിക്കേണ്ടതുമാണ്. വിദ്യാലയ പരിസരങ്ങളിൽ വിൽപ്പന നടത്തുന്ന ആരോഗ്യത്തിന് ഹാനികരവും, അംഗീകൃതമല്ലാത്തതുമായ ഭക്ഷണപദാർത്ഥങ്ങൾക്ക് കർശനമായ നിയന്ത്രണവും നിരോധനവും ഏർപ്പെടുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പഞ്ചായത്തിൽ ശരാശരി 226 ഗർഭിണികളുള്ളതിൽ 154 പേർക്കും 390 മുലയൂട്ടുന്ന അമ്മമാരിൽ 220 പേർക്കും അധിക പോഷകാഹാരം വിതരണം ചെയ്യേണ്ടി വരുന്നുണ്ട്. ഈ കണക്കും സൂചിപ്പിക്കുന്നത് സമീകൃത പോഷകാഹാര ലഭ്യതയില്ലായ്മയേയോ, അല്ലെങ്കിൽ പോഷകാഹാര രീതിയെക്കുറിച്ചുള്ള അറിവില്ലായ്മയോ ആണ്.

ആരോഗ്യം എന്നുപറയുന്നത് ഡോക്ടർ, രോഗി, മരുന്ന്, ചികിത്സ, ആശുപത്രി എന്നീ ഘടകങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ലെന്നും, തികഞ്ഞ അവബോധത്തിൽ നിന്നും, ശാസ്ത്രീയമായ ജീവിതരീതിയിൽ നിന്നും സൃഷ്ടിച്ചെടുക്കേണ്ട ഒരു നല്ല അവസ്ഥയാണെന്നുമുള്ള തിരിച്ചറിവ് ഇനിയും പൂർണ്ണമായും ഈ പഞ്ചായത്തിലെ ജനങ്ങൾക്കുണ്ടായിട്ടില്ല. പഞ്ചായത്തിലെ ഭൂരിപക്ഷം വരുന്ന ജനങ്ങളും അടുത്ത പട്ടണമായ പെരിന്തൽമണ്ണയിലെ സ്വകാര്യ സ്ഥാപനങ്ങളെയാണ് ചികിത്സക്കായി സമീപിക്കുന്നത്. രോഗനിർണ്ണയരംഗത്തെ യന്ത്രവൽക്കരണവും ഗൾഫ് പണത്തിന്റെ സ്വാധീനവും ചികിത്സാ ചെലവിൽ വൻതോതിലുള്ള ഉയർച്ചക്ക് കാരണമായിട്ടുണ്ട്. പൊതു സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾ വിമുഖത കാണിക്കുകയും ചെയ്യുന്നു.

ജനസംഖ്യാ നിയന്ത്രണപരിപാടിയുടെ വരവോടുകൂടി ആരോഗ്യപ്രവർത്തകരുടെ ശ്രദ്ധ മുഴുവനായിത്തന്നെ ഈ രംഗത്ത് കേന്ദ്രീകരിക്കുകയും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രധാന പ്രവർത്തനം വന്ധ്യംകരണമാർഗ്ഗങ്ങളുടെ വ്യാപനമായി മാറുകയും ചെയ്തതോടെ മററു ആരോഗ്യപ്രവർത്തന രംഗങ്ങളിലും, ആരോഗ്യബോധവൽക്കരണ രംഗങ്ങളിലും, ഗുരുതരമായ മരവിപ്പ് അനുഭവപ്പെട്ടിട്ടുണ്ട്. ആരോഗ്യപ്രവർത്തകരുടെ നിഷ്ക്രിയത ഈ രംഗങ്ങളെ കൂടുതൽ അപകടകരമാക്കുകയും ചെയ്തു.

ജനസംഖ്യാ വിദ്യാഭ്യാസം, ലൈംഗിക വിദ്യാഭ്യാസം, വിവാഹ മാർഗ്ഗ നിർദ്ദേശം, മാതൃസംരക്ഷണം, ശിശു സംരക്ഷണം, വന്ധ്യതാനിവാരണം, കുടുംബത്തിന്റെ വലിപ്പ നിർണ്ണയം, കുടുംബ ബഡ്ജററ്, വൃദ്ധസംരക്ഷണം എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ പ്രഖ്യാപിത പ്രവർത്തന ലക്ഷ്യങ്ങളിൽ നിന്നും പ്രാഥമികാരോഗ്യ സംരക്ഷണപ്രവർത്തനങ്ങൾ ഏറെ അകന്നുപോയിട്ടുണ്ട്. കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെയ്പുകൾ, മാതൃസംരക്ഷണം, ചികിത്സ എന്നിവ മാത്രമാണ് പ്രാഥമികാരോഗ്യ സംരക്ഷണരംഗത്ത് കാര്യക്ഷമമായി നടന്നുകൊണ്ടിരിക്കുന്ന പരിപാടികൾ. പതിമൂന്നോളം വരുന്ന ദേശീയാരോഗ്യ പരിപാടികളുടെ പ്രയോഗവൽക്കരണം ഗുണപരമായ ഫലങ്ങൾ സൃഷ്ടിക്കുന്ന തരത്തിൽ നമ്മുടെ പഞ്ചായത്തിലും നടന്നിട്ടില്ല.

ഇക്കാലമൊന്നും പഞ്ചായത്തിന്റെ സാമ്പത്തിക വകയിരുത്തലുകളിൽ ആരോഗ്യമേഖലക്ക് കാര്യമായ സ്ഥാനം ലഭിച്ചിരുന്നില്ല. ഏതാനും വർഷത്തെ പഞ്ചായത്തിന്റെ ആരോഗ്യമേഖലയിലേക്കുള്ള സാമ്പത്തിക വിനിയോഗം പട്ടികപ്പെടുത്തിയിരിക്കുന്നത് കാണുക.

പട്ടിക 6. സാമ്പത്തിക വിനിയോഗം

| | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| ആരോഗ്യ രംഗത്തെ മുതൽ മുടക്ക് | 46748.95 | 50428 | 50177.50 | 57238 |
| ആകെ ചെലവുമായുള്ള അനുപാതം | 4.13% | 2.53% | 1.9% | 2.53% |

*അവലംബം: പഞ്ചായത്ത് ഓഫീസ് രേഖകൾ*

ഈ ചെലവുകളെല്ലാം തന്നെ പഞ്ചായത്തിലെ രണ്ട് സ്വീപ്പർമാരുടെ ശമ്പളയിനത്തിലും അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് പൂരാഘോഷത്തോടനുബന്ധിച്ച് നടത്തിവരുന്ന ശുചീകരണപ്രവർത്തനങ്ങൾക്കും വേണ്ടിയാണ്. മററ് ആരോഗ്യപ്രവർത്തന രംഗത്തൊന്നും തന്നെ പഞ്ചായത്ത് ഇതുവരെ മുതൽ മുടക്ക് നടത്തിയിട്ടില്ല.

പുതിയ പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വരികയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ പ്രാദേശിക ഭരണകൂടങ്ങൾക്ക് വിട്ടുകൊടുക്കുകയും ചെയ്തതിന്റെ ഫലമായി സർക്കാർ ഫണ്ടിനത്തിൽ ആരോഗ്യപ്രവർത്തനത്തിനു വേണ്ടി പദ്ധതിവിഹിതമായി പഞ്ചായത്തിലേക്ക് ഇതുവരെ 25225 രൂപ വരവുണ്ട്.

നടപ്പിലാക്കുന്ന ആരോഗ്യപ്രവർത്തനങ്ങളുടെ ഫലനിർണ്ണയത്തിൽ പഞ്ചായത്തിന്റെ ഈ മേഖലയുമായി ബന്ധപ്പെട്ട ഭൗതിക സാഹചര്യങ്ങളും, ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതിയും, പ്രധാന പങ്കുവഹിക്കുന്നുണ്ട്. അത്തരം ഘടകങ്ങളുടെ സാധ്യതകളേയും, പരിമിതികളേയും, പരിശോധിച്ചുകൊണ്ടുമാത്രമേ പഞ്ചായത്തിന്റെ ആരോഗ്യരംഗത്തെ വിശകലനം ചെയ്യാൻ കഴിയൂ.

## 1. കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് വിലയിരുത്തുമ്പോൾ പ്രഥമസ്ഥാനം നൽകി പരിശോധിക്കേണ്ട ഘടകമാണ് കക്കൂസുകളുടെ വ്യാപനവും ഉപയോഗവും. അങ്ങാടിപ്പുറം പഞ്ചായത്തിലെ 7472 വീടുകളിൽ 2385 വീടുകളിൽ കക്കൂസില്ല. താഴ്ന്ന വരുമാനക്കാരായ ആളുകൾ താമസിക്കുന്ന പ്രദേശങ്ങളിലും, ഹരിജൻ കേളനികൾ, ലക്ഷംവീട് കോളനികൾ എന്നിവിടങ്ങളിലാണ് പ്രധാനമായും കക്കൂസുകളുടെ അഭാവം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ നിലനിൽക്കുന്നത്. വയറിളക്കം, ഛർദ്ദ്യാതിസാരം, മഞ്ഞപ്പിത്തം, വിരബാധ എന്നീ രോഗങ്ങൾ വ്യാപകമാകുന്നതിന് പ്രധാനകാരണം ഇതാണ്. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ പഞ്ചായത്തിലുണ്ടായ ജലജന്യരോഗങ്ങൾ പട്ടികയായി താഴെ കൊടുക്കുന്നു.

പട്ടിക 7 ജലജന്യരോഗങ്ങൾ

*അവലംബം: സെക്കന്ററി ഡാററ*

| വർഷം | രോഗബാധിതുരടെ എണ്ണം |
|---|---|
| 1993 - 94 | 595 |
| 1994 - 95 | 494 |
| 1995 - 96 | 482 |

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഭരണസമിതി 96–97 സാമ്പത്തിക വർഷത്തിലേക്കുള്ള JRY ഫണ്ട് മുഴുവനായും കക്കൂസുകളുടെ നിർമ്മാണത്തിനായി നീക്കി വെച്ചിരിക്കുന്നു. ഇതുവഴി ദാരിദ്ര്യ രേഖക്ക് താഴെ വരുന്ന 200 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ചുകിട്ടും. നാലു ലക്ഷം രൂപയാണ് ഈയിനത്തിൽ നീക്കിവെച്ചിരിക്കുന്നത്. ഇത് ഈ രംഗത്തെ പുതിയെരു മുന്നേററമാണ്. ഇത്രയും വലിയെരു തുക അടിസ്ഥാന ആരോഗ്യമേഖലയിൽ പഞ്ചായത്ത് ചെലവിടാൻ പോന്നുന്നത് ഇതാദ്യമായാണ്. ഈ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞാലും 2185 വീടുകൾ പിന്നേയും കക്കൂസില്ലാത്തവയായി അവശേഷിക്കുന്നു. ഇതു കൂടി പരിഹരിച്ചേ മതിയാവൂ.

96 സെപ്ററംബർ 21 മുതൽ ഒക്ടോബർ 2 വരെ ചേർന്ന വശേഷാൽ ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രതിസന്ധിക്ക് പ്രധാനകാരണം സാമ്പത്തിക പരാധീനതയും, സ്ഥല പരിമിതിയുമാണ് എന്നറിയുന്നു. ഗ്രാമവികസന വകുപ്പിന്റെ ഗ്രാമീണ ശുചിത്വപരിപാടി പോലുള്ള സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ പദ്ധതികളുടേയും, സ്കീമുകളുടേയും ഏകോപനവും, പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള വിഹിതവും, സന്നദ്ധ പ്രവർത്തകരുടെ അധ്വാന സമാഹരണവും വഴി സാമ്പത്തിക പ്രശ്നവും, കോളനികളിൽ പൊതുവായി സെപ്ടിക് ടാങ്ക് നിർമ്മിച്ച് സ്ഥലപരിമിതിയുടെ പ്രശ്നവും പരിഹരിക്കാവുന്നതാണ്.

## പരിസര ശുചിത്വം

കേരളത്തിൽ നിന്നും നിർമ്മാർജ്ജനം ചെയ്തു എന്ന് നമ്മൾ വിശ്വസിച്ചിരുന്ന പല രോഗങ്ങളും ശക്തിയോടെ തിരിച്ചുവരികയും,. നമുക്കപരിചിതമായിരുന്ന ലെപ്ടോസ്പൈറോസിസ് (എലിപ്പനി), ജപ്പാനീസ് എൻഫലലൈററീസ്, ഡെങ്കുഫീവർ, പ്ലേഗ് എന്നീ രോഗങ്ങൾ ആക്രമിച്ചു തുടങ്ങുകയും ചെയ്ത സാഹചര്യത്തിൽ കേരള സമൂഹത്തിന്റെ ഭാഗമെന്ന നിലയിൽ സ്വാഭാവികമായും നമ്മുടെ പഞ്ചായത്തും

ഭീഷണിയുടെ നിഴലിൽത്തന്നെയാണ്. ഇതിനാലാണ് പരിസര ശുചീകരണപ്രവർത്തനങ്ങളുടെ പ്രസക്തിയേറുന്നത്.

പരിസരമലിനീകരണ പ്രശ്നങ്ങൾ രൂക്ഷമല്ലായെങ്കിലും പഞ്ചായത്തിനകത്തെ കടകളിൽ നിന്നുമുണ്ടാകുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനോ, ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനോ സംവിധാനമില്ല. അങ്ങാടിപ്പുറം ടൗണിൽ ഇത് ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. ഹോട്ടലുകൾ, പച്ചക്കറിക്കടകൾ, പലചരക്കുകടകൾ, പഴക്കടകൾ എന്നിവയിൽ നിന്നുള്ള അവശിഷ്ടങ്ങൾ അടിഞ്ഞ് റോഡരുകിലെ ഓടകളിൽ മലിനജലം കെട്ടിനിൽക്കുന്നത് ആ പ്രദേശങ്ങളിലെ ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന പ്രധാന പ്രശ്നമാണ്. ശുചീകരണ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും, അവരുടെ പ്രവർത്തനം കാര്യക്ഷമമാക്കി മാററുകയും വേണം. തെരുവുമാലിന്യങ്ങൾ കമ്പോസ്റ്റാക്കി മാററിക്കൊണ്ട് കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ ഒരു ചെറിയ ശതമാനമെങ്കിലും സ്വയം നിർമ്മിച്ചെടുക്കാനുമുള്ള "Health and wealth from waste" പരിപാടിക്ക് പഞ്ചായത്തിലെ സാധ്യത പരിശോധിക്കപ്പെടണം.

പഞ്ചായത്തിന്റെ അതിർത്തിപ്രദേശങ്ങളിലെ റോഡരുകിൽ മാർക്കററുകളിൽ നിന്നുള്ള കോഴിയുടേയും മററും മാംസാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നത് അടിയന്തിരമായി തടയേണ്ടതുണ്ട്. പരിസരശുചിത്വ ബോധവൽക്കരണ ക്യാമ്പെനുകൾ ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കണം. ഭക്ഷണ വിൽപനശാലകൾ, മാംസവിൽപന കേന്ദ്രങ്ങൾ എന്നിവ കർശനമായ പരിശോധനക്ക് വിധേയമാക്കുകയും, അവ ആരോഗ്യ നിയമങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും വേണം.

## ഭാവിപ്രവർത്തനങ്ങൾക്കുള്ള ചില നിർദ്ദേശങ്ങൾ

(i) അങ്ങാടിപ്പുറം പ്രാഥമികാരോഗ്യ കേന്ദ്രത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും, സബ്സെന്ററുകൾ അററകുററപ്പണി നടത്തി കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുകയും വേണം. PHC യിൽ LHI തസ്തിക സൃഷ്ടിച്ച് നിയമനം നടത്തണം.

(ii) കാര്യക്ഷമത കുറഞ്ഞതും കാലാഹരണപ്പെട്ടതുമായ "മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട്", "ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട്" എന്നീ നിയമാവലികൾ കാലോചിതമായി പുതുക്കി, പുതിയ പഞ്ചായത്തീരാജ് സംവിധാനത്തിന്റെ പശ്ചാത്തലത്തിൽ പ്രാദേശിക ഭരണകൂടങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുകയും, അവ ഫലപ്രഥമായും, ഗുണപരമായും ഉപയോഗിക്കുന്നതിനുള്ള അവസരമൊരുക്കുകയും ചെയ്യേണ്ടതാണ്.

(iii) പഞ്ചായത്തിലെ ഭക്ഷണവിൽപന കേന്ദ്രങ്ങൾ 3 മാസം കൂടുമ്പോഴെങ്കിലും ആരോഗ്യ പരിശോധനക്ക് വിധേമാക്കി സാനിററി സർട്ടിഫിക്കററ് നൽകേണ്ടതും, ഭക്ഷണം പാകം ചെയ്യുന്നവർ, വിതരണം നടത്തുന്നവർ തുടങ്ങിയവർ കാളയളവ് നിശ്ചയിച്ച് ഹെൽത്ത് ചെക്കപ്പിനു വിധേയരാവേണ്ടതുമാണ്.

(iv) സ്ക്കൂൾ ഹെൽത്ത് ക്ലബ്ബുകളുടെ പ്രവർത്തനം നിർബ്ബന്ധിതവും, ഊർജ്ജസ്വലവുമാക്കണം.

(v) പഞ്ചായത്തിനൊരു അറവുശാല ഏർപ്പെടുത്തണം.

(vi) പഞ്ചായത്തിനൊരു ഡമ്പിംഗ് ഗ്രൗണ്ട് ഉണ്ടാക്കണം.

(vii) 5000 ജനസംഖ്യക്ക് ഒരു സബ്ബ് സെന്റർ വച്ചുകണക്കാമ്പുമ്പോൾ പഞ്ചായത്തിനകത്ത് 8 സബ്ബ് സെന്ററുകൾ ആണുണ്ടാവേണ്ടത്. നിലവിൽ 6 എണ്ണം മാത്രമേയുള്ളൂ. 2 എണ്ണം കൂടി സ്ഥാപിക്കണം.

## പഞ്ചായത്തിനൊരു രക്തദാനസേന

പഞ്ചായത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സാമൂഹ്യസാംസ്ക്കാരിക സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പഞ്ചായത്തിൽ ഒരു രക്തദാനസേന രൂപീകരിക്കണം. ഈ പ്രവർത്തനത്തിന് PHC നേതൃത്വം നൽകണം.

## ഹെൽത്ത് കാർഡ് സംവിധാനം

കുട്ടികൾക്കുനൽകുന്ന പ്രതിരോധ കുത്തിവെയ്പുകാർഡിന് തുടർച്ച വേണം. പഞ്ചായത്തിലെ ഓരോരുത്തർക്കും ഒരു ഹെൽത്ത് കാർഡ്. ഓരോരുത്തരുടേയും മുൻകാല ആരോഗ്യ സ്ഥിതിയും ചികിത്സാവിവരങ്ങളും ഇതിൽ രേഖപ്പെടുത്തണം. പഞ്ചായത്തിലെ ആരോഗ്യപ്രവർത്തകരുടേയും, സന്നദ്ധസാമൂഹ്യ പ്രവർത്തകരുടേയും കൂട്ടായ ശ്രമത്തിലൂടെ ഇതു നടപ്പിലാക്കാവുന്നതാണ്.

## വൃദ്ധചികിത്സാകേന്ദ്രം

അടുത്ത നൂററാണ്ടിന്റെ ആദ്യദശകത്തിന്റെ അവസാനമാവുമ്പോഴേക്കും കേരളത്തിലെ ജനസംഖ്യയുടെ 18% പേർ അറുപതിനു വയസ്സിനു മുകളിലുള്ളവരായിരിക്കും എന്നാണ് വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നത്. അതിനാൽത്തന്നെ ഭാവിയിൽ വൃദ്ധരുടെ ആരോഗ്യസംരക്ഷണം ഒരു വെല്ലുവിളിയായി മാറും. ഇത് മുൻകൂട്ടിക്കണ്ട് വൃദ്ധരുടെ സർവ്വതോന്മുഖമായ സുരക്ഷിതത്വം ലാക്കാക്കി നമ്മുടെ പഞ്ചായത്തിൽ ഒരു വൃദ്ധചികിത്സാകേന്ദ്രം ആരംഭിക്കണം.

## അങ്ങാടിപ്പുറം സമഗ്ര ആരോഗ്യ പരിപാടി

പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ, മുൻസൂചിപ്പിച്ച പ്രഖ്യാപിത ലക്ഷ്യങ്ങൾ നേടുകയും, പഞ്ചായത്തിലെ ഓരോ വ്യക്തിയുടേയും പ്രാഥമികാരോഗ്യ ആവശ്യങ്ങൾ നിറവേററപ്പെടുകയും ചെയ്യുന്ന തരത്തിൽ ഒരു സമഗ്ര ആരോഗ്യ പരിപാടി ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്. സമ്പൂർണ്ണമായ ഒരു ആരോഗ്യ സർവ്വേയുടെ അടിസ്ഥാനത്തിൽ മാത്രമേ അത്തരം ഒരു പരിപാടിയുടെ സ്വഭാവം നിർണ്ണയിക്കാൻ കഴിയൂ.

ആരോഗ്യപ്രവർത്തകരുടെ വൈദഗ്ദ്ധ്യ സംഭാവനയും നേതൃത്വവും, ജനകീയ അധ്വാനവും സമാഹരിച്ചുവേണം പദ്ധതി നടപ്പിലാക്കുവാൻ. പരിപാടിയുടെ ദിശാഗതിനിയന്ത്രണത്തിന് ജനങ്ങൾക്ക് ഇടപെടാനുള്ള അവസരമുണ്ടാവണം.

ആരോഗ്യപരമായ ഒരു ജീവിതം നയിക്കുകയും, സാമൂഹ്യവും ശാരീരികവുമായി ആരോഗ്യപരമായ നല്ല അവസ്ഥയിലേക്കൊരുക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിനു വേണ്ടിയുള്ള പ്രവർത്തനരംഗങ്ങളിൽ മറെറന്തും മറന്ന് നമുക്കൊരുമിക്കാം. പഞ്ചായത്തിലെ മുഴുവൻ ആളുകളേയും ആരോഗ്യപൂർണ്ണതയിലെത്തിക്കുന്നതിനു വേണ്ടിയാവട്ടെ ഇനി നമ്മുടെ മുഴുവൻ ശ്രമങ്ങളും.

□ □ □

## ആരോഗ്യ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള ഗ്രാമസഭാനിർദ്ദേശങ്ങൾ

| വാർഡ് | സർക്കാർ സ്ഥാപനങ്ങൾ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|
| 1 | PHC -1, IPP സബ്ബ് സെന്റർ - 1 | മരുന്നുകൾ ലഭ്യമാക്കണം, PHC ക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കണം, അറവ്, മത്സ്യ - മാംസ വിൽപന കേന്ദ്രങ്ങൾ ആരോഗ്യ പരിശോനക്ക് വിധേയമാക്കണം. |
| 2 | IPP സബ്ബ് സെന്റർ - 1 | മരുന്നുകൾ ലഭ്യമാക്കണം, സബ്ബ് സെന്ററിൽ ക്ലിനിക് സൗകര്യം ഏർപ്പെടുത്തണം, അംഗൻവാടികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം, മാസത്തിലൊരിക്കൽ ഡോക്ടർ അംഗൻവാടികൾ സന്ദർശിക്കണം. |
| 3 | ഇല്ല | ഒരു രക്തദാനസേന രൂപീകരിക്കണം, കക്കൂസുകൾ വ്യാപകമാക്കണം, സബ്ബ് സെന്റർ വഴി മരുന്നുകൾ ലഭ്യമാക്കണം |
| 4 | FWC തിരൂർക്കാട് | അംഗൻവാടികൾ വഴിയും അയേൺ ഗുളികകൾ നൽകണം, കൊതുകു നിർമ്മാർജ്ജന പ്രവർത്തനം കാര്യക്ഷമമാക്കണം |
| 5 | IPP സബ്ബ് സെന്റർ | IPP സെന്ററുകൾ വഴി മരുന്നുകൾ ലഭ്യമാക്കണം, ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം, കൊതുകു നിർമ്മാർജ്ജന പ്രവർത്തനം കാര്യക്ഷമമാക്കണം |
| 6 | ഇല്ല | റോഡരുകിൽ മാംസാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നത് തടയണം, ബോധവൽക്കരണ ക്ലാസ്സുകൾ ഫലപ്രദമായി നടപ്പിലാക്കണം. |
| 7 | ഇല്ല | ബോധവൽക്കരണ പ്രവർത്തനം ഊർജ്ജിതമാക്കണം, കൊതുകു നിർമ്മാർജ്ജന പ്രവർത്തനം കാര്യക്ഷമമാക്കണം, പരിസര ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. |
| 8 | FW സെന്റർ | കൊതുകു നിർമ്മാർജ്ജന പ്രവർത്തനം കാര്യക്ഷമമാക്കണം, വിതരണം നടത്തുന്ന ജലത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തണം, ഹോട്ടലുകൾ ആരോഗ്യ പരിശോധനക്ക് വിധേയമാക്കണം. മലിനീകരണം സംഭവിച്ച കിണറുകൾ ഉപയോഗ യോഗ്യമാക്കണം. |
| 9 | ഇല്ല | വാർഡിൽ മരുന്നും ചികിത്സയും ലഭ്യമാക്കണം |
| 10 | IPP സബ്ബ് സെന്റർ | സെന്ററിൽ മരുന്നുകൾ ലഭ്യമാക്കണം, അറവുശാലകളിൽ ആരോഗ്യ പരിശോധന നടത്തണം, ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ വ്യാപകമാക്കണം. |
| 11 | ഇല്ല | വാർഡിലൊരു ഡിസ്പെൻസറി ആരംഭിക്കണം, അംഗൻവാടികളിലെ ഭക്ഷണം ആരോഗ്യ വകുപ്പധികൃതർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തണം |
| 12 | ഹോമിയോ ഡിസ്പെൻസറി | കൊതുകുശല്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം, വാർഡിലൊരു ഹെൽത്ത് സെന്ററാരംഭിക്കണം, ഹോമിയോ ആശുപത്രിക്ക് ചുററുമതിൽ കെട്ടി കോട്ടേഴ്സ് പണിയണം. |
| 13 | ഇല്ല | പരിസര ശുചീകരണത്തിന് സംവിധാനമേർപ്പെടുത്തണം, ആരോഗ്യ ക്ലാസ്സുകൾ വ്യാപകമായി നടത്തണം |
| 14 | ഇല്ല | വാർഡിലൊരു പൊതുജനാരോഗ്യ കേന്ദ്രമാരംഭിക്കണം, അരിപ്ര സബ്ബ് സെന്ററിൽ മരുന്നുകൾ ലഭ്യമാക്കണം, ആഴ്ചയിലൊരിക്കൽ ഡോക്ടറുടെ സേവനം ഈ വാർഡിൽ ലഭ്യമാക്കണം. |

## കുടിവെള്ളം



ഒരു സമൂഹത്തിന്റെ ആരോഗ്യനിലവാരം നിർണ്ണയിക്കുന്നതിൽ പ്രഥമഘടകം ആ പ്രദേശത്തെ കുടിവെള്ള ലഭ്യതയാണെന്നാണ് വിദഗ്ധർ അവകാശപ്പെടുന്നത്. അങ്ങാടിപ്പുറം പഞ്ചായത്തിലെ ഏതാണ്ട് 83% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെത്തന്നെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിനകത്ത് 2767 കിണറുകളുണ്ട്. ഇതിൽ ഏതാണ്ട് 50% കിണറുകളും വേനലിൽ വററിപ്പോവുന്നവയാണ്. ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ് ജലക്ഷാമം അനുഭവപ്പെടുന്നത്. ഇതിൽത്തന്നെ ഫെബ്രുവരി മുതൽ മെയ്മാസം വരെ അനുഭവപ്പെടുന്ന ജലദാരിദ്ര്യം അതിരൂക്ഷമാണ്. പഞ്ചായത്തിനകത്ത് 28 പൊതുകിണറുകളാണുള്ളത്. ഇതിൽ പതിനൊന്നെണ്ണവും ഉപയോഗ്യശൂന്യമാണ്.

പട്ടിക.1. പൊതുകിണറുകൾ *(അവലംബം വാർഡ് മെമ്പർമാരുടെ റിപ്പോർട്ട്)*

| വാർഡ് | ആകെ എണ്ണം | സ്ഥിതി ചെയ്യുന്ന സ്ഥലം | ആവശ്യം നിറവേററാത്തവ | എണ്ണം |
|---|---|---|---|---|
| 1 | ഇല്ല | * | * | * |
| 2 | 4 | ലക്ഷം വീട് കോളനി, ചേങ്ങോട്ട് കോളനി, ചേനംകണ്ടം കോളനി, മൂന്നാക്കിൽ കോളനി പ്രദേശം | ചേനം കണ്ടം കോളനി കിണർ | 1 |
| 3 | 3 | ഇല്ലിക്കൽ പറമ്പ്, തിരൂർക്കാട് ടൗൺ, തോണിക്കര ലക്ഷം വീട് ഭാഗം. | തിരൂർക്കാട് ടൗണിലെ കിണർ | 1 |
| 4 | 4 | കാക്കക്കുന്ന് കോളനി, കാക്കക്കുന്ന് ചെറുമൻ കോളനി, ഇല്ലത്തുപറമ്പ് കോളനി, ഹൈസ്ക്കൂൾ പടി | കാക്കക്കുന്ന് ചെറുമൻ കോളനി കിണർ, ഹൈസ്ക്കൂൾപ്പടി കിണർ | 2 |
| 5 | 2 | കോലോത്ത് ചാള കോളനി, ഇല്ലത്തുപറമ്പ് കോളനി, | * | * |
| 6 | * | * | * | * |
| 7 | 3 | കിഴക്കേക്കരപ്പടി ചാത്തോലിക്കുണ്ട് ഹരിജൻ കോളനി, റെയിൽവേ സ്റ്റേഷൻ പരിസരം | ചാത്തോലിക്കുണ്ട് കോളനി കിണർ | 1 |
| 8 | 5 | വൈലോങ്ങര, വില്ലേജ് ഓഫീസ് പ്രദേശം, ഹെൽത്ത് സെന്റർ പ്രദേശം, മരിങ്ങത്ത്, ലക്ഷം വീട്. | ലക്ഷം വീട് കിണർ | 1 |
| 9 | * | * | * | * |
| 10 | 2 | പള്ളിപ്പടി, ലക്ഷം വീട് കോളനി | പള്ളിപ്പടി, ലക്ഷംവീട് കോളനി | 2 |
| 11 | * | * | * | * |
| 12 | 2 | പട്ടിക്കുന്ന്, സ്ക്കൂൾപ്പടി | * | * |
| 13 | 2 | വഴിപ്പാറ, അഴുവളപ്പിൽ തൊടി | വഴിപ്പാറ, അഴുവളപ്പിൽത്തൊടി | 2 |
| 14 | 1 | വെള്ളാരംകല്ല് കിണർ | വെങ്ങാരം കല്ല് കിണർ | 1 |
| | 28 | ആകെ | | 11 |

പഞ്ചായത്തിനകത്ത് ആകെ 16 പൊതുകുഴൽ കിണറുകളാണുള്ളത്.ഇതിൽ രണ്ടെണ്ണം ഉപയോഗശൂന്യമാണ്. പൊതുകുഴൽകിണറുകളെ ക്കുറിച്ചുള്ള വിവരങ്ങൾ പട്ടികപ്പെടുത്തി താഴെക്കൊടുക്കുന്നു.

പട്ടിക.2. പൊതു കുഴൽകിണറുകൾ

| വാർഡ് | ആകെ എണ്ണം | കിണറിന്റെ സ്ഥലം | ഉപയോഗ യോഗ്യമല്ലാത്തത് | എണ്ണം |
|---|---|---|---|---|
| 1 | * | * | * | * |
| 2 | * | * | * | * |
| 3 | 1 | തോണിക്കര | തോണിക്കര | 1 |
| 4 | 3 | ഇല്ലത്തുപറമ്പ് ഹരിജൻ കോളനി, കാക്കക്കുന്ന് കോളനി | * | * |
| 5 | 2 | മാക്കാടായിക്കുന്ന് കോളനി, മേലേ അരിപ്ര മുക്രിയൻപടി | * | * |
| 6 | 1 | കുന്നത്ത് പടി | * | * |
| 7 | 1 | ചാത്തോലിക്കുണ്ട് | * | * |
| 8 | 2 | കായക്കുണ്ട് ലക്ഷം വീട് | * | * |
| 9 | * | തട്ടാരക്കാട് സ്ക്കൂൾ പറമ്പ് | * | * |
| 10 | 2 | ലക്ഷം വീട് വടക്കേക്കര | ലക്ഷം വീട | * |
| 11 | * | * | * | * |
| 12 | 3 | പട്ടിക്കുന്ന്, സ്ക്കൂൾ പടി, കിഴക്കേമുക്ക് | * | * |
| 13 | * | * | * | * |
| 14 | * | * | * | * |
| | 16 | ആകെ | | 2 |

*(അവലംബം: വാർഡുമെമ്പർമാരുടെ റിപ്പോർട്ട്, ഗ്രാമചർച്ച)*

കേരള വാട്ടർ അതോറിററിയുടെ ജലവിതരണം പഞ്ചായത്തിലുണ്ടെങ്കിലും ബഹുഭൂരിപക്ഷം പ്രദേശങ്ങളിലും ഇത് എത്തുന്നില്ല. വാട്ടർ അതോറിട്ടിയുടെ പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽത്തന്നെ കാര്യക്ഷമമായല്ല ജലവിതരണം നടത്തുന്നത്. ചില പ്രദേശങ്ങളിൽ ടാപ്പുകളിലൂടെ ജലവിതരണം നടക്കുന്നേയില്ല. നാലു സ്ക്കീമുകൾ വഴിയാണ് വാട്ടർ അതോറിട്ടി പഞ്ചായത്തിനകത്ത് ജലവിതരണം നടത്തുന്നത്. കായക്കുണ്ട ഭാഗത്തേക്കുള്ള ഒരു പദ്ധതിയുടെ പണി പൂർത്തിയായിട്ടുണ്ടെങ്കിലും ഇനിയും കമ്മീഷൻ ചെയ്തിട്ടില്ല. വാട്ടർ അതോറിട്ടി പഞ്ചായത്തിനകത്ത് 27 കിലോമീററർ ദൂരത്തിൽ പൈപ്പ്ലൈൻ സ്ഥാപിച്ച് ജലവിതരണം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. പഞ്ചായത്തിലെ ജലവിതരണ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക.3. KWA പദ്ധതികൾ (RWSS)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ജലസ്രോതസ്സ് | കുതിര ശക്തി |
|---|---|---|---|
| 1 | RWSS ഓരൊടം പാലം | കുഴൽക്കിണർ | 22.5 |
| 2 | RWSS മുതുവറ 1 | കുഴൽക്കിണർ | 17.5 |
| 3 | RWSS മുതുവറ 2 | കുഴൽക്കിണർ | 12.5 |
| 4 | WSS വൈലോങ്ങര | തുറന്ന കിണർ | 20 HP |
| 5 | WSS വലമ്പൂർ | കുഴൽക്കിണർ | 7 HP |

*(അവലംബം: സെക്കന്ററി ഡാറ്റാ)*

എല്ലാ സ്രോതസ്സിൽ നിന്നുമുള്ള ജലം പ്രധാനലൈനിലേക്ക് ബന്ധിപ്പിച്ചാണ് വാട്ടർ അതോറിട്ടി ജലവിതരണം നടത്തുന്നത്. മുതുവറ കുഴൽ കിണർ, ഓരാടംപാലം പുഴയിലെ കിണർ എന്നിവയിൽനിന്ന് വേനൽകാലത്ത് ആവശ്യത്തിന് ജലം ലഭിക്കുന്നില്ല. ലക്ഷ്യപ്രാപ്തി ടുന്നതിൽ അവ പരാജയപ്പെട്ടിരിക്കുന്നു.

പഞ്ചായത്തിൽ ആകെ 208 പൊതു ടാപ്പുകളാണുള്ളത്. 803 ഹൗസ് കണക്ഷൻസ്സുള്ളതിൽ 785 എണ്ണം ഗാർഹികാവശ്യത്തിനുള്ളതും 18 എണ്ണം ഗാർഹികേതരാവശ്യത്തിനുള്ളതുമാണ്.

പഞ്ചായത്തിലെ കുടിവെള്ളാവശ്യത്തിനുപയോഗിക്കുന്ന കിണറുകളിലെ വെള്ളത്തിന്റെ ഗുണനിലവാരം ഇതുവരെ പപരിശോധിക്കപ്പെട്ടിട്ടില്ല. കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നത് ആരോഗ്യ വകുപ്പിന്റേയും സന്നദ്ധപ്രവർത്തകരുടേയും കൂട്ടായ ശ്രമങ്ങളിലൂടെ ഒരു വലിയ ജനകീയ പരിപാടിയായി ഏറ്റെടുക്കാവുന്ന ഒരു പ്രവർത്തനമാണ്. അങ്ങാടിപ്പുറം റെയിൽവേ ഗേററിനു സമീപമുള്ള ഏഴോളം വരുന്ന കിണറുകളിലെ വെള്ളത്തിൽ ഹൈഡ്രജൻ സൾഫൈഡും, ഇരുമ്പിന്റെ അംശവും ഉയർന്ന തോതിൽ കലർന്ന് ഉപയോഗശൂന്യമായി മാറിയിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം ഒരു പ്രവർത്തനത്തിന് പ്രസക്തിയേറിയിരിക്കുന്നു. ഇത്തരം മലിനീകരണപ്രശ്നങ്ങൾ ഗൗരവബുദ്ധ്യാ പരിശോധിക്കപ്പെടേണ്ടതും പരിഹരിക്കേണ്ടതുമാണ്.

ജലക്ഷാമം പരിഹരിക്കുന്നതിനുള്ള ജനകീയശ്രമത്തിന്റെ പഞ്ചായത്തിലെ തുടക്കമാണ് അൽപാക്കുളം ശുചീകരണപ്രവർത്തനം. അൽപാക്കുളത്തിലെ ചെളി നീക്കം ചെയ്യുന്നതിനു മുൻപ് (1989) ഈ കുളത്തിൽ വരൾച്ചയുടെ മൂർദ്ധന്യാവസ്ഥയിലും 1.5 മീററർ ആഴത്തിൽ വെള്ളം കെട്ടിനിൽക്കുന്നതാണെന്നും, വേനലിൽ വററാത്തതാണെന്നും CWRDM ന്റെ TANKS AND PONDS OF KERALA എന്ന ഗവേഷണ റിപ്പോർട്ടിൽ പറയുന്നു. ഈ കുളം ചുററുമതിൽ കെട്ടി സംരക്ഷിച്ച് ശുദ്ധജലവിതരണപദ്ധതിയാരംഭിച്ചാൽ ജലക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്. CWRDM ന്റെ മേൽറിപ്പോർട്ടിൽത്തന്നെ പഞ്ചായത്തിലെ മററു കുളങ്ങളെക്കുറിച്ചും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവയുടെ സാധ്യതകളും പരിശോധിക്കപ്പെടണം.

പഞ്ചായത്തിൽ ഓരോവർഷം കഴിയുന്തോറും രൂക്ഷമായിക്കൊണ്ടിരിക്കുന്ന കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുക എന്നത് മുൻഗണനാക്രമത്തിൽ പ്രഥമസ്ഥാനം നൽകി നടപ്പിലാക്കേണ്ട പ്രവർത്തനമാണ്. ചെറുകിടപദ്ധതികളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ എല്ലാ വാർഡുകളിൽനിന്നുമുയർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തുതലത്തിലും ബ്ലോക്കുപഞ്ചായത്തുകളുടെ നേതൃത്വത്തിലും, നടപ്പിലാക്കാവുന്ന ചില നിർദ്ദേശങ്ങൾ ചർച്ചകൾക്കും വിലയിരുത്തലുകൾക്കുമായി ചേർക്കുന്നു.

(i) പുലാമന്തോൾ പുഴയിൽ നിന്നും ജലം പമ്പ്ചെയ്ത് ചീരട്ടാമലക്ക് മുകളിൽ ടാങ്ക് നിർമ്മിച്ച് സംഭരിച്ച് വിതരണം നടത്തിയാൽ പഞ്ചായത്തിനകത്തുമുഴുവൻ ജലവിതരണം നടത്തുവാൻ സാധിക്കും. യന്ത്രസഹായമില്ലാതെ തന്നെ ജലവിതരണം നടത്തുവാൻ സാധിക്കുമെന്നതാണ് ഈ പദ്ധതിയുടെ ഗുണകരമായ വശം.

(ii) 3ാം വാർഡിലെ പുളിയിലക്കുളത്തിലും, വാർഡിന്റെ പടിഞ്ഞാറേ അതിർത്തിയിലെ പുഴയിലും, കിണറുകൾ സ്ഥാപിച്ച് വെള്ളം പമ്പുചെയ്ത് കൂരിക്കുന്നിനുമുകളിൽ ടാങ്ക് നിർമ്മിച്ച് ജലം സംഭരിച്ച് വിതരണം നടത്തിയാൽ വലമ്പൂർ വില്ലേജ് മുഴുവൻ ജലവിതരണം നടത്തുവാൻ സാധിക്കും.

## ജനകീയതലത്തിൽ നടപ്പിലാക്കാവുന്ന ചില നിർദ്ദേശങ്ങൾ

(i) ഉയർന്ന സ്ഥലങ്ങളിൽ മഴക്കുഴികൾ നിർമ്മിച്ചും വരമ്പുകളിട്ടും മഴവെള്ളം സംഭരിച്ച് പഞ്ചായത്തിലെ ഭൂഗർഭജലം വർദ്ധിപ്പിക്കുക.

(ii) നിലവിലുള്ള തോടുകളിൽ നാടൻതടയിണകൾ കെട്ടി ഓടിപ്പോവുന്ന ജലത്തെ നടത്തിക്കുന്നതിനുള്ള ശ്രമങ്ങളാരംഭിക്കുക.

(iii) പപഞ്ചായത്തിനകത്ത് ഉപയോഗ ശൂന്യമായിക്കിടക്കുന്ന കുഴികളും, പൊട്ടക്കിണറുകളും, ജലസംഭരണത്തിനായി ഉപയോഗപ്പെടുത്തുക.

(iv) ജീവൻ നിലനിർത്തുന്നതിനും വളരുന്നതിനും വേണ്ട അനവാര്യമായ ഘടകമാണ് വെള്ളം. ഓരോ വേനൽക്കാലത്തും വരൾച്ചയുടെ കാഠിന്യത്തിൽ നമ്മൾ പൊറുതിമുട്ടുകയും, വർഷക്കാലത്ത്, കഴിഞ്ഞുപോയതും വരാനിരിക്കുന്നതുമായ കൊടുംവേനലിനെ ബോധപൂർവ്വം മറന്നുകൊണ്ട് ജലത്തിന്റെ ഉപയോഗധൂർത്ത് തുടരുകയും ചെയ്യുന്നു. ഇനിയുമിതാവർത്തിക്കുകയാണെങ്കിൽ വറുതിയും, രൂക്ഷമായ ജലക്ഷാമവും നമ്മുടെ സാമ്പത്തികഭദ്രതയേയും നിലനിൽപിനെത്തന്നെയും അപകടത്തിലാക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഈ പ്രശ്നത്തെ സമഗ്രമായി കാണാനും, ശാശ്വതമായ പരിഹാരം കാണാനും, നമുക്ക് കഴിയില്ലെ? ജലത്തിന്റെ ഉപയോഗം എത്രകണ്ട് കുറയ്ക്കാം? കുടിവെള്ളം വാഹനം കഴുകാനും മററും ഉപാേഗിക്കുന്നത് ഇനിയും അനുവദിക്കേണ്ടതുണ്ടോ? വീടുകളിലുണ്ടാവുന്ന മലിനജലം പാഴാക്കിക്കളയാതെ പരമാവധി ഫലപ്രദമായി ഉപയോഗിക്കുവാൻ നമുക്കെന്ത് ചെയ്യാൻ കഴിയും? ഇത്തരം കാര്യങ്ങളെക്കുറിച്ചുള്ള അവബോധത്തിന്റെ കുറവ് നമ്മുടെ ജലമാനേജ്മെന്റിനെ ബാധിക്കുന്നില്ലേ? ജലവ്യവസ്ഥ സന്തുലിതമായി സംരക്ഷിക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് ഒരു സാമൂഹ്യ അവബോധം സൃഷ്ടിച്ചെടുക്കാൻ നമ്മുടെ പഞ്ചായത്തിന് തനതായ ഒരു "ജലസാക്ഷരതാപരിപാടിയും" പ്രവർത്തനങ്ങളും രൂപപ്പെടുത്തിയെടുക്കേണ്ടിയിരിക്കുന്നു. അത്തരം ഒരു പ്രവർത്തനത്തിനുവേണ്ട മണ്ണൊരുക്കലിനുള്ള ശ്രമങ്ങൾ ആരംഭിക്കാനുള്ള വേദിയായി ഈ സെമിനാറിനെ മാററാൻ നമുക്ക് കഴിയണം.

## ഗ്രാമസഭാചർച്ചകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

**വാർഡ് 1 വലമ്പൂർ:** കലംപറമ്പിൽ കോളനിഭാഗം, വാതേങ്ങൽ കോളനിഭാഗം, ALPs പരിസരം, ഇന്താലിക്കുളമ്പുഭാഗം, വലമ്പൂർസെന്റർ, അടാട്ടുകുന്ന് തണ്ടാംപാറഭാഗം എന്നിവിടങ്ങളിലാണ് ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ. IPP സബ്ബ്സെന്ററിലുള്ള കുഴൽക്കിണർ നന്നാക്കുക. പാച്ചീരിക്കുളം, കൂരിയാട്ടുകുളം എന്നിവ വൃത്തിയാക്കി പമ്പിംഗ് ആരംഭിക്കുക.

**വാർഡ് 2 LP സ്ക്കൂൾ പ്രദേശം:** ചേങ്ങോട്ട് കോളനിവിഭാഗം, ചേനംകണ്ടൻ കോളനിവിഭാഗണ. വാതേങ്ങൽ കോളനിഭാഗം, അത്താണിക്കൽ ഭാഗം, നൂറുൽഹുദാ മദ്രസ്സ മുതൽ ഹരിജൻ കോളനിവരെയുള്ള ഭാഗങ്ങൾ എന്നിവിടങ്ങളാണ് പ്രശ്നബാധിത പ്രദേശങ്ങൾ. വാർഡിലെ പൊതുകിണർ വൃത്തിയാക്കി പമ്പിംഗ് ആരംഭിക്കുക, തട്ടാരക്കടവ് KWA കിണറും, പമ്പ് ഹൗസും, പ്രവർത്തനം ആരംഭിക്കുക, ചേങ്ങോട്ടുകുന്നിനുതാഴെ പാടത്ത് കിണർ കുഴിച്ച് പമ്പ് ചെയ്ത്

ജലവിതരണം നടത്തുക. ഏറാന്തോട് ലക്ഷം വീട് കോളനിയിൽ ഒരു കുഴൽക്കിണർ കുഴിക്കുക. വാർഡിൽ പൊതുടാപ്പുകൾ നിർമ്മിക്കുക.

പട്ടിണിപ്പാവങ്ങളായ ഗ്രാമീണരെ ദാരിദ്ര്യരേഖക്ക് മുകളിലേക്കുയർത്തി ജീവിക്കാനാവശ്യമായ തൊഴില വരുമാനവും നൽകാനുള്ള പദ്ധതിയാണ് IRDP. നാട്ടിൻ പുറങ്ങളിലെ ദരിദ്രരെ തേടിപ്പിടിച്ച് അവർക്കു തൊഴില പുതുജീവിതവും നൽകാനുള്ള ഈ പദ്ധതി ദാരിദ്ര്യത്തിനെതിരെയുള്ള നേരിട്ടുള്ള ഒരാക്രമണമ ചിത്രീകരിക്കപ്പെടുന്നു. 11000/- രൂപ വരെ വരുമാനമുള്ള കുടുംബങ്ങളെ മുൻഗണനാ അടിസ്ഥാനത്തിലാ ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രാമവികസന വകുപ്പിന്റെ കുടുംബ സർവ്വെകളിലൂടെയാ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. അങ്ങാടിപ്പുറം പഞ്ചായത്തിൽ, IRDP സർവ്വെ പ്രകാരം 2186 കുടുംബങ്ങ ദാരിദ്ര്യ രേഖക്ക് താഴെയാണ് എന്ന് കണ്ടെത്തുകയുണ്ടായി. ഇതിൽ 184 എണ്ണം പട്ടികജാതിക്കാരുടേതാ ഇതിൽ 198 കുടുംബങ്ങൾ ക്കു മാത്രമേ IRDP സഹായം ലഭിച്ചിട്ടുള്ളു. ഇങ്ങനെ സഹായം ലഭിക്കുക വഴി 1 കുടുംബങ്ങൾ ദാരദ്ര്യ രേഖക്ക് മുകളിലെത്തുകയുണ്ടായി എന്ന് കണക്കുകൾ കാണിക്കുന്നു. ബാക്കി 19 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയാണ്. ആകെ അർഹരായ കുടുംബങ്ങളിൽ 9% ത്തിന് മാത്രമേ ഇ പദ്ധതി വഴി സഹായം ലഭിക്കുകയുണ്ടായിട്ടുള്ളൂ. അർഹരായ മുഴുവൻ പേർക്കും സഹായം ലഭ്യമാകത്ത വിധം പദ്ധതിയുടെ നടത്തിപ്പ് വിപുലീകരിക്കേണ്ടതുണ്ട്.

പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങ പരിഗണിക്കാവുന്നതാണ്.

1) നിലവിലുള്ള IRDP പട്ടിക 9ാം പദ്ധതിക്ക് വേണ്ടി പരിഷ്ക്കരിക്കേണ്ടതാണ്.

2) സമഗ്രമായ കുടുംബ സർവ്വെ നടത്തി തികച്ചും വരുമാന അടിസ്ഥാനത്തിലും മുൻഗണനാക്രമത്തില ലിസ്റ്റ് തയ്യാറാക്കി അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനായി ഗ്രാമസഭകളിൽ ചർച്ച ചെയ്യേണ്ടത തുടർന്ന് പഞ്ചായത്ത് സമിതിയുടെ അംഗീകരണത്തിന് വിധേയമാക്കേണ്ടതുമാണ്.

3) നിർബന്ധമായും ഈ ലിസ്റ്റിലെ മുൻഗണനാക്രമത്തിൽ മാത്രം ധനസഹായം അനുവദിക്കേണ്ടതാ മുൻഗണനാക്രമം കൃത്യമായി പാലിക്കപ്പെട്ടാൽ ദരിദ്രരിൽ ദരിദ്രർക്ക് (Poorest of the Poor) ആനുകൂല്യങ്ങ ലഭിക്കാതെ വരില്ല.

4) IAY, JRY, MWS തുടങ്ങിയ ഭവന നിർമ്മാണ പദ്ധതികളിലേയും CRSP പദ്ധതി പ്രകാരവും ഗുണഭോക്താക്ക തിരഞ്ഞെടുക്കുന്നതിന് IRDP list മാനദണ്ഡമാക്കാവുന്നതാണ്.

5) IRDP വരുമാനപരിധി കാലോചിതമായി പരിഷ്ക്കരിക്കണം.

6) ധനകാര്യസ്ഥാപനങ്ങളുടെ നിസ്സഹകരണം ഈ പദ്ധതിയുടെ നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുന്നു ഇതിനു പരിഹാരമായി തക്കതായ നിയമനിർമ്മാണം നടത്തേണ്ടതാണ്. സർവ്വീസ് സഹകരണ ബാങ്കുകളു നിയമ വ്യവസ്ഥകളും ലഘൂകരിക്കേണ്ടതാണ്.

7) അതാത് പ്രദേശത്തെ സാഹചര്യങ്ങൾക്കും വിലനിലവാരത്തിനും അനുസൃതമായ തുകതന്നെ യൂണി കോസ്റ്റായി നിശ്ചയിക്കണം

8) പദ്ധതിയുടെ ആസ്തിമാററം (Capital Deversion) ഒഴിവാക്കുന്നതിന് ജനപ്രതിനിധികളുടെ സഹകരണ ഉറപ്പുവരുത്തേണ്ടതാണ്.

9) IRDP ഗുണഭോക്താക്കൾക്ക് ആവശ്യമായി വരുമ്പോൾ യഥാസമയം രണ്ടാം ഘട്ടം സഹായ എത്തിച്ചുകൊടുക്കണം.

10) IRDP ഉൽപന്നങ്ങൾ വിററഴിക്കുവാൻ പഞ്ചായത്തുതലത്തിൽ എല്ലാ സഹായങ്ങളും ചെയ് കൊടുക്കണം. ആവശ്യമായ സങ്കർഭങ്ങളിൽ വിപണനമേളകൾ നടത്തണം.

IRDP സഹായ ലഭ്യതാ കണക്ക്

(അവലംബം: സെക്കന്ററി ഡാറ

| വർഷം | എണ്ണം | സബ്സിഡി തുക | വായ്പ | SC കുടുംബങ്ങൾ |
|---|---|---|---|---|
| 92 - 93 | 57 | 1,27,000 | 1,32,000 | 25 |
| 93 - 94 | 59 | 1,30, 000 | 2,25,000 | 21 |
| 94 -95 | 33 | 1,79,000 | 1,26,000 | 18 |
| 95 - 96 | 49 | 1,84,000 | 3,97,000 | 16 |
| Total | 198 | 6,20,000 | 6,55,225 | 80 |

DWCRA (ഗ്രാമീണ വനിതാ ശിശുവികസന പരിപാടി)

ഗ്രാമീണ വനിതകളുടെ സ്വാശ്രയത്വം മുൻ നിർത്തി 10 മുതൽ 15 വരെ സ്ത്രീകൾക്ക് മെച്ചപ്പെട്ട വരുമാനം കിട്ടുന്ന തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക വഴി സ്ത്രീകളുടെ സാമ്പത്തികാഭിവൃദ്ധിയും പദവിയും ഉറപ്പാക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. IRDP സർവ്വെ ലിസ്റ്റിൽപ്പെട്ട സ്ത്രീകളായിരിക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

പഞ്ചായത്തിൽ ആരംഭിച്ച DWCRA യൂണിററുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

*(അവലംബം: ദ്വിതീയ വിവര ശേഖരണം)*

| തൊഴിൽ സംരംഭത്തിന്റെ ഇനം | അനുവദിച്ച വർഷം | അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത |
|---|---|---|---|
| ഗ്രനൈററ് ക്രഷിംഗ് | 92-93 | 12 | പ്രവർത്തനം നടക്കുന്നില്ല |
| ആടു വളർത്തൽ | 92-93 | 5 | പ്രവർത്തനം ശരിക്ക് നടക്കുന്നില്ല |
| ആടു വളർത്തൽ | 93-94 | 12 | പ്രവർത്തനം നിലച്ചിരിക്കുന്നു. |
| കോഴി വളർത്തൽ | 94-95 | 12 | നല്ല നിലയിൽ പ്രവർത്തിക്കുന്നു |
| ആടു വളർത്തൽ | 94-95 | 12 | നല്ല നിലയിൽ പ്രവർത്തിക്കുന്നു |

പ്രഥമ ശ്രവണത്തിൽ വളരെ ആകർഷകമെന്ന് തോന്നുന്ന ഈ ദാരിദ്ര്യ നിർമ്മാർജന പരിപാടിയുടെ നമ്മുടെ പഞ്ചായത്തിലെ പ്രവർത്തന വിലയിരുത്തൽ ഒട്ടും ആവേശം പകരുന്നതല്ല എന്ന് കണക്കുകൾ കാണിക്കുന്നു. പഞ്ചായത്ത് തലത്തിൽ ആരംഭിച്ച 5 DWCRA യൂണിററുകളിൽ 3 എണ്ണവും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 92–93 മുതൽ 94–95 വരെയുള്ള കാലയളവിൽ 53 വനിതകൾക്കായി സബ്സിഡി അടക്കം 242100 രൂപ വിതരണം ചെയ്തതായി കണക്കുകൾ കാണിക്കുന്നു.

DWCRA യൂണിററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

1. ഉത്തരേന്ത്യൻ ഗ്രാമങ്ങളെപ്പോലെ 'Cluster' ആയിട്ടല്ല കേരളത്തിലെ ഗ്രാമങ്ങൾ. കേരളത്തിലെ ഭൗതക സാമ്പത്തിക സാമൂഹ്യ സാഹചര്യങ്ങൾക്കനുസൃതമായി പദ്ധതിയുടെ നിയമ വ്യവസ്ഥകളിൽ മാററം വരുത്തേണ്ടതാണ്.

2. ഇന്ന് നിലവിലുള്ള അശാസ്ത്രീയ ടാർജററ് സമ്പ്രദായം അവസാനിപ്പിക്കുകയും സാധ്യതയുള്ളിടത്ത് മാത്രം യൂണിററ് ആരംഭിക്കുകയും വേണം. യൂണിററിന്റെ സാധ്യത പരിശോധിക്കുമ്പോൾ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത, ഉൽപന്നങ്ങളുടെ വിപണന സൗകര്യങ്ങൾ എന്നിവ കണക്കാക്കേണ്ടതാണ്.

3. DWCRA യൂണിററുകളുടെ പ്രവർത്തനം വാർഡ് മെമ്പർമാർ വിലയിരുത്തണം. തങ്ങളുടെ വാർഡിലെ യൂണിററുകളുടെ പ്രശ്നങ്ങൾ അന്വേഷിക്കുകയും പുതിയ യൂണിററുകൾ തുടങ്ങാൻ സഹായം നൽകുകയും വേണം.

4. ജില്ലയിലെ DWCRA യൂണിററുകളുടെ ലിസ്റ്റും ഓരോന്നും നേരിടുന്ന പ്രശ്നങ്ങളും സംബന്ധിച്ച് ഒരു റിപ്പോർട്ട് ജില്ലാ പഞ്ചായത്തിന് നൽകുന്നതിന് DWRCA യുടെ ചാർജ്ജുള്ള അസിസ്റ്റന്റ് പ്രൊജക്ററ് ഓഫീസറോട് ആവശ്യപ്പെടാവുന്നതാണ്. പ്രവർത്തനം നിലച്ച യൂണിററുകളുടെ പ്രശ്നം പഠിച്ച് പഞ്ചായത്തിന്റെ സഹകരണത്തോടെ യൂണിററുകൾ പുനരുജ്ജീവിപ്പിക്കാവുന്നതാണ്.

5. ഓരോ പഞ്ചായത്തിനും അനുയോജ്യമായ DWCRA യൂണിററുകൾ കണ്ടുപിടിക്കാനും അവക്ക് പ്രൊജക്ററ് റിപ്പോർട്ട് തയ്യാറാക്കാനും പ്ലാനിംഗ് ബോർഡിന്റെ സഹകരണം തോടാവുന്നതാണ്.

__ട്രൈസം (TRYSEM) ഗ്രാമീണ യുവജന തൊഴിലുന്മുഖ പരിപാടി:__

ഗ്രാമീണ യുവതീ യുവാക്കൾക്ക് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉതകുന്ന സാങ്കേതികവും ഭരണപരവുമായ വൈദഗ്ദ്ധ്യം വളർത്തിയെടുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. IRDP ലിസ്റ്റിൽ സഹായം നൽകുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളിലെ 18നും 35നും മദ്ധ്യേ പ്രായമുള്ളവരാണ് ഗുണഭോക്താക്കൾ.

പഞ്ചായത്തിൽ ട്രൈസം പരിശീലനം ലഭിച്ചവരുടെ എണ്ണം താഴെ ചേർക്കുന്നു.

| വർഷം | പരിശീലനം ലഭിച്ചവരുടെ എണ്ണം | | പരിശീലനം ലഭിച്ചവരുടെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| | SC | മററുള്ളവർ | |
| 92-93 | 1 | - | 1 - Wage Employed |
| 93-94 | 1 | 5 | 6 - Wage Employed |
| 94-95 | - | - | - - |
| 95-96 | - | 3 | 3 - Wage Employed |
| | 2 | 8 | |

*(അവലംബം: സെക്കന്ററി ഡാററ, വി.ഇ.ഒ. ഓഫീസ്)*

ട്രൈസം പദ്ധതിയുടെ നടത്തിപ്പുകാര്യങ്ങൾ ഒരു പുനരവലോകനത്തിന് വിധേയമാക്കേണ്ടതാണെന്ന് മുകളിൽ കൊടുത്ത പട്ടിക വ്യക്തമാക്കുന്നു. കഴിഞ്ഞ 4 വർഷത്തിനുള്ളിൽ പഞ്ചായത്തിൽ 10 പേർക്ക് മാത്രമാണ് പരിശീലനം നൽകിയത്. പരിശീലനത്തിനുശേഷം ഇവരാരും തന്നെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ല.

ഈ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. ട്രൈസം പദ്ധതി പ്രകാരം പരിശീലനം ലഭിച്ചവർ പരിശീലനത്തിന് ശേഷം എന്ത് ചെയ്യുന്നു എന്ന് പരിശോധിക്കുകയും സ്വയം തൊഴിൽ കണ്ടെത്താൻ അവർക്ക് സഹായം നൽകുകയും വേണം.
2. ട്രൈസം പദ്ധതിയുടെ ഗുണഭോക്താക്കളെ ഗ്രാമസഭകൾ വഴി കണ്ടെത്തണം.
3. ട്രൈസം പരിശീലകരുമായി പഞ്ചായത്ത് മെമ്പർമാർ നിരന്തരം ബന്ധപ്പെടുകയും അവർക്കാവശ്യമായ സഹായം നൽകുകയും വേണം.
4. പരിശീലനം കാര്യക്ഷമമാക്കുകയും സ്റ്റൈപ്പന്റ് കാലോചിതമായി പരിഷ്ക്കരിക്കുകയും ചെയ്യേണ്ടതാണ്

__ജവഹർ തൊഴിൽ പദ്ധതി__ **(JRY)**

ദാരിദ്ര്യ രേഖക്ക് താഴെയുള്ള ഗ്രാമീണ തൊഴിൽ രഹിതർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് പട്ടികജാതി വിഭാഗങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ, സാമൂഹിക ആസ്തികൾ തുടങ്ങിയവ നിർമ്മിക്കുക. അതിലൂടെ ഭൗതിക ജീവിതത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് മററു ലക്ഷ്യങ്ങൾ. മൊത്തം പദ്ധതി വിഹിതത്തിന്റെ 10% IAY വീടുകൾക്കും 30% MWS സ്കീമുകൾക്കും മാററിവെച്ചിട്ടുണ്ട്.

ഈ പദ്ധതിപ്രകാരം നടപ്പുപദ്ധതികാലത്ത് പഞ്ചായത്തിൽ 95 വീടുകളും 195 കക്കൂസുകളും നിർമ്മിച്ചിട്ടുണ്ട്.

യാതൊരു കാരണവശാലും കോൺട്രാക്ററർമാർ മുഖേന JRY നടപ്പിലാക്കാൻ പാടില്ലെന്ന് മാർഗ്ഗ രേഖ നിർദ്ദേശിക്കുന്നുണ്ടെങ്കിലും ഗുണഭോക്തൃ കമ്മിററിയുടെ കൺവീനർ എന്ന നിലയിൽ കോൺട്രാക്ററർമാർ പ്രവർത്തി ഏറെറടുത്ത് നടത്തുന്നതായി കണ്ടുവരുന്നു. ഈ പ്രവണത അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്. JRY യെക്കുറിച്ചുള്ള അവബോധം വളർത്തിയെടുക്കുന്നതിനായി മാർഗ്ഗരേഖയിൽ പറയുന്ന പ്രകാരം പരിശീലന കളരി സംഘടിപ്പിക്കാവുന്നതാണ്. പഞ്ചായത്തു തലത്തിൽ തൊഴിൽ സേന രൂപീകരിച്ച് ഇവയുടെ നേതൃത്വത്തിൽ JRY പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കാവുന്നതാണ്. കൂടാതെ ഈ സ്കീമിൽപ്പെടുന്ന ഭവന നിർമ്മാണ പദ്ധതികളുടെ നിലവിലുള്ള ധനസഹായ തുക കാലോചിതമായി പരിഷ്ക്കരിക്കേണ്ടതാണ്.

**CRSP (Central Rural Sanitation Programme)**

ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളായ ആരോഗ്യം, ശുചിത്വം എന്നിവ ഉറപ്പുവരുത്തുന്നതിനായി കക്കൂസുകൾ നിർമ്മിച്ച് നൽകുന്ന ഒരു പരിപാടിയാണിത്. നിലവിലുള്ള ധനസഹായ തുക 2000/– രൂപയും ഗുണഭോക്താവിന്റെ വിഹിതം 500 രൂപയുമാണ്.

ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ 92–93 മുതൽ 95–96 വരെയുള്ള കാലയളവിൽ 1,41,000 രൂപ ചെലവാക്കി 69 കക്കൂസുകൾ നിർമ്മിച്ചിട്ടുണ്ട്. ഓരോ വർഷവും വളരെ കുറച്ച് ആളുകൾക്കേ ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നുള്ളൂ. പഞ്ചായത്തിൽ ആകെ 995 കുടുംബങ്ങള്ള കക്കൂസില്ലാത്തവരായിട്ടുണ്ട്. വരുന്ന 5 വർഷത്തിനകം ഇത്രയും പേർക്ക് കക്കൂസ് നിർമ്മിച്ച് നൽകുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടിയിരിക്കുന്നു.

*CRSP പദ്ധതി പ്രകാരം നിർമ്മിച്ചു നൽകിയ കക്കൂസുകളെ സംബന്ധിച്ച വിവരം*

| വർഷം | എണ്ണം | തുക |
|---|---|---|
| 92 - 93 | - | - |
| 93 - 94 | 23 | 46000 |
| 94 - 95 | 20 | 40000 |
| 95 - 96 | 26 | 55000 |

*(അവലംബം: ദ്വിതീയ വിവര ശേഖരണം V.E.O. ഓഫീസ്)*

ലാട്രേററ് പ്രതലം കൂടുതലുള്ള ജില്ലയിൽ 2പിററ് ലാട്രിൻ നിർബന്ധമാക്കണമെന്ന നിബന്ധന ഒഴിവാക്കേണ്ടതും കൂടുതൽ ആളുകൾക്ക കക്കൂസുകൾ ലഭ്യമാക്കുകയും സംഖ്യ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

**ടൂൾകിററ്**

ഗ്രാമപ്രദേശങ്ങളിലെ കൈത്തൊഴിൽ ചെയ്യുന്ന വിഭാഗങ്ങൾക്ക് നൂതന സാങ്കേതിക ഉപകരണങ്ങളും പണിയായുധങ്ങളും വിതരണം ചെയ്യുന്ന പരിപാടിയാണിത്. 92–93 മുതൽ 95–96 വരെ പഞ്ചായത്തിൽ 41 പേർക്ക് കിററ് വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയെ പററി ജനങ്ങളെ ബോധവാൻമാരാക്കേണ്ടതാണ്. സാധനങ്ങൾ യഥാസമയം വിതരണം ചെയ്യേണ്ടതും ധനസഹായ തുക ചുരുങ്ങിയത് 5000 രൂപയായി വർദ്ധിപ്പിക്കേണ്ടതുമാണ്.

പഞ്ചായത്തിൽ ടൂൾ കിററ് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ.

| വർഷം | 92 - 93 | 93 - 94 | 94 - 95 | 95- 96 | Total |
|---|---|---|---|---|---|
| എണ്ണം | 12 | 3 | 18 | 8 | 41 |

*(അവലംബം: ദ്വിതീയ വിവര ശേഖരണം)*

**ദേശീയ സമ്പാദ്യ പദ്ധതികൾ**

അങ്ങാടിപ്പുറം പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളേയും ദേശീയ സമ്പാദ്യ പദ്ധതിയിൽ കൊണ്ടു വരുന്നതിന് (ബചത് പഞ്ചായത്ത്) ജനകീയ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

**സാമൂഹ്യ ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

സാമൂഹ്യ ക്ഷേമ വകുപ്പ് നേരിട്ട് നടപ്പാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ താഴെ പറയുന്നവയാണ്.

1. വികലാംഗങ്ങർക്കുള്ള യാത്രാ ബത്ത.
2. വികലാംഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര-സംസ്ഥാന സ്കോളർഷിപ്പ്.
3. തൊഴിൽ പരിശീലനത്തിനുള്ള സംസ്ഥാന സ്കോളർഷിപ്പ്.
4. ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
5. തൊഴിൽ പരിശീലനത്തിനുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ്
6. വികലാംഗ സംരക്ഷണ ഭവനത്തിനുള്ള സംസ്ഥാന ധനസഹായം
7. പട്ടികജാതി, പട്ടികവർഗ്ഗേതര മിശ്രവിവാഹേതര ദമ്പതികൾക്കുള്ള ധനസഹായ പദ്ധതി.
8. വികലാംഗർക്കാവശ്യമായ പ്രത്യേക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി.
9. വികലാംഗക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കുള്ള ധനസഹായ പദ്ധതി.
10. അന്ധരായ അഭിഭാഷകർക്കുള്ള ധനസഹായ പദ്ധതി.
11. വാഹന ഉടമകളായ വികലാംഗർക്ക് പെട്രോൾ സബ്സിഡി ലഭിക്കുന്നതിനുള്ള പദ്ധതി.
12. തൊഴിൽ പരിശീലനത്തിനുള്ള സംസ്ഥാന സ്റ്റൈപ്പന്റ് പദ്ധതി .

ഈ പദ്ധതികളുടെ പ്രയോജനം പഞ്ചായത്തിൽ വളരെ കുറച്ച് പേർക്കേ ലഭിക്കുന്നുള്ളൂ. പദ്ധതികളെ സംബന്ധിച്ച് ജനങ്ങൾക്കുള്ള അജ്ഞതയാണ് ഇതിനു പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഈ പദ്ധതകളെക്കുറിച്ച് ഗ്രാമസഭകൾ വഴി പ്രചാരണം നടത്തേണ്ടതാണ്. കഴിയുന്നത്ര പദ്ധതികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാവുന്നതാണ്. ബാക്കി പദ്ധതികളുടെ അപേക്ഷാ ഫോറങ്ങൾ പഞ്ചായത്തുകൾ വഴി വിതരണം ചെയ്യാവുന്നതാണ്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് ഗ്രാമസഭകളുടെ ശുപാർശ സ്വീകരിക്കാവുന്നതാണ്.

**സംയോജിത ശിശു വികസന പദ്ധതി (ICDS)**

സമഗ്ര ശിശു വികസനം ലക്ഷ്യമാക്കിയുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശുവികസന പദ്ധതി. പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. 6 വയസ്സ് വരെയുള്ള കുട്ടികളുടെ പോഷണ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുക.
2. ശിശുവിന്റെ മാനസികവും ശാരീരികവുമായ വികസനത്തിന് ശരിയായ അടിസ്ഥാനമിടുക.
3. മരണം, രോഗം, പോഷണക്കുറവ് സ്ക്കൂളിൽ നിന്ന് കുട്ടികളുടെ പൊഴിഞ്ഞു പോവൽ ഇവയുടെ തോത് കുറക്കുക.
4. ശിശുവിന്റെ ശരിയായ ആരോഗ്യവും പോഷണാവശ്യങ്ങളേയും ശ്രദ്ധിക്കാൻ തക്ക വിധത്തിൽ മാതാവിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് മാതാവിന് പോഷണ വിദ്യാഭ്യാസവും ആരോഗ്യ വിദ്യാഭ്യാസവും നൽകുക.
5. ശിശു വികസനത്തിന് അനുയോജ്യമായ വിധത്തിൽ വിവധ വകുപ്പുകൾ തമ്മിൽ നയരൂപീകരണത്തിലും നടത്തിപ്പിലും സഹകരണം വരുത്തുക.

ഈ പദ്ധതി അനുസരിച്ചുള്ള സേവനങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നത് അടിസ്ഥാന കേന്ദ്രങ്ങളായ അംഗൻവാടികളിൽക്കൂടിയാണ്. പദ്ധതി അനുസരിച്ച് ആയിരം ജനസംഖ്യക്ക് 1 (ട്രൈബൽ പ്രൊജക്റ്റുകളിൽ 700 ന് 1) എന്ന തോതിൽ അംഗൻവാടികൾ ഉണ്ടായിരിക്കേണ്ടതാണ്. ഓരോ അംഗൻവാടിയിലും സന്നദ്ധസേവനം നടത്തുന്ന ഒരു വർക്കറും ഒരു ഹെൽപ്പറും ഉണ്ടായിരിക്കും. ഇവർ വേണ്ടത്ര പരിശീലനം ലഭിച്ച തദ്ദേശീയരായ വനിതകളായിരിക്കും.

അങ്ങാടിപ്പുറം പഞ്ചായത്തിലേക്ക് അനുവദിച്ച 39 അംഗൻവാടികളിൽ 38 എണ്ണവും ഇപ്പോൾ പ്രവർത്തിച്ചു വരുന്നു. പൂപ്പലത്തേക്കനവദിച്ച ഒരു അംഗൻവാടി സ്ഥലം ലഭ്യമാകാത്തതുകാരണം തുടങ്ങാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിലെ അഞ്ച് അംഗൻവാടികൾക്ക് മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. രണ്ട് അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിന് സ്വന്തമായി ഭൂമി ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പണിയുന്നതിന് സ്വന്തമായി സ്ഥലം ലഭിക്കേണ്ടതുണ്ട്. ഭൂരിഭാഗം ഗ്രാമസഭകളിൽ നിന്നും, അംഗൻവാടികൾക്ക് സ്വന്തം കെട്ടിടം പണിയണമെന്ന ആവശ്യം ഉയർന്നുവരികയുണ്ടായി. പഞ്ചായത്ത് വക ഭൂമി ലഭ്യമായ സ്ഥലങ്ങളിൽ അംഗൻവാടിക്ക് കെട്ടിടം പണിയുന്നതിന് ഈ സ്ഥലം ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തിലെ അംഗൻവാടികളിൽ ഒന്നിലും കളിക്കോപ്പുകൾ ലഭ്യമല്ല. ജനസംഖ്യാനുപാതികമായി പഞ്ചായത്തിൽ 14 വാർഡുകളിലായി 43 അംഗൻവാടികൾ അനുവദിക്കേണ്ടതുണ്ട് ഇതിൽ 39 എണ്ണം കഴിച്ച് ബാക്കി 4 എണ്ണം കൂടി അനുവദിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| നമ്പർ | വാർഡ് | അംഗൻ വാടികളുടെ എണ്ണം | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാത്തത് | സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്തത് |
|---|---|---|---|---|---|
| 1 | I | 2 | 1 | 1 | 1 |
| 2 | II | 4 | - | 4 | - |
| 3 | III | 3 | 1 | 2 | - |
| 4 | IV | 3 | 1 | 2 | - |
| 5 | V & XIV | 3 | 1 | 2 | - |
| 6 | VI | 3 | - | 3 | - |
| 7 | VII | 2 | - | 2 | - |
| 8 | VIII | 3 | - | 3 | - |
| 9 | IX | 4 | - | 4 | 1 |
| 10 | X | 3 | - | 3 | - |
| 11 | XI | 3 | 1 | 2 | - |
| 12 | XII | 3 | - | 3 | - |
| 13 | XIII | 2 | - | 2 | - |
| 14 | Total | 38 | 5 | 33 | 2 |

ഗ്രാമങ്ങളുടെ മുഖഛായ മാററുന്നതിന് കാര്യമായ് പങ്കു വഹിക്കേണ്ട അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്.

1. അംഗൻവാടികളോട് ചേർന്ന് രൂപീകരിച്ചിട്ടുള്ള വെൽഫെയർ കമ്മിററികൾ രണ്ടു മാസത്തിലൊരിക്കൽ നിർബന്ധമായും കൂടേണ്ടതും അംഗൻവാടിയുടെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതുമാണ്.

2. അംഗൻവാടിയുടെ പരിധിയിൽ വരുന്ന വീടുകളിൽ നിന്ന് മാസംതോറും തുച്ഛമായ ഒരു തുക സ്വരൂപിച്ച് അംഗൻവാടി തലത്തിൽ ഒരു റിവോൾവിംഗ് ഫണ്ട് ഉണ്ടാക്കാവുന്നതാണ്. ഈ തുക ഉപയോഗിച്ച് സർക്കാർ സഹായം കാത്തുനിൽക്കാതെത്തന്നെ കളിപ്പാട്ടം വാങ്ങുക, അററകുററപ്പണി നടത്തുക തുടങ്ങിയ ആവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. വർക്കർ/ഹെൽപ്പർമാർക്ക് പ്രതിമാസം ഓണറേറിയത്തിനു പുറമെ ഒരു പിശ്ചിത തുക നൽകുന്ന കര്യം പരിഗണിക്കാവുന്നതാണ്.

3. അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിന് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ സഹായം ഉപയോഗപ്പെടുത്തേണ്ടതാണ്.

4. അംഗൻവാടികളിലെ പ്രീസ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തേണ്ടതുണ്ട്. പ്രീസ്ക്കൂൾ വിദ്യാഭ്യാസം നൽകുന്നതിനുള്ള ഏജൻസി അംഗൻവാടികൾ മാത്രമായിരിക്കണം. പഞ്ചായത്തിന്റെ മുക്കിലും മൂലയിലും കൂണുപോലെ മുളച്ചു പൊന്തുന്ന സ്വകാര്യ നഴ്സറി സ്ക്കൂളുകളെ നിരുത്സാഹപ്പെടുത്തേണ്ടതാണ്.

5. സ്ക്കൂൾ അഡ്മിഷന് അംഗൻവാടി വർക്കറിൽ നിന്ന് വാങ്ങുന്ന സർട്ടിഫിക്കറ്റ് നിർബന്ധമാക്കാവുന്നതാണ്.

6. അംഗൻവാടികളുടെ പ്രവർത്തനം വിദ്യാഭ്യാസവകുപ്പുമായി ഏകോപിപ്പി ക്കേണ്ടിയിരിക്കുന്നു.

7. സ്ക്കൂൾ പി.ടി.എ. മീററിംഗുകളിൽ ആ സ്ഥലത്തെ അംഗൻവാടികളുടെ പ്രവർത്തനം വിലയിരുത്തണം.

8. സ്ക്കൂളിലെ മാതൃസംഗമം പരിപാടികളിൽ അംഗൻവാടി വർക്കർമാരേയും സൂപ്പർവൈസർമാരെയും പങ്കെടുപ്പിക്കണം.

9. അംഗൻവാടി പരിധിയിലെ സ്ക്കൂൾ അദ്ധ്യാപകർ, അംഗൻവാടകൾ സന്ദർശിച്ച് പ്രീസ്ക്കൂൾ മെച്ചപ്പെടുത്തുന്നതിന് വർക്കർമാർക്ക് ഉപദേശനിർദ്ദേശങ്ങൾ നൽകണം.

10. കൃഷിവകുപ്പിന്റെ സഹകരണത്തോടെ അംഗൻവാടികളോടനുബന്ധിച്ച് അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കാവുന്നതാണ്.

11. സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദുവായി അംഗൻവാടികളെ മാററുകയും അംഗൻവാടികളുടെ സാമൂഹിക പ്രാധാന്യം വൻതോതിൽ ഉയർത്തുകയും ചെയ്യേണ്ടതുണ്ട്. സ്ത്രീകൾക്ക് സ്വതന്ത്രമായി അവരുടെ പ്രശ്നങ്ങൾ ഒരുമിച്ചിരുന്ന് ചർച്ച ചെയ്യാനുള്ള പൊതുവേദിയായി അംഗൻവാടികളെ മാററണം.

## സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ

അംഗൻവാടികളോടനുബന്ധിച്ച് മഹിളാസമാജങ്ങൾ രൂപീകരിക്കുകയും ഈ സമാജങ്ങൾ സൊസൈററീസ് രജിസ്ട്രേഷൻ ആക്ററനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതുമാണ്. വിവിധ വകുപ്പുകൾ സ്വയംതൊഴിൽ പദ്ധതിപ്രകാരം നടപ്പിലാക്കുന്ന സ്കീമുകൾ ഏകോപിപ്പിച്ച് ഇത്തരം സമാജങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്. ഓരോ സൊസൈററിയിലും പരമാവധി 25 അംഗങ്ങൾ വരെയാകാം. പരമാവധി 35000 രൂപവരെ ചെലവു വരുന്നതും പ്രാദേശികമായി സുലഭമായി ലഭിക്കുന്നതുമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. ഈ പദ്ധതിയുടെ നോഡൽ ഏജൻസിയായി സാമൂഹ്യക്ഷേമ വകുപ്പിനെ മാററാവുന്നതാണ്. ധനസഹായം പഞ്ചായത്തുകൾ വഴി വിതരണം ചെയ്യാവുന്നതുമാണ്. വരുന്ന 5 വർഷത്തിനുള്ളിൽ ഘട്ടംഘട്ടമായി പഞ്ചായത്തിലെ 38 അംഗൻവാടികളോടനുബന്ധിച്ച് രജിസ്റ്റർ ചെയ്ത മഹിളാ സമാജങ്ങൾ രൂപീകരിച്ച് സ്വയംതൊഴിൽ സംരംഭങ്ങളിലേർപ്പെടുന്നതിന് സഹായം നൽകേണ്ടതാണ്.

## അനാഥാലയങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനുള്ള പദ്ധതി

അനാഥരും അശരണരും നിരാലംബരും ദുർബ്ബലരുമായ കുട്ടികൾക്ക് സംരക്ഷണം നൽകുന്ന അനാഥാലയങ്ങൾക്ക് സാമൂഹ്യ ക്ഷേമ വകുപ്പ് ഗ്രാന്റ് നൽകി വരുന്നു. ഒരു കുട്ടിക്ക് പ്രതിമാസം 100 രൂപ ക്രമത്തിൽ വാർഷിക ഗ്രാന്റ് നൽകുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് നിജപ്പെടുത്തുന്ന ബോർഡ് ഓഫ് ഓർഫനേജ്സ് ആന്റ് അദർ ചാരിററബിൾ ഇൻസ്റ്റിററ്യൂഷൻസിന്റെ അംഗീകാരം നേടിയിരിക്കണം അനാഥാലയങ്ങൾ. അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവരും 5 വയസ്സിനും 21 വയസ്സിനും മദ്ധ്യേ പ്രായമുള്ള കുട്ടികൾക്ക് മാത്രമേ ധനസഹായത്തിനർഹതയുള്ളൂ.

പഞ്ചായത്തിൽ സാമൂഹ്യ ക്ഷേമവകുപ്പിൽ നിന്ന് ധനസഹായം ലഭിക്കുന്ന 4 അനാഥശാലകൾ പ്രവർത്തിക്കുന്നുണ്ട്.

## പെൻഷൻ പദ്ധതികൾ

റവന്യൂ ഡിപ്പാർട്ട്മെന്റ് വഴി നടപ്പിലാക്കി വരുന്ന വിവിധ പെൻഷൻ പദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. പഞ്ചായത്തിൽ കഴിഞ്ഞ 4 വർഷങ്ങളിൽ വിതരണം ചെയ്ത പെൻഷനുകളെ സംബന്ധിച്ച വിശദവിവരം പട്ടികപ്പെടുത്തി നൽകുന്നു.

| ക്രമ നമ്പർ | വർഷം | ക്ഷയരോഗ പെൻഷൻ | വിധവാ പെൻഷൻ | വാർദ്ധക്യ കാല പെൻഷൻ | വികലാംഗ പെൻഷൻ | ക്യാൻസർ രോഗി പെൻഷൻ | അവശ കലാകാര പെൻഷൻ | അവശ കായിക താര പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ |
|---|---|---|---|---|---|---|---|---|---|
| 1 | 92 - 93 | 11 | 10 | 3 | 6 | 3 | 2 | - | - |
| 2 | 93 - 94 | 9 | 9 | - | 4 | - | - | - | - |
| 3 | 94 -95 | 2 | 14 | 7 | 6 | - | - | - | - |
| 4 | 95 -96 | 7 | 16 | 5 | 5 | 1 | - | - | - |
| Total | | 29 | 49 | 15 | 21 | 4 | 2 | - | 338 |

**വിധവാപെൻഷൻ**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും അധ്വാനശേഷിയില്ലാത്തവരുമായ വിധവകളെ സാമ്പത്തികമായി സഹായിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രായപൂർത്തിയായ ആൺമക്കളുള്ളവർക്ക് ഈ പെൻഷൻ ലഭിക്കില്ല. എന്ന നിയമം മൂലം അർഹരായ പലർക്കും ഇതിന്റെ ഗുണം ലഭിക്കുന്നില്ല. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് പഞ്ചായത്തിൽ കഴിഞ്ഞ 4 വർഷത്തിൽ 49 പേർക്ക് ഈ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

**വികലാംഗപെൻഷൻ**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അന്ധർ, ബധിരർ, മൂകർ തുടങ്ങിയവരെ സാമ്പത്തികമായി സഹായിക്കലാണ് ഈ പെൻഷൻകൊണ്ടുദ്ദേശിക്കുന്നത്. പെൻഷന് അപേക്ഷ സമർപ്പിക്കുന്നതിന് ജില്ലാ ആശുപത്രിയിലെ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കററ് വേണമെന്ന വ്യവസ്ഥ മൂലം മഞ്ചേരിയിൽ പ്രവർത്തിക്കുന്ന ജില്ലാ ആശുപത്രിയിലേക്ക് വികലാംഗർക്ക് സഞ്ചരിക്കേണ്ടി വരുന്നു. ഈ വ്യവസ്ഥ ലഘൂകരിച്ച് വൈകല്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കററ് താലൂക്കാശുപത്രിയിൽ നിന്ന് നൽകുകയാണെങ്കിൽ വികലാംഗർക്ക് അനുഗ്രഹമായിരിക്കും. പഞ്ചായത്തിൽ കഴിഞ്ഞ 4 വർഷത്തിനിടയിൽ 29 പേർക്ക് പെൻഷൻ നൽകിയിട്ടുണ്ട്.

**കർഷകതൊഴിലാളി പെൻഷൻ**

പഞ്ചായത്തിൽ അർഹതയില്ലാത്ത ധാരാളം പേർക്ക് കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നതായി മനസ്സിലാക്കുന്നു. ഇതു മൂലം യഥാർത്ഥ ഗുണഭോക്താക്കൾക്ക് പെൻഷൻ ലഭിക്കാതെ വരുന്നു. അർഹരായവരെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. ഗ്രാമസഭകളുടെ ശുപാർശ ഇക്കാര്യത്തിത്തിൽ പരിഗണിക്കേണ്ടതാണ്. പഞ്ചായത്തിലെ അങ്ങാടിപ്പുറം, വലമ്പൂർ വില്ലേജ് സർക്കിളുകളിലായി 338 കർഷക തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കുന്നുണ്ട്.

**വാർദ്ധക്യകാല പെൻഷൻ**

സാമ്പത്തിശമായി ദുരിതമനുഭവിക്കുന്ന വൃദ്ധർക്ക് നൽകി വരുന്ന ഈ പെൻഷൻ പഞ്ചായത്തിൽ 51 പേർക്ക് ലഭിക്കുന്നുണ്ട്. പെൻഷൻ പദ്ധതികളുടെ പ്രധാനപ്പെട്ട പോരായ്മകൾ താഴെ പറയുന്നവയാണ്.

1. അനർഹരായ ആളുകൾക്ക് ആനുകൂല്യം ലഭിക്കാൻ ഇടവരുന്നു.
2. അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം ലഭിക്കുന്നില്ല.
3. ഇന്നത്തെ ചുററുപാടിൽ പെൻഷൻ തുക വളരെ കുറവാണ്.
4. തക്കസമയത്ത് ധനസഹായം ലഭിക്കുന്നില്ല.

എല്ലാ പെൻഷനുകളുടേയും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ഗ്രാമപഞ്ചായത്ത് മുഖേനയാക്കുക, ഓരോ വാർഡിലും ഗുണഭോക്താക്കളെ ശുപാർശ ചെയ്യാൻ ഗ്രാമസഭകൾക്ക് അധികാരം നൽകുക, പെൻഷൻ തുക കാലോചിതമായി പരിഷ്ക്കരിക്കുക, സാങ്കേതികമായ നൂലാമാലകൾ കഴിയുന്നത്ര കുറയ്ക്കുക എന്നീ നടപടികളിലൂടെ പെൻഷൻ പദ്ധതികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് കഴിയും. ഗ്രാമസഭകളുടെ നേതൃത്വത്തിലുള്ള ജനകീയ മോണിററിംഗ് വഴി അനർഹർക്ക് ധനസഹായം ലഭിക്കുന്നത് ഒരു പരിധി വരെ തടയാൻ കഴിയും.

# സംസ്ക്കാരം

ചരിത്രത്തിന്റെ ഇടനാഴിയിൽ നിന്നും കേട്ട ചാവേറുപാട്ടിന്റേയും ക്ഷേത്ര കലകളുടേയും നാട്! ജന്മിത്വ-കുടിയാൻ സംസ്ക്കാരത്തിന്റെ വളർച്ചയ്ക്കും തകർച്ചയ്ക്കും സാക്ഷ്യം വഹിച്ച നാട്! പിടിച്ചടക്കലിന്റേയും ചെറുത്തുനിൽപ്പിന്റേയും ഇടയ്ക്കുള്ള ജീവിതാവബോധത്തിൽ നിന്നും മാനവമൈത്രിയുടെ വീക്ഷണത്തിന് ശാശ്വതപ്രതിഷ്ഠ കൈവന്ന നാട്! വെള്ളാട്ടങ്ങാടിയുടെ സാംസ്ക്കാരിക രംഗത്തെക്കുറിച്ച് ഒരു പഠനം ആവശ്യമായി വരുമ്പോൾ അങ്ങിനെ സമഗ്രവും എന്നാൽ സംക്ഷിപ്തവുമായി രേഖപ്പെടുത്തുവാൻ ഇങ്ങനെയേ കഴിയൂ..... വെള്ളാട്ടങ്ങാടി വള്ളുവനാടിന്റെ കലാ-സാസംസ്ക്കാരിക കേന്ദ്രമായിരുന്നു. അങ്ങാടിപ്പുറത്തേക്കുള്ള കാലപ്രവാഹത്തിന്റെ ദൂരം മാനവികവളർച്ചയുടെ കാര്യത്തിൽ ഹ്രസ്വമായ കാലഘട്ടമാണെങ്കിലും പ്രാദേശിക സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ നൽകിയ സംഭാവനകളുടെ കാര്യത്തിൽ സുദീർഘമാണ്. സ്വാതന്ത്ര്യസമര സേനാനികളായിരുന്ന എം.പി. ഗോവിന്ദമേനോൻ, എം.പി. കുഞ്ഞിക്കണ്ണമേനോൻ, നാരായണമേനോൻ, സി.പി. മാധവതരകൻ തുടങ്ങിയ മഹത്‌വ്യക്തികൾ ഈ നാടിന്റെ സംഭാവനകളാണ്. മലയാള സാഹിത്യരംഗത്ത് കുളിർമഴയായി പെയ്തിറങ്ങിപ്പോയ നന്ദനാർ, നീലകുയിൽ എന്ന പടത്തിൽ "കായലരികത്ത് വലയെറിഞ്ഞപ്പോൾ....." എന്ന പാട്ട്രംഗത്തിലൂടെ ശ്രദ്ധേയനായ സിനിമാ നടൻ കോച്ചാട്ടിൽ ബാലകൃഷ്ണമേനോൻ, ഒരു ജന്മം മുഴുവനും സോപാന സംഗീതത്തിന് വേണ്ടിയർപ്പിച്ച് നമ്മെ കടന്നുപോയ ഞരളത്ത് രാമപ്പൊതുവാൾ തുടങ്ങിയവരുടെ സ്മരണകൾ നിറഞ്ഞുനിൽക്കുന്ന, സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ആഴത്തിൽ വേരുകളുള്ള മണ്ണാണിത്. ഈ നാടിന് സാസ്ക്കാരികരംഗത്തിന്റെ നെടുംതൂണുകളായ കലാ-കായികാദി വിഷയങ്ങൾ സഹയാത്രികരാണ്.

സാസ്ക്കാരിക രംഗത്തിന് സുദീർഘമായ നേതൃത്വം നൽകി വരുന്നത് കലാ-കായിക-സാഹിത്യാദി വിഷയങ്ങളാണ്. ഇവയിലാണ് സംസ്ക്കാരം പ്രതിഫലിക്കുന്നത്. കലാ-കായിക-സാഹിത്യ വിഷയങ്ങളും അവയുടെ സൃഷ്ടികളും എക്കാലവും ജീവിതത്തിനുനേരെ പിടിയ്ക്കുന്ന കണ്ണാടിയാണ്. സമകാലീന സംഭവ വികാസങ്ങളേയും ചരിത്രവസ്തുതകളേയും ഭാവിവീക്ഷണങ്ങളേയും പ്രത്യക്ഷമായോ പരോക്ഷമായോ ഇത് പ്രതിഫലിപ്പിക്കുന്നു. തുറന്ന ചർച്ചയ്ക്കും വിശകലനത്തിനും ഇത് വഴിവെയ്ക്കുന്നു.

കലാ-കായിക-സാഹിത്യാദി വിഷയങ്ങൾ ജീവിത നിലവാരത്തിനാനുപാതികമായി വളർന്നു വരുന്നതോടൊപ്പംതന്നെ ബോധപൂർവ്വം അവയിലിടപെട്ട് ജീവിത നിലവാരത്തെ മാററിമറിയ്ക്കേണ്ടതുണ്ട്. ഇവിടെ സംസ്ക്കാരവും ജീവിതനിലവാരവും പരസ്പരം ബന്ധപ്പെടുന്നത് ഏകദിശാപ്രവർത്തനത്തിലൂടെയല്ല ഉഭയദിശാ പ്രവർത്തനത്തിലൂടെയാണന്നർത്ഥം. ഇത്, രണ്ടിനും ഒരുപോലെ പ്രധാന്യം നൽകുന്നു. സാംസ്ക്കാരിക പ്രവർത്തനങ്ങൾ വളർന്നുവന്ന് ജീവിത നിലവാരത്തിന്റെ ലക്ഷണങ്ങളാകുന്നതുപോലെ അവ ജീവിതനിലവാരം മാററിമറിയ്ക്കുന്ന ഘടകങ്ങൾ കൂടിയായതുകൊണ്ട് ശാസ്ത്രീയ അവബോധത്തിലൂടെയുള്ള സമീപനം ഈ രംഗത്തും അത്യന്താപേക്ഷിതമാണ്. ഈ രീതിയിലുള്ള വിശാലവീക്ഷണത്തിനുപകരം വളരെ സങ്കുചിത വീക്ഷണം വെച്ചുപുലർത്തുന്ന പ്രവണതകൾ സംസ്ക്കാരത്തെ ഇടിച്ചുതാഴ്ത്തുക മാത്രമല്ല ജീവിതനിലവാരത്തെ പിന്നോട്ട് കൊണ്ടുപോവുക കൂടിയാണ് ചെയ്യുന്നത്. മത്സരാധിഷ്ഠിതസമൂഹത്തിൽ സഭവിയ്ക്കുന്ന അപചയം ഈ മേഖലയിൽ പ്രകടമായതിനാൽ, ഈ രംഗത്ത് ഒരു കാലത്ത് നാടിന്റെ നാവുകളായിരുന്ന ഗ്രന്ഥശാലകൾ, ഗ്രാമശാസ്ത്ര സമിതികൾ. കലാ-കായിക നിലയങ്ങൾ, അനുബന്ധ സർക്കാർ ഏജൻസികൾ തുടങ്ങിയവയുടെ തിരിച്ചുവരവും പുനരേകീകരണവും ഒരു സാമൂഹികാനിവാര്യത കൂടിയാണ്.

പഞ്ചായത്തിലെ പുരോഗമന സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ പരമോന്നത കേന്ദ്രം വായന ശാലകളാണ്. അവയുടെ പശ്ചാത്തലത്തെകുറിച്ചറിയാതെ സാസ്ക്കാരിക രംഗത്തെ കുറിച്ചുള്ള വിശകലനം പൂർണ്ണമാവില്ല. അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് ക്ഷേത്രത്തിലെ പൂരമഹോത്സവം, പുത്തനങ്ങാടി നേർച്ച,

വലമ്പൂർ, പരിയാപുരം പള്ളികളിലെ പള്ളിപ്പെരുന്നാൾ, മററ് പ്രാദേശിക മതപരമായ ചടങ്ങുകൾ, കോൽക്കളി, ചെറുമക്കളി, പൂതംകളി തുടങ്ങിയ ജനകീയ സംഗമവേദികൾ ആയിരുന്നുവല്ലോ ആദ്യകാല സാസ്ക്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങൾ. എന്നാൽ കേരളപിറവിയ്ക്കുമുമ്പേ കേരള സാമൂഹിക രാഷ്ട്രീയ മേഖലകളിലുണ്ടായ പുരോഗമനപരമായ മാററങ്ങൾ അങ്ങാടിപ്പുറം പ്രദേശങ്ങളിലും പ്രതിഫലിച്ചു. മാത്രമല്ല, 1950 കളിൽ ഈ പ്രദേശങ്ങളിലുണ്ടായ കുടിയേററങ്ങൾ സാസ്ക്കാരിക നിലയിൽ കാര്യമായ മാററങ്ങൾ വരുത്തി. സംഘടിയ്ക്കലും സംഘടിപ്പിയ്ക്കലും കൊണ്ട് കേരള സാംസ്ക്കാരിക രംഗം തിളങ്ങി നിന്ന കാലഘട്ടങ്ങളിൽ തന്നെയാണ് അങ്ങാടിപ്പുറം പഞ്ചായത്തിൽ ആദ്യവായനശാലയുണ്ടാകുന്നത്. 1953–54 കാലഘട്ടത്തിൽ അങ്ങാടിപ്പുറം ദേശസേവിനി വായനശാല രൂപീകൃതമായി. അക്കാലത്ത് മലയാള സാഹിത്യ രംഗത്ത് ശ്രദ്ധേയനായി കഴിഞ്ഞിരുന്ന എസ്.കെ. പൊറെറക്കാടാണ് ഇതുൽഘാടനം ചെയ്തത്. പഞ്ചായത്തിലെ ആദ്യവായനശാല യാഥാർത്ഥ്യമാകുമ്പോൾ അക്കാലത്തെ യുവാക്കളുടെ തീവ്രമായ ഒരു സ്വപ്നം പൂവണിയുക മാത്രമല്ല അങ്ങാടിപ്പുറം പഞ്ചായത്തിന്റെ പിൽക്കാല സാസ്ക്കാരിക പ്രവർത്തനങ്ങിൽ നേതൃത്വപരമായ പങ്കു വഹിയ്ക്കാൻ കരുത്തുള്ള ഒരു സ്ഥാപനം പിറക്കുക കൂടിയാരുന്നു. പഞ്ചായത്തിലെ രണ്ടാമത്തെ വായനശാല തിരൂർക്കാട് വിജയൻ സ്മാരക വായനശാലയാണ്. 1959–60 കാലഘട്ടങ്ങളിൽ കൗതുകകരമായ ഒരു പശ്ചാത്തലത്തിലാണ് ഇതിന്റെ രൂപീകരണം നടന്നത്. അക്കാലത്ത് സജീവമായിരുന്ന തിരൂർക്കാട് മഹിളാസമാജം പ്രവർത്തകരുടെ പ്രയത്ന ഫലമായിട്ടാണ് ഇതുണ്ടാകുന്നത്. തിരൂർക്കാട്ടിലെ മഹിളാസമാജം പ്രവർത്തകരായ ചോലയ്ക്കൽ കദീജ, കോണിയം പറമ്പിൽ ലക്ഷ്മി ടീച്ചർ, പി. സത്യവതി ടീച്ചർ തുടങ്ങിയവരാണ് ഇതിന്റെ ശിൽപികൾ. ആദ്യം, മഹിളാസ്മാജം വായനശാലയായി തുടങ്ങി പിന്നീട് വിജയൻ സ്മാരക വായനശാലയായി ഇത് മാറി. കോഴിക്കോട്ടുപറമ്പുകാരനായ വിജയൻ എന്ന മലപ്പുറം ഹൈസ്ക്കൂളിലെ വിദ്യാർത്ഥി മൊറയൂരിൽവെച്ച് റോഡപകടത്തിൽ കൊല്ലപ്പെട്ടു. വിജയന്റെ സ്മരണയ്ക്കുവേണ്ടിയാണിതിന് വിജൻ സ്മാരക വായനശാല എന്ന പേരുകൊടുത്തത്. ഇത് ആവേശകരമായ ചരിത്ര വസ്തുതയാണ്. മലപ്പുറം ഹൈസ്ക്കൂളിലെ വിദ്യാർത്ഥി നേതാവായിരുന്ന, ഇപ്പോളറിയപ്പെടുന്ന പത്രപ്രവർത്തകനായ മലപ്പുറം പി. മൂസ ഇതിലേയ്ക്കാവശ്യമായ പുസ്തകങ്ങൾ സംഘടിപ്പിക്കുന്നതിൽ വഹിച്ച പങ്ക് സ്മരണീയമാണ്.

1959–60 കാലഘട്ടത്തിലുണ്ടായ സാസ്ക്കാരിക മുന്നേററത്തിന്റെ ചരിത്രം കൂടി ഇതിലുണ്ട്. കേവലം ചരിത്രം എന്നതിലുപരി ഒരു കാലത്തെ മഹാസൗഹൃദങ്ങളുടേയും ആത്മാർപ്പണ മനോഭാവത്തിന്റേയും പ്രതീകം കൂടിയാണീ സ്ഥാപനം. 1950 നും 60 നും ഇടയ്ക്കുണ്ടായ ആവേശകരമായ ഈ സാംസ്ക്കാരിക മുന്നേററം ആദരവോടെ പിൽക്കാലത്ത് പരിശോധിക്ക പ്പെടുമ്പോൾ പ്രോത്സാഹനാർഹവും അഭിലഷണീയവുമായ ഇത്തരം പ്രവർത്തനങ്ങൾ പിൽക്കാലത്ത് പിൽക്കാലത്ത് നിലനിന്നുവോ, പഞ്ചായത്തൊട്ടുക്കും വ്യാപിച്ചുവോ എന്നും പരിശോധിക്കപ്പെടേണ്ടിയിരിക്കുന്നു. 1960 നുശേഷം ഒരൊററ പുതിയ പൊതുവായനശാലയും പഞ്ചായത്തിലുണ്ടായിട്ടില്ല. 1961ൽ പഞ്ചായത്തു കളുടെ രൂപീകരണത്തിൽ തുടങ്ങി 1996ൽ പുതിയ തദ്ദേശ സ്വയംഭരണ കാഴ്ചപ്പാടിൽ നാമെത്തിനിൽക്കുമ്പോൾ എന്തുകൊണ്ടാണിത് സംഭവിച്ചതെന്ന് പരിശോധിയ്ക്കപ്പെടണം.

ബഹുഭൂരിപക്ഷം ജനങ്ങളും നിരക്ഷരായിരുന്ന കാലഘട്ടമായിരുന്നു 1959–60. എന്നാൽ ജനസംഖ്യയിൽ ശ്രദ്ധേമായ വർദ്ധനവ് ഉണ്ടാവുകയും സാക്ഷരതാ ശതമാനത്തിൽ ഈ വർദ്ധനവ് പ്രകടമാവുകയും ചെയ്തു. അങ്ങാടിപ്പുറം പഞ്ചായത്തിലെ ആകെ ജനസംഖ്യയായ 43864 ന്റെ 48.83% പുരുഷന്മാരും 51.16%സ്ത്രീകളുമാണ്. സാക്ഷരതാ ശതമാനം യഥാക്രമം 78.3% വും 75% വുമാണ്. ഈ മാററം സാസ്ക്കാരിക പ്രവർത്തനങ്ങളിൽ പ്രതിഫലിച്ചില്ല എന്നത് ശ്രദ്ധിക്കപ്പെടേണ്ട, പഠനാർഹമായ വസ്തുതയാണ്. വായനാശീലം വെച്ച് പുലർത്തുന്നവർ തന്നെ അത് ഗുണകരമായി ഉപയോഗിക്കുന്നില്ലാ എന്നത് വളരെ വ്യക്തവുമാണ്. തന്നിലേയ്ക്ക് ഒതുങ്ങിക്കൂടുന്ന സ്വഭാവവും മാതൃഭാഷാപഠനത്തെ അവജ്ഞയോടെ വീക്ഷിച്ചുതുടങ്ങിയതും പുതിയ വായനശാലകളുടെ രൂപീകരണ സാധ്യതകളെ തടസ്സപ്പെടുത്തിയിരിയ്ക്കാം. വായനശാലകൾ മുഖേന വളർന്നു വന്ന അഭിലഷണീയമായ ഒരു

സാംസ്ക്കാരിക മാററം കേരളത്തിന്റെ പ്രത്യേകതയായിരുന്നു. അതുനിലനിർത്താൻ ബഹുജനപങ്കാളിത്തത്തോടെ പ്രശ്നങ്ങൾ ആരായേണ്ടതും നടപ്പിൽ വരുത്തേണ്ടതുമാണ്. ചുരുക്കത്തിൽ ഇക്കാലത്ത് ദേശവ്യാപകമായി കണ്ടുവരുന്ന സാംസ്ക്കാരിക പ്രതിസന്ധി നമ്മുടെ പഞ്ചായത്തിലുമുണ്ടെന്ന് താഴെ പട്ടിക 1 ൽ കാണിച്ചിരിക്കുന്ന കണക്കിൽനിന്നും വ്യക്തമാണ്.

| പഞ്ചായത്തിലെ ആകെ ജനസംഖ്യ | പുരുഷൻമാർ | സ്ത്രീകൾ | സാക്ഷരർ | | വായനശാലകളിലെ ആകെ അംഗങ്ങൾ |
|---|---|---|---|---|---|
| | | | പുരുഷൻമാർ | സ്ത്രീകൾ | |
| 43864 | 21421 | 22443 | 16772 | 16832 | 528 |
| ശതമാനത്തിൽ | 48.83% | 51.16% | 78.3% | 75% | 1.57% |

## സാംസ്ക്കാരിക പ്രതിസന്ധി

പട്ടിക 1ൽ നിന്നും വ്യക്തമാകുന്ന സാസ്ക്കാരിക പ്രതിസന്ധി നമ്മുടെ ശ്രദ്ധയാകർഷിക്കേണ്ടതുതന്നെയാണ്. എത്ര പേർക്ക് വായനശാലകൾ ഗുണകരമാണ് എന്ന് പരിശോധിക്കാം.

അങ്ങാടിപ്പുറം ദേശസേവിനി വായനശാലയിൽ 450 അംഗങ്ങളാണുള്ളത്. വിജയൻ സ്മാരക വായനശാലയിൽ 78 അംഗങ്ങളും. ആകെ രണ്ടു വായന ശാലകളിലും കൂടി 528 അംഗങ്ങളാണുള്ളത്. വിദ്യാർത്ഥികൾ മുതൽ മുതിർന്നവർ വരെയയുള്ള പഞ്ചായത്തിലെ സാക്ഷരത നേടിയ 33604 പേരിൽ വായനാശീലത്തിന്റെ വളർച്ചയ്ക്ക് ഒരു കാലത്ത് ശക്തമായ സംഭാവനകൾ നൽകിവന്ന വായനശാലകളിൽ കേവലം 528 പേരാണ് പ്രതിനിധീകരിക്കുന്നത്. ഇത് 33604 സാക്ഷരരുടെ 1.57% മാത്രമാണ്. വെറും പങ്കാളിത്തത്തിന്റേതോ വായനയുടേയോ മാത്രമല്ല പ്രശ്നം. പ്രശ്നം കൂട്ടായ്മയുടേയും സാമൂഹിക സന്നദ്ധതയുടേയും കൂടിയാണ്. ജനസമ്പർക്കത്തിന്റെയും പരസ്പരബന്ധത്തിന്റേയും കൂടിയാണ്.

പ്രയത്നങ്ങളിലേക്കാഴ്ന്നിറങ്ങുമ്പോൾ മാറിയ വിദ്യാഭ്യാസ കാഴ്ചപ്പാടും പ്രധാനകാരണമാണ്. മലയാളത്തെ അകററിനിർത്തി വളർന്നുവന്ന അശാസ്ത്രീയമായ ഇംഗ്ലീഷ് വിദ്യാഭ്യാസം സാംസ്ക്കാരികതലത്തിൽ മുതിർന്നവരിലും കുട്ടികളിലും വളർത്തിയത് ആഡംബരത്തിലധിഷ്ഠിതമായ ജീവിത കാഴ്ചപ്പാടാണ്. അതിൽ പ്രത്യക്ഷത്തിൽ അനാവശ്യമെന്ന് തോന്നുന്ന 'വായനയ്ക്ക്' പ്രാധാന്യമില്ല. ആസ്വാദനത്തിലൂന്നിയ സർഗ്ഗാത്മക പ്രവർത്തനങ്ങളെ പാടെ ഒഴിച്ചുനിർത്തിക്കൊണ്ടുള്ള വികസനാഭിലാഷങ്ങളിലേയ്ക്കാണ് ജനത നീങ്ങിക്കൊണ്ടിരിക്കുന്നത് ഇതിന്റെ ഫലമായി ജീവിതലക്ഷ്യത്തിനുതന്നെ സ്വാർത്ഥപരമായ നിർവ്വചനങ്ങൾ മനുഷ്യ മനസ്സിൽ രൂഢമൂലമായിരിയ്ക്കുന്നു എന്ന തിരിച്ചറിവ് നമ്മെ ആശങ്കാകുലരാക്കേണ്ടതാണ്.

അങ്ങാടിപ്പുറം പഞ്ചായത്തിലെ വായന ശാലകളെക്കുറിച്ചുള്ള വിവരപട്ടിക (പട്ടിക 2)

## യുവജന കലാകായിക സാംസ്ക്കാരിക സംഘടനകൾ

വായനശാലകൾ കഴിഞ്ഞാൽ നമ്മുടെ ഗ്രാമങ്ങളിൽ മാററത്തിന്റെ ആശയഗതികൾ എത്തിച്ചത് യുവജന കലാ-കായിക സാംസ്ക്കാരിക സംഘടനകളാണ്. കലാ-കായിക സാംസ്ക്കാരിക രംഗത്ത് ചലനങ്ങളുണ്ടാക്കാൻ സാധ്യതകളും കഴിവുമുള്ള മറെറാരുപ്രസ്ഥാനമാണിത്. സംഘനകളുടെ രൂപവും ഭാവവും കൊണ്ട് യുവാക്കളെ സംഘടിപ്പിക്കുന്നതിലൂടെ സാമൂഹ്യരംഗത്ത് അഭിലഷണീയങ്ങളായ മാററങ്ങളുണ്ടാക്കാൻ ഇവയ്ക്ക് കഴിഞ്ഞിട്ടുണ്ട്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ

പട്ടിക.2

| വായന ശാലയുടെ പേര് | ആകെ അംഗങ്ങൾ | പുസ്തകങ്ങളുടെ എണ്ണം | കെട്ടിടം സ്വന്തം/വാടക | 95–96 പ്രതിദിന വായനക്കാർ | വരുമാനം വരിസംഖ്യ/സംഭാവന | TV ഉണ്ട/ഇല്ല | റേഡിയോ ഉണ്ട്/ഇല്ല | വാർഷികാഘോഷം ഉണ്ട്/ഇല്ല | വായന ശാലയിൽ വരുത്തുന്ന ആനുകാലികങ്ങൾ, ദിനപത്രങ്ങൾ |
|---|---|---|---|---|---|---|---|---|---|
| ദേശസേവിനി വായന ശാല അങ്ങാടിപ്പുറം | 250 | 8339 | സ്വന്തം | 60 | 450 രൂപ | ഉണ്ട് | ഉപയോഗ ശൂന്യം | നടത്തുന്നില്ല | മാസികകൾ, ആഴ്ച പതിപ്പുകൾ<br>മാതൃഭൂമി<br>കലാകൗമുദി<br>ദേശാഭിമാനി<br>ചിന്ത<br>ഇന്ത്യാടുഡേ<br>ഭാഷാപോഷിണി<br>ഗ്രന്ഥലോകം<br>ദിനപത്രങ്ങൾ<br>ഇന്ത്യൻ എക്സ്പ്രസ്<br>മാതൃഭൂമി<br>ദേശാഭിമാനി<br>കേരളകൗമുദി |
| വിജയൻ സ്മാരക വായന ശാല തിരൂർക്കാട്. | 78 | 4812 | വാടകക്ക് | 25 | 569 | ഇല്ല | ഇല്ല | നടത്താറില്ല | മാസികകൾ, ആഴ്ച പതിപ്പുകൾ<br>ആരണ്യകം<br>ജനപഥം<br>കേരള കാളിംഗ്<br>ഗ്രന്ഥലോകം<br>ദിനപത്രങ്ങൾ<br>ഇന്ത്യൻ എക്സ്പ്രസ്<br>മാതൃഭൂമി<br>ദേശാഭിമാനി |

പട്ടിക 3

| നമ്പർ. | അഡ്രസ്സ് | രജി: നമ്പർ | വാർഡ് |
|---|---|---|---|
| 1 | വിക്ടറി സ്പോർട്സ് & ആർട്സ് ക്ലബ്ബ് തിരൂർക്കാട് തപാൽ 679 351. | 232/84 | 3 |
| 2 | ഉദയ ആർട്സ് & സ്പോർട്സ് ക്ലബ്ബ് വലമ്പൂർ തപാൽ, പൂപ്പലം 679 325. | 18/84 | 6 |
| 3 | ക്ലാസിക് ആർട്സ് & സ്പോർട്സ് ക്ലബ്ബ് അങ്ങാടിപ്പുറം തപാൽ 679 321. | 671/92 | 8 |
| 4 | താര ആർട്സ് & സ്പോർട്സ് ക്ലബ്ബ് അരിപ്ര തപാൽ, അരിപ്ര 679 321. | 292/94 | 5 |
| 5 | യുവചേതന ആർട്സ് & സ്പോർട്സ് ക്ലബ്ബ് റെയിൽവേ സ്റ്റേഷന് സമീപം, അങ്ങാടിപ്പുറം തപാൽ 679 321. | 546/93 | 7 |
| 6 | ലിബർട്ടി ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചെരക്കാപറമ്പ് തപാൽ, അങ്ങാടിപ്പുറം 679 351. | 38/86 | 8 |
| 7 | തോണിക്കര ആർട്സ് & സ്പോർട്സ് ക്ലബ്ബ് തിരൂർക്കാട് തപാൽ, തോണിക്കര 679 351. | 232/84 | 3 |

ഗ്രന്ഥശാലകൾ ഉയർത്തിവിട്ട എതിർപ്പിന്റെ ശക്തി ഏററുവാങ്ങി ഗ്രാമാന്തരങ്ങളിലെത്തിക്കാൻ യുവജന കലാ–കായിക സാംസ്ക്കാരിക സംഘടനകൾക്ക് കഴിഞ്ഞിട്ടുണ്ട്. ഗ്രാമങ്ങളുടെ യുവത്വത്തെ സജീവവും തീഷ്ണവുമായി നിലനിർത്തുക എന്നത് കലാ–കായിക സാംസ്ക്കാരിക നിലയങ്ങളുടെ മുഖമുദ്രയായിരുന്നു. പ്രസ്ഥാനങ്ങായി തുടങ്ങി സ്ഥാപനവൽക്കരണത്തിന്റെ പടിയ്ക്കലെത്തുമ്പോൾ പ്രവർത്തന തലത്തിൽ ഇവയ്ക്കു സംഭവിച്ച മുരടിപ്പ് നമ്മുടെ പഞ്ചായത്തിലും ഉണ്ടായിട്ടുണ്ട്.

നെഹ്റു യുവകേന്ദ്രയിൽ അഫിലിയേററ് ചെയ്ത 7 യുവജന കലാ–കായിക സാംസ്ക്കാരിക നിലയങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇവയ്ക്ക് വളരെ പഴയ കാലത്തെ ചരിത്ര പശ്ചാത്തലമൊന്നുമില്ല. 1984ൽ രജിസ്റ്റർ ചെയ്യപ്പെട്ട വിക്ടറി കലാ–കായിക സാംസ്ക്കാരിക സമിതിയും (തിരൂർക്കാട്), ഉദയ കലാ–കായിക സാംസ്ക്കാരിക സമിതിയും (വലമ്പൂർ) ആണിവയിൽ ഏററവും പഴയത്.

കലാമത്സരങ്ങൾ, കായികമത്സരങ്ങൾ, ശ്രമദാനത്തിലൂന്നിയ നിർമ്മാണപ്രവർത്തനങ്ങൾ, സെമിനാറുകൾ, രോഗചികിത്സാക്യാമ്പുകൾ, രോഗനിർണ്ണയ ക്യാമ്പുകൾ, രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകൾ, രക്തദാനം തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിൽ സമർത്ഥവും ശാസ്ത്രീയവുമായി ഏർപ്പെട്ടിരുന്ന നമ്മുടെ കലാ–കായിക സാംസ്ക്കാരിക സമിതികൾ ഇന്നേറെക്കുറെ നിശ്ചലമാണ്. കേവലം കുത്തിയിരുന്നുകൊണ്ടുള്ള വിനോദ പ്രവർത്തനങ്ങളിലേയ്ക്ക് പ്രവർത്തന മേഖല ചുരുക്കര തങ്ങളുടെ

പ്രഖ്യാപിതലക്ഷ്യങ്ങളിൽ നിന്നും നമ്മുടെ കലാ-കായിക സാംസ്ക്കാരിക സമിതികൾ പിന്നോട്ട് പോയതെന്തേ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. കായിക മത്സരങ്ങളേയും കായികവിനോദങ്ങളേയും ആശ്രയിച്ച് നിലകൊണ്ട ഇവയ്ക്ക് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഇല്ലാതെവ2തും ഇതിന് കാരണമാണ്. നാട്ടിൻപുറങ്ങളിൽ കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ഒഴിഞ്ഞുകിടന്നിരുന്ന മുഴുവൻ സ്ഥലങ്ങളും പാർപ്പിടങ്ങൾക്കും മററാവശ്യങ്ങൾക്കും വേണ്ടി വിനിയോഗിക്കപ്പെട്ടു ഇത് കളിയിടങ്ങളെ നഷ്ടപ്പെടുത്തിക്കളഞ്ഞു. സ്വന്തം കളിസ്ഥലമില്ലാത്ത കലാ-കായിക നിലയങ്ങളിൽ കായികവിനോദങ്ങളെ മാത്രം ആശ്രയിച്ച് നിലനിന്നിരുന്ന ഭൂരിപക്ഷം സ്ഥാപനങ്ങളും ഈ മാററം മൂലം പിന്നോട്ടുപോയി.

അങ്ങാടിപ്പുറം പഞ്ചായത്തിൽ കലാ-കായിക സാംസ്ക്കാരിക സംഘങ്ങൾ (നെഹ്റു യുവക്കേന്ദ്രയിൽ അഫിലിയേററു ചെയ്തവ മാത്രം) പട്ടിക 3 കാണുക

കലാ-കായിക സാംസ്ക്കാരിക സമിതികളെ കുറിച്ചുള്ള പട്ടിക വിപുലമാണ്. അവയെ ഏകോപിപ്പിച്ചുകൊണ്ട് പ്രോത്സാഹനങ്ങൾ നൽകിക്കൊണ്ട് മുന്നോട്ട് പോകേണ്ടതുണ്ട്.

### <u>കലാസാംസ്ക്കാരിക മേഖലയിൽ ഇടപെടുന്ന മററ് സംഘടനകൾ, ഏജൻസികൾ</u>

പരിയാപുരം, വലമ്പൂർ, തിരൂർക്കാട് തുടങ്ങിയ പ്രദേശങ്ങളിലുള്ള മഹിളാസമാജങ്ങൾ അവയുടെ സാമൂഹിക സാംസ്ക്കാരിക മേഖലകളിലെ ഇടപെടലുകൾ സാമൂഹിക പ്രശ്നങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ സഹായിച്ചിട്ടുണ്ട്.

മുത്തപ്പൻ കാവിലുള്ള മോചന മഹിളാ ക്ലബ്ബിന്റെ പ്രവർത്തനം മാതൃകാപരമാണ്. സമൂഹത്തിൽ വളരെയധികം പ്രവർത്തനങ്ങൾ ചെയ്യാനും നേതൃത്വപരമായി വനിതകളുടെ പങ്കാളിത്തം സാമൂഹ്യപ്രവർത്തനങ്ങളിൽ ഉറപ്പുവരുത്താനും കഴിഞ്ഞിട്ടുണ്ട്.

അങ്ങാടിപ്പുറത്തെ ദുർഗ്ഗാ നൃത്ത കലാലയവും കലാക്ഷേത്രയും കലാകാരന്മാരേയും കലാകാരികളേയും വളർത്തിയെടുക്കുന്ന പ്രവർത്തനങ്ങളിൽ മിഴിവുററ സംഭാവനകൾ നൽകുന്നു എന്നകാര്യം സ്മരണീയമാണ്. സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ജനശ്രദ്ധ വ്യാപരിക്കുന്നതിന് ഇത്തരം സ്ഥാപനങ്ങളുടെ പങ്കാളിത്തം കൂടിയേ കഴിയൂ.....

ഇതുവരെ പ്രതിപാദിച്ച കാര്യങ്ങളിൽ നിന്നും നമ്മുടെ കലാ-കായിക സാംസ്ക്കാരിക രംഗങ്ങളിൽ വന്ന അഭ്യുന്നതി നോക്കിക്കാണുന്നതോടൊപ്പം പ്രസ്തുത മേഖലയിലെ ദൗർബ്ബല്യങ്ങളെ വിമർശനാത്മകമായി പഠിക്കുകയും പ്രശ്നങ്ങളെ അപഗ്രഥിക്കുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യേണ്ടത് പുതിയ വികസന കാഴ്ചപ്പാടിലേയ്ക്കുള്ള പ്രയാണത്തിന്റെ ശാസ്ത്രീയ വശമാണ്.

<u>പ്രശ്നങ്ങൾ</u>

3,8 വാർഡുകളിലൊഴികെയുള്ള വാർഡുകളിൽ ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളിൽ രജിസ്ട്രേഷനുള്ള വായനശാലകളില്ല.

തിരൂർക്കാട് വിജയൻ സ്മാരക വായനശാലയ്ക്ക് 36 വർഷം പിന്നിട്ടിട്ടും സ്വന്തമായി ഒരു കെട്ടിടമോ റീഡിംഗ് റൂമോ ഇല്ല.

സാക്ഷരതാപ്രവർത്തനം നിർജ്ജീവമാണ്. നവസാക്ഷരർക്കുള്ള തുടർ വിദ്യാഭ്യാസപദ്ധതി തീർത്തും ദുർബ്ബലമാണ്. ജനവിദ്യാകേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിക്കുന്നില്ല.

പുതിയ കയിക വിനോദങ്ങൾക്ക് ജനകീയ പരിവേഷമില്ലാത്തതിനാൽ കായികവിനോദങ്ങൾ സാധാരണക്കാരിൽ നിന്നും അകന്ന് പോകുന്നു. ഈ പ്രവണത ആശാസ്യകരമല്ല. പാരമ്പര്യ കായിക-കലാ വിനോദങ്ങളുടെ ഉറവ വററിയിരിയ്ക്കുന്നു. കാള പൂട്ടൽ, തുടങ്ങിയ നമ്മുടെ തനതായ കായിക മത്സരങ്ങളുടെയും, കോൽക്കളി, ഒപ്പന, തിരുവാതിരക്കളി, ചെറുമക്കളി, തുടങ്ങിയ പാരമ്പര്യ

പട്ടിക.4

| ക്രമ നമ്പർ | അങ്ങാടിപ്പുറം പഞ്ചായത്തിലെ മററ് സാംസ്ക്കാരിക പ്രസ്ഥാനങ്ങൾ |
|---|---|
| 1 | തിലകം സ്പോർട്സ് & ആർട്സ് ക്ലബ്ബ് |
| 2 | പാലം യൂത്ത്സ് ക്ലബ്ബ് |
| 3 | സേവന ആർട്സ് & സ്പോർട്സ് ക്ലബ്ബ് തിരൂർക്കാട് |
| 4 | സർഗ്ഗ സംഗമം തിരൂർക്കാട് |
| 5 | ട്രാക്ക് ഫോഴ്സ് തിരൂർക്കാട് |
| 6 | സംഘം ആർട്സ് & സ്പോർട്സ് ക്ലബ്ബ് തിരൂർക്കാട് |
| 7 | ഫ്രണ്ട്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് പരിയാപുരം |
| 8 | യുവഭാവന ആർട്സ് & സ്പോർട്സ് ക്ലബ്ബ് പൂപ്പലം |
| 9 | കോഹിനൂർ ആർട്സ് & സ്പോർട്സ് ക്ലബ്ബ് വലമ്പൂർ |
| 10 | നവചേതന ആർട്സ് & സ്പോർട്സ് ക്ലബ്ബ് അങ്ങാടിപ്പുറം |
| 11 | യുവധാര ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചെരക്കാപറമ്പ് |
| 12 | ജോക്കോ പരിയാപുരം |

കലാവിശേഷങ്ങളും അപൂർവ്വമായി സംഘടിപ്പിക്കപ്പെടുന്നുണ്ടെങ്കിലും അവ പുതിയ തലമുറയുടെ ബോധതലങ്ങളിൽ ആവേശം കൊള്ളിക്കത്തക്കതായിട്ടില്ല.

സ്ക്കൂൾ തലങ്ങളിലും മററ് വേദികളിലും കലാമത്സരങ്ങൾ പങ്കാളിയുടെ കഴിവിൽ നിന്ന് മാറി രക്ഷിതാക്കളുടെയും ബന്ധുക്കളുടേയും കഴിവുകൾക്ക് പ്രധാന്യം കൽപിക്കപ്പെട്ടതും കലാമത്സരങ്ങൾ ആഡംബര മേളകളായതും കലാമൂല്യങ്ങളെ തളർത്തിയിട്ടുണ്ട്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് കലാരംഗത്താണ് ഏറെ പ്രകടമായത്.

സ്ക്കൂളുകളിലെ വായനശാലകൾ അശാസ്ത്രീയമായി പ്രവർത്തിയ്ക്കുന്നു. അഭിരുചിക്കനുസരിച്ച പുസ്തകങ്ങളല്ല കുട്ടികൾക്ക് വിതരണം ചെയ്യുന്നത്. ആവശ്യാനുസരണം ഗ്രന്ഥങ്ങൾ കുട്ടികൾക്ക് ലഭിയ്ക്കുന്നില്ല.

പാഠ്യേതര കാര്യങ്ങളെ പാടേ ഉപേക്ഷിച്ച പരീക്ഷാകേന്ദ്രീകൃത വിദ്യാഭ്യാസം ഈ രംഗത്തെ കനത്ത വെല്ലുവിളിയാണ്.

പഞ്ചായത്തിൽ ഒരു വിവര ശേഖരണ കേന്ദ്രം നിലവിലില്ല. ഇത് സാംസ്ക്കാരിക സംഘടനകളുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നു.

കേരളോത്സവം പോലുള്ള പഞ്ചായത്ത് തലത്തിലുള്ള കലാ-കായിക മത്സരങ്ങളിൽ വേണ്ടത്ര ഗ്രാമീണ യുവജന പങ്കാളിത്തമില്ല. ഇവ സംവിധാനം ചെയ്യുന്ന കാര്യത്തിലും ജനപങ്കാളിത്തമില്ല.

**<u>പരിഹാരങ്ങളും നിർദ്ദേശങ്ങളും</u>**

ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേററ് ചെയ്ത വായനശാലകളില്ലാത്ത 12 വാർഡുകളിലും വായനശാല രൂപീകരിക്കുക.

തിരൂർക്കാട് വിജയൻ സ്മാരക വായന ശാലയ്ക്ക് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കാനുള്ള പരിപാടികൾ ആരായണം.

സാക്ഷരതാപ്രവർത്തനം സജീവമാക്കുകയും നവസാക്ഷരർക്കുള്ള തുടർവിദ്യാഭാസപരിപാടി പുനഃപരിശോധിക്കുകയും ചെയ്യുക.

പഞ്ചായത്തുതലത്തിൽ പഞ്ചായത്തിലെ കലാ-കായിക-സാംസ്ക്കാരിക സ്ഥാപനങ്ങളെ ഏകോപിപ്പിക്കുകയും ഇവയുടെ വിവര ശേഖരണ കേന്ദ്രം രൂപീകരിക്കുകയും ചെയ്യുക.

വായനശാലകളുടെ നേതൃത്വത്തിൽ കലാ-സാംസ്ക്കാരിക സമിതികളുടെ സഹകരണത്തോടെ "സാഹിത്യ സായാഹ്നങ്ങൾ" നടത്തുക.

മദ്ധ്യവേനലവധികാലങ്ങളെ കാര്യക്ഷമമായി ഉപയോഗിക്കാൻ തക്ക തരത്തിൽ പഞ്ചായത്ത് തലത്തിൽ വേനൽക്കാലപരിപാടികൾ സംഘടിപ്പിക്കണം.

39 അംഗനവാടികളുള്ള അങ്ങാടിപ്പുറം പഞ്ചായത്തിൽ ഓരോ അംഗനവാടിയിലും മാതൃസംഗമങ്ങൾ സജീവമായി നിലനിർത്തണം. ICDS ന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇവ ICDS ന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിലൊന്നായ "മററ് സംഘടനകളോട് ചേർന്ന് പ്രവർത്തിക്കുക" എന്ന ആശയം സാംസ്ക്കാരിക രംഗത്തിന്റെ അഭ്യുന്നതിയ്ക്കുപയോഗിച്ചാൽ ഇത് വിപുലമായ മാററങ്ങൾ സമൂഹത്തിലുണ്ടാക്കും. പഞ്ചായത്തിലെ സ്ക്കൂളുകളിൽ മാതൃസംഗമങ്ങൾ സജീവമാക്കുകയും ഈ 58 മാതൃസമിതികൾ സജീവമാക്കി പഞ്ചായത്തുതലത്തിൽ ഏകോപിപ്പിക്കുകയും വേണം.

അന്യം നിന്നു പോയതും പോകാവുന്നതുമായ നാട്ടറിവുകളും ഗ്രാമീണ-നാടൻ കലാരൂപങ്ങളും സംരക്ഷിക്കപ്പെടണം.

❖ ❖ ❖

# വനിത

ഇന്ത്യൻ സമൂഹത്തിന്റെ നേതൃത്വനിരകളിൽ സ്ത്രീകളുടെ അദൃശ്യത പ്രകടമാണ്. പുതിയ ത്രതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതോടുകൂടി ഭരണരംഗത്തെ വനിതാ പ്രാതിനിധ്യം ഏറെ വർദ്ധിച്ചിട്ടുണ്ടെങ്കിലും മുൻകാലങ്ങളിലെ സാമൂഹ്യ പ്രവർത്തനാനുഭവങ്ങളും, സമഗ്രമായ രാഷ്ട്രീയ കാഴ്ചപാടുകളുമുള്ളവരായി തെരഞ്ഞെടുക്കപ്പെട്ട വനിതാ ജനപ്രതിനിധികളിൽ എത്രപേരുണ്ടെന്നുള്ളത് പരിശോധിക്കപ്പെടേണ്ടതാണ്. നിയമത്തിന്റെ പിൻബലം കൊണ്ടും, ജനഹിതമനുസരിച്ചും തെരഞ്ഞെടുക്കപ്പെട്ട് ജനപ്രതിനിധികളായി മാറിയ വനിതകളുടെ നേതൃത്വകഴിവ് വർദ്ധിപ്പിച്ചെടുക്കുകയും, ഒരു സമഗ്ര രാഷ്ട്രീയ കാഴ്ചപ്പാടോടുകൂടി ഭരണരംഗത്തും, സാമൂഹത്തിലും പ്രവർത്തിക്കുവാനുള്ള അവസരങ്ങളും, സാമൂഹ്യ താങ്ങും, അവർക്കൊരുക്കിക്കൊടുക്കുക എന്നത് വനിതാരംഗത്തുള്ള ഇന്നിന്റെ കടമയാണ്. സാമൂഹ്യപരിവർത്തനത്തിന്റെ വിപ്ലവകരമായ വഴിത്തിരിവുകളിൽ പോലും സ്ത്രീ സമൂഹത്തിനുനേരെയുള്ള ചൂഷണം മറ്റുമേഖലകളെ അപേക്ഷിച്ച് വർദ്ധിക്കുകയാണ് ഉണ്ടായത്. ചൂഷണം ചെയ്യപ്പെടുന്നു എന്ന തിരിച്ചറിവ് സ്ത്രീകളിൽ ഉണ്ടാവുന്നില്ല എന്നുള്ളതാണ് വനിതാ മുന്നേറ്റത്തിനുള്ള തടസ്സമായി നിൽക്കുന്നത്.

പുരുഷമേധാവിത്വത്തിന്റെ അഭിപ്രായങ്ങൾക്ക് അനുകൂലമായി തലയാട്ടുന്ന യന്ത്രങ്ങളായി മാത്രം മാറാനും, പതിവു ചുമതലകൾ നിറവേറ്റാനുള്ളവരുമായി വനിതാപ്രതിനിധികളും, വനിതാപ്രവർത്തകരും ഇനിയും അധഃപതിച്ചുകൂടാ. സാമൂഹ്യപ്രശ്നങ്ങൾക്കുനേരെ സ്വന്തം അഭിപ്രായം രൂപീകരിക്കുവാനും അവ നിറവേറ്റാൻ കഴിയുകയും അതുവഴി സമൂഹത്തിൽ മേൽക്കൈനേടാനും കഴിയുന്ന ഒരു സാമൂഹ്യന്തരീക്ഷം വളർത്തിയെടുത്തേ മതിയാവൂ.

ജനസംഖ്യ 43864 ഉള്ള നമ്മുടെ പഞ്ചായത്തിൽ സ്ത്രീ ജനസംഖ്യ 22443 ആണ്. ഇത് ആകെ ജനസംഖ്യയുടെ 51.61% ആണ്. ആകെ വനിതകളിൽ 15% ത്തോളം വരുന്ന സ്ത്രീകൾ ഇപ്പോഴും നിരക്ഷരരായി തുടരുകയാണ്. പഞ്ചായത്തിലെ 6 വയസ്സിൽ താഴെയുള്ള പെൺകുട്ടികളുടെ എണ്ണം 3199 ഉം ഇത് മൊത്തം സ്ത്രീ ജനസംഖ്യയുടെ 14.25% വുമാണ്. പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട 1821 വനിതകളുണ്ട് പഞ്ചായത്തിൽ. ഇത് സ്ത്രീജനസംഖ്യയുടെ 8.13 ശതമാനം വരും.

അങ്ങാടിപ്പുറം പഞ്ചായത്തിലെ 19 വിദ്യാലയങ്ങളിലായി 5312 പെൺകുട്ടികൾ പഠിക്കുന്നുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ പെൺകുട്ടികളുടെ പ്രാതിനിധ്യനിരക്ക് അടുത്തകാലത്തായി വർദ്ധിച്ചുവരുന്നതായി കാണുന്നു. അംഗീകൃത വിവാഹപ്രായത്തിനുമുമ്പുതന്നെ വിവാഹം നടത്തുന്നതാണ് ഉന്നതവിദ്യാഭ്യാസരംഗത്തെ പെൺകുട്ടികളുടെ എണ്ണക്കുറവിനു പ്രധാനകാരണമെങ്കിലും അധിക വായനയും, ഗൗരവവായനയും ശീലമാക്കിയിട്ടുള്ള സ്ത്രീകളുടെ എണ്ണം പഞ്ചായത്തിൽ ഏറെ കുറവാണ്.

പഞ്ചായത്തിലെ 500 വീടുകൾ സ്ത്രീകൾ ഗൃഹനാഥകളായ വീടുകളാണ്. തൊഴിൽ മേഖലയിൽ സ്ത്രീകൾ കൂടുതലും കാർഷിക മേഖലയിലും, കെട്ടിടനിർമ്മാണ രംഗത്തുമാണ്. കെട്ടിടനിർമ്മാണ മേഖലയിൽ പുരുഷന് 125 രൂപയും സ്ത്രീകൾക്ക് 100 രൂപയും കൂലിനിരക്കുള്ളപ്പോൾ കാർഷിക മേഖലയിൽ ഇത് യഥാക്രമം 100 രൂപയും 75 രൂപയും മാത്രമാണ്. സർക്കാർ സ്ഥാപനങ്ങളിൽ 6% സ്ത്രീകളും സ്വകാര്യ വ്യവസായ സേവന മേഖലകളിൽ 9% സ്ത്രീകളും ജോലിചെയ്യുന്നു. അങ്ങാടിപ്പുറം പഞ്ചായത്തിൽ DWRCA പദ്ധതിപ്രകാരം നാല് ആടുവളർത്തൽ കേന്ദ്രങ്ങളും, ഒരു കല്ലുടയ്ക്കൽ യൂണിറ്റും പ്രവർത്തിക്കുന്നതായി രേഖകൾ പറയുന്നു. (അവലംബം: സെക്കൻഡറി ഡാറ്റ). വ്യവസായ സംരഭത്തിന് സ്ത്രീകൾ മുന്നോട്ടു വരുന്നില്ല. സ്ത്രീകളുടെ സാങ്കേതിക പരിജ്ഞാനവും, കഴിവും, ആത്മവിശ്വാസവും വർദ്ധിപ്പിച്ചുകൊണ്ട്, വനിതകളെ തൊഴിൽ സംരംഭങ്ങളിലേക്കാകർഷിക്കുവാനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കണം. CBNP പദ്ധതിപ്രകാരം പഞ്ചായത്തിലെ അംഗങ്ങളിൽ നിന്നും പിരിച്ചെടുത്ത 1,46,039 രൂപയും, UNICEF ൽ നിന്നും ലഭിച്ച 7000 രൂപയുമുൾപ്പെടെയുള്ള തുകയിൽ നിനും 56,000 രൂപ ലോൺ ഇനത്തിൽ നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കു കീഴിൽ പഞ്ചായത്തിനകത്ത് ഇതുവരെ ഉല്പാദന യൂണിറ്റുകളൊന്നും തന്നെ ആരംഭിച്ചിട്ടില്ല. ഈ പശ്ചാത്തലത്തിൽ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ പഞ്ചായത്തിലെ CBNPപ്രവർത്തനങ്ങൾക്ക് എന്തുമാത്രം കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വിമർശനാത്മകമായി പരിശോധിക്കപ്പെടേണ്ടതാണ്.

സ്ത്രീകൾക്ക് ഏറെ തൊഴിൽ ലഭ്യമായിരുന്ന ഒരു മേഖലയായിരുന്നു കാർഷികമേഖല. കേരളത്തിലെ വനിതകളുടെ സംഘടിത ബോധമുണർത്തുന്നതിന്റെ ചരിത്രവും കാർഷികമേഖലയുമായി ബന്ധപ്പെട്ടുകിടക്കുന്നു. കാർഷിക

മേഖലയുടെ തകർച്ച ഈ രംഗത്തും തൊഴിലെടുത്തിരിക്കുന്ന സ്ത്രീകളെ മറ്റുതൊഴിൽ മേഖലകൾ തേടാൻ പ്രേരിപ്പിച്ചു. പ്രായേണ കടുത്ത അധ്വാനം ആവശ്യമായി വരുന്ന കെട്ടിടനിർമ്മാണം പോലുള്ള മേഖലകളിലേക്കാണ് ഈ പ്രയാണം ഉണ്ടായത്. ഇത് അവരുടെ ശാരീരികവും, മാനസികവും, കുടുംബപരവുമായ പുറകോട്ടു പോക്കിന് കാരണമായിട്ടുണ്ട്. കാർഷികമേഖലയുടെ പുനരുദ്ധാരണം വഴി സ്ത്രീകൾക്ക് കുറേക്കൂടി മെച്ചപ്പെട്ട തൊഴിൽ സാഹചര്യം സൃഷ്ടിക്കാൻ കഴിയും.

ആരോഗ്യസേവന ലഭ്യതയിലും സ്ത്രീകൾ പുറകിൽ നിൽക്കുന്നു. സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിനു വേണ്ടിയുള്ള ധാരാളം പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ നടക്കുന്നുണ്ടെങ്കിലും, ഇവയുടെ പ്രതീക്ഷിത ഫലം സ്ത്രീകളിലെത്തുന്നില്ല.

പഞ്ചായത്തിലെ ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടേയും ആരോഗ്യനിലവാര സംരക്ഷണത്തിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത് സ്ത്രീകളുടെ ആരോഗ്യരംഗത്ത് കൂടുതൽ ശ്രദ്ധ ആവശ്യമായി വരുന്നുണ്ട് എന്നതാണ്.

പട്ടിക (1) സ്ത്രീകളും അധിക പോഷണവും.

| | ആകെ സ്ത്രീകൾ | അധികപോഷണം ആവശ്യമായി വരുന്നവർ |
|---|---|---|
| ഗർഭിണികൾ | 226 | 154 |
| മുലയൂട്ടുന്ന അമ്മമാർ | 390 | 220 |

ഓരോ പ്രദേശത്തേയും കുടിവെള്ള ലഭ്യതയുടെ അഭാവവും ആപ്രദേശത്തെ വനിതകളുടെ ആരോഗ്യസ്ഥിതി നിർണ്ണയിക്കുന്നതിൽ ചെറുതല്ലാത്ത പങ്ക് വഹിക്കുന്നുണ്ട്. സ്വന്തം വീടുകളിലേക്ക് വെള്ളമെത്തിക്കുന്നതിനുള്ള ചുമതല സ്ത്രീകൾക്കാവുകയും അതുതന്നെ ഏറെ ദൂരെ നിന്നാവുകയും ചെയ്യുന്നതിനാൽ ഈ അവസ്ഥ സൃഷ്ടിക്കുന്ന അധ്വാനവും ജോലിഭാരവും ഏറെ വഹിക്കേണ്ടി വരുന്നത് സ്ത്രീകളാണ്.

സാമൂഹ്യപരമായ വനിതകളുടെ പ്രശ്നങ്ങളും സാധ്യതകളും പരിശോധിക്കപ്പെടണം. സ്ത്രീകളുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിന്, പരിഹരിക്കുന്നതിന് കഴിവും താല്പര്യവുമുള്ള വനിതാ നേതൃത്വം ഇനിയും പഞ്ചായത്തിൽ ഉയർന്നു വരേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 39 അംഗൻവാടികളും വനിതാ മുന്നേററങ്ങളുടെ കേന്ദ്ര ബിന്ദുക്കളായി മാറ്റണം. ഇപ്പോൾ അംഗൻവാടികളോട് ചേർന്ന് പ്രവർത്തിച്ചു വരുന്ന മഹിളാ സമാജങ്ങൾ സ്ത്രീകൾ ഒരുമിച്ചിരുന്ന് സ്വതന്ത്രമായി അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരങ്ങൾ സ്വയം കണ്ടെത്തുകയും ചെയ്യുന്നതിനുള്ള വേദികളാക്കിമാറ്റണം. സ്ത്രീ പ്രശ്നങ്ങൾ ഏറ്റെടുത്ത് പരിഹരിക്കുകയും , വനിതാരംഗത്തെ ബോധവൽക്കരണ-സംഘാടനപ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിക്കുകയും വേണം. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാമൂഹ്യ സാഹചര്യത്തിൽ ഓരോ ബ്ലോക്കിലും ഓരോ ലീഗൽ എയ്ഡ് സെൻറർ സ്ഥാപിക്കുന്നത് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിനും, വനിതാ രംഗത്തെ പുത്തനുണർവിനും, മുന്നേറ്റങ്ങൾക്കും ആക്കം കൂട്ടുകയും ചെയ്യും.

സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നങ്ങളിലൊന്ന് രൂക്ഷമായ തൊഴിലില്ലായ്മയാണ്. ഇതുപരിഹരിക്കുന്നതിനായി സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകളും സഹകരണ സംരംഭങ്ങളും ആരംഭിക്കാവുന്നതാണ്. പാലും, പാലുല്പന്നങ്ങളും, ചെറുകിട പരമ്പരാഗതവ്യവസായ യൂണിറ്റുകൾ, അടുക്കളതോട്ടങ്ങൾ, നഴ്സറിയും ഗാർഡനിംഗ് യൂണിറ്റും, പൗൾട്രറിഫാമുകൾ, സദ്യയൊരുക്കൽ യൂണിറ്റ് തുടങ്ങിയ പ്രവർത്തനമേഖലകളുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണം.

വനിതാരംഗം നേരിടുന്ന പ്രശ്നങ്ങൾ പരമാവധി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട്, സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യവും, സാശ്രയത്വവും ഉറപ്പാക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം ഉണ്ടാവേണ്ടിയിരിക്കുന്നു. അത്തരം പ്രവർത്തനങ്ങൾക്കും മുന്നേറ്റങ്ങൾക്കും ആവശ്യമായ ഗൗരവമേറിയ ചർച്ചകളും, പരിഹാര നിർദ്ദേശങ്ങളും ഈ സെമിനാറിൽ ഉയർന്നു വരേണ്ടതുണ്ട്.

# സഹകരണ മേഖല

സമത്വം എന്ന അടിസ്ഥാനത്തിൽ മനുഷ്യർ സ്വമേധയാ യോജിച്ച് അവരുടെ സാമ്പത്തിക താൽപര്യങ്ങൾ പോഷിപ്പിക്കുന്നതിനുണ്ടാക്കുന്ന സംഘടനയാണ് സഹകരണ സ്ഥാപനം. മനുഷ്യനിൽ അന്തർലീനമായ പരസ്പര സഹകരണത്തിൻെറ അടിസ്ഥാനത്തിൽ, ഒരു വ്യക്തിക്ക് സ്വന്തം നിലയിൽ ചെയ്യുവാൻ കഴിയാത്ത പ്രവർത്തനങ്ങളെ ഒരു സംഘം വ്യക്തികൾ ചേർന്ന് കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഏകോപിപ്പിച്ച് ലക്ഷ്യത്തിലെത്തുക എന്നതാണ് പ്രവർത്തന തത്വം. 19 ാം നൂറ്റാണ്ടിൻെറ അവസാന ഘട്ടത്തിൽ ഇന്ത്യയിൽ വേരുറച്ച സഹകരണ പ്രസ്ഥാനത്തിന് രാജ്യത്തെ കാർഷിക - തൊഴിൽ മേഖലകളുടെ സമൂലമായ മാറ്റത്തിനും, ഗ്രാമങ്ങളുടെ സാമൂഹ്യ-സാമ്പത്തിക വികസനത്തിന് നാന്ദിയാകുവാനും കഴിഞ്ഞിട്ടുണ്ട്. എന്നാലും സഹകരണ രംഗത്തെ വിവിധ മേഖലകളെടുത്ത് പരിശോധിച്ചാൽ ഈ രംഗത്ത് അങ്ങാടിപ്പുറം പഞ്ചായത്തിന് കാര്യമായ പുരോഗതി നേടിയെടുക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം വ്യക്തമാകും. എങ്കിലും വളരെ വർഷങ്ങൾക്ക് മുമ്പു തന്നെ ചില വ്യക്തികളുടെ ശ്രമഫലമായി സഹകരണ പ്രസ്ഥാനത്തിൻെറ അലയടികൾ ഈ ഗ്രാമപഞ്ചായത്തിലുമെത്തിയിട്ടുണ്ട് എന്നു കാണാം.

1946 ൽ ആരംഭിച്ച അങ്ങാടിപ്പുറം സർവ്വീസ് സഹകരണ ബാങ്കിൻെറ പ്രവർത്തനങ്ങൾ ഗ്രാമത്തിലെ കാർഷിക മേഖലയുടെ മുഖഛായ മാറ്റുവാൻ പര്യാപ്തമായിട്ടുണ്ട്. വിവിധ ശാഖകളിലൂടെ പ്രസ്തുത ബാങ്കിൻെറ സേവനം അങ്ങാടിപ്പുറം പഞ്ചായത്തിന് പുറമെ, പുഴക്കാട്ടിരി പഞ്ചായത്തിൻെറ ഏതാനും വാർഡുകളിലും ഇന്ന് ലഭ്യമാണ്. 1960 ൽ ആരംഭിച്ച പരിയാപുരം കോ - ഓപ്പറേറ്റീവ് മിൽക്ക് സപ്ലൈ സൊസൈറ്റി, 1976 ൽ ആരംഭിച്ച പെരിന്തൽമണ്ണ ബീഡി ഇൻഡ്രസ്ട്രിയൽ വർക് ഷോപ്പ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, 1990 ൽ ആരംഭിച്ച അങ്ങാടിപ്പുറം പഞ്ചായത്ത് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം തുടങ്ങിയവയാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സഹകരണ സ്ഥാപനങ്ങൾ. വിവിധ മേഖലകളിലായി പതിനൊന്ന് ചെറുസംഘങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പുറമെ ജില്ലാ , താലൂക്ക്, ഏരിയാതലങ്ങളിൽ പ്രവർത്തിക്കുന്ന 16 സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ ഈ പഞ്ചായത്ത് കൂടി ഉൾപ്പെടുന്നു.

പട്ടിക: 1: അങ്ങാടിപ്പുറം പഞ്ചായത്തിലെ പ്രധാനപ്പെട്ട സഹകരണ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ.

| സ്ഥാപനം | പരിയാപുരം കോ- ഓപ് മിൽക്ക് സൊസൈറ്റി | അങ്ങാടിപ്പുറം പഞ്ചായത്ത് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം | അങ്ങാടിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് | പെരിന്തൽമണ്ണ താലൂക്ക് ബീഡി ത്തൊഴിലാളി വ്യവസായ സഹകരണ സംഘം |
|---|---|---|---|---|
| പ്രവർത്തന പരിധി | അങ്ങാടിപ്പുറം പഞ്ചായത്ത്പെരിന്തൽമണ്ണമുനിസിപ്പാലിറ്റി, പുഴക്കാട്ടിരി 1 ാം വാർഡ് | അങ്ങാടിപ്പുറം പഞ്ചായത്ത് , | അങ്ങാടിപ്പുറം പഞ്ചായത്ത് പുഴക്കാട്ടിരി പഞ്ചായത്ത് (1, 2, 3 വാർഡുകൾ) | പെരിന്തൽമണ്ണ താലുക്ക്. |
| ക്രെഡിറ്റ് /നോൺ ക്രെഡിറ്റ് | നോൺക്രെഡിറ്റ് | നോൺക്രെഡിറ്റ് | ക്രെഡിറ്റ് | --------- |
| ആരംഭിച്ചവർഷം | 1960 | 1990 | 1946 | 1976 |

| | | | | |
|---|---|---|---|---|
| ആകെ അംഗങ്ങൾ | 468 | 200 | 18650 | 273 |
| ഒരു ഓഹരി വില | 10 രൂപ | 50 രൂപ | 5 രൂപ | A: 5രൂപ<br>B:10 രൂപ<br>C:100രൂപ |
| അംഗീകൃത ഓഹരി മൂലധനം | 10,000രൂപ | 5,00000 രൂപ | 17,75,000രൂപ | 36,000രൂപ |
| പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം | 4.595 രൂപ | 10,000 രൂപ | 2,028,295 രൂപ | 13,710 രൂപ |
| സർക്കാർ ഓഹരിയുണ്ടോ | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| ഉണ്ടെങ്കിൽ തുക | ---- | ---- | 1,34,110 രൂപ | 3500 രൂപ |
| പരമാവധി കടം എടുക്കാവുന്ന തുക | 61,280 രൂപ | 3,50,000 രൂപ | 25,000 രൂപ | 1,37,100 രൂപ |
| 95 - 96 ൽ നൽകിയ ഹ്രസ്വകാല വായ്പകൾ | - | - | 18,36,200 രൂപ | - |
| 95 - 96 ൽ നൽകിയ മദ്ധ്യകാല വായ്പകൾ | - | - | 10,43,650 രൂപ | - |
| 95 - 96 ൽ മറ്റ്ബാങ്കുകാരിനിന്നും സ്വീകരിച്ച കടം | - | - | 5,42,345 രൂപ | - |

## നിലവിലുള്ള സംഘങ്ങളുടെ പ്രശ്നങ്ങളും സാദ്ധ്യതകളും.

### I സഹകരണ മേഖലയിലെ സംഘങ്ങൾ:

**A അങ്ങാടിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് :**

പഞ്ചായത്തിലെ ഏക സർവ്വീസ് സഹകരണ ബാങ്കായ അങ്ങാടിപ്പുറം സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം ഏറെ മെച്ചപ്പെട്ടതാണെങ്കിലും കാർഷിക വായ്പ തുക ഓരോ വിളവിനും പരിമിതമായതിനാലും, അത്യാവശ്യവും, അശാസ്ത്രീയവുമായ നിയന്ത്രണം വായ്പകൾക്ക് നിലനിൽക്കുന്നതിനാലും കർഷകർക്ക് പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്.നബാർഡിന്റെ പുനർ വായ്പ സൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് കാർഷിക രംഗത്തെ ഉൽപ്പാദന ചിലവിന്റെ വർദ്ധനവിന് ആനുപാതികമായി വിവിധ കാർഷിക വായ്പകളുടെപരിധി ഉയർത്തേണ്ടതാണ്.

പട്ടിക : 2

അങ്ങാടിപ്പുറം സർവ്വീസ് സഹകരണ ബാങ്കിന്റെ കഴിഞ്ഞ ആറു വർഷത്തെ വായ്പാ വിതരണ കണക്ക്.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | വായ്പാ തുക - |
|---|---|---|
| 1990 - 91 | 721 | 15,29,300 00 രൂപ |
| 91 - 92 | 579 | 12,80,100 00 രൂപ |
| 92 - 93 | 480 | 11,11,700 00 രൂപ |
| 93 - 94 | 325 | 16,25,000 00 രൂപ |
| 94 - 95 | 290 | 13,08,625 00 രൂപ |
| 95 - 96 | - | 28,79,850 00 രൂപ |
| ആകെ | 2395 | 97,34,575 00 രൂപ |

കഴിഞ്ഞ അഞ്ചു വർഷത്തെ അപേക്ഷിച്ച് 95 96 ലെ വായ്പ നിരക്ക് വർദ്ധിച്ച തോതിലാണെന്ന് കാണാം. പ്രസ്തുത കാലയളവിൽ ദീർഘകാല വായ്പകൾ പരിമിതമായിരുന്നുവെങ്കിലും ഹ്രസ്വകാല വായ്പയായി 18,36,200 00 രൂപയും മദ്ധ്യകാല വായ്പയായി 10,43,650 00 രൂപയുമാണ് ബാങ്ക് വിതരണം ചെയ്തിട്ടുള്ളത്. ബാങ്കിൻെറ പ്രവർത്തനം കൂടുതൽ വിപുലീകരിച്ചു വരുന്നുവെന്നതിനുള്ള തെളിവാണിത്.

കശുവണ്ടി ഒഴിച്ചുള്ള വിവിധ കാർഷിക വിളവുകളുടെ സംഭരണ വിപണന മേഖലകളിൽ ബാങ്കിൻെറ അപര്യാപ്തമാണ്. റബ്ബർ, കൊപ്ര തുടങ്ങി എല്ലാ കാർഷിക വിളകളും, ന്യായമായ വില കർഷകന് നൽകിക്കൊണ്ട് സംഭരിക്കുകയും ബാങ്കിൻെറ ലാഭ വിഹിതം മെച്ചപ്പെടുത്തി, ഈ രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാനുതകും വിധത്തിലും വിലക്കയറ്റം പിടിച്ചു നിർത്തുവാനാവശ്യമായ വിധത്തിലും ന്യായമായ വിലക്ക് വിപണനം നടത്തുവാനുള്ള സംവിധാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

കാർഷിക സഹകരണബാങ്ക് ആവശ്യപ്പെട്ട മാറ്റം

സംഘത്തിൻെറ നിക്ഷേപം ചുരുങ്ങിയ പലിശക്ക് മറ്റു സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നത് മൂലമുണ്ടാകുന്ന നഷ്ടം ഒഴിവാക്കേണ്ടതാണ്.

രാഷ്ട്രീയ പരിഗണന കൂടാതെ കൂടുതൽ പേരെ മെമ്പർമാരായി ചേർത്തുകൊണ്ട് സംഘത്തിൻെറ പവർത്തനം വിപുലീകരിക്കേണ്ടതാണ്.

കർഷകരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ അടങ്ങിയ ലാൻറ് രജിസ്റ്റർ തയ്യാറാക്കേണ്ടതും, അതനുസരിച്ച് ആവശ്യമായ വാർഷിക വായ്പാ തുക മുൻകൂട്ടി തിട്ടപ്പെടുത്തേണ്ടതുമാണ്. കർഷകന് ക്രെഡിറ്റ് കാർഡ് ഏർപ്പെടുത്തിക്കൊണ്ട് വായ്പാ വർഷാരംഭത്തിൽ തന്നെ വിതരണം ചെയ്യേണ്ടതുമാണ്.

പ്രത്യേക കാർഷിക വികസന പദ്ധതികൾ, ഭവന നിർമ്മാണ പദ്ധതികൾ, തുടങ്ങിയവ ബാങ്കിന് സ്വന്തമായി നടപ്പിലാക്കാവുന്നതാണ്. ബിസിനസ്സ് സ്ഥാപനം എന്നതിലുപരി ബാങ്ക് വികസന സ്ഥാപനമായി മാറേണ്ടതുണ്ട്.

ധാരാളം കർഷക തൊഴിലാളികൾ ഇന്ന് വാഴ തുടങ്ങിയ പാട്ടകൃഷിയായി ചെയ്തുവരുന്നുണ്ട്. ഈ രംഗത്തെ ബാങ്ക് വായ്പകൾ ഉദാരമാക്കണം.

വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ തുടങ്ങിയവ സഹകരണ സംഘം മുഖേന കർഷകന് മിതമായ വിലക്ക് ലഭ്യമാക്കണം.

സർക്കാരിൻെറ പലിശ സബ്സിഡി യഥാസമയം വായ്പാക്കാർക്ക് ലഭ്യമാക്കുവാൻ ആവശ്യമായ നട പടികൾ സ്വീകരിക്കേണ്ടതാണ്.

ബാങ്കിൻെറ വായ്പകൾ പഞ്ചായത്തിലെ നിർജ്ജീവമായി കിടക്കുന്ന മറ്റു ചെറുകിട സഹകരണ സംഘങ്ങൾക്കും ലഭ്യമാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തും സഹകരണ ബാങ്കും സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിച്ചു കൊണ്ട് നിക്ഷേപ സമാഹരണ യജ്ഞത്തിലൂടെ ബാങ്കിൻെറ നിക്ഷേപം വർദ്ധിപ്പിക്കുകയും, പഞ്ചായത്തിൻെറ വികസനപ്രവർത്തനങ്ങൾക്ക് ദീർഘകാല വായ്പകൾ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

അങ്ങാടിപ്പുറം സർവ്വീസ് സഹകരണ ബാങ്കിൻെറ "പൊതു നന്മാ ഫണ്ട് " (Common Good Fund)പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തേണ്ടതാണ്.

**B** അങ്ങാടിപ്പുറം പഞ്ചായത്ത് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം .

അസംഘടിത മേഖലയിലെ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് രൂപീകരിച്ചിട്ടുള്ളതാണ് നിലവിലുള്ള ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ. സംഘം വികസന പ്രവർത്തനങ്ങൾ നേരിട്ട് ഏറ്റെടുത്ത് നടത്തുകയും, തദ്ദേശീയർക്ക് തൊഴിൽ ഏർപ്പെടുത്തുകയും ചെയ്യുന്നു. സംഘത്തിൻെറ പ്രവർത്തനം ഏതാണ്ട് മുരടിച്ച അവസ്ഥയിലാണ്. ജനകീയ ബോധവൽക്കരണത്തിലൂടെ, കൂടുതൽ അംഗങ്ങളെ ചേർത്തുകൊണ്ടും, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, സർക്കാർ ഏജൻസികളിൽ നിന്നുംആവശ്യമായ ധനസഹായം ലഭ്യമാക്കികൊണ്ടും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് സംഘത്തിന് മുൻഗണന നൽകേണ്ടതുമാണ്.

**C** അങ്ങാടിപ്പുറം എഫ് സി ഐ വർക്കേഴ്സ് ലേബർ കോൺട്രാക്റ്റ് സൊസൈറ്റി .

അങ്ങാടിപ്പുറത്തെ ഫുഡ് കോർപ്പറേഷൻ തൊഴിലാളികളുടെ സഹകരണ സംഘമാണിത് . എഫ് . സി. ഐ കേന്ദ്രമാക്കി നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

**D** വിദ്യാലയ സഹകരണ സംഘങ്ങൾ

അഞ്ച് വിദ്യാലയ സഹകരണ സംഘങ്ങളാണ് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നത്.

1. പെരിന്തൽമണ്ണ ഗവ: പോളിടെക്നിക്ക് കോ ഓപ്പറേറ്റീവ് സൊസൈറ്റി.
2. അങ്ങാടിപ്പുറം തരകൻ ഹൈസ്ക്കൂൾ കോ ഓപ്പറേറ്റീവ് സൊസൈറ്റി.
3. തിരൂർക്കാട് എ. എം . ഹൈസ്ക്കൂൾ കോ ഓപ്പറേറ്റിവ് സൊസൈറ്റി.
4. പരിയാരപുരം ഫാത്തിമാ മാതാ യു.പി.സ്ക്കൂൾ കോ ഓപ്പറേറ്റീവ് സൊസൈറ്റി.
5. കോട്ടപ്പറമ്പ് എ. എം. എൽ.പി. സ്ക്കൂൾ കോ ഓപ്പറേറ്റീവ് സൊസൈറ്റി.

മേൽപ്പറഞ്ഞ സൊസൈറ്റികളെല്ലാം തന്നെ ഇന്ന് കേവലം പുസ്തക വിൽപ്പന കേന്ദ്രങ്ങളായി മാറിയിരിക്കുകയാണ്. ആവശ്യമായ സ്റ്റാഫിനെ നിയമിച്ചുകൊണ്ട് യൂണിഫോമുകൾ, ബോധന സാമഗ്രികൾ എന്നിവ കൂടി വിതരണം ചെയ്യേണ്ടതാണ്.

**E** പരിയാപുരം കോ ഓപ്പറേറ്റീവ് മിൽക്ക് സപ്ലൈ സൊസൈറ്റി.

അങ്ങാടിപ്പുറം പഞ്ചായത്തിലെ ഏക പാലുല്പാദക സഹകരണ സംഘമാണിത്. നല്ല നിലയിൽ നടന്നു വരുന്ന ഇതിൻെറ പ്രവർത്തനം പഞ്ചായത്തിൻെറ ഏതാനും ചില വാർഡുകളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന അവസ്ഥയുണ്ട്. മൂന്നു കേന്ദ്രങ്ങളിൽ നിന്നും സംഭരിക്കുന്ന പാൽ വെണ്ടർമാരെ ഏൽപ്പിക്കുന്നതോടെ സൊസൈറ്റിയുടെ ഉത്തരവാദിത്വം അവസാനിക്കുകയാണ്. ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനും ഉപഭോക്താക്കളുടെ പരാതികൾ ഒഴിവാക്കുന്നതുനുവേണ്ടി പാൽ പോളിത്തീൻ കവറുകളിലാക്കി പഞ്ചായത്ത് പ്രദേശമാകെ വിപണനം നടത്തുന്നതിനെക്കുറിച്ച് പരിശോധിക്കാവുന്നതാണ്.

സംഘത്തിൻെറ പാൽ രണം വർദ്ധിപ്പിക്കുന്നതിന് കർഷഖ5ക്ക് സങ്കരയിനം കറവപശുക്കളെ സർക്കാരിൻെറ വിവിധ പദ്ധതികളിലൂടെ ലഭ്യമാക്കേണ്ടതാണ്. മിൽക്ക് സൊസൈറ്റിയുടെ ലാഭ വിഹിതവും ഇതിനുപയോഗിക്കാം. കാലിത്തീറ്റ, പുൽ വിത്ത് തുടങ്ങിയവ സൊസൈറ്റി മുഖേന വിതരണം നടത്തേണ്ടതും, ബീജസങ്കലന കേന്ദ്രം, മൃഗചികിൽസാ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തേണ്ടതുമാണ്. മൃഗങ്ങളുടെ ഇൻഷുറൻസ് പ്രോൽസാഹിപ്പിക്കുകയും വേണം.

കൂടുതൽ പേരെ സജീവ അംഗങ്ങളാക്കികൊണ്ട് പരിയാപുരം സൊസൈറ്റിയുടെ സംഭരണ വിപണന മേഖലകൾ വിപുലികരിക്കണം.

2. വ്യാവസായിക മേഖലയിലെ സംഘങ്ങൾ :

**A** പെരിന്തൽമണ്ണ താലൂക്ക് ബീഡി ഇൻഡസ്ട്രിയൽ വർക് ഷോപ്പ് കോ ഓപ്പറേറ്റീവ് സൊസൈറ്റി (പ്രകാശ് ബീഡി കമ്പനി)

ഈ സംഘം മുഖേന 29 പേർക്കാണ് തൊഴിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. സെൻട്രൽ എക്സൈസ് ഡ്യൂട്ടി ഇനത്തിൽ നൽകേണ്ടി വരുന്ന ഭീമമായ നികുതിയിൽ നിന്നും ഒരു ചെറുകിട സഹകരണ സംഘമെന്ന പരിഗണന നൽകി ഈ സ്ഥാപനത്തെ ഒഴിവാക്കേണ്ടത് നില നിൽപ്പിന് അനിവാര്യമാണ്.

മേഖലയിൽ അനുഭവപ്പെടുന്ന കൂലിക്കുറവ് മറ്റൊരു പ്രധാന പ്രശ്നമാണ്. കൂടുതൽ അംഗങ്ങളെ ചേർത്തുകൊണ്ട് സംഘം വിപുലീകരിക്കുകയും, അതോടൊപ്പം തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾക്ക് കൂടുതൽ തുക നീക്കി വയ്ക്കുകയും വേണം.

അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമാക്കുന്നതിലും, വിപണന രംഗത്തും സംഘം കൂടുതലായി ശ്രദ്ധിക്കേണ്ടതുണ്ട

**B** അങ്ങാടിപ്പുറം ഇൻഡസ്ട്രിയൽ വർക് ഷോപ്പ് സഹകരണ സംഘം .(INCOS)

നല്ല നിലയിൽ പ്രവർത്തിച്ച് വന്നുരുന്ന ഈ പ്രിൻറിംഗ് സ്ഥാപനം മാനേജ്മെൻറിലെ കെടു കാര്യസ്ഥത കാരണം നഷ്ടത്തിലാവുകയും തന്മൂലം പ്രവർത്തനം അവസാനിപ്പിക്കേണ്ടതായും വന്നു.

**C** പരിയാപുരം സ്റ്റാർച്ച് വർക്കേഴ്സ് വ്യവസായ സഹകരണ സംഘം

ഈ സ്റ്റാർച്ച് ഫാക്ടറിയുടെ പ്രവർത്തനം 1976 മുതൽ നിലച്ചിരിക്കുകയാണ്. സർക്കാർ ഏർപ്പെടുത്തിയ പ്രത്യേക നികുതി, അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം തുടങ്ങിയവയാണ് പ്രധാന കാരണങ്ങൾ.

**D** പുത്തനങ്ങാടി ഗ്രാമ വ്യവസായ സഹകരണ സംഘം :

സോപ്പ് നിർമ്മിക്കുന്നതിനുള്ളതായിരുന്നു ഈ യൂണിറ്റ്.സോപ്പ് നിർമ്മാണ രംഗത്തെ കുത്തക വ്യവസായികളുമായി, വിപണനം അതിന്റെ ഭാഗമായ പരസ്യം എന്നീ രംഗങ്ങളിൽ മത്സരിക്കുവാൻ കഴിയാത്തതിനാൽ വിൽപ്പന കുറയുകയും തുടർന്ന് ഈ സംഘം പ്രവർത്തനം അവസാനിപ്പിക്കുകയും ചെയ്തു.

മറ്റു സാധ്യതകൾ:

1. അങ്ങാടിപ്പുറം പഞ്ചായത്തിൽ കൺസ്യൂമർ സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്. ഉൽപ്പന്നങ്ങൾ ഉൽപ്പാദക കേന്ദ്രങ്ങളിൽ നിന്നും നേരിട്ട് സംഭരണം നടത്തി ഇടത്തട്ടുകാരെ പൂർണ്ണമായും ഒഴിവാക്കികൊണ്ട് വിതരണം ചെയ്യണം.

2. ഏറാന്തോട് കേന്ദ്രമാക്കി പട്ടികജാതിക്കാരുടെ ക്ഷേമത്തിനും, തൊഴിൽ ലഭ്യതയ്ക്കും വേണ്ടി സഹകരണ സംഘം രൂപീകരിക്കേണ്ടാണ്.

3. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും, പ്രസ്തുത സംഘങ്ങൾ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, കറിപൗഡർ നിർമ്മാണം, നോട്ടു പുസ്തക നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുകയും ചെയ്താൽ, വനിതകളുടെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധി വരെ പരിഹാരം ആകുന്ന തോടൊപ്പം അവരുടെ സാമൂഹ്യ സാമ്പത്തിക നില മെച്ചപ്പെടുതുന്നതിനും സഹായകരമായിരിക്കും.

4. അങ്ങാടിപ്പുറം പഞ്ചായത്തിൽ വെളിച്ചെണ്ണ ഉൽപ്പാദക സഹകരണ സംഘം ആരംഭിക്കാവുന്നതാണ്. തന്മൂലം കൊപ്ര സംഭരണം വഴി കേര കർഷകന് നാളികേരത്തിന് ന്യായമായ വില ലഭിക്കുകയും, ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയിൽ വെളിച്ചെണ്ണ ലഭ്യമാവുകയും ചെയ്യും. ഇതേപോലെ ഒരു റബറധിഷ്ഠിത സഹകരണ സംഘത്തിന് പരിയാപുരത്തും സാധ്യതയുണ്ട്.

5. സഹകരണ സംഘങ്ങൾ രൂപികരിച്ചുകൊണ്ട് പരമ്പരാഗത കുടിൽ വ്യവസായമായ പുൽപ്പായ നിർമ്മാണം, കൊട്ട വട്ടി നിർമ്മാണം, ഓലക്കുട നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവയെ നിലനിർത്തേണ്ടതാണ്.

6. കാർഷിക മേഖലയായ വലമ്പൂർ വില്ലേജ് കേന്ദ്രമാക്കി ഒരു ക്ഷീര സഹകരണ സംഘം രൂപീകരിക്കേണ്ടത് അനിവാര്യമാണ്. ഇതിന് ജനകീയ ബോധവൽക്കരണവും ക്ഷീര വികസന വകുപ്പിന്റെ വിദഗ്ദോപദേശവും ആവശ്യമായി വരും.

7. മകട പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മകട ബ്ലോക്ക് ഡയറി എക്സ്റ്റൻഷൻ ഓഫീസിന്റെ നിയന്ത്രണം മകട പഞ്ചായത്തിൽ നിന്നും വേർപ്പെടുത്തി മകട ബ്ലോക്ക് പഞ്ചായത്തിന് കീഴിലാക്കേണ്ടതാണ്. അതോടൊപ്പം എല്ലാ പഞ്ചായത്തിലും ക്ഷീര വികസന വകുപ്പിന്റെ സേവനം ഉറപ്പു വരുത്തുകയും വേണം

8. അങ്ങാടിപ്പുറം പഞ്ചായത്ത് പ്രവർത്തന പരിധിയായി ഉള്ളതും പഞ്ചായത്തിന് പുറത്ത് സ്ഥിതി ചെയ്യുന്നതുമായ മറ്റ് സഹകരണ ബാങ്കുകളുടെ സേവനം ഇവിടേയും കാര്യക്ഷമമായും ലഭിക്കുവാൻ സംവിധാനം ഉണ്ടാക്കേണ്ടതാണ്. ഗുരുതരമായ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് പെരിന്തൽമണ്ണ റൂറൽ ഹൗസിംങ് സഹകരണ സംഘം, പെരിന്തൽമണ്ണ സഹകരണ കാർഷിക വികസന ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങളുടെ സഹായവും ലഭ്യമാക്കാവുന്നതാണ്.

പട്ടിക.3

**വിവിധ മേഖലകളിൽ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള ഗ്രാമസഭാ നിർദ്ദേശങ്ങൾ:**

| ക്രമ നമ്പർ | ഉദ്ദേശിക്കുന്ന സഹകരണ സംഘം |
|---|---|
| 1 | സഹകരണ ആശുപത്രി. |
| 2 | കയർ നിർമ്മാണ സംഘം |
| 3 | പച്ചക്കറി വിപണന സംഘം |
| 4 | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം (വനിത) |
| 5 | വെളിച്ചെണ്ണ ഉൽപാദനം |
| 6 | ചെരിപ്പ് നിർമ്മാണം |
| 7 | കുട നിർമ്മാണം |
| 8 | മെഴുകുതിരി നിർമ്മാണം |
| 9 | സോപ്പു നിർമ്മാണം. |
| 10 | പ്ലാസ്റ്റിക് കസേര നിർമ്മാണം |
| 11 | ബീഡി നിർമ്മാണം |
| 12 | ഹോളോബ്രിക്സ്, കട്ടില, ജനൽ നിർമ്മാണം. |
| 13 | കോഴി വളർത്തൽ |

പഞ്ചായത്തിലെ വളരെയധികം സഹകരണ സംഘങ്ങൾ രൂപീകരിക്കുക എന്ന നയം ആരോഗ്യകരമല്ല. മറിച്ച് ഒരു പ്രദേശത്തിന്റെ സാധ്യതകൾ, അസംസ്ക പദാർത്ഥങ്ങളുടെ ലഭ്യത, വിപണന രംഗത്തെ ഏപാരായ്മകളും കിടമൽസരങ്ങളും എന്നിവയെല്ലാം കണക്കിലെടുത്ത് അനുയോജ്യമായ സ്ഥലത്തും മേഖലകളിലും പുതിയതായി സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. ഇതിന് മുന്നോടിയായികാര്യങ്ങളെ വസ്തു നിഷ്ഠമായി പഠിക്കേണ്ടതുണ്ട്. തൊഴിൽ മേഖല വിപുലീകരിക്കുന്നതിനോടൊപ്പം വിവിധ കാർഷിക വ്യാവസായിക ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കത്തക്ക വിധത്തിൽ സുഗമമായ വിപണന സൗകര്യം ഉണ്ടാക്കിയെടുക്കുക എന്നതായിരിക്കണം പരമപ്രധാനമായ ലക്ഷ്യം.

കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പരമ്പരാഗത കുടിൽ വ്യവസായങ്ങളെ നശിച്ചു പോകാതെ നിലനിർത്തുക ,കാർഷിക വിളവുകൾക്ക് കർഷകന് മെച്ചപ്പെട്ട വില ലഭ്യമാകുന്ന വിധത്തിൽ വിപണന സൗകര്യം ഏർപ്പെടുത്തുക തുടങ്ങിയ,കാര്യങ്ങളിൽ സഹകരണ മേഖലയ്ക്ക് അങ്ങാടിപ്പുറം പഞ്ചായത്തിന്റെ ശ്രദ്ധേയമായ പ്രവർത്തന പഥമുണ്ട്.

5.11

# പട്ടികജാതി – പട്ടികവർഗ്ഗക്ഷേമം.

## അവലോകനം

I ജനസംഖ്യ:– അങ്ങാടിപ്പുറം പഞ്ചായത്തിലെ ജനസംഖ്യ 43864 ആണ്. പട്ടിക ജാതിക്കാരുടെ ജനസംഖ്യ 3531. പുരുഷന്മാർ 1710, സ്ത്രീകൾ 1821. പട്ടികവർഗ്ഗത്തിന്റെ ജനസംഖ്യ 12. പുരുഷന്മാർ 6 ഉം, സ്ത്രീകൾ 6 ഉം.

പട്ടിക.1

| | ജനസംഖ്യ | പുരുഷൻ | സ്ത്രീകൾ | % | വികലാംഗർ |
|---|---|---|---|---|---|
| പട്ടികജാതി | 3531 | 1710 | 1821 | 7.12 | 16 |
| പട്ടികവർഗ്ഗം | 12 | 6 | 6 | 0.02 | — |

14 വാർഡുകളിലായി പട്ടികജാതിക്കാരുടെ 46 കോളനികളുണ്ട്. 21 എണ്ണം അംഗീകരിച്ചതും 25 എണ്ണം അംഗീകരിക്കാത്തവയുമാണ്. രണ്ടാം വാർഡിലാണ് ഏറ്റവും കൂടുതൽ കോളനികളുള്ളത്. ഏറ്റവും കുറവ് 14-ാം വാർഡിലും . പട്ടികവർഗ്ഗത്തിന്റെ രണ്ടുകുടുംബങ്ങളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. വികലാംഗർ 16 പേരുണ്ട്.

II പാർപ്പിടം :- 46 കോളനികളിലായി 567 വീടുകളുണ്ട്. നൂറോളം കുടുംബങ്ങൾ കോളനികളിലല്ലാതെ ഇടകലർന്നു താമസിക്കുന്നു. 1992 മുതൽ 1996 വരെ എടുത്ത വിവിധസർവ്വേ റിപ്പോർട്ടുകൾ പ്രകാരം 184 വീടുകൾ ദാരിദ്ര്യരേഖക്കുതാഴെയാണ്. അതിൽ 154 വീടുകളും സ്ത്രീകൾ കുടുംബനാഥകളായവയാണ്. കഴിഞ്ഞ പദ്ധതികളിലൂടെയും, നടപ്പുപദ്ധതികളിലൂടെയും അല്പമൊക്കെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിലും, വീട്‌വെക്കാൻ സ്ഥലം,വീട്, വൈദ്യുതി, കക്കൂസ്, അഴുക്കുചാൽ, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കാത്ത ധാരാളം കുടുംബങ്ങളുണ്ട്. കഴിഞ്ഞ 5 വർഷങ്ങളിലായി CRSP പദ്ധതിപ്രകാരം 18 കക്കൂസുകൾ നൽകിയിട്ടുണ്ട്. JRY പദ്ധതിപ്രകാരം നടപ്പുവർഷത്തിൽ 37 കക്കൂസുകൾക്ക് അലോട്ട്മെന്റ് കിട്ടിയിരുന്നു. ഗ്രാമ പഞ്ചായത്ത് വഴി അപേക്ഷ സ്വീകരിച്ചുതുടങ്ങി. JRY പദ്ധതിപ്രകാരം കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി 40 വീടുകളും IAY പദ്ധതിപ്രകാരം 38 വീടുകളും, MWS പദ്ധതിപ്രകാരം 17 വീടുകളും, ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതിപ്രകാരം 4 സെന്റ് സ്ഥലം വീടുമായി 6 കുടുംബങ്ങൾക്കും മൊത്തം 101 വീടുകൾ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന് കിട്ടിയിട്ടുണ്ട്. കഴിഞ്ഞവർഷത്തിൽ പുരകെട്ടിമേയാൻ 50 കുടുംബങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്. പട്ടികജാതി ജനസംഖ്യയിൽ 11 ശതമാനം ഭവനരഹിതരും 8 ശതമാനം ഭൂരഹിതരും, 21 ശതമാനം വീടിന്റെ അറ്റകുറ്റപണികൾ നടത്താൻ കഴിയാത്തവരുമുണ്ട്.

III വിദ്യാഭ്യാസം:– നിരക്ഷരർ കൂടുതലും അഭ്യസ്ഥവിദ്യർ കുറവുമാണ്. പഞ്ചായത്തിലെ 19 സ്കൂളുകളിലായി 723 വിദ്യാർത്ഥികൾ പഠിക്കുന്നു. വിദ്യാർത്ഥികളിൽ ഏറ്റവും കൊഴിഞ്ഞുപോക്കുള്ള ഒരു വിഭാഗമാണ് പട്ടികജാതി സമൂഹം. പെൺകുട്ടികളിലാണ് ഏറ്റവും കൂടുതൽ കൊഴിഞ്ഞുപോകൽ. പ്രൈമറിതലത്തിൽ 5 ശതമാനവും അപ്പർ പ്രൈമറിതലത്തിൽ 9 ശതമാനവും സെക്കന്ററി തലത്തിൽ 12 ശതമാനവുമാണ് കൊഴിഞ്ഞുപോക്കിന്റെ നിരക്ക്. ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളിൽ SSLC പരീക്ഷക്കിരിക്കുന്നവർ 74 ശതമാനമാണ്. കഴിഞ്ഞ 5 വർഷങ്ങളിലായി SSLC വിജയശതമാനം ഇപ്രകാരമാണ്.

പട്ടിക 2.

പട്ടികജാതി വിദ്യാർത്ഥികളുടെ SSLC വിജയശതമാനം.

| | 1991–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|
| വിജയശതമാനം | 20.25 | 19% | 23% | 17% | 18% |
| | | | | | |

മൊത്തത്തിൽ സ്ക്കൂൾ പ്രവേശനം നേടുന്നവരിൽ 89 ശതമാനവും SSLC പരീക്ഷയോടുകൂടിയോ, അതിനു മുമ്പോ ആയി കൊഴിഞ്ഞുപോകുന്നു. SSLC പാസ്സാകുന്നവരിലധികവും മിനിമം മാർക്ക് നേടിയാണ് പാസ്സാകുന്ന വിദ്യാർത്ഥികളിൽ 12 ശതമാനമാണ് പ്രീഡിഗ്രിക്ക് പഠിക്കുന്നത്. ഡിഗ്രി തലത്തിലെത്തുമ്പോൾ അത് 6 ശതമാനമായി കുറയുന്നു. പോസ്റ്റ്ഗ്രാജുവേഷന് പഠിക്കുന്നവർ 2 ശതമാനവും പോസ്റ്റ്ഗ്രാജുവേഷൻ ക്വാളിഫൈ ചെയ്യുന്നവരുടെ ശതമാനം 1ൽ താഴെയുമാണ്. മെഡിക്കൽ, എൻജിനീയറിംഗ്, എൽ.എൽ.ബി തുടങ്ങിയ കോഴ്സുകളിലേക്ക് മൊത്തം വിദ്യാർത്ഥിസംഖ്യയുടെ ശതമാനം വളരെ കുറവാണ്. തോൽക്കാതെ പഠിക്കുന്ന എല്ലാവിദ്യാർത്ഥികൾക്കു് ലംസം ഗ്രാന്റ് ലഭിക്കുന്നു. 10 വിദ്യാർത്ഥികൾക്ക് മെറിററ് സ്കോളർഷിപ്പും ലഭിക്കുന്നുണ്ട്. പഞ്ചായത്തിലെ ഒരു സ്ക്കൂൾപോലുമില്ലാത്ത മൂന്നാം വാർഡിൽ- തോണിക്കരയിൽ-ഒരു എൽ.പി. സ്ക്കൂൾ ആവശ്യമാണെന്ന് ഗ്രാമസഭയിൽ ബോധ്യപ്പെടുത്തിയിരുന്നു. ഇതേ ആവശ്യം നാലാം വാർഡിലെ ചാലപ്പറമ്പു ഹരിജൻ കോളനി നിവാസികളും ഉന്നയിച്ചിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരം മോശമായ ഹരിജൻ കോളനികളിൽ സൗജന്യ ട്യൂഷൻ ഏർപ്പെടുത്തണമെന്നതും ഗ്രാമസഭകളിലൂടെ ഉയർന്നു വന്ന ആവശ്യങ്ങളാണ്.

IV തൊഴിൽ:- പട്ടികജാതി വർഗ്ഗത്തിൽ പാരമ്പര്യതൊഴിലിലേർപ്പെടുന്നവരുടെ എണ്ണം കുറഞ്ഞുവരുകയാണ്, ജനസംഖ്യയുടെ ഏഴുശതമാനം മാത്രമേ പാരമ്പര്യതൊഴിലിൽ ഏർപ്പെടുന്നവരായുള്ളു. ഭൂരിഭാഗവും അടുത്തകാലം വരെ കാർഷികമേഖലയിലായിരുന്നു വർത്തിച്ചിരുന്നത്. ഇക്കഴിഞ്ഞ പത്തുവർഷങ്ങളിലായി കാർഷികമേഖലയിൽ നിന്നും കെട്ടിടനിർമ്മാണ മേഖലയിലേക്കുള്ള കൂടുമാറ്റം ദ്രുതഗതിയിലായിരുന്നു. വ്യവസായ മേഖലയിൽ ശാസ്ത്ര-സാങ്കേതിക പുരോഗതിയിലുണ്ടായ സ്ഫോടനാത്മകമായ വിപ്ലവം പോലെ കാർഷിക മേഖലയിലുമുണ്ടായെങ്കിലും ഗ്രാമതലത്തിൽ അതിന്റെ അലകളെത്തിയില്ല. തുണ്ടുതുണ്ടായികിടക്കുന്ന കൃഷിഭൂമികളും; മഴയെമാത്രം ആശ്രയിച്ച് വിളയിറക്കുന്ന കർഷകരും കാലാവസ്ഥയുടെ ചാക്രികഗതിയിൽ പ്രവചനാതീതമായ മാറ്റത്താലുണ്ടാവുന്ന അസമയത്തെ വരൾച്ചയും, വെള്ളപ്പൊക്കവും; നല്ലയിനം വിത്തുകൾ സമയത്ത് ലഭിക്കാത്തതും, രാസവളങ്ങളുടെയും, കീടനാശിനികളുടെയും അമിതവിലയും; കാലികമായി കർഷകർക്ക് പരിശീലനവും പ്രോത്സാഹനവും നൽകാത്തതും; തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ഇടത്തട്ടുകാരെ ഒഴിവാക്കി വിപണിയിലൂടെ വിപണനം ചെയ്യാൻ കഴിയാത്തതും, കൃഷിസ്ഥലം നിരത്തി വീടുവയ്ക്കുന്നതും. കാർഷികമേഖലയിൽ ഒരു മുരടിപ്പിനുള്ള പ്രേരകശക്തിയായി വർത്തിച്ച സന്ദർഭത്തിലാണ്, ഗൾഫ് പണത്തിന്റെ സ്വാധീനം കെട്ടിടനിർമ്മാണ രംഗത്ത് പ്രത്യക്ഷപ്പെട്ടത്. കെട്ടിടനിർമ്മാണ രംഗത്ത്, കാർഷികമേഖലയിലുള്ള വേതനനിരക്കിനേക്കാൾ ഉയർന്നനതാണെന്നതും കാർഷികമേഖലയിലുള്ളതിനേക്കാൾ പ്രവർത്തിദിനങ്ങൾ ലഭിക്കുന്നുവെന്നതും കാർഷികമേഖലയിൽ മുരടിപ്പ് മാത്രമല്ല പുറകോട്ടടിയും സംഭവിച്ചപ്പോൾ തൊഴിലാളികളിൽ 90% വും കെട്ടിടനിർമ്മാണ രംഗത്തെത്തി. വൈദഗ്ധ്യവും, അധ്വാനവും കൂടുതലുള്ള കെട്ടിടനിർമ്മാണ മേഖലയിൽ പുരുഷന് 125 രൂപയും സ്ത്രീക്ക് 100 രൂപയും ലഭിക്കുമ്പോൾ, കാർഷികമേഖലയിൽ അത് യഥാക്രമം 100 രൂപയും 75 രൂപയുമാകുന്നു.

IRDP പദ്ധതിപ്രകാരം 1992 മുതൽ 1996 വരെ 85 കുടുംബത്തിന് സ്വയം തൊഴിൽ കണ്ടെത്താൻ 8,80,000 രൂപ ലോൺ അനുവദിച്ചു. സബ്സിഡിയിനത്തിൽ 3,20,000 രൂപയും നൽകി. ഒരു കുടുംബത്തിന് 6930 രൂപ (Per family invest) കഴിഞ്ഞ 5 വർഷത്തിനകം ട്രൈസം പദ്ധതിപ്രകാരം 5 പേർക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ടെങ്കിലും ഒരാൾപോലും പരിശീലനം നൽകപ്പെട്ട തൊഴിലുകളിലേർപ്പെട്ടിട്ടില്ല. DWCRA പദ്ധതിപ്രകാരം 1992 മുതൽ 1996 വരെ 2 ആടുവളർത്തൽ കേന്ദ്രങ്ങളും, ഒരു പാറപൊട്ടിക്കൽ യൂണിറ്റും ഈ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. 26 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

സർക്കാർ ജീവനക്കാരുടെ എണ്ണം ജനസംഖ്യയുടെ 2 ശതമാനത്തിൽ താഴെയാണ്. അവർക്ക് നീക്കിവെച്ച സംവരണസീറ്റുകൾ യോഗ്യരില്ലാത്തതിന്റേ പേരിൽ നികത്താതെ പോകുന്നു.

V സാമൂഹ്യവ്യവസ്ഥ :- പട്ടികജാതി-പട്ടികവർഗ്ഗസമൂഹങ്ങളുടെ സാമൂഹ്യാവസ്ഥ പ്രതതിപാദിക്കുമ്പോൾ അവരുടെ വിശ്വാസവു് ആചാരവുമെല്ലാം പഠനവിധേയമാക്കേണ്ടിവരുന്നു. നിരക്ഷരതയും അന്ധവിശ്വാസവുമായുണ്ടായ വേഴ്ചയിവരുടെ വികൃതരൂപം പൂണ്ട അനാചാരങ്ങളേയും, മാമൂലുകളേയും പോറ്റിവളർത്താൻ അവരുടെ സമ്പത്തിന്റേയും, ഊർജ്ജത്തിന്റേയും സിംഹഭാഗം വിനിയോഗിക്കുന്നുവെന്നത് അവരെ ബോധ്യപ്പെടുത്തേണ്ടിയിരിക്കുന്നു.

അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും, മാമൂലുകളും മുൾച്ചെടിപോലെ വളർന്ന ഈ കോളനികളിൽ നിന്നും സ്വന്തം വ്യക്തിത്വവും (Identity) സമൂഹത്തിന്റെ അസ്തിത്വവും (Existence) കണ്ടെത്താൻ കഴിയാതെ വരുന്ന മൊത്തം സമൂഹത്തിന്റെ നവ ജാഗരണം ഉന്നം വച്ചുകൊണ്ട് പ്രവർത്തിക്കുന്ന വ്യക്തികളോ, സന്നദ്ധ/സേവനസംഘടനകളോ സമൂഹത്തിലില്ല. തങ്ങളുടെ സ്വന്തം പ്രശ്നങ്ങൾക്കും, തങ്ങളുടെ സാമൂഹ്യപ്രശ്നങ്ങൾക്കും, പ്രശ്നപരിഹാരസാദ്ധ്യത ലഭ്യമാകുന്ന ഏജൻസികളേതെന്നറിവില്ലാത്തതും അറിഞ്ഞാൽതന്നെ അത്തരം ഏജൻസികളിൽ പ്രശ്നങ്ങൾ എത്തിക്കാൻ അവരിൽ ജനസംഖ്യാനുപാതികമായി പ്രതിനിധികളില്ലെന്നുള്ളതും, നിലവിലുള്ള പ്രതിനിധികൾ സംവരണസീറ്റിൽ നിർബന്ധിതാവസ്ഥയിലിരിക്കുന്നു എന്നതിനാലും ഈ സമൂഹത്തിന്റെ ദുരി

തപ്പട്ടികയിലെ അക്കങ്ങൾ അനന്തമായി നീണ്ടുപോകുന്നു. ഭൂരിഭാഗം കുടുംബങ്ങളും ദാരിദ്രരേഖയ്ക്ക് താഴെയാണ്. ഇവരുടെ ഇടയിലും ശൈശവ വിവാഹം കൂടുതലായി കണ്ടുവരുന്നു.

മിച്ചഭൂമി, പുറമ്പോക്കു ഭൂമി, ചെറിയ വിലക്ക് കിട്ടാവുന്ന ഭൂമി, എന്നീ ഭൂതരങ്ങളൊക്കെ കുടുംബജീവിതത്തിനും, സാമൂഹ്യജീവിതത്തിനും, ഭൗതികസാഹചര്യങ്ങളില്ലാത്ത ഒറ്റപ്പെട്ട തുരുത്തുകളോ, ജലശൂന്യവും, ജനശൂന്യവുമായ കുന്നിൻപ്രദേശങ്ങളോ ആയതിനാൽതന്നെ വൈദ്യുതി, ശുദ്ധജലം,റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ കയറിച്ചെന്നിട്ടില്ലാത്ത ഈ ദാരിദ്ര്യത്തിന്റെ തുരുത്തുകളിൽ, കൊച്ചുകൂരകളിൽ അവരുടെ മാത്രം സമൂഹം ഒന്നിച്ചു ജീവിക്കുന്നതുകൊണ്ട് എന്നെന്നും അപകർഷകതാബോധം പേറിജീവിക്കേണ്ടി വരുന്നു.

VI പ്രശ്നങ്ങൾ ചുരുക്കത്തിൽ:-

•കോളനികളുടെ അംഗീകരണം. •ദാരിദ്രം നീക്കം ചെയ്യപ്പെടാത്ത കോളനികൾ. •കോളനികളിൽ കുടിവെള്ളം, വൈദ്യുതി, കക്കൂസ്, അഴുക്കുചാൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്. •കോളനികളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കും, മോശമായ വിദ്യാഭ്യാസ നിലവാരവും. •അവരുടെ ഉന്നമനത്തിന് അവരിൽ നിന്നു തന്നെയുള്ള സന്നദ്ധ/ സേവനസംഘങ്ങളും പ്രതിനിധികളുടേയും അഭാവം. • കോളനികളിൽ നിരക്ഷരർ അവശേഷിക്കുക. •തങ്ങൾക്ക് കിട്ടേണ്ട സഹായങ്ങൾ ഏത് ഏജൻസി മുഖേനയെന്നറിവില്ലാത്തതും അറിഞ്ഞാൽ തന്നെ താരപ്പെടുത്തേണ്ടതെങ്ങനെ എന്നും അവർക്കജ്ഞാതമാണ്. •പൊതുശ്മശാനവും, ഉള്ള ശ്മശാനത്തിലേക്ക് പൊതുവഴിയുമില്ല. •ഇലക്ട്രോണിക്ക് മാധ്യമങ്ങളോടുകൂടിയ വായനശാലയും ഗ്രന്ഥശാലയുമില്ല. •വിദ്യാർത്ഥികളുടെ പഠനനിലവാരം ശ്രദ്ധിക്കാത്ത രക്ഷിതാക്കൾ. • നന്നായി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഭൗതിക സഹായം ചെയ്യാൻ കഴിയാത്ത സമൂഹം.

VII സാദ്ധ്യതകൾ-പരിഹാരങ്ങൾ :-

പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികളും പരിപാടികളും ഏതെല്ലാമെന്ന് മനസ്സിലാക്കുകയാണ് ആദ്യമായി വേണ്ടത്.

(1) പട്ടികജാതി സങ്കേതങ്ങളുടെ തീവ്രവികസനം

(2) സംയോജന ഭവന പദ്ധതി

(3) ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി ( നാലുസെൻറ് സ്ഥലവും വീടും)

(4) ഭവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ധനസഹായം (കുളിമുറി, കക്കൂസ്)

(5) നിർധനരായ പട്ടികജാതിയിൽ പെട്ടവരുടെ ഉന്നമനത്തിന് (അഞ്ചുസെന്റ് സ്ഥലവും വീടും)

(6) നിർധനരായ പട്ടികജാതിക്കാർക്ക് ചികിത്സക്കും, വിവാഹത്തിനും സഹായം.

(7) പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രീപ്രൈമറി പഠനസഹായം.

(8) സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യം ( നാലാം ക്ലാസ്സിൽ ഉയർന്ന മാർക്ക് വാങ്ങുന്നവരും, വാർഷിക കുടുംബവരുമാനം 1800 രൂപയിൽ താഴെയുള്ളവരുമായ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരം പുലർത്തുന്ന റസിഡൻഷ്യൽ സ്ക്കൂൾ പ്രവേശനം നൽകുന്ന പരിപാടി)

പട്ടിക്കാട് റെയിൽവേ ഗേറ്റിനു സമീപം ആൺകുട്ടികൾക്കുള്ള ഒരു ഹോസ്റ്റൽ. മാനത്ത് മംഗലത്തെ പെൺകുട്ടികൾക്കുള്ള ഒരു ഹോസ്റ്റലുമുണ്ട്. ആൺകുട്ടികളുടെ ഹോസ്റ്റലിൽ 30 സീററിൽ 12ഉം, പെൺകുട്ടികളുടെ ഹോസ്റ്റലിൽ 30 സീറ്റിൽ 17ഉം ഇപ്പോൾ ഒഴിഞ്ഞുകിടക്കുകയാണ്. മെയ്മാസത്തിൽ താലൂക്ക് പട്ടികജാതി-പട്ടികവർഗ്ഗ ഓഫീസിൽ അപേക്ഷകൊടുത്താൽ മതി. കൂടാതെ സെൻട്രൽ ഗവർമെൻറിൻറേയും സ്റ്റേറ്റ് ഗവർമെണ്ടിൻേറയും സഹായത്തോടെ നടപ്പിലാക്കുന്ന ഐ. ആർ. ഡി. പി. ട്രൈസം, ഡി. ഡബ്ളിയു. സി. ആർ. എ, സി. ആർ. എസ്. പി, ജെ. ആർ. വൈ. ഐ, എ. വൈ, എം. ഡബ്ളിയു. എസ്, ഇ. എ. എസ്, ഐ.സി.ഡി.എ. സി.ബി.എൻ. പി. തുടങ്ങി പത്തോളം പദ്ധതികളിലൂടെ പട്ടികജാതി-പട്ടികവർഗക്ഷേമം ഉറപ്പുവരുത്താൻ കഴിയും. ഇതിന് അവരിൽ നിന്ന് തന്നെ സന്നദ്ധ/സേവനസംഘങ്ങളുണ്ടാക്കുകയും സംഘങ്ങളുടെ പ്രതിനിധികൾക്ക് ഈ കാര്യങ്ങളിൽ പരിശീലനം നൽകുകയും ചെയ്താൽ മതിയാവുന്നതാണ്. എല്ലാതരം പെൻഷനുകളും പഞ്ചായത്തിലൂടെ വിതരണം ചെയ്യാനുള്ള സംവിധാനവുമുണ്ടാകണം.

# വിഭവസമാഹരണം

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യമാക്കി ഇനിയും നടപ്പിൽ വരുത്തേണ്ട വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവം എങ്ങിനെ കണ്ടെത്താം എന്നതാണ് പരാമർശ വിഷയം. പഞ്ചായത്തിന്റെ വികസനമേഖലയുടെ പൊതുസ്വഭാവം, നിലവിലുള്ള വരുമാന മാർഗ്ഗങ്ങൾ, അവയുടെ പോരായ്മകൾ എന്നിവ വിശകലനം ചെയ്യുന്നതോടൊപ്പം ഈ രംഗത്തെ സാദ്ധ്യതകളിലേക്ക് ഒരു ദീർഘ വീക്ഷണവും ഉദ്ദേശിക്കുന്നു.

പഞ്ചായത്തിന്റെ പ്രധാന ഉത്പാദന മേഖല കൃഷിയാണ്. ഉത്പാദന ചിലവിനുണ്ടാകുന്ന വമ്പിച്ച വർദ്ധനവും, അതിന് ആനുപാതികമായി ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കാതിരിക്കുന്ന അവസ്ഥയും, ഉത്പാദന കുറവും കൃഷിയെ നഷ്ടത്തിലാക്കുന്നു. തന്മൂലം കർഷകർ കാർഷികേതര മേഖലകളിലേക്ക് വഴിമാറിക്കൊണ്ടിരിക്കുകയാണ്. അതുപോലെ അസംസ്കൃത പദാർത്ഥങ്ങളുടെ അപര്യാപ്തത, സാങ്കേതിക തൊഴിലാളികളുടെ അഭാവം എന്നീ കാരണങ്ങളാൽ വ്യാവസായിക മേഖലയിലും പഞ്ചായത്തിന് കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. ഇങ്ങിനെ കാർഷിക വ്യാവസായിക മേഖലകളിലുണ്ടായിട്ടുള്ള നിർജ്ജീവമായ അവസ്ഥ പഞ്ചായത്തിന്റെ മൊത്തം വരുമാനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

ഒമ്പതാം പഞ്ചവത്സര പദ്ധതി കാലത്ത്ന ടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നവികസനപ്രവർത്തന

ങ്ങളുടെ ഒരു നീണ്ട പട്ടിക തന്നെ ഗ്രാമസഭകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിനെല്ലാംതന്നെ സർക്കാരിന്റെ വിവിധ പദ്ധതികളിൽനിന്നുള്ള പരിമിതമായ ധനസഹായത്തെമാത്രം ആശ്രയിക്കുക എന്നത് പുരോഗതിക്ക് വിഘാതമാകും. പഞ്ചായത്തിന്റെ തനതായ മാർഗങ്ങളിലൂടെ വിഭവ സമാഹരണം നടത്തി ലക്ഷ്യത്തിലെത്തുക എന്നതാണ് പ്രായോഗികം. വരുമാനം പരമാവധി വർദ്ധിപ്പിച്ച് കൊണ്ട് തന്നെ ഭരണരംഗത്തെയും മററും അധികച്ചെലവുകൾ കുറച്ചുകൊണ്ടുവരിക എന്നതാണ് മുഖ്യനയമായി സ്വീകരിക്കേണ്ടത്.

**<u>നിലവിലുള്ള ധനാഗമന മാർഗങ്ങൾ</u>**

പഞ്ചായത്തിന്റെ വിവിധ രംഗത്തെ വരവുചിലവു കണക്കുകൾ വിശദമായി പഠിക്കേണ്ടതുണ്ട്. അനുബന്ധമായി ചേർക്കുന്ന പട്ടികകൾ അതിന് സഹായകമാകും.

അതാത് കാലത്തെ സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന വികസനപ്രവർത്തനങ്ങൾക്കുള്ള ഫണ്ടുകൾ മാററി നിർത്തിയാൽ പഞ്ചായത്തിന്റെ പ്രധാന വരുമാനം നികുതികളാണ്. പ്രസ്തുത വരുമാനത്തിന്റെ കഴിഞ്ഞ ആറു വർഷത്തെ ശരാശരി പരിശോധിച്ചാൽ 18.99% കെട്ടിട നികുതിയിൽ നിന്നും 18.93% വിനോദ നികുതിയിൽ നിന്നും 18.66% വസ്തു കൈമാററ നികുതിയിൽ നിന്നുമാണ് ലഭിച്ചിരിക്കുന്നത്. എല്ലാ നികുതികളും അതാത് കാലങ്ങളിൽത്തന്നെ പൂർണ്ണമായി പിരിച്ചെടുക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അതുപോലെ വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ, വസ്തു കൈമാററ നികുതി എന്നിവ സർക്കാരിൽ നിന്നും യഥാസമയം പഞ്ചായത്തിന് ലഭിക്കാത്ത അവസ്ഥയുമുണ്ട്. നികുതിയുടെ നിശ്ചിത ശതമാനവും യഥാസമയം ലഭിക്കുന്നില്ല. തൊഴിൽ നികുതി ഇനത്തിൽ കഴിഞ്ഞ ആറു വർഷത്തെ ശരാശരി വരവ് 9.34% മാത്രമാണ്. തൊഴിൽ നികുതി പഞ്ചായത്തിൽ വ്യാപകമായി ഏർപ്പെടുത്തുവാൻ സാധിച്ചിട്ടില്ലാത്തതാണ് കാരണം. പഞ്ചായത്ത് വക ഷോപ്പിംഗ് സെന്റർ, കാർ പാർക്കിംഗ് സ്റ്റാന്റ് തുടങ്ങി വരുമാന സാദ്ധ്യതയുള്ള ആസ്തികളും പഞ്ചായത്തിനില്ല. നിലവിലുള്ള ആസ്തികളിൽനിന്നും പ്രത്യേക വരുമാനവും ലഭ്യമല്ല.

ചിലവ് ഇനങ്ങളിൽ ഏററവും കൂടുതൽ തുക ചിലവഴിക്കേണ്ടി വരുന്നത് പൊതുമരാമത്തിനാണ്. കഴിഞ്ഞ ആറ് വർഷത്തെ തനതായ വരുമാനത്തിന്റെ 44% ഇതിനുവേണ്ടി വിനിയോഗിച്ചിട്ടുണ്ട്. പഞ്ചായത്ത് റോഡുകളുടെ മെയിന്റനൻസിനുവേണ്ടി കൂടുതൽ തുക ചിലവഴിക്കേണ്ടി വരുന്നു, മണ്ണുറോഡുകളുടെ

അററകുററപ്പണികൾ എല്ലാ കാലവർഷത്തിനു ശേഷവും ആവർത്തിക്കേണ്ടി വരുന്നു. പഞ്ചായത്തിന്റെ ഭരണ ചിലവ് ഇനത്തിലും സ്വന്തം വരുമാനത്തിന്റെ 24% തുക ചിലവാകുന്നുണ്ട്. ഏതായാലും 1995–96 വർഷത്തിൽ ഈ രണ്ട് വിഭാഗങ്ങളിലും താരതമ്യേന ചിലവ് കുറഞ്ഞ് കാണുന്നത് ആശാവഹമാണ്.

<u>സാധ്യതകൾ</u>

വിഭവസമാഹരണത്തിനുള്ള ചില സാധ്യതകൾ പരിശോധിച്ചു നോക്കാം.

1). വികസനത്തിന് പരമാവധി മനുഷ്യ ശക്തി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി എല്ലാ വിഭാഗം ജനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് വാർഡടിസ്ഥാനത്തിൽ തൊഴിൽദാന സേനകൾ രൂപീകരിക്കാവുന്നതാണ്. ഇതിൽ തന്നെ വിദഗ്ദ്ധ തൊഴിലാളികളുടെ സേന പ്രത്യേകമായി വാർഡ് അടിസ്ഥാനത്തിലോ അല്ലെങ്കിൽ പഞ്ചായത്തടിസ്ഥാനത്തിലോ രൂപീകരിക്കാം. ഇത്തരം തൊഴിൽ സേനകളുടെ പ്രവർത്തനം വ്യക്തമായി ചിട്ടപ്പെടുത്തണം. അതിനുപുറമെ പ്രത്യേക "വികസന നിധി"യും സ്വരൂപിക്കാവുന്നതാണ്. ഇതിലേക്ക് പദ്ധതികളുടെ ഗുണഭോക്താക്കൾ കാര്യമായ സംഭാവനകൾ നൽകേണ്ടതുമാണ്.

2). പഞ്ചായത്തിൽ ഇനിയും നിർമിക്കുവാൻ ഉദ്ദേശിക്കുന്ന പൊതുസ്ഥാപനങ്ങൾ, റോഡുകൾ, കിണറുകൾ, ജലസേചന കുളങ്ങൾ തുടങ്ങിയവക്കെല്ലാം ആവശ്യമായ ഭൂമി തികച്ചും സൗജന്യമായി പഞ്ചായത്ത് ലഭ്യമാക്കേണ്ടതാണ്. ഇതിനാവശ്യമായ വികസന ബോധവൽക്കരണം ജനങ്ങളിലെത്തിക്കേണ്ടതാണ്.

3). പഞ്ചായത്തിന്റെ നികുതി പിരിവുകൾ സജീവമാക്കേണ്ടതാണ്. നിലവിലുള്ള നികുതികളെല്ലാം തന്നെ ന്യായവും യുക്തവും കാലോചിതവുമായ രീതിയിൽ പരിഷ്ക്കരിക്കേണ്ടതാണ്. ആയതിനാൽ "നികുതി പിരിവ് വികസനത്തിന് അനിവാര്യം" എന്ന നിലയിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്. വസ്തുകൈമാററ നികുതികൾ, വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ, ഭൂനികുതിയുടെ നിശ്ചിത ശതമാനം തുടങ്ങി സർക്കാരിൽ നിന്നും ലഭിക്കുന്ന തുകകൾ കാലതാമസം കൂടാതെ പഞ്ചായത്തിന് കൈമാറേണ്ടതാണ്. Income Tax ന്റെ ഒരു നിശ്ചിത ശതമാനവും പഞ്ചായത്തിന് നേരിട്ട് ലഭ്യമാക്കേണ്ടതാണ്.

<u>കെട്ടിട നികുതി</u>

തറവിസ്തീർണ്ണം, ആഡംബരത്വം, നിർമാണ ചിലവ് എന്നിവ മാനദണ്ഡമാക്കിയെടുത്ത് കെട്ടിട നികുതിയ്ക്ക് സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തുന്നത് ഈ വിഭാഗത്തിൽ ഇന്ന് നിലനിൽക്കുന്ന അപാകതകളുടെ കൂടി പരിഹാരത്തിന് അനവാര്യമാണ്. വാടക കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിനുപുറമെ വാർഷിക വാടകയുടെ ഒരു നിശ്ചിത ശതമാനവും നികുതി ഇനത്തിൽ ഈടാക്കാം.

<u>തൊഴിൽ നികുതി</u>

പഞ്ചായത്തിലെ എല്ലാ വിഭാഗം തൊഴിലാളികളേയും ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൻ കീഴിൽ കൊണ്ടുവരികയും അതോടൊപ്പം അവർക്കെല്ലാം തൊഴിൽ നികുതി ബാധകമാക്കേണ്ടതുമാണ്. വെട്ടിപ്പ് തടയുന്നതിനും – വേണ്ടി തൊഴിൽ സ്ഥാപനത്തിലെ പരിശോധനയും – കാര്യക്ഷമമാക്കേണ്ടതാണ്.

<u>വിനോദ നികുതി</u>

ഈ ഇനത്തിലുള്ള നികുതിവെട്ടിപ്പ് തടയുന്നതിനുവേണ്ടി തിയേററിന്റെ സീററിംഗ് കപ്പാസിററിക്ക് അനുസൃതമായി വാർഷിക വരുമാനത്തിന്റെ ശരാശരി കണക്കാക്കി വിനോദ നികുതി നിശ്ചയിക്കാവുന്നതാണ്. നിലവിലുള്ള 2 തിയേററുകൾക്ക് പുറമെ ഒരെണ്ണം കൂടി പഞ്ചായത്ത് പ്രദേശത്ത് നിർമ്മാണത്തിലാണ് എന്നത് തികച്ചും ഗുണകരമാണ്.

മററു നികുതിനിർദ്ദേശങ്ങൾ

പഞ്ചായത്ത് റോഡുകൾ ഉപയോഗിക്കുന്ന ഹെവി വാഹനങ്ങൾക്ക് ന്യായവും യുക്തവുമായ രീതിയിൽ റോഡ് ടാക്സ് ഏർപ്പെടുത്താവുന്നതാണ്. ചുരുങ്ങിയ ചിലവിൽ അത് പിരിച്ചെടുക്കുവുന്ന സംവിധാനവും സജ്ജമാക്കണം.

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ജലസേചന കുളങ്ങൾ പാട്ടം നിശ്ചയിച്ചുകൊണ്ട് മത്സ്യം വളർത്തുന്നതിന് സ്വകാര്യ വ്യക്തികൾക്ക് നൽകാവുന്നതാണ്.

കേബിൾ ടി.വ.ി സ്ഥാപനങ്ങൾക്കും, വീടുകളിൽ ഉപയോഗിക്കുന്ന ടി.വി., വി.സി.ആർ തുടങ്ങിയവക്കും, ഡിഷ് ആന്റിനകൾക്കും ഒരു നിശ്ചിത തുക നികുതി ഏർപ്പെടുത്താവുന്നതാണ്. ഇത് ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ വളർച്ചക്ക് വിഘാതമാവരുത്. പ്രസ്തുത നികുതി പഞ്ചായത്തിലെ യുവജന ക്ലബ്ബുകളുടെ വികസനത്തിനായി ഉപയോഗിക്കാവുന്നതാണ്.

കേന്ദ്രസർക്കാരിന്റെ ദേശീയ സമ്പാദ്യ പദ്ധതിയായ IVP (ഇന്ദിരാ വികാസ് പത്ര) യിലെ നിക്ഷേപ തുകയുടെ 15 മുതൽ 25 ശതമാനം വരെ അതത് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് സ്ഥിരമായി ലഭ്യമാകുന്നതിന് സർക്കാർ തലത്തിൽ നിയമം വേണം. IVP നിക്ഷേപങ്ങളിൽ വർദ്ധനവുണ്ടാകുന്നതിന് ജനകീയ ബോധവൽക്കരണവും കൂട്ടായ പ്രവർത്തനവും സംഘടിപ്പിക്കേണ്ടതാണ്.

പരസ്യങ്ങൾക്ക് വിസ്തീർണ്ണം കണക്കാക്കി ടാക്സ് ഏർപ്പെടുത്താവുന്നതാണ്.

വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഫീ ഏർപ്പെടുത്തേണ്ടതാണ്.

പാരലൽ കോളേജുകൾക്ക് നികുതി ഏർപ്പെടുത്തണം.

പ്രീപ്രൈമറി ഉൾപ്പെടെയുള്ള അൺ-എയ്ഡഡ് വിദ്യാലയങ്ങൾക്ക് നികുതി ചുമത്താവുന്നതാണ്.

ഓഡിറേറാറിയങ്ങൾ, കല്ല്യാണമണ്ഡപം എന്നിവയും ടാക്സ് ചെയ്യപ്പെടണം.

മററു ചില സാദ്ധ്യതകൾ

1. തളിക്ഷേത്രം മുതൽ കോട്ടപ്പറമ്പ് സ്ക്കൂൾ വരെയുള്ള PWD വക സ്ഥലം ഏറെറടുത്ത് ഷോപ്പിംഗ് സെന്ററുകൾ, മാർക്കററുകൾ, പാർക്കിംഗ് സ്റ്റാന്റുകൾ എന്നിവയും ഒരു കല്ല്യാണ മണ്ഡപവും സ്ഥാപിക്കുക്യാണെങ്കിൽ ഭാവിയിൽ അവ പഞ്ചായത്തിനുള്ള സ്ഥിരവരുമാന മാർഗ്ഗമായിരിക്കും.

കഴിയുന്നത്ര നിർമാണപ്രവർത്തനങ്ങൾ നിലവിലുള്ള ലേബർ കോൺട്രാക്ററ് സൊസൈററി മുഖാന്തിരം നടപ്പിലാക്കിയാൽ, തദ്ദേശീയർക്ക് തൊഴിൽ ലഭ്യമാകുകയും, കോൺട്രാക്ടർ പ്രവർത്തി നടത്തുമ്പേൾ അമിതലാഭമെടുത്ത് വരുത്തുന്ന നഷ്ടം ഒഴിവാക്കുകയും ചെയ്യാം.

മൊത്തം വരുമാന വർദ്ധനവിനായി കാർഷിക വ്യാവസായിക മേഖലകളെ കഴിയുന്നത്ര പ്രോത്സാഹിപ്പിണ്ടേതാണ്.

ഗൾഫ് തൊഴിലാളികളുടെ നിക്ഷേപം ഉൾപ്പെടെ പഞ്ചായത്ത് പ്രദേശത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളിലുള്ള നിക്ഷേപത്തിൽ നിന്നും നിലവിലുള്ള സർക്കാർ നിയമങ്ങളനുസരിച്ച് തന്നെ പഞ്ചായത്തിന് ദീർഘകാല വായ്പകൾ എടുക്കാവുന്നതാണ്. എന്നാൽ പ്രസ്തുത നിയമം ബാങ്കുകൾക്ക് ബാധമകാക്കിയിട്ടില്ല. പുതിയ നിയമനിർമ്മാണത്തിലൂടെ ബാങ്കുകളും പഞ്ചായത്തും സഹകരിച്ചുകൊണ്ട് വികസന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കിയാൽ ഈ പഞ്ചായത്തിലെ ബാങ്ക് നിക്ഷേത്തിന്റെ നല്ലൊരു പങ്ക് ഈ പ്രദേശത്തിന്റെ തന്നെ വികസനത്തിന് പ്രയോജനപ്പെടുത്തുവാൻ സാധിക്കും.

ഈ വിധത്തിൽ വിഭവസമാഹരണം നടത്തി വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതോടൊപ്പം, അധികചിലവ് പരമാവധി കുറച്ച് കൊണ്ടുവരുവാനും കഴിയണം. യുക്തിസഹമല്ലാത്ത പ്രവർത്തനങ്ങൾ നിർത്തലാക്കണം. ഭരണരംഗത്തെ ചിലവുകൾ പരമാവധി കുറയ്ക്കണം. വിദ്യാഭ്യാസ-ആരോഗ്യ ക്ഷേമ മേഖലകളിലെ പ്രവർനങ്ങൾക്ക് പൊതുനിധി രൂപീകരിക്കണം. അതുപോലെ പഞ്ചായത്ത് നൽകിവരുന്ന വിവിധ ഗ്രാന്റുകൾ ദരിദ്ര്യ രേഖക്ക് താഴെയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതുമാണ്.

പട്ടിക 1. അങ്ങാടിപ്പുറം പഞ്ചായത്തിന്റെ മുൻവഷങ്ങളിലെ തനതായ വരുമാനം

| നമ്പർ | ഇനം | 1990 - 91 | 1991 - 92 | 1992 - 93 | 1993 - 94 | 1994 - 95 | 1995 - 96 |
|---|---|---|---|---|---|---|---|
| 1 | കെട്ടിട നികുതി | 119346-05 | 178021-26 | 194994-39 | 452686-39 | 378289-64 | 408620-80 |
| 2 | തൊഴിൽ നികുതി | 101619-00 | 133343-00 | 129781-00 | 168445-00 | 194866-00 | 124400-00 |
| 3 | വിനോദ നികുതി | 140320-55 | 168350-25 | 247143-45 | 325724-90 | 417208-30 | 427720-00 |
| 4 | പ്രദർശന നികുതി | 1452-00 | 1880-00 | 1804-00 | 3062-00 | 3695-00 | 3725-00 |
| 5 | ലൈസൻസ് ഫീസ് | 9411-00 | 11650-00 | 12466-25 | 17077-25 | 15781-90 | 16055-50 |
| 6 | ചന്തവരവ് | 363-00 | 7300-00 | 7751-00 | 8150-00 | 15800-00 | 15801-00 |
| 7 | അടിസ്ഥാന നികുതി | 8900-00 | - - - | - - - | - - - | - - - | - - - |
| 8 | വസ്തുകൈമാററ നികുതി | 188135-00 | 227762-00 | 289520-00 | 484154-00 | 322781-00 | 189709-00 |
| 9 | സംഭാവന | - - - | 20093-50 | 500-00 | - - - | - - - | - - - |
| 10. | മററ് വരുവുകൾ | 593516-25 | 72130-39 | 23074-25 | 223473-91 | 226881-73 | 1784715-55 |
| | ഒകെ വരവ് | 1163062-85 | 820530-40 | 907034-34 | 1682773-45 | 1575303-51 | 2970746-85 |

പട്ടിക 2 അങ്ങാടിപ്പുറം പഞ്ചായത്തിലെ മുൻവർഷങ്ങളിലെ തനതായ വരുമാനം

| നമ്പർ | ഇനം | 1990 - 91 | 1991 - 92 | 1992 - 93 | 1993 - 94 | 1994 - 95 | 1995 - 96 |
|---|---|---|---|---|---|---|---|
| 1 | ഉപാധി രഹിത ഫണ്ട് (Un Tied Fund) | - - - | 1600637-00 | 170300-00 | 179800-00 | 244500-00 | 261000-00 |
| 2 | മററ് സർക്കാർ വകുപ്പുകളിൽ നിന്ന് ലഭിച്ചത് | 209900-00 | 3330700-00 | 582958-00 | 70310 | 121247-00 | 1276342-00 |
| | ആകെ | 209900-00 | 491337-00 | 753258-00 | 250110-00 | 365747-00 | 1537342-00 |

പട്ടിക 3 അങ്ങാടിപ്പുറം പഞ്ചായത്തിലെ മുൻവർഷങ്ങളിലെ ചിലവുകൾ

| നമ്പർ | ഇനം | 1990 - 91 | 1991 - 92 | 1992 - 93 | 1993 - 94 | 1994 - 95 | 1995 - 96 |
|---|---|---|---|---|---|---|---|
| 1 | ഭരണ ചിലവ് | 268825-40 | 399810-85 | 380451-25 | 479870-05 | 543216-30 | 479388-75 |
| 2 | പൊതുമരമത്ത് | 934796-00 | 408118-70 | 296486-00 | 842282-25 | 1511414-80 | 703215-00 |
| 3 | വിദ്യഭ്യാസം | 5157-30 | 6128-25 | 12354-75 | 11185-60 | 12079-85 | 11475-00 |
| 4 | ജലവിതരണം, ആരോഗ്യം | 64656-00 | 13943-00 | 285317-00 | 50000-00 | 43742-00 | 48400-00 |
| 5 | തെരുവു വിളക്കുകൾ | 42420-00 | 44022-00 | 52032-00 | 117392-00 | 53819-00 | 52032-00 |
| 6 | മററ് ചിലവുകൾ | 402683-95 | 141607-80 | 124029-70 | 332262-85 | 475313-65 | 959429-25 |
| | ആകെ | 1718538-65 | 1013630-60 | 1150670-70 | 1832992-75 | 2639585-60 | 2253940-00 |

പട്ടിക 4 പഞ്ചായത്തിന്റെ പ്രധാന തനത് വരുമാനത്തിലെ വ്യതിയാനങ്ങൾ

| നമ്പർ | പ്രധാന വരവിനം | % 1990-96 | % 90-91 | % 95-96 |
|---|---|---|---|---|
| 1 | കെട്ടിട നികുതി | 18.99 | 10.26 | 13.75 |
| 2 | തൊഴിൽ നികുതി | 9.34 | 8.73 | 4.18 |
| 3 | വിനോദ നികുതി | 18.93 | 12.06 | 14.39 |
| 4 | വസ്തു കൈമാററനികുതി | 18.66 | 16.17 | 6.38 |

പട്ടിക 5 പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ചിലവുകളിലെ വ്യതിയാനങ്ങൾ

| നമ്പർ | പ്രധാന ചിലവിനം | % 1990-96 | % 90-91 | % 95-96 |
|---|---|---|---|---|
| 1 | ഭരണ ചിലവ് | 24.05 | 15.64 | 21.26 |
| 2 | പൊതുമരാമത്ത് | 44.26 | 54.39 | 31.19 |
| 3 | വിദ്യാഭ്യാസം | 0.50 | 0.30 | 0.50 |
| 4 | ജലവിതരണം, ആരോഗ്യം | 4.76 | 3.76 | 2.14 |
| 5 | തെരുവ് വിളക്കുകൾ | 3.40 | 2.46 | 2.30 |

*പട്ടികകൾ അവലംബം: പഞ്ചായത്ത് രേഖകൾ*

# 5.12

# ഉപസംഹാരം

നാളിതുവരെ നമ്മൾ തുടർന്നു വരുന്ന വികസന കാഴ്ചപ്പാടുകളിലും, വികസന രീതികളിലും ഒട്ടവനവധി പാളിച്ചകൾ ഉണ്ടായിരുന്നു. സിമൻറ്, കമ്പി, കല്ല് എന്നിവകൊണ്ട് വികസനം സൃഷ്ടിക്കാമെന്ന നമ്മുടെ ധാരണ മാറ്റിയേ തീരൂ. വികസമെന്നാൽ ജനജീവിതനിലവാരം പടിപടിയായുയർത്തുന്ന പ്രക്രിയയാണെന്ന സമഗ്രനിലപാട് ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്-പ്രഥമിക മേഖലയുടെ വളർച്ച കൊണ്ടുമാത്രമേ ഇത്തരത്തിലുള്ള വകസനം സാധ്യമാവൂ. നിലനിൽക്കുന്നതും, ജനനകീയാവശ്യങ്ങൾ നിറവേറ്റപ്പെടുന്നതുമായ ഒരു പുത്തൻ വികസന തന്ത്രമാണിന്നാവശ്യം-അതേ സമയം ഭൗമപ്രകൃതികൾക്ക് ഒട്ടും തന്നെ പോറലേൽക്കയുമരുത്. ഒരു ശാശ്വതവികസന പരിപ്രേക്ഷ്യം (Substainable Development perspective) ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളാണിനി നടക്കേണ്ടത്.

ഡിപ്പാർട്ട്മെൻറലിസത്തിൻേറയും, സാമ്പത്തികച്ചോർച്ചകളുടേയും പിടിയിലമർന്നിരിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് പുതിയൊരു മുഖം നൽകണം. വികസനപ്രവർത്തനങ്ങൾക്ക് പുതിയൊരു മുഖം നൽകണം. വികസന പ്രവർത്തനങ്ങൾ ജനങ്ങൾ ജനങ്ങൾക്കുവേണ്ടി നടത്തുന്നതാവണം. സമൂഹത്തിലേക്കു തുറന്നുവച്ചിരിക്കുന്ന കണ്ണുകളുള്ള ഒരു ജനസമൂഹത്തിന് മാത്രമേ ഇനി ഈ ദൗത്യം ഏറ്റെടുക്കാനാവൂ. അത്തരം ജനസമൂഹത്തെ വളർത്തിയെടുക്കു എന്നുള്ളതാണ് അതിനുള്ള ഏകമാർഗ്ഗം.

വികസന പ്രവർത്തനങ്ങൾക്ക് പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നത് പ്രധാനമായും സാമ്പത്തിക പ്രശ്നങ്ങളാണല്ലോ. പുതിയ സാമ്പത്തി സ്രോതസ്സുകൾ കണ്ടെത്താൻ നമുക്കുകഴിയണം. സർക്കാരിതര ഏജൻസികളുടെ സഹായം പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് നമുക്കീ വെല്ലുവിളിയെ നേരിടാൻ വിഷമമുണ്ടാവില്ല.

പദ്ധതികളുടെ നിർവ്വഹണം വസ്തുനിഷ്ഠ സമീപനത്തോടെയും, ശാസ്ത്രീയ അടിത്തറയോടെയുമാവണം. ആസൂത്രണത്തിൻെറ മികവ് നിലനിൽക്കുന്നതും പദ്ധതികൾ ലക്ഷ്യപ്രാപ്തിനേടുന്നതും വികസനോപാധികളുടെ ഫലപ്രദമായ വിനിയോഗത്തിലൂടെയാണ്.

വികസനപദ്ധതികളുടെ മുൻഗണന നിർണ്ണയിക്കുക എന്നതും ഒരു പ്രധാന ഘടകം തന്നെ. ജനകീയാവശ്യങ്ങൾ മുൻനിർത്തിയും അടിസ്ഥാന ജനജീവിതത്തിൻെറ ഗുണപരത വർദ്ദിപ്പിക്കുന്ന തരത്തിലുമാവണം പദ്ധതികളുടെ മുൻഗണനാക്രമം നിർണ്ണയിക്കാൻ. മുൻഗണനാക്രമമനുസരിച്ച് പദ്ധതികൾ നിർവ്വഹിക്കാനുള്ള ഇച്ഛാശക്തിയും, ആർജ്ജവവും പ്രാദേശിക ഭരണകൂടങ്ങൾക്കുണ്ടാവണം.

നമ്മുടെ പ്രകൃതിവിഭവങ്ങളും,മനുഷ്യവിഭവവും, ഉപയോഗപ്പെടുത്തിക്കൊണ്ട് ; പഴയകാലപ്രവർത്തനങ്ങളുടെ നേട്ടകോട്ട വിശ്ലേഷണം നടത്തി തന്ത്രപൂർവ്വവും, ആസൂത്രിതവുമായി വേണം നമ്മുടെ വരും കാലത്തേക്കുള്ള പദ്ധതികൾ രൂപപ്പെടുത്താൻ.

വിവിധ വിഷയങ്ങളിലായി ഈ സെമിനാറിൽ നടക്കുന്ന ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവരുന്ന പരിഹാരനിർദ്ദേശങ്ങളെ സ്കീമുകളായും, പദ്ധതികളായും മാറ്റുന്നതിനും വിദഗ്ദ്ധസമിതികൾക്ക് കഴിയും. സർക്കാതിര ഏജൻസികളിൽ നിന്ന് പരമാവധി ഫണ്ട് സമാഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കണം. അവരുടെ ചട്ടവട്ടങ്ങൾക്കനുസൃതമായി പ്രൊജക്ടുകൾ സമർപ്പിക്കുന്നതിന് വിദഗ്ദ്ധസംഘത്തിൻെറ അത്യധ്വാനം ആവശ്യമാണ്.

സർക്കാർ 40% പദ്ധതിവിഹിതമായി തരുന്ന തുകതന്നെ മുൻകാലങ്ങളിൽ നമുക്കുലഭിച്ചിരുന്ന തുകയേക്കാൾ ഏറെ വലുതാണ്. ഏതാണ്ട് 2,960 കോടിരൂപയാണ്. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്കായി നീക്കിവക്കാൻ പോകുന്നത്. ഇരുപത്തഞ്ചു ശതമാനമെങ്കിലും ജനവിഹിതം സ്വരൂപിക്കാൻ കഴിഞ്ഞാൽ പ്രതിവർഷം പഞ്ചായത്തിനു ലഭിക്കാൻപോവുന്ന തുക 72.9 ലക്ഷം വരും, വികസനരംഗത്ത് ഇതൊരു മഹാമുന്നേറ്റത്തിന് കാരണമായിതീരും.

വികേന്ദ്രീകൃതാസൂത്രണം. ജനങ്ങളുടെ ആഗ്രഹങ്ങളെ തൊട്ടുതലോടുന്ന പാഴ്വേലയല്ല, മറിച്ച് ജനജീവിതനിലവാരം അടിക്കടി ഉയർത്തുന്ന നിരന്തരപ്രക്രിയയാണ്.

അങ്ങാടിപ്പുറംഗ്രാമപഞ്ചായത്തിൻെറ സമഗ്രവികസനരേഖ ഹൃദയത്തിലേറ്റുവാങ്ങി, പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കാനുള്ള പ്രതിബദ്ധത നാം നിലനിറുത്തണം. കക്ഷിരാഷ്ട്രീയവും, മത-ജാതിഭേദങ്ങളും മറന്ന്, ഒരുഗ്രാമം മുഴുവൻ ഒറ്റക്കെട്ടായിനിന്ന് പുതിയ വികസനരാഷ്ട്രീയത്തിന് വഴിയൊരുക്കിയാൽ വികസനപ്രവർത്തനങ്ങളുടെ അൽഭുതഫലങ്ങൾ സൃഷ്ടിക്കാൻ നമുക്കു കഴിയും.

വാനത്തോളമുയരുന്ന ഈ പ്രതീക്ഷ നിറവേറ്റാൻ വരും കാലങ്ങളിൽ നമുക്ക് കഴിയുമെന്ന പ്രതീക്ഷയോടെ വേരറിയുന്ന അപഗ്രഥനത്തിനും, ചർച്ചകൾക്കും, പ്രശ്നപരിഹാരനിർദ്ദേശങ്ങൾക്കുമായി അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൻെറ "സമഗ്രവികസനരേഖ" ഈ സെമിനാറിനുമുമ്പാകെ സമർപ്പിക്കുന്നു.

# അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് പ്രവർത്തനരേഖ

1995 സെപ്തംബർ 30-ാം തിയ്യതിയാണ് അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതി അധികാരമേറ്റെടുത്തത്. എല്ലാ രാഷ്ട്രീയ പാർട്ടി പ്രവർത്തകരേയും ക്ഷണിച്ചുകൊണ്ട് പഞ്ചായത്ത് ഓഫീസ് അങ്കണത്തിൽ വച്ചുനടന്ന സത്യപ്രതിജ്ഞാചടങ്ങിൽ വമ്പിച്ച ബഹുജനപങ്കാളിത്തമുണ്ടായി. കക്ഷിരാഷ്ട്രീയതിനതീതമായി, അഴിമതിരഹിത ഭരണ് കാഴ്ചവച്ച് വികസനരംഗത്ത് ജനകീയപങ്കാളിത്തം ഉറപ്പുവരുത്തുമെന്ന് പ്രസ്തുത ചടങ്ങിൽ വച്ച് പഞ്ചാ യത്തംഗങ്ങൾക്കുവേണ്ടി മുൻപ്രസിഡന്റ് ചേലക്കൽ അബ്ദുസമദ് പ്രഖ്യാപിച്ചു.

ഭരണ-സേവനരംഗങ്ങളിൽ ജനകീയ ഇടപെടലുകൾക്കുള്ള സാഹചര്യമൊരുക്കുന്നതിനും, ജനകീയതലം സൃഷ്ടിക്കുന്നതിനുമുള്ള പഞ്ചായത്ത് ഭരണസമിതിയുടെ പ്രവർത്തനങ്ങളുടെ പ്രഥമോൽപന്നമാണ് ജനകീയവി ദ്യാഭ്യാസസമിതിയും, "അങ്ങാടിപ്പുറം ജനകീയ വിദ്യാഭ്യാസ പരിപാടിയും". നൂറുശതമാനം ലക്ഷ്യം കൈവരിക്കാനാ യില്ലെങ്കിലും പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്ത് ഒരു പുത്തനുണർവ്വ് സൃഷ്ടിക്കാൻ ഈ പ്രവർത്തങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. ജൂലൈ 22 നു നടത്തിയ ചാന്ദ്രദിനാഘോഷപരിപാടി, സപ്തം 5ന് നടത്തിയ അധ്യാപക പരിശീല നം, എന്നിവയാണ് സമിതിയുടെ എടുത്തുപറയാവുന്ന പ്രവർത്തനങ്ങൾ- വിദ്യാർത്ഥികളുടെ അക്കജ്ഞാനവും, അക്ഷരജ്ഞാനവും പരിശോധിച്ച് ആവശ്യമുള്ള നിലവാരം പുലർത്താത്ത കുട്ടികളെ കണ്ടെത്തിയിട്ടുണ്ട്-ഇവർക്ക് പരിഹാരബോധനം നടത്തുന്നതിനാവശ്യമായ മോഡ്യൂൾ നിർമ്മിച്ചെടുക്കുന്ന പ്രവർത്തനം നടന്നു കഴിഞ്ഞു. തൊട്ടടുത്ത മാസങ്ങളിലായി പരഹാരബോധന പ്രവർത്തനങ്ങൾ ആരംഭിക്കും.

പഞ്ചായത്തിലെ മുഴുവൻ ക്ലബ്ബുകളുടേയും, കലാസാംസ്ക്കാരിക സ്ഥാപനങ്ങളുടെയും സഹകരണത്തോടെ നടത്തിയ കേരളോത്സവവും, ഓണം സ്പോർട്സും, പഞ്ചായത്തിലെ കലാകായിക പ്രേമികളുടെ അഭിനന്ദങ്ങൾ പിടിച്ചുപറ്റിയ പ്രവർത്തനങ്ങളാണ്.

നടപ്പു സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിനു ലഭിക്കുന്ന JRYഫണ്ടായ നാല് ലക്ഷം രൂപ ദാരിദ്രരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുന്നതിനുമാത്രമായി നിക്കിവച്ചിരിക്കുന്നു. ഇത് ഈ ഭരണസമിതിയുടെ വികസനകാഴ്ചപ്പാടിൻെറ പ്രത്യക്ഷോദാഹരണമാണ്. ആരോഗ്യരംഗത്ത് ഇത്രയും വലിയൊരു തുക ചെലവഴി ക്കാൻ പോവുന്നത് പഞ്ചായത്തിൻെറ ചരിത്രത്തിൽ ഇതാദ്യമായാണ്. നടപ്പുസാമ്പത്തിക വർഷത്തിലാണ് അങ്ങാ ടിപ്പുറം പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യം ആരംഭിച്ചത്. ഈ ആരോഗ്യകേന്ദ്രത്തിന് സ്വന്തമായി സ്ഥലം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ല- കെട്ടിടനിർമ്മാണം നടത്തുന്നതിനുള്ള തീവ്രശ്രമം നടന്നുവരുന്നു.

9-ാംപദ്ധതി പഞ്ചവത്സരപദ്ധതി ജനകീയപദ്ധതിയായി രൂപീകരിക്കുമെന്ന് കേരള സർക്കാർ പ്രഖ്യാപിച്ചതിനെ തുടർന്ന് അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലും ജനകീയ ആസൂത്രണം പ്രസ്ഥാനത്തിനു തുടക്കം കുറിച്ചു.

പ്രഥമ ഘട്ടത്തിൽ സപ്തം 21 മുതൽ ഒക്ടോബർ 2 വരെയായി പഞ്ചായത്തിലെ 14 വാർഡുകളിലും ഗ്രാമസഭകൾ വിളിച്ചുചേർക്കുകയുണ്ടായി. വിവിധ വിഷയഗ്രൂപ്പുകളായി തിരിഞ്ഞ് നടത്തിയ ഗ്രാമസഭാ ചർച്ചകളിൽ എല്ലാ വാർഡുകളിൽ നിന്നും ഒരുപാടുപ്രശ്നങ്ങളും, ഒട്ടേറെ നല്ല നിർദ്ദേശങ്ങളും ഉയർന്നു വന്നു.

പഞ്ചായത്തിലെ സ്ഥിതിവിവരക്കണക്കുകൾക്കാവശ്യമായ ദ്വിതീയ വിവരശേഖരണം ഒക്ടോബർ 10 ന് രാവി ലെ കൃഷിഭവൻ അങ്കണത്തിൽ വച്ചുചേർന്ന ചടങ്ങിൽ വച്ച് പ്രസിഡൻറ് കെ. ടി. നാരായണൻ കൃഷി ഓഫീസ റിൽ നിന്നും വിവരങ്ങൾ ശേഖരിച്ചുകൊണ്ട് ഉൽഘാടനം ചെയ്തു. 18-ാം തിയ്യതിക്കകം ദ്വിതീയ വിവരശേഖരണം പൂർത്തിയാക്കി.

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ പ്രചരണത്തിനുവേണ്ടി മങ്കട, പെരിന്തൽമണ്ണ ബ്ലോക്കു പഞ്ചായത്തു കൾ സംയുക്തമായി സംഘടിപ്പിച്ച ജനാധികാര കലാജാഥക്ക് ഒക്ടോ: 13,14 തിയ്യതികളിലായി ഏറാന്തോട്, തിരൂർക്കാട് എന്നീ കേന്ദ്രങ്ങളിൽ സ്വീകരണം നൽകി.

കേരളപിറവി ദിനമായ നവ: 1 പഞ്ചായത്തിൽ പുനരർപ്പണ ദിനമായി ആഘോഷിച്ചു. ഓരോ വാർഡിലും ഓരോ വികസന-നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ടാണ് ജനങ്ങൾ ഈ സംരംഭത്തെ ഏറ്റുവാങ്ങി

# ഭൂമിയുടെ നിമ്നോന്നത

## (പഠന പര്യടനം)




| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | ചരിവ് | താഴ്ച | ചരിവ് | സമതലം | ചരിവ് | സമതലം | ചരിവ് | ചരിവ് | സമതലം | ചരിവ് | സമതലം | ചരിവ് | സമതലം | ചരിവ് | സമതലം, താഴ്ച | ചരിവ് | ചരിവ്, കുന്ന് | കുന്ന് | ചരിവ് |
| മൺതരം | ലാറ്ററൈറ്റ് | ചെമ്മണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് + മണൽമണ്ണ് | ചെമ്മണ്ണ് | കളിമണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് | മണൽമണ്ണ് | ചെമ്മണ്ണ് | വയൽ മണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് | എക്കൽ | ചെളിമണ്ണ് | എക്കൽ | ചെമ്മണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് |
| ഭൂവിനിയോഗം | കശുമാവ് | ആവാസം | ആവാസം | ആവാസം + കൃഷിയിടം | ആവാസം | നെല്ല് | ആവാസം | നെല്ല്, ആവാസം | നെല്ല് | ആവാസം | നെല്ല് | ആവാസം | ആവാസം | ആവാസം | നെല്ല് + കൃഷി | കൃഷി | ആവാസം | ആവാസം | [illegible] |
| ജലലഭ്യത | ദരിദ്രം | ദരിദ്രം | ദരിദ്രം | ധാരാളം | മിതം | ധാരാളം | മിതം | ധാരാളം | മിതം | മിതം | ധാരാളം | ദരിദ്രം | ദരിദ്രം | ദരിദ്രം | ധാരാളം | ദരിദ്രം | ധാരാളം | മിതം | ധാരാളം |

യത്. 600 ലേറെ വരുന്ന ആളുകൾ പുനരർപ്പണദിനപ്രവർത്തനങ്ങളിൽ പങ്കുചേർന്നു. ഏതാണ്ട് 50000 രൂപയുടെ നിർമ്മാണപ്രവർത്തനങ്ങളാണ് അധ്വാന സമാഹരണം വഴി മാത്രം പഞ്ചായത്തിനകത്തുനടന്നത്.

1996 നവ: 3ന് പഞ്ചായത്തിലെ രാഷ്ട്രീയ സാമൂഹ്യപ്രവർത്തകരും, സാങ്കേതികവിദഗ്ധരും, ഉദ്യോഗസ്ഥന്മാരും ജനകീയാസൂത്രണപ്രസ്ഥാനപ്രവർത്തകരും, ജനപ്രതിനിധികളുമടങ്ങുന്ന ഒരു വലിയ സംഘം ആട്ടീരിക്കുന്നുകൾക്കു മുകളിൽനിന്ന് മണ്ണാർമ്പ് മല വരെയുള്ള പഞ്ചായത്തിന്റെ വികർണ്ണ പാതയിലൂടെ പഠനപര്യടനം നടത്തി.

പഞ്ചായത്തിന്റെ കാർഷിക-സാംസ്കാരിക-സാമൂഹ്യചരിത്രമറിയുന്നതിനുവേണ്ടി സംഘടിപ്പിച്ച കാരണസദസ്സ് ജനകീയാസൂത്രണപ്രവർത്തനങ്ങളിൽ എടുത്തുപറയേണ്ട ഒന്നാണ്. നാടിന്റെ പഴമയും, ചരിത്രവും, പുതിയതലമുറയ്ക്ക് കൈമാറിക്കൊണ്ട് ജനകീയാസൂത്രണ പ്രവർത്തനത്തിൽ പങ്കുകാരാവാൻ. പഞ്ചായത്തിലെ നാട്ടറിവും, കേട്ടറിവുമുള്ള കാരണവന്മാർ ഒത്തുചേർന്നു. നവ: 6 ന് വൈകീട്ട് 4 മണിക്ക് തരകൻ ഹൈസ്ക്കൂളിൽ വച്ചാണ് കാരണസദസ്സ് നടക്കുന്നത്.

നവ: 10 അങ്ങാടിപ്പുറം പഞ്ചായത്ത് വികസന ദീപാവലി ദിനമായാണാഘോഷിച്ചത്. അന്നു വൈകീട്ട് തിരൂർക്കാട് മുതൽ അങ്ങാടിപ്പുറം റെയിൽവേഗേറ്റ് വരെ വിളംബരറാലി നടന്നു. വിളംബരറാലി പഞ്ചായത്തിന്റെ മുഴുവൻ ശ്രദ്ധയാകർഷിച്ചു.

അങ്ങാടിപ്പുറം വികസന സെമിനാറിനു മുന്നോടിയായി സ്ക്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി ചിത്രരചനാ മത്സരവും ഉപന്യാസമത്സരവും നടത്തുകയുണ്ടായി.

ഗ്രാമസഭാ നിർദ്ദേശങ്ങളും, ദ്വിതീയ വിവരണശേഖരണത്തിലൂടെ കിട്ടിയ സ്ഥിതിവിവരക്കണക്കുകളും, പഠനപര്യടനാനുഭവങ്ങളും, കാരണവസദസ്സിൽ നിന്നും ലഭിച്ച പൂർവ്വകാല വിവരങ്ങളും പരസ്പരം ബന്ധിപ്പിച്ചുകൊണ്ടാണ് ഈ വികസനരേഖ തയ്യാറാക്കിയുട്ടുള്ളത്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് പഞ്ചായത്തിലെ ജില്ലാ പരിശീലകരും, പ്രാദേശിക പരിശീലകരും ജനപ്രതിനിധികളുമടങ്ങുന്ന വലിയൊരു സംഘം സന്നദ്ധപ്രവർത്തകരാണ്. ഒട്ടേറെ ദിവസങ്ങളിലെ രാപ്പകലധ്വാനം ഈ വികസനരേഖക്ക് പിന്നിലുണ്ട്.

വരാനിരിക്കുന്ന നാളുകളിൽ ഈ പഞ്ചായത്തിൽ നടക്കുന്ന വികസനപ്രവർത്തനങ്ങളിൽ ഈ പഞ്ചായത്തിലെ മുഴുവൻ ആളുകളുടേയും, സഹകരണം ഉണ്ടാവുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. അതുകൊണ്ടു തന്നെ ഭാവിയെ ശുഭപ്രതീക്ഷയോടെ എതിരേൽക്കാൻ ഞങ്ങൾക്ക് സന്തോഷവുമാണ്.

അഭിവാദനങ്ങളോടെ,

കെ. ടി. നാരായണൻ

പ്രസിഡന്റ്

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്.

**Panasonic presents**
**International Top of the Charts.**

**Panasonic**

the world prefers it

**JASMINE HOMATES**

Al - Aziz Commercial Centre
Hospital Road
Perintalmanna
Ph: Off: 327490, 326097. Res : 326439

വിവാഹവസ്ത്രങ്ങൾക്കും

റെഡിമെയ്ഡുകൾക്കും !

# സൗന്ദര്യ സിൽക്സ്

സാരീസ് & റെഡിമെയ്ഡ്സ്

മെയിൻ റോഡ്, അങ്ങാടിപ്പുറം

ഫോൺ - 326433

*Best Compliments from*

# MANGALYA

## TEXTILES & READYMADES

Central Complex, Calicut Road
Perintalmanna - 679322, Malappuram Dt.

☎ : Shop : 27548 Off : 27182, 27114 (Res)

*With best compliments*

# PRAKASH BEEDI COMPANY

ANGADIPPURAM

Perintalmanna Taluk Beedi Workers Co. Op. Society Ltd.

*With best compliments*

# QUEENS SANITARY & HARDWARES

Calicut Road
Perintalmanna
Phone : 326889

4306
KERALA INSTITUTE OF LOCAL ADMINISTRATION
LIBRARY
THRISSUR-680581

